# കത്തോലിക്കാ വേദോപദേശം

സുപ്രസിദ്ധമായ ജർമ്മൻ വേദോപദേശത്തിന്റെ
ഭാഷാവിവർത്തനം



വിവർത്തകൻ

ഫാ. അബ്രൂന്തിയോസ്, സി. എം. ഐ.

H41/AB94

# കത്തോലിക്കാ
# വേദോപദേശം

**സുപ്രസിദ്ധമായ ജെമ്മൻ വേദോപദേശത്തിന്റെ**
**ഭാഷാവിവത്തനം**

DHARMARAM COLLEGE LIBRARY, BANGALORE.

വിവത്തകൻ
ഫാ. അബ്രൂന്തിയോസ്, സി. എം. ഐ.

0 0
AB9

**ലിററിൽ ഫ്ളവർ ഇൻഡസ്ട്രിയൽ പ്രസ്സ്**
**തേവര, എറണാകുളം—3.**

...HARMIVARAM COLLEGE LIBRARY
Ac. No 79583
Call No H41/PB94

DEUTSCHE ORIGINALAUSGABE
"KATHOLISCHER KATECHISMUS"
VERLAG HERDER. FREIBURG, DEUTSCHLAND

"CATHOLICA VEDOPADESAM"

THE MALAYALAM VERSION BY
VERY REV. FR. ABUNDIUS, C M. I.
PRIOR GENERAL'S HOUSE,
ERNAKULAM—1, KERALA, INDIA.

# PART II

NIHIL OBSTAT:
FR. LAETUS, C. M. I.
FR. J. AUGUSTINE, C. M. I.

IMPRIMI POTEST:
FR. MAURUS, C. M. I.
*Prior General*

IMPRIMATUR:
† JOSEPH PARECATTIL
*Archbishop of Ernakulam*

ERNAKULAM
OCT. 29, 1961

PRINTED AT THE LITTLE FLOWER INDUSTRIAL PRESS,
THEVARA, ERNAKULAM-3,
KERALA STATE, INDIA.
1961

# വിഷയവിവരം

രണ്ടാം ഭാഗം

തിരുസ്സഭ, കൂദാശകൾ

## മിശിഹാ തിരുസ്സഭയെ സ്ഥാപിച്ചു യഥായോഗ്യം സജ്ജീകരിച്ചു


1. ഈശോമിശിഹാ തൻെറ പരസ്യജീവിതകാലത്ത് തിരുസ്സഭയുടെ അടിസ്ഥാനമാരംഭിച്ചു 1
2. ഈശോ തൻെറ മരണംമൂലം തിരുസ്സഭയ്ക്കു ജീവൻ നേടിക്കൊടുത്തു 3
3. ഈശോ തൻെറ ഉയിർപ്പിനുശേഷം തിരുസ്സഭാസ്ഥാപനം പൂർത്തിയാക്കി 5
4. തിരുസ്സഭ മിശിഹായുടെ മൗതികശരീരമാകുന്നു 8
5. തിരുസ്സഭയുടെ പരിശുദ്ധമായ ഭരണഘടന 9


## ലോകത്തിൽ തിരുസ്സഭയുടെ പ്രവർത്തനം


6. തിരുസ്സഭ നിർവ്വഹിക്കുന്ന അദ്ധ്യാപനം; സുവിശേഷപ്രഖ്യാപനം 12
7. വിശുദ്ധഗ്രന്ഥവും വാമൊഴിമൂലമുള്ള പാരമ്പര്യവും തിരുസ്സഭയുടെ അദ്ധ്യാപനോല്പത്തിയാകുന്നു 16
8. എല്ലായിടത്തും പ്രസംഗിക്കുവാൻ തിരുസ്സഭ നിയുക്തയായിരിക്കുന്നു 19
9. തിരുസ്സഭ ആരാധനാകർമ്മം നിർവ്വഹിക്കുന്നു 21
10. തിരുസ്സഭ കൂദാശകൾ പരികർമ്മം ചെയ്യുന്നു 23
11. ആശീർവ്വാദ, പ്രതിഷ്ഠാകർമ്മങ്ങൾ 26
12. തിരുസ്സഭയുടെ ഇടയധർമ്മം 28
13. ചിതറിക്കിടക്കുന്ന ക്രിസ്ത്യാനികളുടെ കാര്യത്തിൽ തിരുസ്സഭയുടെ ശ്രദ്ധ 31
14. ഏക സത്യസഭ 33
15. പുണ്യവാളന്മാരുടെ ഒരുമ്പാട് 38
16. മറിയം നമ്മുടെ മാതാവും രാജ്ഞിയുമാകുന്നു 40


## ജ്ഞാനസ്നാനംമൂലം നാം വിശുദ്ധീകരിക്കപ്പെടുന്നു


17. മാനസാന്തരം 42
18. ജ്ഞാനസ്നാനകർമ്മം 44
കുട്ടികളുടെ ആഘോഷമായ ജ്ഞാനസ്നാനകർമ്മം പള്ളിയുടെ പ്രവേശദ്വാരത്തിങ്കൽ 46
അത്യാവശ്യഘട്ടത്തിൽ ജ്ഞാനസ്നാനം നൽകേണ്ടവിധം 48
19. ജ്ഞാനസ്നാനം നവജീവൻെറ ആരംഭമാകുന്നു 48
20. വിശ്വാസം 52
21. വിശ്വാസപരമായ ജീവിതം 54
22. ശരണം 57
23. ദൈവത്തോടുള്ള സ്നേഹം 60
24. അയൽക്കാരനോടുള്ള സ്നേഹം 63
25. മിശിഹായെ അനുഗമിക്കുക 66

### പ്രാർത്ഥന

26. ഈശോ നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു 69
27. നാം പ്രാർത്ഥിക്കേണ്ടവിധം 72
28. പ്രാർത്ഥന ക്രമപ്പെടുത്തുന്നതു് 75

### സ്ഥൈര്യലേപനമെന്ന കൂദാശ

29. സ്ഥൈര്യലേപനകർമ്മം 81
30. സ്ഥൈര്യലേപനത്തിന്റെ വിശേഷവരം 83

### പരിശുദ്ധ കുർബ്ബാന

31. ഈശോമിശിഹാ പരി. കുർബ്ബാന സ്ഥാപിച്ചു 85
32. തിരുസ്സഭ പരി. കുർബ്ബാന സമർപ്പിക്കുന്നു 88
33. പരി. കുർബ്ബാനയുടെ തിരുക്കർമ്മത്തിൽ കുരിശിലെ ബലി വർത്തമാനകാലത്തിൽ പുനരർപ്പിക്കപ്പെടുന്നു 90
34. പരി. കുർബ്ബാനയുടെ വിരുന്നിൽ നിത്യായുസ്സിന്റെ അപ്പം നാം ഭക്ഷിക്കുന്നു 92
35. ദിവ്യകാരുണ്യനാഥനോടുള്ള ബഹുമാനം 97

പരി. കുർബ്ബാനയുടെ കർമ്മാനുഷ്ഠാനത്തെക്കുറിച്ചു് നാം അറിഞ്ഞിരിക്കേണ്ടതു് 100

കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ 102

### നമ്മുടെ പുതിയ ജീവനെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങൾ

36. പരീക്ഷ അഥവാ പ്രലോഭനം 108
37. ചാവുദോഷം 110
38. ലഘുവായ പാപം (പാപദോഷം) 113

### അനുതാപം, അനുതാപത്തിന്റെ കൂദാശ

39. അനുതാപമെന്ന സുകൃതം 116
40. അനുതാപത്തിന്റെ കൂദാശ അഥവാ കുമ്പസ്സാരം 119
41. അനുതാപത്തിന്റെ കൂദാശ സ്വീകരിക്കേണ്ടവിധം 123

കുമ്പസ്സാരത്തെക്കുറിച്ചു ഗ്രഹിച്ചിരിക്കേണ്ടവ 127

42. ദണ്ഡവിമോചനങ്ങൾ 129

### ക്രിസ്ത്യാനി മരണത്തിന്റെ നിഴലിൽ

43. അന്തിമലേപനം 133

അന്തിമലേപനം പരികർമ്മം ചെയ്യുന്ന വിധം 135

### തിരുസ്സഭയുടെ പൊതുനന്മയ്ക്കുവേണ്ടിയുള്ള കൂദാശകൾ

44. പൗരോഹിത്യപട്ടം 137

വൈദികർ പട്ടമേല്ക്കുന്ന ക്രമം 140

45. വിവാഹം 140

### സന്യാസസഭകൾ

46. സന്യാസവ്രതങ്ങൾ 146

# രണ്ടാംഭാഗം

## തിരുസ്സഭ, കൂദാശകൾ

### മിശിഹാ തിരുസ്സഭയെ സ്ഥാപിച്ച് യഥായോഗ്യം സജ്ജീകരിച്ചു

**കത്തോലിക്കാ തിരുസ്സഭയിലും പുണ്യവാന്മാരുടെ ഒരുമ്പാടിലും വിശ്വസിക്കുന്നേൻ (വിശ്വാസപ്രമാണം 9-ാംവകുപ്പ്)**

എല്ലാ രാജ്യത്തും എല്ലാക്കാലത്തുമുള്ള മനുഷ്യർ ദൈവത്തിന്റെ നിത്യരാജ്യത്തിൽ, ദൈവതിരുമുമ്പാകെ കൂട്ടിച്ചേർക്കപ്പെടണം. ദൈവം എന്നേയ്ക്കും അവരുടെ രാജാവായിരിക്കും; അവർ അവിടുത്തെ ജനങ്ങളുമായിരിക്കും. ഇഹത്തിൽ, ഈ ഭൂമിയിൽത്തന്നെ, ദൈവം തനിക്കായി ഒരു ജനസമൂഹത്തെ രൂപവൽക്കരിക്കാൻ നിശ്ചയിച്ചു. തദർത്ഥം അവിടുന്ന് തന്റെ പുത്രൻ ഈശോമിശിഹാ വഴിയായി തിരുസ്സഭയെ സ്ഥാപിച്ചു.

## 1. ഈശോമിശിഹാ തന്റെ പരസ്യജീവിതകാലത്തും തിരുസ്സഭയുടെ അടിസ്ഥാനമാരംഭിച്ചു

തിരുസ്സഭ മിശിഹായുടെ മൗതികശരീരമാകുന്നുവെന്ന വസ്തുതയെ അധികരിച്ച് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1943-ൽ ഒരു വിശ്വലേഖനം പ്രസിദ്ധീകരിച്ചു. ഈ വിശ്വലേഖനത്തിൽ ഒരുഭാഗത്ത് തിരുമനസ്സുകൊണ്ട് ഇപ്രകാരം പറയുന്നു: "ദിവ്യരക്ഷകൻ പ്രസംഗിക്കയും തന്റെ പ്രമാണങ്ങൾ പ്രഖ്യാപിക്കയും ചെയ്തിരുന്നപ്പോൾത്തന്നെ തിരുസ്സഭയാകുന്ന മൗതിക ദൈവാലയത്തിന്റെ പണി സമാരംഭിച്ചതാണ്. അവിടുന്ന് പിതാവിനാൽ അയയ്ക്കപ്പെട്ടതെങ്ങനെയോ അങ്ങനെ തന്നെ ശ്ലീഹന്മാരെ അവിടുന്ന് തിരഞ്ഞെടുത്തയച്ചു; വിശ്വാസികളുടെ സമൂഹത്തെ പഠിപ്പിക്കുന്നവരും, ഭരിക്കുന്നവരും, വിശുദ്ധീകരിക്കുന്നവരുമായി അവരെ നിയോഗിച്ചയച്ചു. അവരുടെ പ്രധാനിയും ഭൂമിയിൽ തന്റെ വികാരിയുമായി അവിടുന്ന് ഒരാളെ നിശ്ചയിച്ചു; പിതാവിൽ നിന്നു കേട്ടതെല്ലാം അവരേവരോടും അവിടുന്ന് അറിയിക്കയും ചെയ്തു".

✠

വരാനിരിക്കുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള മഹാവാർത്ത ഈശോ പ്രഖ്യാപിച്ചപ്പോൾ അനേകംപേർ തന്നിൽ വിശ്വസിക്കയും അവരെ ത

ൻെറ അനുയായികളാക്കുകയും ചെയ്തു. ദൈവം ആരോടു പുതിയ സഖ്യം ചെയ്‌വാനാഗ്രഹിച്ചുവോ ആ ജനങ്ങളെ ഈശോ ഇങ്ങനെ തൻെറ കീഴിൽ ഒരുമിച്ചുകൂട്ടി.

ഈശോ തൻെറ ഈ ശിഷ്യ സമൂഹത്തിൽനിന്ന് പന്ത്രണ്ടുപേരെ പ്രത്യേകം തിരിഞ്ഞെടുത്തു; അവർ എപ്പോഴും അവിടുത്തെ സഹചാരികളായിരിക്കുവാനുള്ളവരായിരുന്നു. പുതിയ ജനസഞ്ചയത്തിൻെറ അടിസ്ഥാനാംഗങ്ങളായിരുന്നു ഈ പന്ത്രണ്ടുപേർ. ഈശോയുടെ ദൗത്യം വഹിക്കുവാൻ നിയുക്തരാകാനുള്ള ഇവരെ അവിടുന്ന് അപ്പസ്തോലന്മാർ (ശ്ലീഹന്മാർ) എന്നു വിളിച്ചു. 'അപ്പസ്തോലന്മാർ' എന്ന ഗ്രീക്കു ശബ്ദത്തിൻെറ അർത്ഥം അയയ്ക്കപ്പെട്ടവർ (പ്രേഷിതന്മാർ) എന്നാത്രേ.

ഈശോ യോനായുടെ പുത്രനായ ശെമ്ഓനെ ശ്ലീഹന്മാരുടെ പ്രധാനിയും ഭൂമിയിൽ തൻെറ പ്രതിനിധിയുമായി തിരിഞ്ഞെടുത്തു. ഈശോ അദ്ദേഹത്തോട് അരുൾചെയ്തു: "ഞാൻ നിന്നോടു പറയുന്നു: നീ കേപ്പായാകുന്നു; ഈ കേപ്പായിന്മേൽ (പാറമേൽ) എൻെറ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (Mt. 16: 18-19).

*പരിചിന്തനം:* 1. ദൈവം പുതിയ സഖ്യം ചെയ്‌വാനാഗ്രഹിച്ചിരുന്ന ജനങ്ങളെ ഈശോ തൻെറ കീഴിൽ ഒരുമിച്ചു കൂട്ടിയതെങ്ങനെ? 2. ഈശോ തൻെറ ശ്ലീഹന്മാരെ എന്തുദ്ദേശത്തോടെ തിരിഞ്ഞെടുത്തു? 3, അപ്പസ്തോലൻ അഥവാ ശ്ലീഹാ എന്ന ശബ്ദത്തിൻെറ അർത്ഥമെന്തു്? 4. യോനായുടെ പുത്രനായ ശെമ്ഓനെ ഈശോ ഭരമേല്പിച്ച ജോലിയെന്തു്?

1. ഈശോ തിരുസഭാസ്ഥാപനം സമാരംഭിച്ചതെങ്ങനെ?

ഈശോ തനിക്കു് അനുയായികളെ ശേഖരിക്കയും, അവരിൽനിന്ന് പന്ത്രണ്ടു ശ്ലീഹന്മാരെ തിരിഞ്ഞെടുക്കയും ഭൂമിയിൽ തൻെറ വികാരിയായി പത്രോസിനെ നിയമിക്കയും ചെയ്തു.

2. ഈശോ ഭൂമിയിൽ തൻെറ പ്രതിനിധിയായി പത്രോസിനെ നിയമിച്ചതു് എന്തുപറഞ്ഞുകൊണ്ടായിരുന്നു?

ഈശോ പത്രോസിനോട് ഇപ്രകാരം അരുൾചെയ്തു: "നീ കേപ്പാ (പത്രോസ് = പാറ) യാകുന്നു; ഈ കേപ്പായിന്മേൽ എൻെറ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല; സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തി

ലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും".

*പ്രായോഗികവശം:* ദൈവത്തിൻെറ ജനസഞ്ചയത്തിൽ ഉൾപ്പെടുവാനുള്ള മഹാ ഭാഗ്യം എനിക്കു സിദ്ധിച്ചിരിക്കുന്നു. വിശ്വാസികളുടെ ഈ സമൂഹത്തിൽ നിന്നുകൊണ്ടു് സ്വർഗ്ഗീയ രാജനു സേവനം ചെയ്യുന്നതു് സൗഭാഗ്യകരമായി ഞാൻ പരിഗണിക്കും.

*പരീക്ഷണവശം:* 1. a) മനുഷ്യർ ഈശോയുടെ കീഴിൽ സംഘമായി ചേർന്നെന്നും, b) അവിടുന്നു് തൻെറ ശിഷ്യന്മാരാകുവാൻ ചിലരെ വിളിച്ചെന്നും, c) അവരെ അവിടുന്നു് ഒരു ദൗപ്രഷിതകൃത്യത്തിനായി അയച്ചുവെന്നും വിശുദ്ധ ഗ്രന്ഥത്തിൽ എവിടെയാണു് നാം വായിക്കുന്നതു്? 2. ഈശോയുടെ പ്രസംഗജീവിതത്തിൽ ഏതവസരത്തിലാണു് പത്രോസ്ശ്ലീഹാ ശ്ലീഹന്മാരുടെ പ്രധാനിയായി പ്രത്യക്ഷപ്പെടുന്നതു്?

## 2. ഈശോ തൻെറ മരണംമൂലം തിരുസ്സഭയ്ക്കു് ജീവൻ നേടിക്കൊടുത്തു

ഈശോ കുരിശിന്മേൽ തൂങ്ങിക്കിടക്കുകയിൽ, തിരുസ്സഭയാകുന്ന മൗതികദൈവാലയത്തിൻെറ പണി പൂർത്തിയാക്കി. അവിടുന്നു് കുരിശിൽ വച്ചു ചിന്തിയ രക്തംമൂലം ദൈവികകോപമാകുന്ന പ്രതിബന്ധം നീങ്ങി; മനുഷ്യരക്ഷാർത്ഥം ദിവ്യരക്ഷകൻെറ ഉറവകളിൽനിന്നു് എല്ലാ സ്വർഗ്ഗീയ ദാനങ്ങളും, വിശിഷ്യ, നിത്യമായ പുതിയ ഉടമ്പടിയുടെ കൂദാശകൾ, ഒഴുകുന്നതിനിടയായി. കുരിശുമരത്തിന്മേൽ തൂങ്ങിക്കിടന്നുകൊണ്ടാണു് അവിടുന്നു് തൻെറ വിശുദ്ധ സഭയെ, അതായതു്, അവിടുത്തെ മൗതികശരീരത്തിൻെറ സകല അവയവങ്ങളേയും, വീണ്ടു വാങ്ങിയതു് (മൗതികശരീരത്തെ അധികരിച്ചുള്ള 12–ാം പീയൂസിൻെറ വിശ്വലേഖനം).

✠

പഴയ സഖ്യത്തിലുൾപ്പെട്ട. ദൈവത്തിൻെറ ജനങ്ങളിൽ ബഹുഭൂരിഭാഗവും ഈശോയിൽ വിശ്വസിച്ചില്ല; അവരുടെ നേതാക്കന്മേർ അവിടത്തെ മരണശിക്ഷയ്ക്കു് വിധിക്കയും ചെയ്തു. ദൈവത്തോടു ചെയ്തിരുന്ന ഉടമ്പടി അവർ ലംഘിച്ചു. എന്നാൽ ഈശോയിൽ വിശ്വസിച്ചിരുന്ന അവിടുത്തെ ശിഷ്യന്മാരാകട്ടെ ബലഹീനരും അപൂർണ്ണരുമായിരുന്നു. എല്ലാ മനുഷ്യരും പാപമാലിന്യമുള്ളവരും, ദൈവത്തിൻെറ ജനമെന്നു വിളിക്കപ്പെടുവാൻ അയോഗ്യരുമായിരുന്നു.

ഈശോ തൻെറ ശിഷ്യന്മാർക്കും, തന്നോടു് വിശ്വസ്തതയില്ലാതെ പെരുമാറിയവർക്കും, എന്നുവേണ്ട സകല മനുഷ്യർക്കുംവേണ്ടി സ്വജീവനെ സമർപ്പിച്ചു. അവരെ പാപത്തിൽനിന്നു മോചിപ്പിക്കുന്നതിനും അവരെ

ദൈവത്തിന്റെ പരിശുദ്ധ ജനമാക്കിത്തീർക്കുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്തതു്. "നമ്മെ സകല ദുഷ്ടതയിൽനിന്നും രക്ഷിക്കയും, സൽപ്രവൃത്തികളിൽ തീക്ഷ്ണതയുള്ള ഒരു പുതിയ ജനമായി നമ്മെ തനിയ്ക്കുവേണ്ടി ശുദ്ധീകരിക്കുകയും ചെയ്യുവാൻ അവിടുന്ന് തന്നെത്തന്നെ നമ്മെപ്രതി നൽകി" (Tit. 2: 14). ദൈവം ഈശോയുടെ തിരുരക്തത്തിൽ നമ്മോടു പുതിയതും ശാശ്വതവുമായ ഒരുടമ്പടി അഥവാ സഖ്യം ചെയ്തിരിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവുമൂലം തന്റെ ശിഷ്യന്മാരടങ്ങിയ ചെറു സമൂഹത്തെ ഒരു പരിശുദ്ധ ജനമാക്കിത്തീർത്തു. ഈ പരിശുദ്ധ ജനമത്രേ നമ്മുടെ പരിശുദ്ധ മാതാവായ തിരുസ്സഭ. ദൈവം തനിക്കായി എല്ലാ കാലത്തും എല്ലാ ജനപദങ്ങളിൽനിന്നും ശേഖരിക്കുന്ന ജനസമൂഹം ദൈവത്തിന്റെ നിത്യജനമായി തിരുസ്സഭയിൽ വളർച്ചുകൊണ്ടേയിരിക്കുന്നു.

പഴയ സഖ്യം അഥവാ ഉടമ്പടി മൃഗബലിയാലത്രേ മുദ്ര ചെയ്യപ്പെട്ടതു്. എന്നാൽ പുതിയതും നിത്യവുമായ ഉടമ്പടിയാകട്ടെ, നമ്മുടെ കർത്താവീശോമിശിഹായുടെ ക്രൂശുബലിയാൽ മുദ്രചെയ്യപ്പെട്ടു. അവിടുത്തെ തിരുരക്തം പുതിയതും നിത്യവുമായ ഉടമ്പടിയുടെ രക്തമാകുന്നു.

പാപമാലിന്യംപൂണ്ട മനുഷ്യവർഗ്ഗത്തിന്റെ മാതാവായ ഹാവാ ആദത്തിന്റെ പാർശ്വത്തിൽനിന്ന് വീണ്ടും ഉരുവാക്കപ്പെട്ടു. വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ മാതാവായ തിരുസ്സഭ മരണനിദ്രയിലാണ്ടിരുന്ന ദിവ്യരക്ഷകന്റെ പാർശ്വത്തിൽനിന്നും ജാതയായി. ഈശോയുടെ മരണം അവർക്കു ജീവൻ നേടിക്കൊടുത്തു.

*പരിചിന്തനം:* 1. മനുഷ്യവർഗ്ഗം ദൈവത്തിന്റെ ജനമായിത്തീരാൻ അയോഗ്യരായി ഭവിച്ചതെന്തുകൊണ്ടു്? 2. മനുഷ്യവർഗ്ഗത്തെ ദൈവത്തിന്റെ പരിശുദ്ധ ജനമാക്കിത്തീർക്കാൻ ഈശോ എന്തു ചെയ്തു? 3. ഈശോയുടെ തിരുരക്തത്തെപ്രതി ദൈവം നമുക്കു നൽകിയിരിക്കുന്ന വിശേഷാനുകൂല്യമെന്തു്? 4. ഹാവായുടെ സൃഷ്ടിയും തിരുസ്സഭയുടെ ജനനവും തമ്മിൽ താരതമ്യവിവേചനം ചെയ്യുക.

**3. ഈശോ തന്റെ ക്രൂശുമരണംമൂലം തിരുസ്സഭയ്ക്കുവേണ്ടി സമ്പാദിച്ചതെന്തു്?**

ഈശോ തന്റെ ക്രൂശുമരണംമൂലം തിരുസ്സഭയ്ക്കു് ജീവൻ നേടിക്കൊടുത്തു.

*പ്രായോഗികവശം:* മിശിഹാ തന്റെ തിരുരക്തം വിലയായി കൊടുത്തു വാങ്ങിയതാണു് തിരുസ്സഭ. ഞാൻ അവളുടെ സന്താനമായിരിക്കുന്നതിൽ ദൈവത്തോടു് എന്നും കൃതജ്ഞനായിരിക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* "മിശിഹാ തന്നെയും, തന്റെ സഭയെ സ്നേഹിക്കയും ജലത്താലുള്ള ജ്ഞാനസ്നാനംകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും വേണ്ടി അവളെപ്രതി തന്നെത്താൻ ഏല്പിച്ചുകൊടുക്കയും ചെയ്തു" (Eph. 5: 25–26). — "നീ ബലിയായി അറക്ക

പ്പെട്ട. എല്ലാ വംശത്തിലും, ഭാഷയിലും, ജനത്തിലും, ജാതിയിലുംനിന്ന് നിൻെറ രക്തംകൊണ്ട് ദൈവത്തിനായി നീ ഞങ്ങളെ വിലക്കുവാങ്ങി'' (Apoc. 5: 9).

*പരീക്ഷണവശം:* 1. ദൈവം തൻെറ ജനത്തോട് സീനാമലയിൽവച്ച് ആദ്യഉടമ്പടി ചെയ്തതെങ്ങനെയെന്ന് വായിച്ചു നോക്കുക. 2. ഒരു കടലാസെടുത്ത് അതിൻെറ മുകൾഭാഗത്ത് ഇടതുവശത്തു ''പഴയ ഉടമ്പടി'' എന്നും മുകൾഭാഗത്ത് വലതുവശത്ത് ''പുതിയ ഉടമ്പടി'' എന്നും എഴുതുക. താഴെക്കാണുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ഓരോ വശത്തും യഥാക്രമം രേഖപ്പെടുത്തുക. a) ദൈവം എവിടെവച്ച് ഉടമ്പടി ചെയ്തു? b) ആരോട് ഉടമ്പടി ചെയ്തു? c) ആർ വഴിയായി ഉടമ്പടി ചെയ്തു? d) ഉടമ്പടി മുദ്രചെയ്യാൻ ഉപയോഗിച്ച ബലി ഏത്? 3. പുതിയ ഉടമ്പടിയുടെ ബലിയിൽ നാം സംബന്ധിക്കുന്നത് ഏതു രീതിഅനുസരിച്ചാകുന്നു?

## 3. ഈശോ തൻെറ ഉയിർപ്പിനുശേഷം തിരുസ്സഭാസ്ഥാപനം പൂർത്തിയാക്കി

ഈശോ ഉയിർത്തെഴുന്നേററിട്ട് നാല്പതു ദിവസത്തിനിടയ്ക്കു് പല പ്രാവശ്യം തൻെറ ശ്ലീഹന്മാർക്കും ശിഷ്യന്മാർക്കും പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് അവരോട് സംഭാഷിച്ചു. അവർ ഓറശ്ലേം വിട്ടുപോകാതെ പിതാവു വാഗ്ദാനംചെയ്ത കാര്യങ്ങൾ പാർത്തിരിക്കണമെന്ന് അവിടുന്ന് കല്പിച്ചു. അവിടുന്നു അരുൾചെയ്തു: "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും; അപ്പോൾ നിങ്ങൾ ഓറശ്ലേത്തും, യൂദാ മുഴുവനിലും, ശമ്രായരുടെ സ്ഥലത്തും, ഭൂമിയുടെ അതിർത്തികൾ വരെയും എനിക്ക് സാക്ഷികളാകും" (Acts 1: 3-8).

✠

ഉയിർപ്പിനുശേഷം ഈശോ തൻെറ ശിഷ്യന്മാരോടു പറഞ്ഞു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" (Jn. 20: 11). അവിടുന്ന് പിതാവിൽനിന്ന് ഭരമേററിരുന്ന ഉദ്യോഗം അവർക്കു ഭരമേല്പിച്ചുകൊടുത്തു. ദൈവത്തിനു മഹത്വം കൈവരുത്തുകയും മനുഷ്യരെ നിത്യസൗഭാഗ്യത്തിലേക്ക് ആനയിക്കുകയും ചെയ്യുന്ന ചുമതല ഇങ്ങനെ തിരുസ്സഭയിൽ നിക്ഷിപ്തമായി. ഈശോ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് ശ്ലീഹന്മാരോട് ഇപ്രകാരം അരുൾചെയ്തു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു് നല്കപ്പെട്ടിരിക്കുന്നു.. ....ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകി, ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്" (Mt. 28: 18-20). സകല മനുഷ്യരെയും, ഇങ്ങനെ പഠിപ്പിക്കയും, വിശുദ്ധീകരിക്കുകയും, നയിക്കയും (ഭരി

ക്കയും) ചെയ്യുന്ന ഉദ്യോഗം ഈശോ മേല്പറഞ്ഞ വചനങ്ങളാൽ ശ്ലീഹന്മാക്കും അവരുടെ പിൻഗാമികൾക്കും നൽകി. അതായത് അവിടുന്ന്, തിരുസ്സഭയ്ക്ക് അദ്ധ്യാപകൻെറയും പുരോഹിതൻെറയും ഇടയൻെറയും ജോലികൾ ഏല്പിച്ചുകൊടുത്തു.

പത്രോസിനോട് ഈശോ അരുൾചെയ്തു: "എൻെറ കുഞ്ഞാടുകളെ മേയ്ക്കുക, എൻെറ ആടുകളെ മേയ്ക്കുക" (Jn. 21: 15-17). ഈ വചനങ്ങളാൽ അവിടുന്ന് പത്രോസിനെ ഭൂമിയിൽ തൻെറ വികാരിയും തിരുസ്സഭയുടെ ദൃശ്യതലവനുമാക്കി; താൻ വീണ്ടും വരുന്നതുവരെ തൻെറ അജഗണത്തിന്മേലുള്ള സമസ്താധികാരവും അദ്ദേഹത്തിനും അദ്ദേഹത്തിൻെറ പിൻഗാമികൾക്കും അവിടുന്നു നൽകി.

സ്വർഗ്ഗാരോഹണാനന്തരം, മിശിഹാ തൻെറ വിശുദ്ധ സഭയുടെ നാഥനെന്ന നിലയിൽ പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തിരിക്കുന്നു. ഒടുവിലത്തെ ദിവസത്തിൽ വീണ്ടും വരുന്നതുവരെ അവിടുന്ന് സ്വർഗ്ഗത്തിലിരുന്നുകൊണ്ട് തൻെറ ജനത്തിൻെറ അദ്ധ്യാപകനും പ്രധാനാചാര്യനും ഇടയനുമായി വർത്തിക്കുന്നു. മിശിഹാ തിരുസ്സഭയുടെ അദൃശ്യതലവനാകുന്നു.

പന്തക്കുസ്താ ദിവസത്തിൽ, മിശിഹാ തൻെറ പിതാവിൽനിന്ന് പരിശുദ്ധാത്മാവിനെ തിരുസ്സഭയിലേയ്ക്കയച്ചുകൊടുത്തു. പരിശുദ്ധാത്മാവുമൂലം അവിടുന്ന് തിരുസ്സഭയെ തൻെറ സ്വന്തം ദൈവിക ജീവൻകൊണ്ടു നിറച്ചു; തിരുസ്സഭയെ ഭരമേല്പിച്ചിരുന്ന ജോലികൾ നിവ്വഹിക്കുന്നതിനാവശ്യമായ ശക്തി അതുവഴിയായി അവിടുന്ന് അവൾക്കു നൽകുകയും ചെയ്തു

*പരിചിന്തനം*: 1. മിശിഹാ തൻെറ വിശുദ്ധസഭയെ ഭരമേല്പിച്ച ജോലി മിശിഹാക്കു കിട്ടിയതു് എവിടെ നിന്നായിരുന്നു? 2. തിരുസ്സഭയുടെ ദൃശ്യതലവനായി ഈശോ ആരെ നിയമിച്ചു? 3. തിരുസ്സഭയുടെ അദൃശ്യതലവനാരാകുന്നു? 4. പന്തക്കുസ്താദിവസത്തിൽ മിശിഹാ തിരുസ്സഭയ്ക്കു് എന്തു ചെയ്തുകൊടുത്തു?

**4. മിശിഹാ തിരുസ്സഭയെ സ്ഥാപിച്ചതെന്തിനു്?**

ദൈവത്തിനു മഹത്വം നൽകുന്നതിനും മനുഷ്യരെ നിത്യസൗഭാഗ്യത്തിലേയ്ക്കു് ആനയിക്കുന്നതിനുമായി മിശിഹാ തിരുസ്സഭയെ സ്ഥാപിച്ചു.

**5. ഈശോ തൻെറ ശ്ലീഹാന്മാരെ ലോകമെങ്ങും അയച്ചതു് എന്തു പറഞ്ഞുകൊണ്ടായിരുന്നു?**

ഈശോ തൻെറ ശിഷ്യന്മാരോടു് അരുൾചെയ്തു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടി

രിക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവൎക്കു ജ്ഞാനസ്നാനം നൽകി, ഞാൻ നിന്നോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്."

**6. മിശിഹാ തിരുസ്സഭയ്ക്കു് നിയോഗിച്ചുകൊടുത്ത ത്രിവിധ ജോലികളേവ?**

അദ്ധ്യാപകന്റെയും പുരോഹിതന്റെയും ഇടയന്റെയും ജോലികളത്രേ ഈശോ തിരുസ്സഭയ്ക്കു നിയോഗിച്ചുകൊടുത്തതു്.

**7. തിരുസ്സഭയുടെ പ്രധാന ഇടയനായി പത്രോസിനെ നിയമിച്ചുകൊണ്ടു് ഈശോ അരുൾചെയ്തതെന്തു്?**

"എന്റെ കുഞ്ഞാടുകളെ മേയ്ക്കുക, എന്റെ ആടുകളെ മേയ്ക്കുക" എന്നു ഈശോ പത്രോസിനോടു അരുൾചെയ്തു.

**8. തിരുസ്സഭാസ്ഥാപനം ഈശോ പൂർത്തിയാക്കിയതെങ്ങനെ?**

പരിശുദ്ധാത്മാവിനെ അയച്ചുതന്നുകൊണ്ടു് ഈശോ തിരുസ്സഭാ സ്ഥാപനം പൂർത്തിയാക്കി.

*പ്രായോഗികവശം:* ദൈവാരാധനയ്ക്കായി ഒരുമിച്ചുകൂടുന്ന സമൂഹം പരിശുദ്ധമാകുന്നു; കാരണം, ഈ സമൂഹം ദൈവത്തിന്റെ ജനമാകുന്നു, മിശിഹാ അവരുടെ മദ്ധ്യേ ഉണ്ടു്, പരിശുദ്ധാത്മാവിനാൽ ഈ സമൂഹം നിറഞ്ഞിരിക്കുന്നു.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയിരിക്കുമോ അവിടെ അവരുടെ ഇടയിൽ ഞാനുണ്ടു്" (Mt. 18: 20).

*പരീക്ഷണവശം:* 1: പന്തക്കുസ്താഘട്ടമായപ്പോഴേയ്ക്കും മുതിയടഞ്ഞിരുന്ന ശ്ലീഹാ ആരായിരുന്നു? 2. അയാൾക്കുപകരം ആർ തിരഞ്ഞെടുക്കപ്പെട്ടു? 3. ഈ ശ്ലീഹന്മാരുടെ ഗണത്തിൽ പിന്നീടു ചേർക്കപ്പെട്ട ആൾ ആരു്? 4. തിരുസ്സഭയുടെ തലവനെന്ന നിലയിൽ വി. പത്രോസ് ശ്ലീഹാ നേതൃത്വം നല്കിയതെങ്ങനെ? a) മത്ത്യാസ് ശ്ലീഹായുടെ തിരഞ്ഞെടുപ്പിൽ, b) പന്തക്കുസ്താദിവസത്തിൽ, c) ശ്ലീഹന്മാരുടെ ഓറശ്ലത്തെ നിരുസ്സംഘത്തിൽ. 5. ആദിമ ക്രൈസ്തവ വിശ്വാസികളുടെ ജീവിതത്തേക്കുറിച്ചു് വിശുദ്ധ ഗ്രന്ഥത്തിൽ നാം എന്തു വായിക്കുന്നു? 6. ആദിമ ക്രിസ്ത്യാനികൾക്കു് പരിശുദ്ധാത്മാവു് നല്കിയ ചില വിശേഷദാനങ്ങളുടേയും വരങ്ങളുടേയും പേർ പറയുക.

## 4. തിരുസ്സഭ മിശിഹായുടെ മൗതികശരീരമാകുന്നു

വി. പൗലോസ്ശ്ലീഹാ ഇപ്രകാരമെഴുതുന്നു: "നമുക്കു ഒരേ ശരീരത്തിൽ പലേ അവയവങ്ങൾ ഉണ്ടായിരിക്കയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തിയല്ലാതിരിക്കയും ചെയ്യുന്നതെങ്ങനെയോ അങ്ങനെതന്നെ പലരായിരിക്കുന്ന നാമും മിശിഹായിൽ ഒരേ ശരീരമാകുന്നു. നമ്മിൽ ഓരോരുത്തനും ഒരുത്തൻ മററൊരുത്തൻെറ അവയവങ്ങളുമാകുന്നു" (Rom. 12: 4-5)

✠

ഒരേ ശരീരത്തിൻെറ അവയവങ്ങൾ പോലെയാകുന്നു തിരുസ്സഭാംഗങ്ങൾ അന്യോന്യം യോജിച്ചിരിക്കുന്നതു്; അതുകൊണ്ടത്രേ തിരുസ്സഭ ഒരു ശരീരമാകുന്നുവെന്നു് വി. പൗലോസ് പറയുന്നതു്.

സ്വർഗ്ഗാരൂഢനായ നമ്മുടെ കർത്താവീശോമിശിഹാതന്നെയാകുന്നു ഈ ശരീരത്തിൻെറ ശിരസ്സു്. ശരീരത്തെ മുഴുവനും ഒന്നാക്കി നിലനിറുത്തുന്നതും, അതിനെ നിയന്ത്രിക്കുന്നതും, സജീവമാക്കുന്നതും അവിടുന്നത്രേ. ആകയാൽ വി. പൗലോസ് തിരുസ്സഭയെ മിശിഹായുടെ ശരീരമെന്നു വിളിക്കുന്നു.

ഈ ശരീരത്തിൻെറ ജീവശ്വാസം പരിശുദ്ധാത്മാവാകുന്നു. പരിശുദ്ധാത്മാവു് ശിരസ്സായ മിശിഹായിൽനിന്നു് അവയവങ്ങളിലേയ്ക്കു പ്രവഹിക്കുന്നു. അവയവങ്ങളെ മിശിഹായോടും അവയെ തമ്മിൽതമ്മിലും കൂട്ടിയിണക്കുന്നതു് പരിശുദ്ധാത്മാവത്രേ. ആകയാൽ, പരിശുദ്ധാത്മാവു് തിരുസ്സഭയുടെ ആത്മാവു് അഥവാ ജീവൻ ആകുന്നു.

ഈ ശരീരത്തിൻെറ അവയവങ്ങൾ വിശ്വാസികളാകുന്നു. എല്ലാ അവയവങ്ങളും മിശിഹായെ തങ്ങളുടെ ശിരസ്സെന്നവണ്ണം സ്നേഹിക്കണം; ക്രിസ്തീയ വിശ്വാസികളെ തങ്ങളുടെ കൂട്ടവയവങ്ങൾ എന്ന വിധം സ്നേഹിക്കണം; പ്രാർത്ഥനയിലും ദിവ്യബലിയിലും എല്ലാവരും ശിരസ്സിനോടും മററവയവങ്ങളോടും യോജിച്ചിരിക്കണം. ഓരോരുത്തനും ഗ്രഹിക്കാൻ പരിശ്രമിക്കണം, താൻ എന്തു ജോലിക്കു് വിശേഷാൽ നിയുക്തനായിരിക്കുന്നുവെന്നു്. ആ ജോലി അയാൾ വിശ്വസ്തതയോടെ നിർവ്വഹിക്കയും വേണം.

നാം ജ്ഞാനസ്നാനമേൽക്കുമ്പോൾ മിശിഹായുടെ മൗതിക ശരീരത്തിന്മേൽ ഒട്ടിച്ചുചേർക്കപ്പെടുന്നു. ജ്ഞാനസ്നാനം മൂലമാകുന്നു ഒരുവൻ തിരുസ്സഭാംഗമായിത്തീരുന്നതു്.

*പരിചിന്തനം*: 1. തിരുസ്സഭയെ നാം ഒരു ശരീരമെന്നു വിളിക്കുന്നതെന്തുകൊണ്ടു്? 2. മിശിഹായെ നാം ഈ ശരീരത്തിൻെറ ശിരസ്സെന്നു വിളിക്കുന്നതെന്തുകൊണ്ടു്? 3. പരിശുദ്ധാത്മാവിനെ നാം തിരുസ്സഭയുടെ ആത്മാവെ

ന്നു വിളിക്കുന്നതെന്തുകൊണ്ട്? 4. മിശിഹായുടെ ഈ ശരീരത്തിന്റെ അവയവങ്ങളാം ചെയ്യേണ്ടതെന്ത്? 5. മിശിഹായുടെ മൗതികശരീരത്തിന്മേൽ നാം ഒട്ടിക്കപ്പെടുന്നതെങ്ങനെ?

9. തിരുസ്സഭയെപ്പററി വി. പൗലോസ് പ്രബോധിപ്പിക്കുന്നതെന്ത്?

**തിരുസ്സഭ മിശിഹായുടെ ശരീരമാകുന്നുവെന്ന് വി. പൗലോസ് പ്രബോധിപ്പിക്കുന്നു: മിശിഹാ അതിന്റെ ശിരസ്സും, നാം അതിന്റെ അവയവങ്ങളും.**

*പ്രായോഗികവശം:* ഞാൻ എനിക്കുവേണ്ടിമാത്രം ജീവിക്കുകയില്ല, മിശിഹായുടെ ശരീരത്തിലെ സകല അവയവങ്ങൾക്കുംവേണ്ടി ജീവിക്കും.

*വിശുദ്ധഗ്രന്ഥത്തിൽനിന്ന്:* ''മിശിഹാ നമ്മുടെ ശിരസ്സാകുന്നു. ശരീരം മുഴുവനും അവിടുത്തെ ആശ്രയിച്ചു നിലകൊള്ളുന്നു...........തന്നിൽ ശരീരം മുഴുവൻ ഒരുമിച്ചു ചേർക്കപ്പെടുകയും, സന്ധിബന്ധങ്ങളിലെല്ലാം കൂട്ടിയിണക്കപ്പെടുകയും ചെയ്യുന്നു'' (Eph. 4: 15–16).

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന്:* 1943–ൽ 12–ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് മിശിഹായുടെ മൗതികശരീരത്തെ അധികരിച്ച് ഒരു വിശ്വലേഖനം പ്രസിദ്ധീകരിച്ചു.

*പരീക്ഷണവശം:* മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങൾ അതിന്റെ ശിരസ്സിനോട് യോജിച്ചുകൊണ്ട് ദിവ്യബലിയിലും അവിശ്വാസികളുടെ മാനസാന്തരത്തിലും പ്രവർത്തിക്കുന്നതെങ്ങനെ? 2. ഇടവകയിൽ വിശേഷചുമതലകൾ ഏററിരിക്കുന്നതാർ? 3. നീ പഠിച്ച ഈ പാഠത്തെ അടിസ്ഥാനമാക്കി യാചനയുടേയും കൃതജ്ഞതയുടേയും ഒരു പ്രാർത്ഥനയുണ്ടാക്കുക.

## 5. തിരുസ്സഭയുടെ പരിശുദ്ധമായ ഭരണഘടന

പന്തക്കുസ്താതിരുനാളിനെത്തുടന്ന് ശ്ലീഹന്മാർ പുറപ്പെട്ടു; സുവിശേഷം പ്രസംഗിക്കുകയും ഓരോരോ സ്ഥലങ്ങളിൽ ക്രിസ്തീയസമൂഹങ്ങളെ സ്ഥാപിക്കയുംചെയ്തു. ശ്ലീഹന്മാർ ഉത്തമന്മാരായ ആളുകളെ തിരഞ്ഞെടുത്ത് അവരുടെമേൽ കൈവയ്ക്കുയും മെത്രാന്മാരായി വാഴിക്കയും ചെയ്തു. ഇപ്രകാരം വി.പൗലോസ് തീമാത്തേഓസിനെ അപ്പസ്സോ.സിൻേറയും, തെത്തോസിനെ ക്രേത്തേയുടേയും മെത്രാന്മാരായി വാഴിച്ചു (Tim. 1:3; Tit. 1:5). വി. പത്രോസ് തന്റെ പ്രസംഗപര്യടനത്തിനിടയിൽ റോമിലെത്തി. അദ്ദേഹം റോമിലെ ആദ്യമെത്രാനായിത്തീൎന്നു. ക്രി. വ. 67-ാമാണ്ടിൽ അദ്ദേഹം അവിടെവച്ച് രക്തസാക്ഷിയായി മരണംപ്രാപിച്ചു. വി. പത്രോസിന്റെ നാമത്തിലുള്ള ഇപ്പോഴത്തെ മഹാദൈവാലയം (ബസലിക്കാ) അദ്ദേഹത്തിന്റെ ശവകുടീരഭാഗത്താണ് സ്ഥിതിചെയ്യുന്നത്.

✠

മിശിഹായുടെ മൗതികശരീരത്തിലെ എല്ലാ അവയവങ്ങൾക്കും ഒരേ ജോലിയല്ല ഉള്ളതു്: ചിലർ ഭരണാധികാരികളത്രെ; ചിലർ ഭരണീയരും. തിരുസ്സഭയിലെ ആദിമ ഭരണാധികാരികൾ വി. പത്രോസും മററ ശ്ലീഹന്മാരുമായിരുന്നു.

തിരുസ്സഭ ലോകാവസാനംവരെ നിലനില്ക്കണമെന്നു മിശിഹാ തിരുമനസ്സായിരിക്കുന്നു. ഇക്കാരണത്താൽ, അവിടുന്നു് വി. പത്രോസിനും മററ ശ്ലീഹന്മാർക്കും ഏല്പിച്ചുകൊടുത്ത ഉദ്യോഗങ്ങൾ ലോകാവസാനംവരെ തുടൎന്നു കൊണ്ടുപോകേണ്ടിയിരിക്കുന്നു. മിശിഹായുടെ നാമത്തിൽ അവർ അദ്ധ്യാപകന്മാരും, പുരോഹിതന്മാരും ഇടയന്മാരുമായി ജോലിചെയ്യുന്നു. ലോകമെങ്ങുമുള്ള (കത്തോലിക്കാ) മെത്രാന്മാർ മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ സുപ്രധാന പ്രശ്നങ്ങളെക്കുറിച്ചു് ചർച്ചചെയ്യുവാൻ സമ്മേളിക്കുമ്പോൾ ആ സമ്മേളനത്തിനു് "സാർവ്വത്രിക തിരുസ്സംഘം (Ecumenical Council) എന്നു പറയുന്നു.

തിരുസ്സഭ മുഴുവൻെറയും ദൃശ്യതലവൻ മാർപ്പാപ്പായാകുന്നു. അദ്ധ്യാപകനും ഇടയനുമെന്ന അത്യുന്നതോദ്യോഗനിലയിൽ വി. പത്രോസിൻെറ പിൻഗാമിയാകുന്നു മാർപ്പാപ്പാ. ഈ മഹനീയോദ്യോഗത്തെ അഥവാ അധികാരത്തെ പരമാധിപത്യം (Primacy) എന്നു വിളിക്കുന്നു. വി. പത്രോസ് റോമ്മായുടെ മെത്രാനായി മരിച്ചതിനാൽ, മുറയ്ക്കു റോമ്മായുടെ മെത്രാനായി പിന്തുടരുന്നവനാകുന്നു പത്രോസിൻെറ യഥാർത്ഥ പിൻഗാമി. മററു സകല മെത്രാന്മാരും വൈദികരും വിശ്വാസികളും അദ്ദേഹത്തിനു വിധേയമായിരിക്കണം.

തിരുസ്സഭയുടെ ഒരു വിഭാഗത്തെ ഭരിക്കുന്നയാളാകുന്നു മെത്രാൻ. അദ്ദേഹത്തിൻെറ ഈ ഭരണീയ വിഭാഗത്തെ രൂപതയെന്നു വിളിക്കുന്നു. രൂപതകളെ ഇടവകകളായി വിഭജിച്ചിരിക്കുന്നു. ഓരോ ഇടവകയ്ക്കും ഓരോ വികാരിയെ മെത്രാൻ നിശ്ചയിച്ചുകൊടുക്കുന്നു. ഇടവകാതിർത്തിയിലുള്ള എല്ലാ വിശ്വാസികളുടേയും ആദ്ധ്യാത്മിക പിതാവാകുന്നു വികാരിയച്ചൻ. ലത്തീനിൽ 'പാസ്റ്റോർ' (ഇടയൻ) എന്നാണു് അദ്ദേഹത്തെ വിളിക്കുന്നതു്.

തിരുസ്സഭയുടെ പ്രവർത്തനത്തിൽ അല്മായരും പങ്കെടുക്കേണ്ടതാകുന്നു തിരുസ്സഭയെ ഭരിക്കുവാൻ ദൈവനിയുക്തരായവരുടെ നേതൃത്വത്തിൻ കീഴിൽവേണം അല്മായർ പങ്കെടുക്കുവാൻ. അല്മായർ തങ്ങളുടെ കുടുംബങ്ങളിലും പ്രതിദിനജോലി ചെയ്യുന്ന രംഗങ്ങളിലും, പൊതുകാര്യങ്ങളിലും സ്വകഴിവിൻെറ പരമാവധി ദൈവമഹത്വത്തിനും മററു മനുഷ്യരുടെ ആത്മരക്ഷയ്ക്കുംവേണ്ടി വിനിയോഗിക്കേണ്ടതാകുന്നു. (കത്തോലിക്കാ പ്രവർത്തനം).

*പരിചിന്തനം:* 1. തിരുസ്സഭ വിശേഷാധികാരികളാൽ ഭരിക്കപ്പെടുന്നതിനു്? 2. തിരുസ്സഭയുടെ ഭരണാധികാരികൾ ആരാകുന്നു? 3. 'സാർവ്വത്രിക തിരുസ്സംഘം' എന്നാലെന്തു്? 4. രൂപതയെന്നാലെന്തു്? 5. ഇടവകയെന്നാലെന്തു്? 6. ഒരിടവകയുടെ തലവൻ ആരാകുന്നു? 7. തിരുസ്സഭയുടെ കർത്തവ്യങ്ങളിൽ അല്മായർ സഹായിക്കേണ്ടതെങ്ങനെ?

10. തിരുസ്സഭയുടെ ഭരണാധികാരികൾ ആരാകുന്നു?

തിരുസ്സഭയുടെ ഭരണാധികാരികൾ മാർപ്പാപ്പായും മെത്രാന്മാരുമാകുന്നു.

11. മാർപ്പാപ്പായുടെ ഔദ്യോഗിക സ്ഥാനമെന്തു്?

ഭൂമിയിൽ മിശിഹായുടെ വികാരിയും തിരുസ്സഭയുടെ ദൃശ്യ തലവനുമായ വി. പത്രോസിന്റെ, മുറയ്ക്കുള്ള പിൻഗാമിയാകുന്നു മാർപ്പാപ്പാ.

12. കത്തോലിക്കാ സഭയിലെ മെത്രാന്മാരുടെ ഔദ്യോഗിക നിലയെന്തു്?

കത്തോലിക്കാ സഭയിലെ മെത്രാന്മാർക്കു് ശ്ലീഹന്മാരുടെ പിൻഗാമികൾ എന്ന നിലയാണുള്ളതു്.

*പ്രായോഗികവശം:* ''ഭൂമിയിൽ മിശിഹായുടെ പ്രതിനിധിയായിരിക്കുന്ന മാർപ്പാപ്പായെ ഞാൻ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യും; ഞാൻ അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കയും സർവ്വദാ അദ്ദേഹത്തോടു് വിശ്വസ്തനായിരിക്കയും ചെയ്യും''.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* ''നിങ്ങളുടെ ഭരണകർത്താക്കൾ നിങ്ങളുടെ കണക്കു കൊടുക്കുന്നവരായിട്ടു് നിങ്ങളുടെ ആത്മാക്കളെക്കുറിച്ചു് ഉണർവ്വോടുകൂടി ഇരിക്കുന്നതുകൊണ്ടു് അവർ ഇതു് നെടുവീർപ്പുകളോടുകൂടിയല്ല, സന്തോഷത്തോടുകൂടി നിർവ്വഹിക്കാൻവേണ്ടി അവർക്കു നിങ്ങൾ കീഴ്‌വഴങ്ങിയിരിക്കുവിൻ അവരെ അനുസരിക്കയും ചെയ്യുവിൻ'' (Heb. 13: 17).

*ഒരു വിശദീകരണം:* തിരുസ്സഭയെ റോമൻ കത്തോലിക്കാ സഭയെന്നു വിളിക്കുന്നതു് അവളുടെ പ്രധാന ഭരണകർത്താവു് നിയമാനുസൃതമായ റോമാ മെത്രാനാകുന്നതുകൊണ്ടാണു്. മാർപ്പാപ്പാ അഥവാ 'പാപ്പാ' എന്നതിന്റെ അർത്ഥം പിതാവു് എന്നാകുന്നു. മാർപ്പാപ്പായെ 'പരിശുദ്ധ പിതാവു്' എന്നും വിളിക്കാറുണ്ടു്. പൈതൃകമായ ജാഗ്രതയോടെ തന്റെ പരിശുദ്ധോദ്യോഗം നിർവ്വഹിക്കുന്നതുകൊണ്ടു് അദ്ദേഹത്തെ പരിശുദ്ധ പിതാവു് എന്നു വിളിക്കുന്നു. 'കത്തോലിക്കാ' എന്ന വാക്കിന്റെ അർത്ഥം സാർവ്വദേശീയം അഥവാ സാർവ്വത്രികം എന്നാകുന്നു.

*തിരുസ്സഭയുടെ മറ്റുദ്യോഗങ്ങൾ:* സാർവ്വത്രികസഭയുടെ ഭരണത്തിൽ മാർപ്പാപ്പായെ കർദ്ദിനാളന്മാർ സഹായിക്കുന്നു. ഒരു മാർപ്പാപ്പാ നാടുനീങ്ങുമ്പോൾ

വേറൊരു മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്നതു് കർദ്ദിനാളന്മാരത്രേ. ഒരു രൂപതയിലെ മെത്രാനെ ഭരണത്തിൽ സഹായിക്കുന്നതു് വികാരി ജനറാളും ഭദ്രാസന ദൈവാലയ സംഘാംഗങ്ങളുമാകുന്നു. ഈ സംഘാംഗങ്ങളെ കാനോന്മാർ എന്നു വിളിക്കുന്നു. ഇൻഡ്യയിൽ പ്രായേണ ഈദൃശ കാനോന്മാർ ആലോചനക്കാർ (Consultors) എന്ന പേരിലാണു് അറിയപ്പെടുന്നതു്.

പല രൂപതകളിലും സഹായ മെത്രാന്മാരുണ്ടു്. ഈ സഹായമെത്രാന്മാരാണു് മുറക്കുള്ള മെത്രാനുപകരം ഓരോരോ സംഗതികൾ നിർദ്ദേശിക്കയും ഉറപ്പിക്കയും ചെയ്യുന്നതു്. അസിസ്റ്റേന്തി (സഹായ വൈദികൻ) ഇടവകഭരണത്തിൽ വികാരിയച്ചനെ സഹായിക്കുന്നു.

പല ഇടവകകൾ കൂടിച്ചേർന്നു് ഒരു 'ഡീനറി' അഥവാ ഫൊറോനാ ഉണ്ടാകുന്നു. ഡീൻ അഥവാ ഫൊറോനാ വികാരി എന്നു വിളിക്കപ്പെടുന്ന ഒരു വൈദിക പ്രമുഖനത്രേ ഇതിന്റെ അദ്ധ്യക്ഷൻ. പല രൂപതകൾ കൂടിച്ചേർന്നു് ഒരു പ്രവിശ്യ ഉണ്ടാകുന്നു. ഈദൃശ പ്രവിശ്യായുടെ അദ്ധ്യക്ഷനെ മെത്രാപ്പോലീത്താ എന്നു വിളിക്കുന്നു.

*പരീക്ഷണവശം:* 1. ഇപ്പോഴത്തെ മാർപ്പാപ്പായുടെ പേരെന്തു്? 2. അദ്ദേഹം എവിടെ താമസിക്കുന്നു? 3. നമ്മുടെ മെത്രാന്റെ പേരെന്തു്? 4. അദ്ദേഹം എവിടെ താമസിക്കുന്നു? 5. നമ്മുടെ രൂപതയിലെ ഭദ്രാസനപ്പള്ളിയേതു്? 6. നമ്മുടെ ഇടവക വികാരിയുടെ പേരെന്തു്? 7. അദ്ദേഹത്തെ കൂടാതെ വേറെ ഏതു വൈദികരാണു് ഇവിടെയുള്ളതു്? 8 ഇടവക ജോലിയിൽ വികാരിയച്ചനെ സഹായിക്കാൻ അസിസ്റ്റേന്തിമാരെ കൂടാതെ വേറെ വൈദികരുണ്ടോ? 9. നമ്മുടെ അയൽ ഇടവകകളേവ? 10. നമ്മുടെ ഇടവക ഏതു ഡിസ്ട്രിക്ടിൽ അഥവാ ഫൊറോനായിൽപ്പെട്ടതാണു്? 11. മെത്രാന്റെ മുടി, വടി, മോതിരം. കുരിശു് എന്നിവ വരയ്ക്കുക. 12. മാർപ്പാപ്പാ, കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദികർ എന്നിവരുടെ ഔദ്യോഗിക വസ്ത്രത്തിന്റെ നിറമെന്തു്? 13. തിരുസ്സഭയുടെ ഭരണഘടനയെ പ്രകാശിപ്പിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക (വരയ്ക്കുക).

## ലോകത്തിൽ തിരുസ്സഭയുടെ പ്രവർത്തനം

മിശിഹായുടെ ജോലിയാണു് തിരുസ്സഭ ലോകമെങ്ങും ചെയ്തുകൊണ്ടിരിക്കുന്നതു്. മിശിഹായുടെ സുവിശേഷം (സന്തോഷവാർത്ത) പ്രഖ്യാപിച്ചുകൊണ്ടു് അവൾ തന്റെ അദ്ധ്യാപന ജോലി നിർവ്വഹിക്കുന്നു. ആരാധനാകർമ്മങ്ങളുടെ അനുഷ്ഠാനവും പ്രസാദവരത്തിന്റെ വിതരണവുംമൂലം ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു് അവൾ തന്റെ പുരോഹിതോദ്യോഗം നിർവ്വഹിക്കുന്നു. ഇടയൻ ആടുകളെയെന്നപോലെ അവൾ നമ്മെ സ്വർഗ്ഗത്തിലേയ്ക്കാനയിക്കുന്നു.

## 50. തിരുസ്സഭ നിർവ്വഹിക്കുന്ന അദ്ധ്യാപനം: സുവിശേഷ പ്രഖ്യാപനം

വി. പത്രോസ് പ്രസംഗിച്ചു നടന്നതിനിടയിൽ, കൊർണ്ണേലിയൂസ് എന്നുപേരുള്ള ഭക്തനായ ഒരുദ്യോഗസ്ഥന്റെ ഭവനത്തിലേയ്ക്കു് ക്ഷണിക്കപ്പെട്ടു. അദ്ദേഹം കൊർണ്ണേലിയൂസിന്റെ ഭവനത്തിലെത്തി; മിശി

ഹായുടെ ക്രൂശുമരണം, ഉയിർപ്പ്, ഒടുവിലത്തെ വിധി നടത്താനുള്ള പുനരാഗമനം എന്നിവയെക്കുറിച്ച് അവിടെ ഉണ്ടായിരുന്ന എല്ലാവരോടും അദ്ദേഹം പ്രസംഗിച്ചു. പത്രോസ് ഇങ്ങനെ പ്രസംഗിക്കയിൽ അദ്ദേഹത്തിൻെറ പ്രസംഗം കേട്ടുകൊണ്ടിരുന്ന എല്ലാവരിലും പരിശുദ്ധാത്മാവ് വന്നിറങ്ങി; പത്രോസ് അവരെയെല്ലാം മിശിഹായുടെ പേക്ക് ജ്ഞാനസ്നാനപ്പെടുത്തി (Acts 10).

✠

മിശിഹായുടെ സുവിശേഷം തിരുസ്സഭ എല്ലായിടത്തും പ്രഖ്യാപിക്കുന്നു; അവൾ നമ്മെ പഠിപ്പിക്കുന്നു. പ്രസംഗങ്ങളും വേദപാഠങ്ങളും വഴിയായി അവൾ നമ്മെ പഠിപ്പിക്കുന്നു. ആരാധനക്രമത്തിലെ കീർത്തനങ്ങളും വായനയുംമൂലം കൂടുതൽ ഗഹനമായ അറിവ് തന്നുകൊണ്ടും വിശ്വാസത്തിൻെറ രഹസ്യങ്ങളിലേയ്ക്കു് നമ്മെ പ്രവേശിപ്പിക്കുന്നു.

തിരുസ്സഭ വഴിയായി നമ്മോടു സംസാരിക്കുന്നതു് മിശിഹാ തന്നെയാകുന്നു. അവിടുത്തേ വചനമത്രേ അവൾ പ്രഖ്യാപിക്കുന്നതു്; അവിടുത്തേ പ്രബോധനമത്രേ അവൾ നമുക്കു വിശദീകരിച്ചു തരുന്നതു്; അവിടുത്തേ പരിശുദ്ധാത്മാവു മൂലമത്രേ അവൾ പ്രകാശിതയായിത്തീരുന്നതും നമ്മെ പ്രകാശിപ്പിക്കുന്നതും.

തിരുസ്സഭയിൽ അദ്ധ്യാപനോദ്യോഗം മുറയ്ക്കു നിർവ്വഹിക്കുന്നതു് മാർപ്പാപ്പായും അദ്ദേഹത്തോടുള്ള ഐക്യത്തിൽ നിലകൊള്ളുന്ന മെത്രാന്മാരുമാകുന്നു. മിശിഹായുടെ പ്രബോധനം തെററുകൂടാതെ സംരക്ഷിച്ചുകൊണ്ടു പോരുകയും അബദ്ധവാദങ്ങളുടെ കലർച്ചയൊന്നും കൂടാതെ അതിനെ മററുള്ളവർക്ക് അറിയിച്ചുകൊടുക്കുകയും ചെയ്യുക അവരുടെ കർത്തവ്യമാകുന്നു. മാർപ്പാപ്പായും മെത്രാന്മാരും യോജിച്ച് ഏതെങ്കിലും ഒരു സംഗതി വിശ്വാസസത്യമായി പ്രഖ്യാപിച്ചാൽ അതു തെററില്ലാത്തതായിരിക്കും. കാരണം, മിശിഹായും പരിശുദ്ധാത്മാവും തിരുസ്സഭയെ തെററിലുൾപ്പെടുത്താതെ സംരക്ഷിക്കുന്നു, തിരുസ്സഭയുടെ പൊതു സൂനഹദോസുകളിൽ (സാർവ്വത്രിക തിരുസ്സംഘങ്ങളിൽ) അവയുടെ പിതാക്കന്മാരായ മെത്രാന്മാർ നിശ്ചയിക്കുന്നു, ഒരു പ്രബോധനം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഏതെങ്കിലും സത്യത്തിൽ ഉൾപ്പെടുന്നുണ്ടോ ഇല്ലയോ എന്നു്; ഉൾപ്പെടുന്നില്ലെങ്കിൽ ആ വാദം അഥവാ പ്രബോധനം തെറേറാ ശരിയോ എന്നു്.

തിരുസ്സഭയുടെ പരമാദ്ധ്യാപകൻ മാർപ്പാപ്പായാകുന്നു. അദ്ദേഹത്തെ കൂടാതെ ഒരു സാർവ്വത്രിക സംഘത്തിനുപോലും അപ്രമാദ്യമായ ഒരു നിശ്ചയം ചെയ്‌വാൻ സാദ്ധ്യമല്ല. എന്നാൽ മാർപ്പാപ്പായ്ക്കാകട്ടെ, തൻെറ ഔദ്യോഗികനിലയിൽ തനിച്ച് ഒരപ്രമാദ്യ നിർണ്ണയം ചെയ്‌വാൻ കഴിയും. തിരുസ്സഭയെ ആകമാനം ബാധിക്കുന്നതും, വിശ്വാസത്തേയോ ക്രിസ്തീയ ധാർമ്മിക വ്യാപാരത്തേയോ സംബന്ധിക്കുന്നതുമായ കാര്യത്തിൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഒരു നിർണ്ണയം ചെയ്യുന്നപക്ഷം അതിൽ തെ

റവണ്ടാകയില്ല; അതിൽ അദ്ദേഹം അപ്രമാദ്യനാണ്". കത്തോലിക്കാ വിശ്വാസികളേവരും അതു സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരാകുന്നു. മിശിഹാ പത്രോസിനോട്ട് അരുൾചെയ്തു: നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാൻ നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്; നീയോ മാനസാന്തരപ്പെട്ടവനായി നിന്റെ സഹോദരങ്ങളെ ഉറപ്പിച്ചുകൊൾക (Lk. 22: 32).

മെത്രാൻ തന്റെ രൂപതയിലെ വിശ്വാസികളെ പഠിപ്പിക്കുന്നതു് പ്രധാനമായി: തന്റെ രൂപതയിൽ ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്ന "വേദോപദേശം", പ്രസംഗം, ഇടയലേഖനങ്ങൾ എന്നിവ വഴിയായിട്ടാകുന്നു.

വിശ്വാസികൾക്കൊരു ചുമതലയുണ്ട്: തങ്ങളുടെ വചനവും ദൃഷ്ടാന്തവുംമൂലം മററു മനുഷ്യർ സത്യവിശ്വാസത്തിന്റെ അറിവിലേയ്ക്കു വന്നുചേരുവാനും ഈ അറിവിൽ അവർ വളർന്നുവരുവാനും സഹായിക്കുക. മാതാപിതാക്കന്മാർ, അദ്ധ്യാപകന്മാർ, വേദോപദേശികൾ എന്നിവർക്ക് ഇക്കാര്യത്തിൽ വിശേഷ ചുമതലയുണ്ട്.

*പരിചിന്തനം:* 1. തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നതു് ഏതു മാർഗ്ഗേണ? 2. തിരുസ്സഭ നമ്മെ പഠിപ്പിക്കുമ്പോൾ മിശിഹായാണ് നമ്മോടു സംസാരിക്കുന്നതു് എന്നു പറയാൻ സാധിക്കുന്നതെങ്ങനെ? 3. തിരുസ്സഭയുടെ പരമാദ്ധ്യാപകൻ മാർപ്പാപ്പായാകുന്നു എന്നു തെളിയിക്കുക. 4. മെത്രാന്മാർ നമ്മെ പഠിപ്പിക്കുന്നതെങ്ങനെ? 5. വിശ്വാസസംബന്ധമായ കാര്യങ്ങൾ മററുള്ളവരെ പഠിപ്പിക്കുവാൻ വിശ്വാസികളുടെ ഗണത്തിൽ ആർക്കാണ് വിശേഷ ചുമതലയുള്ളതു്?

13. തിരുസ്സഭ അപ്രമാദ്യമായിരിക്കുന്നതെന്തുകൊണ്ടു്?

മിശിഹാ തന്റെ തിരുസ്സഭയെ പരിശുദ്ധാത്മാവുമൂലം തെററിലുൾപ്പെടാതെ സംരക്ഷിക്കുന്നതുകൊണ്ടു് അവൾ അപ്രമാദ്യയായിരിക്കുന്നു.

14. തിരുസ്സഭയിലെ അദ്ധ്യാപകർ ആരാകുന്നു?

തിരുസ്സഭയിലെ അദ്ധ്യാപകർ മാർപ്പാപ്പായും, മാർപ്പാപ്പായോടുള്ള ഒരുമ്പാടിൽ നിലകൊള്ളുന്ന മെത്രാന്മാരുമാകുന്നു

15. തിരുസ്സഭയുടെ അദ്ധ്യാപനോദ്യോഗത്തിന്റെ ലക്ഷ്യമെന്തു്?

മിശിഹായുടെ പ്രബോധനം അഭംഗമായി സംരക്ഷിക്കയും അബദ്ധവാദങ്ങൾ കലരാതെ അതു് മററുള്ളവർക്ക് അറിയിച്ചുകൊടുക്കുകയുമാണ് തിരുസ്സഭയുടെ അദ്ധ്യാപനോദ്യോഗത്തിന്റെ ലക്ഷ്യം.

16. മാർപ്പാപ്പാ അപ്രമാദ്യമായിരിക്കുന്നതു് ഏതു നിലയിൽ?

**വിശ്വാസത്തെയൊ ക്രിസ്തീയധാർമ്മികവ്യാപാരത്തെയൊ സംബന്ധിക്കുന്ന ഒരു പ്രബോധനം കത്തോലിക്കാ സഭാംഗങ്ങൾ ഏവരും സ്വീകരിപ്പാൻ ബാധ്യസ്ഥരാകത്തക്കവിധം നിർണ്ണയിച്ചു പ്രഖ്യാപിക്കുന്നതിൽ മാർപ്പാപ്പാ അപ്രമാദ്യനാകുന്നു.**

*പ്രായോഗികവശം:* മാർപ്പാപ്പായും മെത്രാന്മാരും കല്പിക്കുന്നതു്, വിശിഷ്യാ, വിശ്വലേഖനവും ഇടയലേഖനവും വഴിയായി നിർദ്ദേശിക്കുന്നതു്, ഞാൻ ഭക്ത്യാദരങ്ങളോടെ അനുസരിക്കും. അവരുടെ സ്വരം മിശിഹായുടെ സ്വരംതന്നെയാകുന്നു.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* ഈശോ തൻെറ ശിഷ്യന്മാരോടു് അരുൾ ചെയ്തു: നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെയാകുന്നു നിരസിക്കുന്നതു്. എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു" (Lk. 10: 16). ഈശോ അവരിൽനിന്നു് വേർപിരിയുന്നതിനുമുമ്പ് പറഞ്ഞതായതു്: "ഞാൻ എൻെറ പിതാവിനോടു് ചോദിക്കും. എന്നും നിങ്ങളോടുകൂടിയിരിക്കേണ്ടതിനായി വേറൊരു ആശ്വാസപ്രദനെ—സത്യാത്മാവിനെ—അവിടുന്നു് നിങ്ങൾക്കു തരും........അവിടുന്നു് നിങ്ങളെ സകലവും പഠിപ്പിക്കയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും'' (Jn. 14: 16-17, 26). "സത്യം അടിയുറപ്പിച്ചിരിക്കുന്ന തൂണും അടിസ്ഥാനവുമാകുന്നു തിരുസ്സഭ" (1 Tim. 3:5). എന്നു് വി. പൗലോസ് പ്രസ്താവിക്കുന്നു.

*തിരുസ്സഭയുടെ ജീവിതം:* തിരുസ്സഭയിൽ ഇതുവരെ ഇരുപത്തൊന്നു സാർവ്വത്രിക തിരുസ്സംഘങ്ങളുണ്ടായിട്ടുണ്ടു്. അവസാനത്തെ രണ്ടു തിരുസ്സംഘങ്ങൾ മാർപ്പാപ്പായുടെ അപ്രമാദ്യത (infallibility) ഒരു വിശ്വാസസത്യമായി വത്തിക്കൻ തിരുസ്സംഘത്തിൽവച്ചു് ആഘോഷമാംവിധം പ്രഖ്യാപിക്കപ്പെട്ടു.

*ഒരു പരിവൃത്തൻെറ വചനങ്ങൾ:* "ജീവിതത്തിലെ പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ചു് വിശദവും നിർണ്ണായകവുമായ സമാധാനം കത്തോലിക്കാ സഭയ്ക്കുമാത്രമേ നൽകാൻ സാധിക്കയുള്ളൂ എന്നു് എനിക്കറിയാം'' (ചെസ്റ്റേർട്ടൻ).

*നിങ്ങൾ എന്തുത്തരം പറയും:* "മാർപ്പാപ്പാ അപ്രമാദ്യനല്ല; കാരണം മനുഷ്യൻ പാപം ചെയ്യെന്നുവരാം, അവനു തെറ്റുകൾ പററിയെന്നുവരാം'' എന്നാണു് ചിലർ ഉന്നയിക്കുന്ന ആക്ഷേപം. ഇതിനു് നമ്മുടെ മറുപടി ഇപ്രകാരമാണു്: "മാർപ്പാപ്പാ പാപം ചെയ്യെന്നു വന്നേക്കാം; സ്വകാര്യനിലയിൽ അഭിപ്രായം പുറപ്പെടുവിക്കുന്നതിലും അദ്ദേഹത്തിനു തെററു വരാവുന്നതാണു്. എന്നാൽ തിരുസ്സഭയുടെ പരമാദ്ധ്യാപകൻ എന്ന നിലയിൽ നാം വിശ്വസിക്കയോ നാം വ്യാപരിക്കയോ ചെയ്വാൻ ബാദ്ധ്യസ്ഥമായ ഒരു സംഗതി മാർപ്പാപ്പാ നിർണ്ണയംചെയ്തു പ്രഖ്യാപിക്കുന്നതിൽ അദ്ദേഹത്തിനു പ്രമാദമുണ്ടാകയില്ല. എന്തെന്നാൽ പരിശുദ്ധാത്മാവു് ഇക്കാര്യത്തിൽ അദ്ദേഹത്തെ പ്രമാദ്യനാകാതെ സംരക്ഷിക്കുന്നു''.

*പരിചിന്തനം:* 1. വിശ്വാസപ്രചരണാർത്ഥം തിരുസ്സഭ ഏതു മാർഗ്ഗങ്ങളാണു് അവലംബിക്കുന്നതു്? 2. പള്ളി, സ്കൂൾ, കുടുംബം, ഇടവക സംഘടനകൾ എന്നിവയിൽ വിശ്വാസപ്രചരണം നടത്തുന്നതെങ്ങനെ? 3. കത്തോലി

ക്കാവിശ്വാസം മററുള്ളവരും ഗ്രഹിക്കത്തക്കവിധം അവരെ എനിക്കെങ്ങനെ സഹായിക്കാൻ കഴിയും?

## 7. വിശുദ്ധഗ്രന്ഥവും വാമൊഴിമൂലമുള്ള പാരമ്പര്യവും തിരുസ്സഭയുടെ അദ്ധ്യാപനോല്പത്തിയാകുന്നു

വി. പൗലോസ് വിശ്വാസികളെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "സഹോദരങ്ങളെ, നിങ്ങൾ ഉറച്ചുനിന്നുകൊൾവിൻ; വാമൊഴിയായിട്ടോ വരമൊഴിയായിട്ടോ ഞങ്ങളിൽനിന്നു നിങ്ങൾ പാരമ്പര്യേണ ഗ്രഹിച്ചിട്ടുള്ളവ മുറുകെ പിടിച്ചുകൊൾവിൻ (II Thess. 2: 15).

✠

തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നതു് അഖിലസത്യത്തിൻെറയും ഉൽപ്പത്തിയായ ദൈവത്തിൽ നിന്നറിയുന്നതാകുന്നു. ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും, തിരുസ്സഭയുടെ ആദിമദശമുതൽ അവർ പഠിപ്പിച്ചിട്ടുള്ളതും വിശ്വാസികൾ വിശ്വസിച്ചുപോന്നിരുന്നതുമായ സത്യങ്ങളത്രേ ഇപ്പോഴും അവർ നമ്മെ പഠിപ്പിക്കുന്നതു്. വി. പൗലോസ് പറയുന്നതു കേട്ടാലും: "എനിക്കേല്പിച്ചുതന്നിട്ടുള്ള സന്ദേശംതന്നെ നിങ്ങൾക്കു ഞാൻ ഏല്പിച്ചുതന്നിരിക്കുന്നു" (1Cor. 15:3). കാലം പിന്നെയും കഴിഞ്ഞു. പരിശുദ്ധാത്മാവിൻെറ പ്രത്യേക നിയന്ത്രണത്തിൻ കീഴിൽ തിരുസ്സഭ ഈ വിശ്വാസസത്യങ്ങളിൽ ചിലതു് കൂടുതൽ സൂക്ഷ്മവും സുനിശ്ചിതവുമാംവിധം വിശദീകരിച്ചു. ചില സത്യങ്ങളെ ചിലർ എതിർക്കാനും നിഷേധിക്കാനും തുടങ്ങിയപ്പോഴാണ് ഈദൃശ വിശദീകരണത്തിനു് അഥവാ നിർണ്ണയത്തിനു് തിരുസ്സഭ ഒരുമ്പെട്ടതു്. മിശിഹായാകട്ടെ അവളോടു വാഗ്ദാനം ചെയ്തിരിക്കുന്നതിപ്രകാരമാണ്: "സത്യാത്മാവു വന്നുകഴിയുമ്പോൾ അവിടുന്നു് സകല സത്യങ്ങളിലേയ്ക്കും നിങ്ങളെ ആനയിക്കും" (Jn. 16: 13).

ദൈവം വെളിപ്പെടുത്തിയ അനേകം സംഗതികൾ വിശുദ്ധഗ്രന്ഥത്തിൽ, അഥവാ വിശുദ്ധഗ്രന്ഥമായി, എഴുതപ്പെടുവാൻ അവിടുന്നു് ഇടയാക്കി, ഈ ലിഖിതങ്ങളെഴുതുവാൻ ലേഖകന്മാരെ അവിടുന്നു് പരിശുദ്ധാത്മാവുവഴിയായി പ്രേരിപ്പിച്ചു. അവർ അതു് എഴുതിക്കൊണ്ടിരിക്കയിൽ അവിടന്നു് അവരെ സഹായിക്കുകയും ചെയ്തിരുന്നു. അവരെ ഉപകരണമാക്കിക്കൊണ്ടു് ദൈവം നമ്മെ അറിയിക്കുവാൻ ഇച്ഛിച്ചതെല്ലാം സൂക്ഷ്മമായി അവർ രേഖപ്പെടുത്തുവാനാണീസഹായം അവിടുന്നവർക്കു് നല്കിയതു്. ഈ ലിഖിതങ്ങളെ "ബൈബിൾ" (പുസ്തകം എന്നർത്ഥം) അഥവാ "വിശുദ്ധഗ്രന്ഥം" എന്നു വിളിക്കുന്നു. വിശുദ്ധഗ്രന്ഥം ദൈവനിവേശനത്താൽ എഴുതപ്പെട്ടതാകയാൽ ദൈവം തന്നെയാണിതിൻെറ കർത്താവ്. ഇതു് ദൈവത്തിൻെറ വചനമത്രേ.

മിശിഹായുടെ തിരുവവതാരത്തിനുമുമ്പ് എഴുതപ്പെട്ട വിശുദ്ധഗ്രന്ഥ

വിഭാഗത്തെ പഴയനിയമമെന്നും, അവിടുത്തെ തിരുവവതാരത്തിനു ശേഷം എഴുതപ്പെട്ടതിനെ പുതിയ നിയമമെന്നും വിളിക്കുന്നു.

വിശുദ്ധഗ്രന്ഥത്തെ തിരുസ്സഭ ഒരമൂല്യനിധിയായി പരിഗണിക്കുന്നു. പരിശുദ്ധാത്മാവിൻെറ നിയന്ത്രണത്തിൻകീഴിൽ അവർ വിശുദ്ധഗ്രന്ഥത്തെ നമുക്കു പ്രദാനം ചെയ്കയും നമുക്കതു വിശദീകരിച്ചുതരുകയും ചെയ്യുന്നു. നാം എത്ര താല്പര്യത്തോടെ ദൈവവചനം കേൾക്കണമെന്നാണ് തിരുസ്സഭയുടെ ആഗ്രഹം. നാം തന്നെ വിശുദ്ധഗ്രന്ഥം വായിക്കുന്നതിലും തല്പരരാകണം. ആകയാൽ ഓരോ കത്തോലിക്കാ ഭവനത്തിലും വിശുദ്ധഗ്രന്ഥത്തിൻെറ ഒരു പ്രതിയുണ്ടായിരിക്കണം. എന്നാൽ വിശുദ്ധഗ്രന്ഥത്തിൻെറ വിവർത്തനങ്ങൾ നാം വായിക്കുമ്പോൾ അതു തിരുസ്സഭയാൽ അംഗീകൃതമായ വിവർത്തനമാണോ എന്നു പരിശോധിക്കേണ്ടതുണ്ട്.

ദൈവം വെളിപ്പെടുത്തിയ എല്ലാ സത്യങ്ങളും വിശുദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അവയിൽ പലതും ശ്ലീഹന്മാർ പ്രസംഗിച്ചതാണ്. അവ വിലയേറിയ 'പാരമ്പര്യ'മായി തിരുസ്സഭ അനന്തര തലമുറകൾക്ക് ഏല്പിച്ചുകൊടുത്തു. ഇങ്ങനെ വാമൊഴിയായി ഏല്പിച്ചുകൊടുത്ത സത്യങ്ങളെ 'വാമൊഴിയായ പാരമ്പര്യം' (Oral Tradition) എന്നു പറയുന്നു. ശ്ലീഹന്മാരുടെ കാലംകഴിഞ്ഞ് താമസമെന്യേ, 'തിരുസ്സഭാ പിതാക്കന്മാർ' എന്നു നാം വിളിക്കുന്ന പണ്ഡിതന്മാരും വിശുദ്ധന്മാരുമായ ആളുകൾ ഈ സത്യങ്ങളിൽ മിക്കവയും രേഖപ്പെടുത്തി.

നമ്മുടെ വിശ്വാസത്തിൻെറ രണ്ട് മഹാ ഉൽപ്പത്തികൾ വിശുദ്ധഗ്രന്ഥവും പാരമ്പര്യവുമാകുന്നു. പരിശുദ്ധാത്മാവിൻെറ സഹായത്താൽ തിരുസ്സഭ ഇവ രണ്ടും തെററകൂടാതെ സംരക്ഷിക്കുന്നു; ഇവയിൽ അടങ്ങിയിരിക്കുന്ന സത്യങ്ങൾ അവർ നമ്മെ പഠിപ്പിക്കുന്നു.

*പരിചിന്തനം:* 1. തിരുസ്സഭയുടെ അദ്ധ്യാപനോൽപ്പത്തി എന്ത്? 2. വിശുദ്ധഗ്രന്ഥത്തെ ദൈവവചനമെന്നു വിളിക്കുന്നതെന്തുകൊണ്ട്? 3. വിശുദ്ധഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതുമാത്രം വിശ്വസിച്ചാൽ മതിയാകാത്തതെന്തുകൊണ്ട്? 4. ശ്ലീഹന്മാർ പ്രസംഗിച്ചതും എന്നാൽ രേഖപ്പെടുത്താതിരുന്നതുമായ സത്യങ്ങൾക്ക് നാം എന്തു പേർ പറയുന്നു?

**17. തിരുസ്സഭയുടെ അദ്ധ്യാപനത്തിൻെറ ഉൽപ്പത്തികളേവ?**

തിരുസ്സഭയുടെ അദ്ധ്യാപനത്തിൻെറ ഉല്പത്തികൾ വിശുദ്ധഗ്രന്ഥവും പാരമ്പര്യവുമാകുന്നു.

**18. പഴയനിയമഗ്രന്ഥം ഏതെല്ലാംതരത്തിൽപ്പെട്ട പുസ്തകങ്ങളെ ഉള്ളടക്കുന്നു?**

പഴയനിയമഗ്രന്ഥം ചരിത്രപരവും ധർമ്മപ്രബോധകവും പ്രവചനപരവുമായ വിഭാഗങ്ങളെ ഉള്ളടക്കുന്നു.

19. പുതിയനിയമഗ്രന്ഥത്തിൽ ഏതെല്ലാം ഉൾപ്പെടുന്നു?

പുതിയനിയമഗ്രന്ഥത്തിൽ നാലു സുവിശേഷങ്ങളും ശ്ലീഹന്മാരുടെ നടപടിയും, ശ്ലീഹന്മാരുടെ ലേഖനങ്ങളും, വി. യോഹന്നാൻെറ വെളിപാടും ഉൾപ്പെടുന്നു.

20. നാലു സുവിശേഷകന്മാർ ആരാകുന്നു?

മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരത്രേ നാലു സുവിശേഷകന്മാർ.

*പ്രായോഗികവശം:* വിശുദ്ധഗ്രന്ഥം ഞാൻ മഹാപൂജ്യതയോടെ ഉപയോഗിക്കും. ഞാൻ അതു വായിക്കുന്നതിനുമുമ്പ് അവിടത്തെ വചനം ശരിയായി ഗ്രഹിക്കുന്നതിനും അതു് വിശ്വസ്തതയോടെ അനുസരിക്കുന്നതിനുമുള്ള അനുഗ്രഹം ദൈവത്തോടപേക്ഷിക്കും. എൻെറ ജീവിതം മുഴുവനും ഒരു മഹാനിധിയായിത്തീരുവാറു് ഒരു സമ്പൂർണ്ണ വിശുദ്ധഗ്രന്ഥമോ ഒരു പുതിയ നിയമമോ ഞാൻ വാങ്ങി സൂക്ഷിക്കും. എനിക്കു് വാങ്ങിക്കുവാൻ കഴിവില്ലെങ്കിൽ ആരിൽനിന്നെങ്കിലും സൗജന്യമായി കിട്ടുവാൻ ശ്രമിക്കും.

*വിശുദ്ധന്മാരുടെ ഉൽബോധനം:* "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു സംഭാഷിക്കുന്നു. നിങ്ങൾ വിശുദ്ധഗ്രന്ഥം വായിക്കുമ്പോഴാകട്ടെ ദൈവം നിങ്ങളോടു സംഭാഷിക്കുന്നു" (വി. ആഗസ്തിനോസ്)—"വിശുദ്ധഗ്രന്ഥത്തെ അറിയാത്തവർ മിശിഹായെ അറിയുന്നില്ല" (വി. ജറോം).

*ഇമ്പ്രിമാത്തുർ:* വിശുദ്ധഗ്രന്ഥത്തിൻെറയോ മറേറതെങ്കിലും മതാത്മകമായ പ്രസിദ്ധീകരണത്തിൻെറയോ ആദ്യഭാഗത്തു് ഇമ്പ്രിമാത്തുർ (Imprimatur = മുദ്രണം ചെയ്തുകൊള്ളട്ടെ) എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിൻെറ അർത്ഥം തിരുസ്സഭയുടെ അംഗീകാരം അതിനുണ്ടെന്നത്രെ.

*നിങ്ങൾ എന്തുത്തരം പറയും:* "വിശുദ്ധ ഗ്രന്ഥം മാത്രം മതി" എന്നു ചിലർ പറയുന്നു. നാം പറയുന്ന ഉത്തരം: "ദൈവം വെളിപ്പെടുത്തിയതെല്ലാം വിശുദ്ധ ഗ്രന്ഥത്തിലില്ല. കാരണം, വി. യോഹന്നാൻ പറയുന്നു: "ഈശോ ചെയ്ത മററനേകം കാര്യങ്ങൾ കൂടിയുണ്ടു്. അവ ഓരോന്നും എഴുതപ്പെട്ടിരുന്നെങ്കിൽ, എഴുതപ്പെടുന്ന പുസ്തകങ്ങൾക്കു് ലോകം തന്നെയും മതിയാകയില്ലായിരുന്നു എന്നു ഞാൻ കരുതുന്നു" (Jn. 21: 25). വി. പൗലോസ് എഴുതിയിരിക്കുന്നതു് ശ്രദ്ധേയമത്രെ: 'എൻെറ സഹോദരന്മാരെ, നിങ്ങൾ ഉറച്ചുനില്ക്കയും, ഞങ്ങളുടെ വാക്കുമൂലമോ ലേഖനം മൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള കല്പനകളെ മുറുകെപ്പിടിക്കുകയും ചെയ്‌വിൻ (II Thess. 2: 15)–മാത്രമല്ല വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഏവയെന്നും അതിൽത്തന്നെ പറയുന്നില്ല; പാരമ്പര്യത്തിൽ നിന്നാണു് അതു നാം അറിയുന്നതു്."

*പഴയ നിയമത്തിൽപ്പെട്ട പുസ്തകങ്ങൾ:* ചരിത്രപരം — മൂശെയുടെ പഞ്ചഗ്രന്ഥി, ഈശോ ബർണോൻ (ജോഷ്വ), ന്യായാധിപന്മാർ, രാജാക്കന്മാർ, മക്‌വായേ (മക്കബെയീസ്). ധർമ്മപ്രബോധകം—ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതം എന്നിവയാണു് കൂടുതൽ പ്രാധാന്യമർഹിക്കുന്നവ. പ്രവചനപരം—ഈ ഇനത്തിൽ സുപ്രധാനമായവ ഏശായാ, ഏറമ്യാ, ഹസ്സിയേൽ, ദാനിയേൽ എന്നിവയാകുന്നു.

*പുതിയ നിയമത്തിൽ ഉൾപ്പെട്ട പുസ്തകങ്ങൾ:* 1. നാലു സുവിശേഷങ്ങൾ, 2. വി. ലൂക്കാ എഴുതിയ ശ്ലീഹന്മാരുടെ നടപടി, 3. വി. പൗലോസിൻെറ 14 ലേഖനങ്ങളും, വി. യാക്കോബിൻെറയും വി. പത്രോസിൻെറയും വി. യോഹന്നാൻെറയും വി. യൂദായുടേയും 7 ലേഖനങ്ങളും, 4. വി. യോഹന്നാൻെറ വെളിപാട്.

ഈ വേദോപദേശത്തിനു അനുബന്ധമായി വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെട്ട പുസ്തകങ്ങളുടെയെല്ലാം ഒരു പട്ടിക ഒടുവിൽ ചേർത്തിട്ടുണ്ട്.

## 8. എല്ലായിടത്തും പ്രസംഗിക്കുവാൻ തിരുസ്സഭ നിയുക്തയായിരിക്കുന്നു

ഈശോ തൻെറ സ്വർഗ്ഗാരോഹണത്തിനുമുമ്പ് സ്വശിഷ്യന്മാരോട് പറഞ്ഞതായതു്: "നിങ്ങൾ ലോകമെങ്ങും പോയി അഖില സൃഷ്ടിക്കും എൻെറ സുവിശേഷം അറിയിക്കുവിൻ. വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും; വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും" (Mk. 15: 15–16).

✠

പ്രേഷിതപ്രവർത്തനങ്ങൾ തിരുസ്സഭയുടെ പ്രധാന ചുമതലകളിൽപ്പെട്ടതാകുന്നു. മിശിഹായുടെ സുവിശേഷം അറിയിക്കപ്പെടുന്നതു കേൾക്കുവാൻ എത്ര ലക്ഷങ്ങളാണ് ഇന്നും ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ പാർത്തിരിക്കുന്നതു്. എന്നാൽ വിശ്വസിക്കാനുള്ള വൈമനസ്യം വിദൂരരാജ്യങ്ങളിലെ ആളുകളിലേയ്ക്കുംകൂടെ ഇപ്പോൾ വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്; മനുഷ്യർക്ക് ഇപ്പോഴുള്ള അല്പമായ ദൈവബോധംപോലും അപഹരിച്ചു കളയുന്ന ഒരരൂപിയാണ് വികസിച്ചു വരുന്നതു്. നാം മിശിഹായെ സ്നേഹിക്കുന്നെങ്കിൽ, അനാഗതർ സത്യം ഗ്രഹിക്കുന്നതിനും മിശിഹായെ വിശ്വസിക്കുന്നതിനും ആവശ്യമായ സഹായം നാം പരമാവധി നൽകണം.

മിഷ്യൻ രാജ്യങ്ങളിൽ, അതായതു്, പ്രേഷിതപ്രവർത്തനങ്ങൾ കൂടുതൽ ആവശ്യമായിരിക്കുന്ന രാജ്യങ്ങളിൽ, വൈദികരും, സന്യാസ സഹോദരന്മാരും, സന്യാസിനികളും, ഉപദേശികളും അദ്ധ്യാപകരും, ഡോക്ടറന്മാരും മററും തീക്ഷ്ണമായി ജോലി ചെയ്യുന്നുണ്ട്. ഈ മിഷനറിമാരിൽ അഥവാ പ്രേഷിതരിൽ അനേകംപേർ ക്രിസ്തീയ രാജ്യങ്ങളിൽ നിന്നു വന്നു ജോലി ചെയ്യുന്നവരത്രേ; എന്നാൽ അതേ മിഷൻ പ്രദേശങ്ങളിൽത്തന്നെ ജനിച്ചുവളന്ന പ്രേഷിതരും ഇല്ലാതില്ല. ഇവരെല്ലാം പ്രസംഗങ്ങളും, ഉപദേശങ്ങളും, പ്രാർത്ഥനയും ആരാധനാകർമ്മങ്ങളും, വിദ്യാഭ്യാസവും, രോഗശുശ്രൂഷയും വഴിയായി ആത്മാക്കളെ മിശിഹായ്ക്കു നേടിക്കൊടുക്കുവാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുന്നു.

പ്രേഷിതധർമ്മത്തെ സംബന്ധിച്ച നമ്മുടെ കർത്താവിൻെറ കല്പന നിർവ്വഹിക്കുന്നവരെ നമ്മളേവരും സഹായിക്കണം. മിഷനറിമാരും പുതുതായി മാനസാന്തരപ്പെടുന്നവരും നമ്മുടെ സഹായം പ്രതീക്ഷിക്കുന്നു. നമ്മുടെ പ്രാർത്ഥനകളും പരിത്യാഗങ്ങളുംമൂലം നൽകുന്ന സഹായമത്രേ ഏററം പ്രാധാന്യമർഹിക്കുന്നത്; പ്രസാദവരത്തിൻെറ പ്രവർത്തനം കൂടാതെ യാതൊരുവനും മിശിഹായുടെ പക്കലെത്തുകയില്ല. പണമോ മററു വസ്തുക്കളോ കൊടുത്തും മിഷൻ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്തും മററുള്ളവരിൽനിന്ന് ധനശേഖരം നടത്തിയും മിഷ്യൻ പ്രവർത്തനങ്ങളെ നമുക്ക് സഹായിക്കാവുന്നതാണ്, സഹായിക്കേണ്ടതുമാണ്. നാംതന്നെ കൊടുക്കുന്നതോ മററുള്ളവരിൽനിന്ന് ശേഖരിച്ചുകൊടുക്കുന്നതോ ആയ പണം, പള്ളികളും സ്കൂളുകളും ആശുപത്രികളും പണിയിക്കുന്നതിനും, മിഷനറിമാരുടെ ജീവസന്ധാരണത്തിനാവശ്യമായവ വാങ്ങിക്കുന്നതിനും, പുതിയ മിഷൻ സ്റ്റേഷൻസ് സ്ഥാപിക്കുന്നതിനും ഉപകരിക്കും.

മിഷൻ പ്രദേശങ്ങളിൽ ജോലിചെയ്‌വാൻ മനസ്സാകുന്ന ഏതൊരുവനും മിശിഹായുടെ രാജ്യം പരത്തുന്നതിൽ പങ്കെടുക്കുവാൻ അതീവ തല്പരനായിരിക്കണം. നല്ല ആരോഗ്യവും ബുദ്ധിവിശേഷവും ഉണ്ടായിരിക്കണം. മിഷനറി ആകുവാൻ ദൈവവിളി ലഭിക്കയെന്നത് ഒരു മഹാഭാഗ്യമാകുന്നു. മിഷൻ രംഗങ്ങളിൽ ജോലി ചെയ്യുവാൻ ദൈവം തന്നെ വിളിക്കുന്നുവെന്ന് ബോദ്ധ്യമുള്ളവൻ ഈ വിളി സന്തോഷപൂർവ്വം സ്വീകരിക്കേണ്ടതാകുന്നു.

*പരീക്ഷണവശം:* 1. പ്രേഷിതപ്രവർത്തനം തിരുസ്സഭയുടെ ഏററം പ്രധാന ചുമതലകളിൽപ്പെട്ടതായിരിക്കുന്നതെന്തുകൊണ്ട്? 2. മിഷൻ രംഗങ്ങളിൽ ജോലിചെയ്യുന്നവർ ആരെല്ലാം? 3. ആത്മാക്കളെ മിശിഹായുടെ പക്കലേക്കാനയിക്കാൻ മിഷനറിമാർ സ്വീകരിക്കുന്ന മാർഗ്ഗങ്ങളേവ? 4, മിഷനുവേണ്ടി ശേഖരിക്കുന്ന പണം എന്തിനായി വിനിയോഗിക്കുന്നു? 5. മിഷൻ രംഗങ്ങളിൽപോയി ജോലിചെയ്യാൻ താല്പര്യമുള്ളവനു് ഉണ്ടായിരിക്കേണ്ട ഗുണങ്ങളേവ?

**21. വിശ്വാസപ്രചരണത്തിൽ ഉദ്യുക്തരായിരിക്കുന്നവരെ എല്ലാ ക്രിസ്ത്യാനികൾക്കും സഹായിക്കാവുന്നതെങ്ങനെ?**

വിശ്വാസപ്രചരണത്തിൽ ഉദ്യുക്തരായിരിക്കുന്നവരെ പ്രാർത്ഥനകൊണ്ടും ദാനങ്ങൾകൊണ്ടും മിഷൻ വാർത്തകൾ വിതരണം ചെയ്തുകൊണ്ടും എല്ലാ ക്രിസ്ത്യാനികൾക്കും സഹായിക്കാവുന്നതാണ്.

*പ്രായോഗികവശം:* മിഷനറിമാരെ (പ്രേഷിതരെ) സഹായിക്കുന്നതിൽ ഉപേക്ഷകാണിക്കുന്നത് എത്രയോ ലജ്ജാവഹമാകുന്നു! ഞാൻ അവർക്കുവേണ്ടി പ്രതിദിനം പ്രാർത്ഥിക്കയും, സംഭാവനകൾ കൊടുത്ത് സഹായിക്കയും ചെയ്യും

*തിരുസ്സഭയുടെ ജീവിതത്തിൽനിന്നു്:* ഒക്ടോബർമാസത്തിലെ അവസാനത്തെ ഞായറാഴ്ചയ്ക്കു മുമ്പുള്ള ഞായറാഴ്ച സാർവ്വദേശീയ മിഷ്യൻ ഞായറാഴ്ചയാണു്, കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ അഥവാ അതുകഴിഞ്ഞുവരുന്ന ഞായറാഴ്ച കുട്ടികളുടെ ലോകമിഷ്യൻ ഞായറാഴ്ചയത്രെ.

വി. ഫ്രാൻസീസ് സേവ്യറും, വി. കൊച്ചുത്രേസ്യായും പ്രേഷിതരുടെ വിശേഷമദ്ധ്യസ്ഥരാകുന്നു.

*മിഷ്യൻ സംബന്ധിച്ച സ്ഥിതിവിവരം:* ലോക ജനസംഖ്യയിൽ മൂന്നിൽ രണ്ടുഭാഗത്തോളം അക്രൈസ്തവരാകുന്നു. പ്രതിവർഷം ലോകമെങ്ങും ജാതരാകുന്ന കുട്ടികളിൽ അഞ്ചുകോടി എഴുപതുലക്ഷം കുട്ടികളും ജ്ഞാനസ്നാനം സ്വീകരിക്കാത്തവരത്രേ. 1950-ൽ എടുത്ത കണക്കനുസരിച്ചു് 26,000 വൈദികരും, 9,000 സന്യാസസഹോദരന്മാരും 61,000 സന്യാസിനികളും മിഷ്യൻ ജോലിചെയ്യുന്നുണ്ടു്. ഇവരിൽ മിഷ്യൻ പ്രദേശങ്ങളിൽനിന്നുതന്നെയുള്ളവർ പാതിയോളം വരും. ജ്ഞാനസ്നാനാർത്ഥികളായി ഒരുക്കി നിർത്തപ്പെട്ടിരിക്കുന്നവരുടെ സംഖ്യ ഇരുപത്തഞ്ചുലക്ഷമായിരുന്നു.

പൊന്തിഫിക്കൽ മിഷ്യൻ സഹായസംഘടനകൾ.

മിഷ്യൻ പ്രവർത്തനങ്ങളുടെ സഹായാർത്ഥം അനേകം സംഘടനകൾ അഥവാ സഖ്യങ്ങൾ സ്ഥാപിതമായിട്ടുണ്ടു്. അവയിൽ മാർപ്പാപ്പാ അദ്ധ്യക്ഷനായിരിക്കുന്ന സംഘടനകളാണു് കൂടുതൽ പ്രാധാന്യമർഹിക്കുന്നവ. അതിനാൽ അവയെ പൊന്തിഫിക്കൽ സംഘടനകൾ എന്നു വിളിക്കുന്നു. അവ: വേദപ്രചാരസഖ്യം, മിഷ്യൻ പ്രദേശങ്ങളിൽ വൈദികരുടെ പരിശീലനാർത്ഥമുള്ള വി. പത്രോസിന്റെ സഖ്യം, തിരുബാലസഖ്യം, കത്തോലിക്കരായ എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിലെ അംഗങ്ങളായിത്തീരണമെന്നാണു് പരി. പിതാവു് ആഗ്രഹിക്കുന്നതു്. ഈ അംഗങ്ങൾ ഏവരും പ്രതിദിനം 'ഒരു നന്മനിറഞ്ഞ മറിയ'വും അതോടുകൂടെ ''പരിശുദ്ധ മറിയമേ, ദൈവമാതാവേ, ഞങ്ങൾക്കുവേണ്ടിയും അവിശ്വാസികളായ പാവപ്പെട്ട എല്ലാ കുട്ടികൾക്കുവേണ്ടിയും അപേക്ഷിക്കണമേ'' എന്നു ചൊല്ലുന്നു. മാത്രമല്ല, പ്രതിമാസം അവർ മിഷ്യനുവേണ്ടി ഒരു സംഭാവനയും നൽകുന്നുണ്ടു്. ഈ സഖ്യത്തിന്റെ മുദ്രാവാക്യം ''ലോകത്തിലെ കുട്ടികളെല്ലാം ദൈവത്തിന്റെ മക്കളായിത്തീരണം''.

*പരീക്ഷണവശം:* 1. അവിശ്വാസികളുടെ ഇടയിൽ വലിയ മിഷ്യനറിമാരായി ജോലിചെയ്ത ചിലരുടെ പേർ പറയുക? 8. ഏതെല്ലാം രാജ്യങ്ങളിലാണു് അവർ സുവിശേഷം പ്രസംഗിച്ചതു്? 3. നമ്മുടെ രാജ്യത്തു സുവിശേഷപ്രസംഗം ചെയ്ത പ്രേഷിതപ്രമുഖന്മാർ ആരെല്ലാം? 4, നിനക്കറിയാവുന്ന മിഷ്യൻ പ്രസിദ്ധീകരണങ്ങളുടെ പേർ പറയുക. 5. നിനക്കറിയാവുന്ന മിഷ്യൻ സന്യാസസമൂഹങ്ങൾ ഏതെല്ലാം? മിഷ്യനുവേണ്ടി നമ്മുടെ വേദോപദേശക്ലാസ്സിലെ കുട്ടികൾക്കു് എന്തു ചെയ്‌വാൻ സാധിക്കും?

## 9. തിരുസ്സഭ ആരാധനാകർമ്മം നിർവ്വഹിക്കുന്നു

ആദിമക്രിസ്ത്യാനികളുടെ ജീവിതത്തെക്കുറിച്ചു് ശ്ലീഹന്മാരുടെ നടപടിയിൽ നാം ഇപ്രകാരം വായിക്കുന്നു: "അവർ എല്ലാ ദിവസവും ഏകമനസ്സോടെ ദൈവാലയത്തിൽ ദീർഘനേരം ചെലവിടുകയും, വീട്ടിൽ

ബലിയപ്പം മുറിക്കയും, സന്തോഷത്തോടും ഹൃദയനിഷ്കപടതയോടും കൂടി ഭക്ഷണം കഴിക്കയും, ദൈവത്തെ സ്തുതിക്കയും, സകല ജനത്തിന്റെയും പ്രസാദം സമ്പാദിക്കയും ചെയ്തിരുന്നു." (Acts. 2: 46–47)

✠

തിരുസ്സഭയ്ക്കു നിർവ്വഹിക്കാവുന്ന ധർമ്മങ്ങളിൽവച്ച് ഏററം പരിശുദ്ധമായതു് സാമൂഹ്യമായ ആരാധനാകർമ്മമാകുന്നു. സാമൂഹ്യമായ അഥവാ പരസ്യമായ ഈ ആരാധനാകർമ്മത്തിൽ തിരുസ്സഭ ദൈവത്തെ സ്തുതിക്കയും, മഹത്വപ്പെടുത്തുകയും, അവിടത്തോടു നന്ദിപറയുകയും, പാപങ്ങൾക്കു പരിഹാരം ചെയ്കയും, ദാനങ്ങൾ അഭ്യർത്ഥിക്കയും ചെയ്യുന്നു. തിരുസ്സഭ നിർവ്വഹിക്കുന്ന ആരാധനാകർമ്മത്തിന്റെ കേന്ദ്രസ്ഥാനം വഹിക്കുന്നതു പരിശുദ്ധകുർബ്ബാനയാകുന്നു.

തിരുസ്സഭയുടെ ആരാധനാകർമ്മത്തിൽ സംബന്ധിക്കുവാൻ നാം ഒന്നിച്ചുകൂടുമ്പോൾ മിശിഹാ നമ്മുടെ മദ്ധ്യേ സന്നിഹിതനാകുന്നു. അവിടുന്നു നമ്മുടെ പ്രധാനാചാര്യനത്രെ: ബലിപീഠത്തിങ്കൽ (അൾത്താരയിൽ) നിൽക്കുന്ന വൈദികൻ അവിടത്തെ പ്രതിനിധിമാത്രമാകുന്നു. ഈശോ നമ്മുടെ പ്രധാനാചാര്യനാകയാൽ നാം "നമ്മുടെ കർത്താവീശോമിശിഹാ വഴിയായി" പ്രാർത്ഥിക്കയും കാഴ്ച്ചസമർപ്പിക്കയും ചെയ്യുന്നു.

തിരുസ്സഭയുടെ ആരാധനാകർമ്മത്തിൽ നാം പങ്കെടുക്കുമ്പോൾ സ്വർഗ്ഗീയ കൃപാവരത്താൽ നാം നിറയുന്നു. തിരുസ്സഭയുടെ അംഗങ്ങളല്ലാത്തവർക്കുവേണ്ടിക്കൂടെയും, പ്രകാശവും പ്രസാദവരവും ലഭിക്കുവാൻ ഈ ആരാധനാകർമ്മത്തിൽ നാം പ്രാർത്ഥിക്കുന്നു.

വൈദികനോടുകൂടെ പ്രാർത്ഥിക്കയും (കാഴ്ച) സമർപ്പിക്കയും ചെയ്തുകൊണ്ടു് വിശ്വാസികൾ തിരുസ്സഭയുടെ ഈ ആരാധനാകർമ്മത്തിൽ സംബന്ധിക്കേണ്ടതാകുന്നു. ജ്ഞാനസ്നാനത്താൽ അവർ ഇതിനു പ്രാപ്തരാകുന്നു, ഇതിനു നിയുക്തരായിരിക്കുന്നു. ഒരുവൻ എത്ര പരിപൂർണ്ണമാംവിധം ഈ ആരാധനാകർമ്മത്തിൽ പങ്കെടുക്കുന്നുവോ അത്ര കൂടുതലായി ദൈവം മഹത്വീകൃതനാകുന്നു, അവിടത്തെ പക്കൽനിന്നു് അത്ര കൂടുതൽ വരങ്ങൾ പ്രാപിക്കയും ചെയ്യുന്നു.

*പരിചിന്തനം:* 1. തിരുസ്സഭ ആരാധനാകർമ്മം വഴിയായി നിർവ്വഹിക്കുന്നതെന്തു്? 2. തിരുസ്സഭയുടെ ആരാധനാകർമ്മങ്ങളിൽ വിശ്വാസികൾ പങ്കെടുക്കേണ്ടതെങ്ങനെ? 3. തിരുസ്സഭ ദൈവത്തോടു പ്രാർത്ഥിക്കുന്നതു് ആർ വഴിയായിട്ടാകുന്നു? 4. തിരുസ്സഭയുടെ ആരാധനാകർമ്മത്തിൽ പങ്കെടുക്കുന്നതുമൂലം നമുക്കു ലഭിക്കുന്നതെന്തു്?

**22. തിരുസ്സഭയുടെ ഏററം പരിശുദ്ധമായ ധർമ്മമെന്താകുന്നു?**

ആരാധനാകർമ്മമാകുന്ന തിരുസ്സഭയുടെ ഏററം പരിശുദ്ധമായ ധർമ്മം

*പ്രായോഗികവശം:* ഇടവകപ്പള്ളിയിൽ നടത്തുന്ന ആരാധനാകർമ്മങ്ങളിൽ ഞാൻ അതീവതാല്പര്യത്തോടെ പങ്കെടുക്കും. എല്ലാ കർമ്മങ്ങളിലും സഹായകമായ എന്റെ പ്രാർത്ഥനാപ്പുസ്തകവും ഞാൻ കൊണ്ടുപോകും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* ''നിങ്ങൾ, അന്ധകാരത്തിൽനിന്നു തന്റെ അധികമായ പ്രകാശത്തിലേയ്ക്കു് നിങ്ങളെ വിളിച്ചവന്റെ മഹത്വങ്ങളെ അറിയിക്കുവാനായിട്ടു് രാജകീയാചാര്യത്വം നിവ്വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വംശവും, വിശുദ്ധജനവും, രക്ഷിക്കപ്പെട്ട ഗണവുമാകുന്നു.'' (I Pet. 2: 9)

*മാർപ്പാപ്പായുടെ ഉദ്ബോധനം:* ''വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുമ്പോൾ അവർ വേർതിരിക്കപ്പെട്ട വെറും മൂകസാക്ഷികളുടെ നില അവലംബിക്കാതെ, ആരാധനാക്രമത്തിന്റെ മനോഹരതയെ സംബന്ധിച്ച സൂക്ഷ്മബോധത്തോടെ പുരോഹിതന്റെയോ ഗായകസംഘത്തിന്റെയോ പ്രാർത്ഥനാവാക്യങ്ങൾക്കു് ഉത്തരം നൽകുകയെന്നതു വളരെ പ്രാധാന്യമഹിക്കുന്ന കാര്യമാകുന്നു'' (11-ാം പീയൂസ്).

*പ്രദക്ഷിണങ്ങളും തീത്ഥയാത്രകളും:* പരി. കുർബ്ബാനയുടെ തിരുനാൾ, ചതുഷ്ക്കാലങ്ങൾ മുതലായ അവസരങ്ങളിൽ, ചില രാജ്യങ്ങളിൽ തെരുവീഥികളിൽക്കൂടെയും വയലുകളിൽക്കൂടെയും കത്തോലിക്കർ പ്രദക്ഷിണം നടത്താറുണ്ടു്. ദൈവത്തിനു പരസ്യമായ സാമൂഹ്യസ്തുതി നൽകുന്നതിനും, ദൈവത്തിന്റെ അനുഗ്രഹങ്ങൾ യാചിക്കുതിനുമായിട്ടത്രേ ഈദൃശപ്രവത്തനങ്ങൾ നടത്തുന്നതു്. അതിപുരാതനകാലംമുതൽ റോമ്മായിലും ഓറശ്ലെത്തും ദൈവം അത്ഭുതങ്ങൾ കാണിച്ചിട്ടുള്ള മററു സ്ഥലങ്ങളിലും വിശ്വാസികൾ യാത്രകഴിക്കയും സന്ദശനം നടത്തുകയും ചെയ്തിരുന്നു. ഈദൃശ തിരുസ്ഥലങ്ങൾ സന്ദശിക്കുന്നതിനുള്ള യാത്രകളെ തീർത്ഥയാത്രകളെന്നു പറയുന്നു.

*പരീക്ഷണവശം:* 1. ദൈവാലയത്തിരുക്കർമ്മങ്ങൾ പലതുള്ളതിൽ നിനക്കറിയാവുന്ന ചിലതിന്റെ പേർ പറയുക? 2. പുരോഹിതൻ, പൂജാസഹായികൾ, പ്രാർത്ഥനനേതാവു്, ഗായകസംഘം, ഓർഗൻവായനക്കാരൻ, വിശ്വാസികൾ എന്നിവർ ദിവ്യബലിയിൽ വഹിക്കുന്ന പങ്കെന്തു്? 3. സുവിശേഷവായന, സ്ലാമ്മാഅമ്കോൻ (അല്ലെങ്കിൽ ദോമിനൂസ് വൊബിസ്കും), പൊതു പ്രാർത്ഥനകൾ, കീത്തനം പുരോഹിതന്റെ 'പ്രിഫേസ്' അഥവാ സ്വർഗ്ഗസ്ഥനായ പിതാവേ' പാടുന്ന സമയം എന്നീ ഘട്ടങ്ങളിൽ വിശ്വാസികൾ ചെയ്യേണ്ടതെന്തു്? 4. തിരുപ്പാത്രങ്ങൾ, തിരുവസ്ത്രങ്ങൾ, ആരാധനാകർമ്മത്തിനുപയോഗിക്കുന്ന മററു വസ്തുക്കൾ എന്നിവയുടെ ചിത്രം വരയ്ക്കുക.

## 10. തിരുസ്സഭ കൂദാശകൾ പരികർമ്മം ചെയ്യുന്നു

പരിശുദ്ധാത്മാവിനെപ്പററി കേട്ടിട്ടില്ലായിരുന്ന ശിഷ്യന്മാരെ വി. പൗലോസ് എഫേസൂസിൽവച്ചു കണ്ടു. അദ്ദേഹം അവരോടു ചോദിച്ചു: "നിങ്ങൾ എന്തു ജ്ഞാനസ്നാനമാണു് ഏററതു്?" അവർ പ്രതിവചിച്ചു: "യോഹന്നാന്റെ ജ്ഞാനസ്നാനം." അപ്പോൾ പൗലോസ് പറഞ്ഞു: "മനുഷ്യ

രെ അൻന്താപത്തിലേയ്ക്കു കൊണ്ടുവരാനായി യോഹന്നാൻ ജ്ഞാനസ്നാനം നൽകി. എന്നാൽ തൻെറ പിന്നാലെ വരാനിരിക്കുന്നവനെ, ഈശോയെ, വിശ്വസിക്കേണ്ടതാണെന്ന് അദ്ദേഹം ജനങ്ങളോടു പറഞ്ഞു. ഇതു കേട്ട് അവർ ഈശോയുടെ പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. പൗലോസ് അവരുടെമേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു" Acts: 19:1-7

✠

നമുക്ക് ജീവനുണ്ടാകേണ്ടതിന്, അതും സമൃദ്ധമായി ഉണ്ടാകേണ്ടതിന്, തിരുസ്സഭ ഏഴു കൂദാശകൾ നമുക്കു പരികർമ്മം ചെയ്തുതരുന്നു. പാപത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കി ദൈവത്തിൻെറ മക്കളാക്കിപ്പകർത്തുന്നതിനുവേണ്ടി അവൾ നമ്മെ ജ്ഞാനസ്നാനപ്പെടുത്തുന്നു. നാം പരിശുദ്ധാത്മാവിൻെറ ശക്തി പ്രാപിക്കുന്നതിനുവേണ്ടി അവൾ നമുക്കു "സ്ഥൈര്യലേപനം" നൽകുന്നു. പരിശുദ്ധകുർബ്ബാനയെന്ന സജീവമായ അപ്പം കൊണ്ട് അവൾ നമ്മെ പോഷിപ്പിക്കുന്നു. കുമ്പസാരമെന്ന കൂദാശവഴിയായി അവൾ നമ്മെ പാപബന്ധനങ്ങൾ അഴിച്ച് മോചിപ്പിക്കുന്നു. ഗുരുതരമായ രോഗാവസ്ഥയിൽ ഇരിക്കുന്നവക്ക് "അന്തിമലേപനം, നൽകി അവൾ ആത്മശരീരശക്തി കൊടുക്കുന്നു. പട്ടമെന്ന കൂദാശമൂലം പൗരോഹിത്യാധികാരം നൽകുന്നതു കൂടാതെ പൗരോഹിത്യജീവിതം ശരിയായി നയിക്കുന്നതിനും അതിൻെറ ധർമ്മങ്ങൾ യോഗ്യമാംവിധം നിർവ്വഹിക്കുന്നതിനുമുള്ള വിശേഷവരങ്ങളുംകൂടെ കൊടുക്കുന്നു. വിവാഹമെന്ന കൂദാശയാൽ അവൾ വധൂവരന്മാരെ പരിശുദ്ധമായ ഒരു ജീവിതൈക്യത്തിൽ ചേർത്തിണക്കുന്നു.

ഓരോ കൂദാശയ്ക്കും ദൃശ്യമായ ഒരടയാളമുണ്ട്; ഉദ: ജ്ഞാനസ്നാനത്തിന് വെള്ളംകൊണ്ടുള്ള കഴുകലും തത്സമയത്തു് ഉച്ചരിക്കപ്പെടുന്ന വാക്കുകളും. ബാഹ്യമായ ഈ അടയാളംമൂലം നിശ്ചിതമായ ഒരു ആന്തരിക പ്രസാദവരമത്രേ സൂചിപ്പിക്കപ്പെടുന്നതും തത്സമയം നൽകപ്പെടുന്നതും പ്രസാദവരങ്ങളായ ഈ പരിശുദ്ധ ചിഹ്നങ്ങൾ സ്ഥാപിച്ചതു് മിശിഹായാകുന്നു.

കൂദാശകളിൽ പ്രവർത്തിക്കുന്നതു് നമ്മുടെ പ്രധാനാചാര്യനായ മിശിഹായത്രേ. കൂദാശകൾ പരികർമ്മം ചെയ്യുന്നവരോ, അവിടത്തെ ഉപകരണങ്ങൾ മാത്രം. മിശിഹാ കുരിശുമരണംവഴിയായി സമ്പാദിച്ച പ്രസാദവരങ്ങൾ കൂദാശകൾമൂലം നമുക്കു വിതരണം ചെയ്യുന്നു.

ചില കൂദാശകൾ മായ്ക്കപ്പെടാൻ വഹിയാത്ത മുദ്ര ആത്മാവിൽ പതിക്കുന്നു. ജ്ഞാനസ്നാനംമൂലം മിശിഹായുടെ അനുയായി എന്ന സ്ഥാനത്തിൻെറ മുദ്രയും (Charater) സ്ഥൈര്യലേപനംമൂലം മിശിഹായുടെ പടയാളി എന്ന സ്ഥാനത്തിൻെറ മുദ്രയും, തിരുപ്പട്ടംമൂലം മിശിഹായുടെ പ

രോഹിതൻ എന്ന സ്ഥാനത്തിന്റെ മുദ്രയും ലഭിക്കുന്നു. ആകയാൽ ഈ കൂദാശകൾ ഒരിക്കൽ മാത്രമേ സ്വീകരിക്കാവൂ.

നാം കൂദാശകൾ സ്വീകരിക്കുന്നതു് യോഗ്യതാപൂർവ്വമായിരിക്കണം. ജ്ഞാനസ്നാനത്തിനോ (പ്രായമായവൻ) കുമ്പസാരത്തിനോ അണയുന്നവൻ സ്വപാപങ്ങളെക്കുറിച്ച് മനസ്തപിക്കേണ്ടതാകുന്നു. മററു കൂദാശകളെല്ലാം വരപ്രസാദജീവനുള്ളവർ മാത്രമേ സ്വീകരിക്കാവൂ. ഒരുവൻ ഒരു കൂദാശ അയോഗ്യമായി സ്വീകരിക്കുന്നപക്ഷം അവനു് പ്രസാദവരം ലഭിക്കുകയില്ലെന്നു മാത്രമല്ല, അവൻ ദൈവദോഷമെന്ന പാപംകൂടെ പിഴയ്ക്കുന്നു. അയോഗ്യമായി കൂദാശകൾ സ്വീകരിക്കുന്നതു് വലിയ ദോഷമാകയാൽ ഇതു് ദൈവദോഷപരമായ ചാവദോഷമായിത്തീരുന്നു. എന്നാൽ യോഗ്യതാപൂർവ്വം കൂദാശകൾ സ്വീകരിക്കുന്നവരാകട്ടെ, നമ്മുടെ ദിവ്യരക്ഷകനാകുന്ന ഉറവിൽനിന്നു് നിത്യായുസ്സിന്റെ ജലം കോരിയെടുക്കുന്നു. നാം അവിടത്തെ എത്ര കൂടുതൽ സ്നേഹിക്കുമോ അത്ര കൂടുതൽ പ്രസാദവരം നാം പ്രാപിക്കും.

*പരിചിന്തനം:* 1. ഓരോ കൂദാശയും സ്വീകരിക്കുമ്പോൾ എന്തു വിശേഷവരമാണു് നമുക്കു ലഭിക്കുന്നതു? 2. കൂദാശകളിൽ പ്രവർത്തിക്കുന്നതാരാകുന്നു? 3. ബാഹ്യാടയാളങ്ങളുടെ അർത്ഥമെന്തു്? 4. ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ ഏവ? 5. ഇവ ഒരിക്കൽമാത്രം സ്വീകരിക്കാവുന്നതെന്തുകൊണ്ടു്? 6. ജ്ഞാനസ്നാനത്തിനും കുമ്പസ്സാരത്തിനും ആവശ്യമായിരിക്കുന്നതെന്തു്? 7. മററു കൂദാശകൾ സ്വീകരിക്കുന്നതിനു് ആവശ്യമായിരിക്കുന്നതെന്തു്?

23. ഏഴു കൂദാശകൾ ഏവ?

ഏഴു കൂദാശകൾ: ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, പരി. കുർബ്ബാന, കുമ്പസാരം, അന്ത്യലേപനം, തിരുപ്പട്ടം, വിവാഹം.

24. ഒരു കൂദാശയാകുന്നതിനു് വേണ്ടുന്നതെന്തെല്ലാം?

ഒരു കൂദാശയാകുന്നതിനു് 1) ദൃശ്യമായ അടയാളം, 2) ആന്തരികപ്രസാദവരം, 3) ഈശോമിശിഹാമൂലമുള്ള സ്ഥാപനം എന്നിവ ആവശ്യമാകുന്നു.

*പ്രായോഗികവശം:* തന്റെ കൂദാശകൾ സ്വീകരിക്കുവാൻ മിശിഹാ മഹാസ്നേഹത്തോടെ എന്നെ ക്ഷണിക്കുന്നു. ആ ക്ഷണം പരിത്യജിച്ചുകൊണ്ടു് അവിടത്തെ ഹൃദയത്തെ ഞാൻ വേദനിപ്പിക്കയില്ല; മഹാകൃതജ്ഞതയോടെ അവ ഞാൻ സ്വീകരിക്കും.

*കർമ്മാനുഷ്ഠാനം:* കൂദാശാപരികർമ്മത്തിനു് മിശിഹായാൽനിർദ്ദിഷ്ടമായ അടയാളങ്ങൾക്കുപുറമേ അർത്ഥസമ്പൂർണ്ണമായ മററനേകം അടയാളങ്ങളും തിരുസ്സഭ കൂട്ടിച്ചേർത്തിട്ടുണ്ടു്. ഉദാ: ജ്ഞാനസ്നാനാവസരത്തിൽ വെള്ളവസ്ത്രവും കത്തിച്ച മെഴുകുതിരിയും കൊടുക്കുന്നതു്. കൂദാശാപരികർമ്മത്തിന്റെ ശുശ്രൂഷകൾ, കൂദാശകളുടെ അർത്ഥം കൂടുതൽ വിശദമാകുന്നതിനും, അവയോടു നമുക്കു ഭക്ത്യാദരങ്ങളുണ്ടാകുന്നതിനും സർവ്വഥാ പര്യാപ്തമാണു്.

*പരീക്ഷണവശം:* 1. പുരാതനകാലങ്ങളിൽ മാനസാന്തരപ്പെടുന്നവൎക്ക് ഒരേ ദിവസം തന്നെ നൽകിയിരുന്ന മൂന്നു കൂദാശകൾ ഏവ? 2. വ്യത്യസ്തജീവിതാവസ്ഥകൾക്ക് പ്രത്യേകം ഉദ്ദിഷ്ടമായിരിക്കുന്ന രണ്ടു കൂദാശകളേവ? 3. വിവിധ കൂദാശകളെ ലക്ഷീകരിക്കുന്ന ചിത്രങ്ങൾ വരയ്ക്കുക?

## 11. ആശീൎവ്വാദ, പ്രതിഷ്ഠാകൎമ്മങ്ങൾ

ഒരിക്കൽ ചില മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഈശോയുടെ പക്കൽ കൊണ്ടുവന്നു. അവിടന്നു സ്വകരങ്ങൾ ആ കുഞ്ഞുങ്ങളുടെ മേൽ വച്ചു പ്രാൎത്ഥിക്കുവാനാണ് അവരെ കൊണ്ടുവന്നതു്. എന്നാൽ അവിടത്തെ ശിഷ്യന്മാർ അവരെ ശകാരിച്ചു. ഈശോയാകട്ടെ അവരോടു പറഞ്ഞു "കുഞ്ഞുങ്ങൾ എൻെറ അടുക്കൽ വരുവാൻ നിങ്ങൾ സമ്മതിക്കുവിൻ, അവരെ തടയേണ്ട; എന്തെന്നാൽ സ്വൎഗ്ഗരാജ്യം ഇവരെപ്പോലെയുള്ളവരുടേതാകുന്നു." അവിടന്നു അവരെ ആലിംഗനം ചെയ്തു; അവരുടെമേൽകൈവച്ച് അവരെ ആശീൎവ്വദിച്ചു. (Mt. 19:13–15;Mk.10:16.)

✠

ഈശോയുടെ ഇംഗിതം ഗ്രഹിച്ച്, നമ്മുടെമേലും നമ്മൾ ഉപയോഗിക്കുന്ന വസ്തുക്കളിന്മേലും ദൈവത്തിൻെറ ആശീൎവ്വാദം തിരുസ്സഭ അഭ്യൎത്ഥിക്കുന്നു. കുഞ്ഞുങ്ങളെയും, മാതാക്കളേയും, രോഗികളെയും, വിവാഹാവസരത്തിൽ വധൂവരന്മാരെയും, ദിവ്യബലിയുടെ അവസാനത്തിൽ വിശ്വാസികളെയും തിരുസ്സഭ ആശീൎവ്വദിക്കുന്നു. അവൾ നമ്മുടെ ഭവനങ്ങൾ ഭക്ഷ്യപാനീയങ്ങൾ, വയലുകൾ, മേച്ചിൽസ്ഥലങ്ങൾ, മൃഗങ്ങൾ, മൃഗശാലകൾ, കരകൗശലശാലകൾ, പണിക്കോപ്പുകൾ, തെരുവീഥികൾ, പാലങ്ങൾ, തീവണ്ടിപ്പാതകൾ, കാറുകൾ, വിമാനങ്ങൾ എന്നിവ വെഞ്ചരിക്കുന്നു (ആശീൎവ്വദിക്കുന്നു)

സവിശേഷമായ ആശീൎവ്വാദകൎമ്മത്തോടെ ചില ആളുകളെയും വസ്തുക്കളെയും തിരുസ്സഭയുടെ സേവനാൎത്ഥം വേൎതിരിച്ചുവയ്ക്കാറുണ്ട്. ഇതിനു കൂദാശചെയ്യൽ, പ്രതിഷ്ഠാകൎമ്മം പവിത്രീകരണം (Consecration) എന്നിങ്ങനെയെല്ലാം പറയുന്നു. ഏതാദൃശമായ ആശീൎവ്വാദകൎമ്മത്താൽ സന്യാസശ്രേഷ്ഠന്മാരെയും (ആബട്ട്സ്) സന്യാസികളെയും, സന്യാസിനികളെയും തിരുസ്സഭ പ്രതിഷ്ഠിക്കുന്നു. അപ്രകാരം തന്നെ ദൈവാലയം, ബലിപീഠം, ദിവ്യബലിയ്ക്കുപയോഗിക്കുന്നകാസാ, പീലാസ, തിരുക്കൎമ്മത്തിനും ബലിപീഠത്തിനുമുള്ള വസ്ത്രങ്ങൾ, വെള്ളം, തിരികൾ, കുരിശുകൾ, ചിത്രങ്ങൾ, കാസ്തുരൂപങ്ങൾ, ജപമാലകൾ, സംഗീതോപകരണങ്ങൾ, മണികൾ, ശവക്കല്ലറകൾ എന്നിവയും അവൾ ആശീൎവ്വദിക്കുന്നു, ഇങ്ങനെ പ്രതിഷ്ഠിച്ചിട്ടുള്ള ആളുകളോടും വസ്തുക്കളോടും ഭക്ത്യാദരങ്ങളോടെ പെരുമാറേണ്ടതാകുന്നു. തിരുസ്സഭ പലപ്പോഴുംആളുകളിൽനിന്നുംവസ്തുക്കളിൽനിന്നും പിശാചിനെ ബഹിഷ്ക്കരിക്കുന്ന കൎമ്മം നടത്താറുണ്ട്;

ഇന്നയിന്ന ആളുകളിൽനിന്നും വസ്തുക്കളിൽനിന്നും പിശാചിൻെറ സ്വാധീനശക്തിയെ ഒഴിച്ചുനിറുത്തുവാൻ ദൈവത്തോട് പരസ്യമായി ആഘോഷമാംവിധം ചെയ്യുന്ന അഭ്യർത്ഥനയാകുന്ന 'പിശാചുബഹിഷ്കരണം' (Exorcism) എന്ന കർമ്മം. ഉദാ: ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ, പിശാചു ബാധിതർ. ഹനാൻ വെള്ളത്തിന്മേലും, ജ്ഞാനസ്നാനത്തിനു ഉപയോഗിക്കാനുള്ള വെള്ളത്തിന്മേലുംഈവ്വിധ പിശാചുബഹിഷ്ക്കരണ കർമ്മം നടത്തുന്നുണ്ട്.

തിരുസ്സഭ ആശീർവ്വാദകർമ്മമോപ്രതിഷ്ഠാകർമ്മമോ നിർവ്വഹിക്കുന്നതു് കുരിശിൻെറ അടയാളം വരച്ചുകൊണ്ടാണു്. കാരണം, കുരിശു നമ്മുടെ രക്ഷയുടെ അടയാളമാകുന്നു. ആശീർവ്വാദ (വെഞ്ചരിപ്പ്) കർമ്മത്തിനു് ഹനാൻവെള്ളവും വളരെയധികം ഉപയോഗിക്കുന്നുണ്ട്.

ഈ ആശീർവ്വാദ, പ്രതിഷ്ഠാകർമ്മങ്ങൾ കൂദാശകൾക്കു സദൃശങ്ങളാകുന്നു. ഇക്കാരണത്താൽ, ഇവയെ കൂദാശാനുകരണങ്ങൾ അഥവാ കൗദാശികങ്ങൾ (Sacramentals) എന്നു പറയുന്നു. കൂദാശകൾപോലെ ഇവ മിശിഹായാൽ സ്ഥാപിതങ്ങളല്ല, ഇവ തിരുസ്സഭയാൽ സ്ഥാപിതങ്ങളാകുന്നു. ഇവയുടെ ഫലസിദ്ധി കൂദാശകളുടേതുപോലെ നേരിട്ട് ദൈവദത്തമായ ശക്തിയിലല്ല, പിന്നെയോ തിരുസ്സഭയുടെ പ്രാർത്ഥനാശക്തിയിലാകുന്നു ഉണ്ടാകുന്നതു്.

തിരുസ്സഭ ആശീർവ്വാദത്തിൻെറയും പ്രതിഷ്ഠയുടെയും കർമ്മങ്ങൾ നിർവ്വഹിക്കുമ്പോൾ, ആത്മാവിനൊ ശരീരത്തിനോ എന്തെങ്കിലും വിശേഷനന്മ അല്ലെങ്കിൽ പിശാചിൽ നിന്നുള്ള സംരക്ഷണം പ്രത്യേകം ദൈവത്തോട് അപേക്ഷിക്കുക സാധാരണമത്രേ. ഈലോകത്തിൽ നാം വിശുദ്ധജീവിതം നയിക്കുന്നതിനും,ലോകവസ്തുക്കൾ ദൈവത്തിൻെറ ബഹുമാനത്തിനും നമ്മുടെ ആത്മരക്ഷയ്ക്കും വേണ്ടിവിനിയോഗിക്കുന്നതിനും ഈ കൂദാശാനുകരണങ്ങൾ നമുക്കു സഹായകങ്ങളാകുന്നു.

നാം ആശീർവ്വാദം സ്വീകരിക്കയോ വെഞ്ചരിക്കപ്പെട്ട വസ്തുക്കൾ ഉപയോഗിക്കയോ ചെയ്യുമ്പോൾ ദൈവത്തിൻെറ മഹാനന്മയിലും തിരുസ്സഭയുടെ പ്രാർത്ഥനാശക്തിയിലും ശരണപ്പെടണം. ദൈവത്തിൽനിന്നല്ലാതെ ബാഹ്യമായ അടയാളത്തിൽനിന്നുമാത്രം നമുക്കു സഹായം സിദ്ധിക്കുമെന്നു കരുതുന്നുവെങ്കിൽ നാം അന്ധവിശ്വാസമെന്ന പാപം പിഴക്കുന്നു. തിരുസ്സഭയുടെ ആശീർവ്വാദകർമ്മം എത്ര കൂടുതൽ ഭക്തിയോടെ നാം സ്വീകരിക്കയും വിശുദ്ധോപയോഗത്തിനു് പ്രതിഷ്ഠിതമായ വസ്തുക്കൾ നാം എത്ര കൂടുതൽ ഭക്തിയോടെ ഉപയോഗിക്കയും ചെയ്യുന്നുവോ അത്ര കൂടുതൽ പ്രസാദവരം ദൈവത്തിൽനിന്നു നാം പ്രാപിക്കുന്നു. അൽമായ പോലും ചില ആശീർവ്വാദങ്ങൾ നൽകാൻ പ്രാപ്തരാകുന്നു. ഉദാ: മാതാപിതാക്കന്മാക്കു് മക്കളെ ആശീർവ്വദിക്കാവുന്നതാണു്. ഓരോരോ വസ്തുക്കളിന്മേൽ കുരിശിൻെറ അടയാളം വരയ്ക്കുന്നതു് ഒരു ക്രിസ്തീയ ഭക്താ

ചാരമത്രെ. ചില സ്ഥലങ്ങളിൽ അപ്പം മുറിച്ചു ഭക്ഷിക്കുന്നതിനുമുമ്പ് അതിന്മേൽ കുരിശിൻെറ അടയാളം വരയ്ക്കുന്ന പതിവുണ്ട്. നാം നമ്മുടെ മേൽത്തന്നെ കുരിശിൻെറ അടയാളം വരയ്ക്കുമ്പോൾ നമ്മെത്തന്നെ ആശീർവ്വദിക്കയാണ് ചെയ്യുന്നത്.

*പരിചിന്തനം*: 1. പ്രതിഷ്ഠിക്കുന്നതിനും ആശീർവ്വദിക്കുന്നതിനും പിശാചുബഹിഷ്ക്കരണകർമ്മം നടത്തുന്നതിനുമുള്ള അധികാരം തിരുസ്സഭയ്ക്ക് എവിടെനിന്നുകിട്ടി? 2. തിരുസ്സഭ ആശീർവ്വദിക്കുന്നതെന്തെല്ലാം? 3. തിരുസ്സഭ പ്രതിഷ്ഠിക്കുന്നത് എന്തിനെയെല്ലാം? 4. തിരുസ്സഭ ചെയ്യുന്ന പിശാചുബഹിഷ്ക്കരണത്തിൻെറ ഉദ്ദേശമെന്ത്? 5 എന്തെങ്കിലും ആശീർവ്വദിക്കുമ്പോൾ എന്തടയാളമുപയോഗിച്ചാണ് അതു നിർവ്വഹിക്കുന്നത്? 6. കൂദാശകളോടുള്ള സാദൃശ്യത്തെ അടിസ്ഥാനമാക്കി ആശീർവ്വാദ, പ്രതിഷ്ഠാകർമ്മങ്ങൾക്ക് എന്തു പേർ നാം കൊടുക്കുന്നു? 7. ഈ കർമ്മങ്ങൾക്ക് കൂദാശകളിൽനിന്നുള്ള വ്യത്യാസമെന്ത്?

25. തിരുസ്സഭ ആശീർവ്വദിക്കുകയും പവിത്രീകരിക്കയും (പ്രതിഷ്ഠാകർമ്മം നടത്തുകയും) ചെയ്യുമ്പോൾ ദൈവത്തോട് അപേക്ഷിക്കുന്നതെന്ത്?

തിരുസ്സഭ ആശീർവ്വദിക്കയും പവിത്രീകരിക്കയും ചെയ്യുമ്പോൾ ആത്മശരീരസുസ്ഥിതിയും അശുദ്ധാത്മാക്കളിൽനിന്നുള്ള സംരക്ഷണവുമത്രേ ദൈവത്തോട് അപേക്ഷിക്കുന്നത്.

*പ്രായോഗികവശം*: പ്രഭാതത്തിൽ ഉണരുമ്പോഴും, രാത്രിയിൽ നിദ്രയ്ക്കു പോകുമ്പോഴും ഞാൻ കുരിശിൻെറ അടയാളം വരയ്ക്കുയും ഹന്നാൻവെള്ളം ഉപയോഗിക്കയും ചെയ്യും.

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന്*: 'നാം വരുമ്പോഴും പോകുമ്പോഴും വസ്ത്രം ധരിക്കുമ്പോഴും ഉറങ്ങാൻ പോകുമ്പോഴും ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും മുമ്പായി നമ്മുടെ നെററിത്തടത്തിൽ കുരിശിൻെറ അടയാളം വരയ്ക്കുന്നു' (തെർത്തുല്യൻ)

*പരീക്ഷണവശം*: 1. ഒരു ക്രിസ്ത്രീയഭവനത്തിൽ കാണുന്നആശീർവ്വദിക്കപ്പെട്ട വസ്തുക്കൾ ഏവ? 2. താഴെപ്പറയുന്ന അവസരങ്ങളിൽ തിരുസ്സഭ ആശീർവ്വദിക്കയും പവിത്രീകരിക്കയും ചെയ്യുന്ന വസ്തുക്കളേവ? a) വിഭൂതിത്തിരുനാൾ; b) ഓശാനഞായറാഴ്ച c) ഉയിർപ്പുതിരുനാളിനുമുമ്പുള്ള രാത്രി ജാഗരണം d) പ. ക. മ. ശുദ്ധീകരണത്തിരുനാൾ e) പ. ക. മറിയത്തിൻെറ സ്വർഗ്ഗാരോപണം. 3. ഭവനങ്ങൾ ആശീർവ്വദിക്കുന്നതെപ്പോൾ? 4.'ബ്ളെസ് പുണ്യവാൻെറ ആശീർവ്വാദം' എന്തു ഉദ്ദേശത്തോടുകൂടിയാണ്? 5. ഹന്നാൻ വെള്ളം എന്തിനായിട്ടുപയോഗിക്കുന്നു? 6. ഒരു ഹന്നാൻവെള്ളപാത്രം എപ്പോഴും നിൻെറ മുറിയിൽ സൂക്ഷിച്ചുകൊള്ളുക. 7. ആശീർവ്വദിക്കപ്പെട്ട തിരികൾ നിങ്ങളുടെ ഭവനത്തിൽ ഉണ്ടായിരിക്കുവാൻ ഏർപ്പാടുചെയ്ക.

## 12. തിരുസ്സഭയുടെ ഇടയധർമ്മം

വി. പൗലോസ് തൻെറ മൂന്നാമത്തെ പ്രേഷിതയാത്രകഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ, എഫേസൂസിലെ സഭയുടെ ഭരണമേററിരുന്നവരോ

ട്ട് യാത്ര പറയുന്നതിനായി അവർ മിലേത്തോസിൽവന്നു തന്നെ കാണണമെന്ന് അദ്ദേഹം അറിയിച്ചു. അദ്ദേഹം അവരെ ഉദ്ബോധിപ്പിക്കുന്നതായതു്: "നിങ്ങളെത്തന്നെയും മിശിഹാ തൻെറ രക്തംകൊണ്ടു് നേടിയിരിക്കുന്ന അവിടത്തേ സഭയെ മേയ്ക്കുവാനായി പരിശുദ്ധാത്മാവു് നിങ്ങളെ അദ്ധ്യക്ഷന്മാരായി സ്ഥാപിച്ചിരിക്കുന്ന ആട്ടിൻകൂട്ടം മുഴുവനേയും നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ" (Acts 20:17,28),

✠

വിശ്വാസികൾ ക്രിസ്തീയജീവിതം നയിക്കുന്നതിനു പ്രേരിപ്പിക്കുകയെന്ന ഇടയധർമ്മം തിരുസ്സഭയ്ക്കുണ്ടു്. നല്ല കാര്യങ്ങൾ ചെയ്യുന്നതിനു് അവൾ നമ്മെ ഉപദേശിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു; നമ്മുടെ നിത്യരക്ഷയ്ക്കു കാരണമാകാവുന്ന അപകടങ്ങളിൽനിന്നു് അവൾ നമ്മെ സംരക്ഷിക്കുന്നു. അവൾ നമ്മോടു കല്പിക്കയും, നമുക്കായി നിയമങ്ങൾ നിർമ്മിക്കയും ചെയ്യുന്നു. ഏററം ഗൗരവമുള്ള പാപങ്ങൾക്കു് അവൾ ശിക്ഷ നിശ്ചയിച്ചിട്ടുണ്ടു്. രക്ഷാകരഭയത്താൽ പാപത്തിൽനിന്നു് വിശ്വാസികളെ അകററുന്നതിനും, പാപികൾക്കു് അവരുടെ അപകടനിലയെക്കുറിച്ചു് ആത്മബോധം ഉണ്ടാകുന്നതിനുമത്രേ ഈ ശിക്ഷാപരിപാടി ഏർപ്പെടുത്തിയിരിക്കുന്നതു്. എല്ലാംകൊണ്ടും ഗൗരവമേറിയശിക്ഷ മഹറോൻ (Excommunication) ആകുന്നു. ഒരാൾ മഹറോൻ ശിക്ഷയ്ക്കു് വിധേയനാകുന്നതോടെ അയാൾക്കു് തിരുസ്സഭയുടെ അംഗമെന്നനിലയിൽ പ്രാപിക്കാമായിരുന്ന അനേകം പ്രസാദവരങ്ങളും ആനുകൂല്യങ്ങളും നഷ്ടമാകുന്നു; വിശിഷ്യ, കൂദാശകളും ക്രിസ്തീയ ശവസംസ്കാരകർമ്മവും ലഭിക്കുന്നതിനു അയാൾ അയോഗ്യനായിത്തീരുന്നു.

ഓരോരോ ആവശ്യങ്ങളിലിരിക്കുന്നവരുടെ കാര്യങ്ങളിൽ വിശേഷശ്രദ്ധ പതിക്കയെന്നതു് തിരുസ്സഭയുടെ ഇടയധർമ്മത്തിൽപ്പെട്ടതാകുന്നു. ആകയാൽ, ആത്മശരീരക്ലേശങ്ങൾ അനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ അവൾ സ്നേഹാർദ്രമായ താല്പര്യം പ്രദർശിപ്പിക്കുന്നു.

മാർപ്പാപ്പായും മെത്രാന്മാരുമാണു്. തിരുസ്സഭയുടെ ഇടയന്മാർ. നിയമങ്ങൾ നിർമ്മിക്കുന്നതിനും, തിരുസ്സഭയുടെ ശിക്ഷാക്രമമനുസരിച്ചുള്ള ശിക്ഷകൾ നൽകുന്നതിനും അവർക്കധികാരമുണ്ടു്. ഈ അധികാരം മിശിഹാ അവർക്കു നൽകിയിരിക്കുന്നതാണു്. അവിടന്നു് ശ്ലീഹന്മാരോടു് ഇപ്രകാരം അരുൾചെയ്തു. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (Mt. 18:18) തിരുസ്സഭയുടെ പ്രധാനഇടയൻ മാർപ്പാപ്പയാകുന്നു അദ്ദേഹമത്രേ വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമി. വി. പത്രോസിനോടത്രേ "നിൻെറ കുഞ്ഞാടുകളെ മേയ്ക്കുക, നീ എൻെറ ആടുകളെ മേയ്ക്കുക" Jn 21:15-17 എന്നു് ഈശോ കല്പിച്ചതു്. മാർപ്പാപ്പായും മെത്രാന്മാരും വഴിയായി നമ്മെ ഭരിക്കുന്നതു് നമ്മുടെ സ്വർഗ്ഗീയ ഇടയനായ മിശിഹാതന്നെയാകുന്നു.

മെത്രാനാൽ നിയുക്തനായ ഒരു വികാരി (വൈദികനായ ഇടവക വികാരി) ഇടവകയെ ഭരിക്കുന്നു. വിശ്വാസികൾ അവരുടെ ഈ ഇടയനെ അനുസരിക്കണം, അദ്ദേഹത്തിന്റെ ധർമ്മനിർവ്വഹണത്തിൽ അവർ അദ്ദേഹത്തെ സഹായിക്കുകയും വേണം.

*പരിചിന്തനം*: 1. ക്രിസ്തീയജീവിതം നയിക്കുന്നതിന് തിരുസ്സഭ നമ്മെ എങ്ങനെ പ്രേരിപ്പിക്കുന്നു? 2. ചില പാപങ്ങൾക്ക് തിരുസ്സഭ പ്രത്യേക ശിക്ഷകൾ കല്പിക്കുന്നതെന്തുകൊണ്ട്? 3. തിരുസ്സഭ കല്പിക്കുന്ന ഏററവും വലിയ ശിക്ഷയെന്ത്? 4. തിരുസ്സ വിശേഷസഹായം നൽകാൻ ആഗ്രഹിക്കുന്നതാർക്കാണ്? 5 തിരുസ്സഭയുടെ ഇടയന്മാർ ആരാകുന്നു? 6. മിശിഹാ തന്റെ ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളേയും തിരുസ്സഭയുടെ ഇടയന്മാരായി നിയമിച്ചത് എന്തു പറഞ്ഞുകൊണ്ടായിരുന്നു?

26 തിരുസ്സഭ ഇടയധർമ്മം നിവ്വഹിക്കുന്നതെങ്ങനെ?

**ക്രിസ്തീയജീവിതം നയിക്കുവാൻ നമ്മെ സഹായിച്ചുകൊണ്ട് തിരുസ്സഭ തന്റെ ഇടയധർമ്മം നിവ്വഹിക്കുന്നു.**

*പ്രായോഗികവശം*: തിരുസ്സഭ എന്റെ മാതാവാകുന്നു. അവൾ കക്ശമായിട്ടോ അല്ലാതെയോ, എങ്ങനെ പെരുമാറിയാലും ശരി, അവളുടെ നേതൃത്വം എപ്പോഴും ഞാൻ സ്വീകരിക്കുകതന്നെ ചെയ്യും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്*: 'ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ' (Mt. 28:20) 'തന്റെ രാജ്യത്തിലേയ്ക്കും തന്റെ മഹത്വത്തിലേയ്ക്കും നിങ്ങളെ വിളിച്ച ദൈവത്തിനു യുക്തമായിരിക്കുന്നവിധത്തിൽ വ്യാപരിക്കണമെന്ന് പിതാവ് തന്റെ പുത്രന്മാരോടെന്നപോലെ ഞങ്ങൾ ഉപദേശിക്കുകയും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കയും നിങ്ങൾക്ക് സാക്ഷ്യം നൽകുകയും ചെയ്തിരുന്നു' (1 Thess. 2: 11-12)

*വിശുദ്ധന്മാരുടെബോധനത്തിൽനിന്ന്*: 'തിരുസ്സഭയെ മാതാവായി സ്വീകരിക്കാത്ത യാതൊരുവനും ദൈവത്തെ പിതാവായി ലഭിക്കയില്ല' (വി. സപ്രിയേൻ)

*ഒരു തത്വം*: യാതൊരിടവകയിലും ഒരുവൻപോലും പരിപൂർണ്ണമായി ഉപേക്ഷിക്കപ്പെടരുത്.

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന്*: ഇടവകജീവിതത്തിൽ തിരുസ്സഭയുടെ ഇടയധർമ്മം സംബന്ധിച്ച ശ്രദ്ധ താഴെപ്പറയുന്നവയും മററും വഴിയായി പ്രകാശിതമാകുന്നു: വൈദികപ്രസംഗങ്ങൾവഴിയായിട്ടുള്ള പ്രോത്സാഹനം, അനുശാസനം, മതബോധനം, പാപസങ്കീർത്തനാവസരത്തിലെ ഉപദേശനിയന്ത്രണങ്ങൾ, പ്രവർത്തനക്രമീകരണങ്ങൾ, സന്ദർശനങ്ങൾ, സക്കുലർലേഖനങ്ങൾ, ഇടവകമാസികകൾ, നല്ല സിനിമകളേതെന്നും ചീത്തസിനിമകളേതെന്നും വിവേചിക്കുന്ന അറിയിപ്പുകൾ; അത്മായപ്രേഷിതപ്രവർത്തനങ്ങൾ ഇടവകയോഗങ്ങൾ, യുവജനപ്രവർത്തനങ്ങൾ, രോഗികളെ സന്ദർശിക്കുക, പാപികളെ സഹായിക്കുക., എന്തെങ്കിലും തരത്തിലുള്ള വിഷമതയിലുൾപ്പെട്ടിരിക്കുന്നവർക്ക് ഇടവകയിലെ പലതരം ജീവകാരുണ്യസംഘടനകളിൽ ഏതിനോടെങ്കിലും സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

**ഇടവകയിൽ നന്മചെയ്യുന്നതിനു പററിയ ചില മാർഗ്ഗങ്ങൾ:**

**ഇടവകയിൽ പുതുതായിവരുന്നവരോട്ട് പള്ളി എവിടെ എന്നും, ദൈവാലയതിരുക്കർമ്മങ്ങൾ എപ്പോഴാണ് നടത്തുന്നതെന്നും അറിയിക്കുക. പുതുതായി വന്നുചേരുന്ന കത്തോലിക്കരെസംബന്ധിച്ച വിവരങ്ങൾ ഇടവകവികാരിയെ അറിയിക്കുക. അവരുടെ കുട്ടികളുമായി സ്നേഹബന്ധം പുലർത്തുകയും, പ്രവർത്തനപരിപാടികളിലൊ യുവജനസമിതികളിലൊ ആ കുട്ടികളെ പ്രവേശിപ്പിക്കയും ചെയ്യുക. കത്തോലിക്കാപത്രങ്ങൾ വിതരണം ചെയ്വാൻ സഹായിക്കുകഅശ്ശുദ്ധസംഭാഷണങ്ങൾക്ക് അവസരമുണ്ടാക്കാതിരിക്കുക. അഥവാ അതിനെതിരായ പ്രചരണങ്ങൾ നടത്തുക. നിസ്സഹായർക്കും പാവങ്ങൾക്കും സാമാനങ്ങൾ കെട്ടികൊടുക്കുക. യുവജനസംഘടനയെ സഹായിക്കുക.**

## 13. ചിതറിക്കിടക്കുന്ന ക്രിസ്ത്യാനികളുടെ കാര്യത്തിൽ തിരുസ്സഭയുടെ ശ്രദ്ധ

വി. പൗലോസ് ഓരോരോ ദേശങ്ങളിൽ സ്ഥാപിച്ച ക്രിസ്തീയസമൂഹങ്ങളെ പലപ്പോഴും ഉദ്ബോധിപ്പിച്ചിരുന്നതാണ് ഇതരദേശങ്ങളിലെ ക്രിസ്തീയസമൂഹങ്ങളെ സഹായിക്കുന്ന കാര്യം. കോറോന്തോസ്കാർക്കുള്ള ഒരു ലേഖനത്തിൽ അദ്ദേഹം മാക്കേദോനിയാ സഭയുടെ ദൃഷ്ടാന്തം വിശേഷാൽ എടുത്തുകാണിക്കുന്നു. "എൻെറ സഹോദരന്മാരെ, മാക്കേദോനിയാ സഭയിൽ നൽകപ്പെട്ട ദൈവകൃപ നിങ്ങളെ ഞങ്ങൾ അറിയിക്കുന്നു. എന്തെന്നാൽ ഞെരുക്കത്തിൻെറ വലുതായ പരീക്ഷണത്താൽ അവരുടെ സന്തോഷത്തിനു വർദ്ധനവുണ്ടായി. ദാരിദ്ര്യത്തിൻെറ ആഴം അവരുടെ ഔദാര്യത്തിൻെറ സമ്പത്തിനാൽ സമൃദ്ധമാക്കപ്പെടുകയും ചെയ്തു." തുടന്ന് അദ്ദേഹം കൊറെന്തോസ്കാരെ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങളുടെ ഉപവിയ്ക്കു് തെളിവു നൽകുവിൻ" (II cor· 8:1,2, 24).

✠

നമ്മുടെ രാജ്യത്തു് പലസ്ഥലങ്ങളിലും കത്തോലിക്കർ ചുരുക്കമാണ്; ഈ ചുരുക്കം കത്തോലിക്കർതന്നെയും ഇതരമതസ്ഥരുടെ ഇടയിൽ വസിക്കുന്നു. ഇങ്ങനെ ചിതറിക്കിടക്കുന്ന കത്തോലിക്കർക്കു മതിയാകുന്നിടത്തോളം വൈദികരോ, സന്യാസിനികളോ അദ്ധ്യാപകരോ പള്ളിയോ ഇല്ല. അവർക്കു വല്ലപ്പോഴും ഒരു കുർബ്ബാന കാണാൻ കഴിഞ്ഞെങ്കിലായി. ആ കുർബ്ബാനതന്നെയും മറെറ്റൊരു പള്ളിയിലായിരിക്കയില്ല, പിന്നെയോ വല്ലൊരു മുറിയിലോ, ഹാളിലോ മറേറതെങ്കിലും സ്ഥലത്തോ ആയിരിക്കും. അല്ലിശവാസികൾക്ക് ഒരു കുർബ്ബാന കാണണമെങ്കിൽ അധികദൂരം പോകണം. അവരുടെ കുട്ടികളെ പഠിപ്പിക്കാൻ കത്തോലിക്കാ സ്കൂളുകളില്ല. അവർക്കു ശരിയായ മതബോധം ലഭിക്കുന്നില്ല. ഈ കുട്ടികൾ വൈവാഹികജീവിതത്തിനു പ്രായമാകുമ്പോൾ ഒരു കത്തോലിക്കാവധുവിനേയോ വരനെയോ ലഭിക്കാൻ വിഷമിക്കുന്നു. ചിലർ അന്തിമക്കൂദാ

ങ്കൾ സ്വീകരിക്കാനിടയാകാതെ മരണം പ്രാപിക്കുന്നു. എന്തെന്നാൽ വൈദികനെ ഒരുവേള ലഭിച്ചില്ലന്നോ വിളിച്ചാൽതന്നെയും യഥാസമയം വന്നെത്താൻ സാധിച്ചില്ലന്നോ വരാവുന്നതാണ്.

ഈദൃശവിഷമതകളിൽ കഴിഞ്ഞുകൂടുന്ന കത്തോലിക്കരെ സഹായിക്കാൻ തിരുസ്സഭയ്ക്കു ചുമതലയുണ്ട്. അവർ തങ്ങളുടെ വിശ്വാസത്തിൽ വിശ്വസ്തതയോടെ നിലനിൽക്കുന്നതിനും, അന്യോന്യം സഹായിക്കുന്നതിനും ഇതരമതസ്ഥരെ മാനസാന്തരപ്പെടുത്തുന്നതിനും വേണ്ടി തിരുസ്സഭ അവരെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അവർ പുതിയ ഇടവകകൾ സ്ഥാപിക്കയും പള്ളി പണിയിക്കുകയും വൈദികരേയും സന്യാസിനികളേയും അയച്ചുകൊടുക്കുകയുംവേണം. കാസാ, പീലാസകൾ, കുർബ്ബാനക്കുപ്പായങ്ങൾ, ബലിപീഠങ്ങൾ, കുർബ്ബാനത്തക്സാകൾ (missals) എന്നിവ വാങ്ങികൊടുക്കണം. വിദൂരങ്ങളായ സ്ഥലങ്ങളിൽ ചിതറിക്കിടക്കുന്ന കത്തോലിക്കാഭവനങ്ങളിൽ ഓരോരോ ആവശ്യങ്ങൾക്കു ചെന്നെത്തുവാൻ വൈദികർക്കു വാഹനങ്ങളും വേണ്ടതായിവരും.

എന്നാൽ, ഏറെക്കുറെ ഭദ്രമായ നിലയിൽ കഴിഞ്ഞുകൂടുന്ന ഇടവകക്കാർ അവരുടെ കഴിവിന്റെ പരമാവധി ഈ ചിതറിക്കിടക്കുന്ന കത്തോലിക്കരെ സഹായിക്കണം. അവർ ഇവർക്കുവേണ്ടി പ്രാർത്ഥിക്കണം ഇവരുടെ സഹായാർത്ഥം മെത്രാന്മാർ ശേഖരിക്കുന്നഫണ്ടിലേയ്ക്കു അവർ ഉദാരമായ സംഭാവന നൽകണം.

ഓരോ കത്തോലിക്കനും ഓർക്കണം ഒരുവേള താനും കത്തോലിക്കരില്ലാത്ത സ്ഥലത്തു അധിവസിക്കേണ്ടതായി വന്നേക്കാമെന്നു. അതിനാൽ ഏതാദൃശസാഹചര്യങ്ങളിൽ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ടു തനിയെ ഉറച്ചുനിൽക്കാൻ അയാൾ സ്വയം പരിശീലിക്കണം. അജ്ഞരും. ബലഹീനരുമായവരെ പഠിപ്പിക്കുന്നതിനും, ചിതറിക്കിടക്കുന്ന കത്തോലിക്കരുടെ ഇടയിലെ പ്രേഷിതവൃത്തിയിൽ വൈദികരെ സഹായിക്കുന്നതിനും അയാൾ പ്രാപ്തനായി ഭവിക്കണം. ഈദൃശജോലികൾ നിർവ്വഹിക്കാൻ കത്തോലിക്കാ യുവജനങ്ങൾ ഒരുങ്ങിയിരിക്കേണ്ടതാകുന്നു.

*പരിചിന്തനം:* അകത്തോലിക്കർ അധിവസിക്കുന്ന പ്രദേശങ്ങളിൽ ജീവിക്കുന്ന കത്തോലിക്കർക്കു നേരിടുന്ന പ്രധാന വിഷമതകളേവ? 2. ചിതറിക്കിടക്കുന്ന ഏതാദൃശകത്തോലിക്കർക്കുവേണ്ടി തിരുസ്സഭ ചെയ്യേണ്ടതെന്തു? 3. ഇക്കാര്യത്തിൽ തിരുസ്സഭയെ നമുക്കു എങ്ങനെ സഹായിക്കാം? 4. മേല്പറഞ്ഞ പ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ കത്തോലിക്കരും എന്തു കാര്യങ്ങളിലാണു പ്രത്യേകം തയ്യാറായിരിക്കേണ്ടതു?

*പ്രായോഗികവശം:* രാജ്യത്തിന്റെ നാനാഭാഗങ്ങളിൽചിതറിക്കിടക്കുന്ന കത്തോലിക്കർ എന്റെ സഹോദരീസഹോദരന്മാരാകുന്നു; എന്റെ പ്രാർത്ഥനകളിലും സംഭാവനകളിലും അവരെ ഞാൻ സഹായിക്കും.

*വി: ഗ്രന്ഥത്തിൽനിന്ന്*: 'ഒരവയവം സഹിക്കുമ്പോൾ ബാക്കിയുള്ളവയെല്ലാം അതോടൊന്നിച്ച് സഹിക്കുന്നു' (I Cor. 12:26)

## 14 ഏക സത്യസഭ

വി. പൗലോസ് എഫേസൂസ്കാർക്കുള്ള ലേഖനത്തിൽ പറയുന്നതിപ്രകാരമാണ്: "ഇനി നിങ്ങൾ അന്യന്മാരല്ല, പരദേശികളുമല്ല; വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ വീട്ടുകാരുമാകുന്നു. നിങ്ങൾ ശ്ലീഹന്മാരുടേയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു. പണിയുടെ മൂലക്കല്ല് ഈശോമിശിഹാതന്നെയാകുന്നു. അദ്ദേഹത്തിൽ പണി മുഴുവനും കൂട്ടിച്ചേർക്കപ്പെടുകയും, നിങ്ങളും ആത്മാവുമൂലം ദൈവത്തിന്റെ വാസസ്ഥലമായിട്ട് അവനിൽ പണിയപ്പെട്ടുവരവേ, കർത്താവിൽ വിശുദ്ധഭവനമായി വളരുകയും ചെയ്യുന്നു (Eph. 2: 19–22)

✠

മിശിഹാ ഏക സഭ മാത്രമേ സ്ഥാപിച്ചുള്ളൂ. അവിടന്ന് അരുൾചെയ്തു: "ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും" (Mt. 16:18). അതിനാൽ സത്യസഭ ഒന്നേയുള്ളൂ.

മിശിഹാ തിരുസ്സഭയ്ക്കു നൽകിയ ചില ഗുണലക്ഷണങ്ങളിൽനിന്ന് അതു് സത്യസഭയാണെന്നു നമുക്ക് ഗ്രഹിക്കാം. മിശിഹായുടെ സഭ വിശ്വാസത്തിൽ ഏകമായിരിക്കണം, കൂദാശകളിൽ ഏകമായിരിക്കണം; ഏകതലവന്റെ കീഴിലായിരിക്കണം, അതു വിശുദ്ധമായിരിക്കണം, എന്തെന്നാൽ മിശിഹാ അതിനെ വിശുദ്ധീകരിക്കുന്നു. അതു കാതോലികം അഥവാ സാർവ്വത്രിക (എല്ലാകാലത്തേയ്ക്കും എല്ലാ ജനങ്ങൾക്കുമുള്ളതു്) മായിരിക്കണം; എന്തെന്നാൽ മിശിഹാ അതിനെ എല്ലാ ജനപദങ്ങൾക്കും എല്ലാക്കാലത്തേയ്ക്കുമായി സ്ഥാപിച്ചതാകുന്നു. അതു് ശ്ലൈഹികം അഥവാ അപ്പസ്തോലികമായിരിക്കണം;എന്തെന്നാൽ അതിന്റെ അധികാരികൾ ശ്ലീഹന്മാരുടെ നിയമാനുസൃതരായ പിൻഗാമികളായിരിക്കണം.

ഈ നാലു ലക്ഷണങ്ങളും കത്തോലിക്കാ(റോമൻ കത്തോലിക്കാ)സഭയ്ക്കു മാത്രമേയുള്ളൂ. കാരണം, ഒരേ വിശ്വാസവും ഒരേ കൂദാശകളും സ്വീകരിച്ചുകൊണ്ടു് ഒരേ ദൃശ്യതലവനായ മാർപ്പാപ്പായാൽ ഭരിക്കപ്പെടുന്നതു് അതു മാത്രമാകുന്നു. അതു് വിശുദ്ധമാകുന്നു: അതിന്റെ അദ്ധ്യാപനത്തിൽനിന്നും, പ്രവർത്തനങ്ങളിൽനിന്നും പ്രത്യേകമായി അതിന്റെ വിശുദ്ധരിൽനിന്നും ഇതു് സുസ്പഷ്ടമാകുന്നു. ഈ വിശുദ്ധരിൽ അനേകം പേരെ അത്ഭുതപ്രവർത്തനശക്തി നൽകി ദൈവം മഹത്വീകരിച്ചിട്ടുണ്ടു്. അതു കാതോലികം അഥവാ സാർവ്വത്രികമാകുന്നു: അതു് സമ്പൂർണ്ണവിശ്വാസസംഹിതയും എല്ലാ കൂദാശകളും അഭംഗമായി സംരക്ഷിച്ചുപോരുന്നു. മിശിഹായുടെ കാലംമുതൽ ഇതുവരെയുള്ള കാലമെല്ലാം അതു് നിലനിന്നുപോന്നു,

ലോകമെങ്ങും വ്യാപിക്കയും ചെയ്തിരിക്കുന്നു. അതു് ലൈഗീകം അഥവാ അപ്പസ്തോലികമാകുന്നു: എന്തെന്നാൽ പിറകോട്ടു കണ്ണോടിച്ചാൽ അതിന്റെ ജീവിതവ്യാപാരങ്ങൾ ശ്ലീഹന്മാരുടെ കാലത്തോളം എത്തുന്നതായിക്കാണാം; തിരുസ്സഭയുടെ മെത്രാന്മാർ ശ്ലീഹന്മാരുടെ നിയമാനുസൃതരായ പിൻഗാമികളും, മാർപ്പാപ്പാ പത്രോസിന്റെ നിയമാനുസൃത പിൻഗാമിയുമാണെന്നു് കാണാം. ഇതത്രെ മിശിഹായുടെ സത്യസഭയുടെ ഏററം സുസ്പഷ്ടമായ ലക്ഷണം, അഥവാ സവിശേഷമായ തെളിവു്.

"ക്രിസ്തീയസഭകൾ" എന്ന പേരിൽ പലേ ക്രിസ്തീയസമൂഹങ്ങളും ഇന്നു് ഭൂമുഖത്തുണ്ടു്. എന്നാൽ അവയിലൊന്നിനുപോലും ഈ നാലു ലക്ഷണങ്ങളുമില്ല. അവ ലൈഗീകങ്ങളല്ല; അവയ്ക്കു ശ്ലീഹന്മാരുടെ കാലം മുതൽക്കുള്ള പിന്തുടർച്ചയില്ല. അവ പിൽക്കാലത്തുണ്ടായതാണു്. അവയുടെ നേതാക്കൾ ശ്ലീഹന്മാരുടെ പിൻഗാമികളല്ല. വി. പത്രോസിന്റെ പിൻഗാമിയോടുള്ള ഒരുമ്പാടിൽ അവ ജീവിക്കുന്നില്ല. ആകയാൽ, മററ ക്രിസ്തീയസമൂഹങ്ങളിലൊന്നുപോലും മിശിഹായുടെ സത്യസഭയല്ലെന്നു് നാം മനസ്സിലാക്കണം.

മിശിഹായുടെ അധികാരം പ്രാപിച്ചിരിക്കുന്നതു് കത്തോലിക്കാസഭ മാത്രമാകുന്നു. നിത്യസൗഭാഗ്യത്തിലേയ്ക്കു് മനുഷ്യരെ ആനയിക്കുന്ന മാർഗ്ഗങ്ങളെല്ലാം കത്തോലിക്കാസഭയിലത്രേ മിശിഹാ കൂട്ടിയിണക്കിയിരിക്കുന്നതു്. ദൈവവചനം പ്രസംഗിക്കുന്നതിനും, ദിവ്യബലി അർപ്പിക്കുന്നതിനും, കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും, മനുഷ്യരെ ക്രിസ്തീയജീവിതമാർഗ്ഗത്തിൽ കൂടി നയിക്കുന്നതിനുമുള്ള അധികാരം :കത്തോലിക്കാസഭയ്ക്കുമാത്രമേയുള്ളു.

അകത്തോലിക്കരായ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും അറിയുന്നില്ല കത്തോലിക്കാസഭയാണു് തങ്ങളുടെ യഥാർത്ഥ മാതൃഭവനമെന്ന വസ്തുത! അവർ സത്യത്തെ സമ്പൂർണ്ണമാംവിധം ഗ്രഹിക്കുന്നില്ല. തന്നിമിത്തം അവർ അനേകമനേകം അബദ്ധവാദങ്ങൾക്കു് വിധേയരായിത്തീരുന്നു, അനേകമനേകം പ്രസാദവരങ്ങൾ നഷ്ടമാക്കിക്കളയുന്നു. എന്നാൽ മിശിഹാ അവർക്കുവേണ്ടിക്കൂടെയുമാണു് ക്രൂശുമരണം പ്രാപിച്ചതു്; കത്തോലിക്കാസഭ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർക്കുവേണ്ടിക്കൂടെയും ബലിയർപ്പിക്കുന്നു. അവർക്കു അറിയാവുന്ന വിധത്തിലെല്ലാം ദൈവതിരുമനസ്സു് നിറവേററുന്നപക്ഷം നിത്യസൗഭാഗ്യം പ്രാപിക്കാൻ അവർക്കും സാധിക്കുന്നതാണു്.

*പരിചിന്തനം:* 1.ഈശോ ഏകസഭ സ്ഥാപിക്കാനേഉദ്ദേശിച്ചുള്ളവെന്നു്അവിടത്തെ ഏതു വചനങ്ങളിൽനിന്നാണു് നാം മനസ്സിലാക്കുന്നതു്? 2. 'കത്തോലിക്കാ' എന്ന ശബ്ദത്തിന്റെ അർത്ഥമെന്തു്? 3. 'ശ്ലീഹാ' അഥവാ 'അപ്പസ്തോലൻ' എന്ന ശബ്ദത്തിന്റെ അർത്ഥമെന്തു്? 4. സത്യസഭ ഏകവും വിശുദ്ധവും, കാതോലികവും, ലൈഗീകവുമായിരിക്കേണ്ടതെന്തുകൊണ്ടു്? 5. റോ

മൻ കത്തോലിക്കാസഭയാണ് വാസ്തവത്തിൽ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമെന്ന് എങ്ങനെ തെളിയുന്നു? 6. മിശിഹായുടെ സത്യസഭ റോമൻകത്തോലിക്കാ സഭതന്നെയെന്ന് ഏററം കൂടുതൽ തെളിയുന്നത് ഏതു ലക്ഷണത്താലാണ്? 7. മറെറാരു ക്രിസ്തീയസഭ (സമൂഹം) മിശിഹായുടെ സത്യസഭയാകാൻ പാടില്ലാത്തതെന്തുകൊണ്ട്? 8. "രക്ഷയുടെ ഏകമാർഗ്ഗമെന്ന്" കത്തോലിക്കാസഭയെ വിളിക്കുന്നതെന്തുകൊണ്ട്? 9. കത്തോലിക്കരല്ലാത്തവർക്കുപോലും രക്ഷപ്പെടാൻ സാധിക്കുന്നതെങ്ങനെ? 10. അവരും രക്ഷപെടാൻ നമുക്ക് എങ്ങനെ സഹായിക്കാം?

**27. സത്യസഭ ഒന്നുമാത്രമായതെന്തുകൊണ്ട്?**

മിശിഹാ ഏകസഭമാത്രം സ്ഥാപിച്ചതിനാൽ സത്യസഭയായി ഒന്നേ ഉണ്ടാകുവാൻ പാടുള്ളൂ.

**28. സത്യസഭയ്ക്കുണ്ടായിരിക്കേണ്ട ലക്ഷണങ്ങളേവ?**

സത്യസഭ ഏകവും, വിശുദ്ധവും, കാതോലികവും, ശ്ലൈഹികവുമായിരിക്കണം.

**സത്യസഭയുടെ ഈ നാലു ലക്ഷണങ്ങൾ ഏതു സഭയ്ക്കുണ്ട്?**

സത്യസഭയുടെ ഈ നാലുലക്ഷണങ്ങൾ കത്തോലിക്കാസഭയ്ക്കു മാത്രമേയുള്ളൂ.

**29. കത്തോലിക്കാസഭയെ 'ഏകരക്ഷാമാർഗ്ഗം' എന്നു വിളിക്കുന്നതെന്ത്?**

കത്തോലിക്കാസഭ മാത്രം മനുഷ്യരെ രക്ഷയിലേയ്ക്കാനയിക്കാനുള്ള അധികാരവും മാർഗ്ഗങ്ങളും മിശിഹായിൽനിന്നും പ്രാപിച്ചിരിക്കയാൽ അവളെ 'ഏകരക്ഷാമാർഗ്ഗം' എന്നു വിളിക്കുന്നു.

*പ്രായോഗികവശം:* ഏകസത്യസഭയുടെ അംഗമായി ജീവിക്കാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചതിനെക്കുറിച്ച് ദൈവത്തിനു ഞാൻ നന്ദി പറയും. അവളെ ഞാൻ എന്നും നിർഭയനായി സന്തോഷത്തോടെ ഏററുപറയും. ഭിന്നിച്ചുനില്ക്കുന്ന ക്രിസ്തീയസഹോദരങ്ങൾ ഏക സത്യതിരുസ്സഭയാകുന്ന മാതൃഭവനത്തിലേയ്ക്കു വന്നുചേരുവാൻ ഞാൻ പ്രാർത്ഥിക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* ഒടുവിലത്തെ അത്താഴത്തിനുശേഷം ഈശോ ഇപ്രകാരം പ്രാർത്ഥിച്ചു: "നീ എന്നെ അയച്ചിരിക്കുന്നുവെന്ന് ലോകം വിശ്വസിക്കുവാൻ അവരെല്ലാവരും ഒന്നാകേണ്ടതിന്, എന്റെ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ" (Jn. 17: 21).

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന്:* ജാനുവരി 18 മുതൽ 25 വരെ എല്ലാ ക്രിസ്തീയവകുപ്പുകളും വിശ്വാസത്തിന്റെ ഐക്യത്തിനായി പ്രാർത്ഥിക്കുന്നുണ്ട്. ഇതിനു 'പുനരൈക്യവാരം' എന്നു പറയുന്നു.

തിരുസ്സഭക്കിപ്പോൾ നാല്പതുറകോടിയിൽപരം അംഗങ്ങളുണ്ട്.

*കത്തോലിക്കാസഭയിലെ വിവിധ റീത്തുകൾ:* കത്തോലിക്കാസഭയിലെ ഭൂരിഭാഗം ആളുകൾ കുർബ്ബാനയും മററു തിരുക്കർമ്മങ്ങളും ലത്തീൻ റീത്തിലാണ് അനുഷ്ഠിക്കുന്നതു്. എന്നാൽ എല്ലാ കത്തോലിക്കരും ലത്തീൻ റീത്തുകാരല്ല. ചിലർ സുറിയാനിയിലും, ചിലർ ഗ്രീക്കിലും മററു ഭാഷകളിലും തിരുക്കർമ്മങ്ങൾ നടത്തുന്നു. എന്നാൽ അവരും ലത്തീൻ റീത്തുകാരെപ്പോലെ തന്നെ യഥാർത്ഥ കത്തോലിക്കരാകുന്നു. എന്തെന്നാൽ അവരും കത്തോലിക്കാസഭയുടെ അതേ വിശ്വാസവും അതേ കൂദാശകളുമുള്ളവരാകുന്നു.

അവരുടെ മെത്രാന്മാർ ശ്ലീഹന്മാരുടെ നിയമാനുസൃത പിൻഗാമികളാകുന്നു. വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായോടുള്ള ഐക്യത്തിൽ നിലകൊള്ളുകയും ചെയ്യുന്നു. അവരെ 'പൗരസ്ത്യ റീത്തുകാരായ കത്തോലിക്കർ' എന്നു വിളിക്കുന്നു.

ഇൻഡ്യയിൽ പൗരസ്ത്യറീത്തുകാരായ കത്തോലിക്കർ വളരെയുണ്ട്. അവർ ഏറെക്കുറെ കേരളത്തിലാണ് അധിവസിക്കുന്നതു്. അവരിൽ സീറോ മലബാർ (സുറിയാനികൽദായ) റീത്തുകാർ രണ്ടു മെത്രാപ്പോലീത്താമാരുടെയും അഞ്ചു മെത്രാന്മാരുടെയും ഭരണത്തിലുൾപ്പെട്ടവരായി 1350000 പേരുണ്ട്; സീറോ മലങ്കര റീത്തുകാർ (അന്ത്യോക്യാസുറിയാനി) ഒരു മെത്രാപ്പോലീത്തായുടേയും ഒരു മെത്രാന്റേയും ഭരണത്തിലുൾപ്പെട്ടവരായി 100000 പേരുണ്ട്. ഈ കത്തോലിക്കരെല്ലാം മാർത്തോമ്മാ ശ്ലീഹായാൽ മാനസാന്തരപ്പെട്ട പൂർവ്വകേരളീയ ക്രിസ്ത്യാനികളുടെ സന്താനങ്ങളാകുന്നു. അവർക്കു സ്വന്തമായ ചില സഭാനിയമങ്ങളും പാരമ്പര്യാചാരങ്ങളുമുണ്ട്, ഈ പാരമ്പര്യാചാരങ്ങളിൽ പലതും ബ്രാഹ്മണരും ഉൽകൃഷ്ടഹൈന്ദവജാതിക്കാരും പണ്ടേതന്നെ ആചരിച്ചുപോരുന്നതാകുന്നു. ആരാധനാക്രമസംബന്ധമായ തിരുക്കർമ്മങ്ങളിൽ അവർ സുറിയാനി, മലയാളഭാഷകൾ ഉപയോഗിച്ചുപോരുന്നു.

## കത്തോലിക്കാസഭയ്ക്കു പുറമേയുള്ള ക്രിസ്തീയവകുപ്പുകൾ

പതിനൊന്നാം നൂററാണ്ടിൽ അനേകം പൗരസ്ത്യകത്തോലിക്കർ മാർപ്പാപ്പായോടുള്ള ഐക്യത്തിൽനിന്നു വേർപിരികയും, മിശിഹായുടെ വികാരിയായി അദ്ദേഹത്തെ സ്വീകരിക്കാൻ വിസമ്മതിക്കയും ചെയ്തു. അവർ "ഓർത്തഡോക്സ്"കാർ എന്നുള്ള പേരെടുത്തു; ക്രമേണ അനേകമനേകം ദേശീയസഭകളായിട്ട് അവർ പിരിഞ്ഞുപോയി; അവർ സംഖ്യയിൽ ആകെ ഒരു കോടി അമ്പതുലക്ഷത്തോളം വരും. ഇവയിൽ ഏററം പ്രധാന വകുപ്പ് റഷ്യൻ ഓർത്തഡോക്സ്കാരുടേതാകുന്നു; ദൈവവിശ്വാസമില്ലാത്ത കമ്മ്യൂണിസ്റ്റ്കാരാൽ ഭരിക്കപ്പെടുന്നുവെങ്കിലും റഷ്യാക്കാരിൽ വളരെയധികം പേരും ഈ ഓർത്തഡോക്സ് സഭയിൽ വിശ്വസിക്കുന്നവരാകുന്നു. ഈ ഓർത്തഡോക്സ് ക്രിസ്ത്യാനികൾക്ക് ഏറെക്കുറെ സത്യമായ വിശ്വാസസംഹിതയും കൂദാശകളും സാധുവായ പട്ടത്തമുള്ള മെത്രാന്മാരും വൈദികരുമുണ്ട്. അവർ മാർപ്പാപ്പായെ മിശിഹായുടെ വികാരിയായി

സമ്മതിക്കുന്നില്ല എന്നേയുള്ളു. ഇതുംകൂടെ സമ്മതിക്കുന്നപക്ഷം അവർക്ക് യഥാർത്ഥ കത്തോലിക്കരായിത്തീരാം.

ഇൻഡ്യയിലും ഉദ്ദേശം 300 കൊല്ലങ്ങൾക്കുമുമ്പ് ഒരു പൗരസ്ത്യ റീത്തിൽപ്പെട്ട കുറെ കേരളീയകത്തോലിക്കർ തിരുസ്സഭയിൽനിന്നു പിരിഞ്ഞുപോകുന്നതിനിടയായി. ചില ലത്തീൻ റീത്തുകാരായ മെത്രാന്മാരുമായി റീത്തുസംബന്ധിച്ചുണ്ടായ ഉരസലിലാണ് ഇതാരംഭിച്ചത്. യാക്കോബായർ എന്ന പേരിൽ അറിയപ്പെടുന്ന ഇവർ ഉദ്ദേശം 700,000 പേർ വരും. ഇവരിൽ ചിലർ പിൽക്കാലത്തു പ്രോട്ടസ്റ്റൻറുകാരുടെ പ്രേരണകൾക്കു വിധേയരായി, യാക്കോബായ സഭയിൽനിന്നു പിരിഞ്ഞ് "മാർത്തോമ്മാസഭ' എന്നൊരു സ്വതന്ത്രസഭ സ്ഥാപിച്ചു. യാക്കോബായരാകട്ടെ സത്യവിശ്വാസം ഏറെക്കുറെ അഭംഗമായി സംരക്ഷിച്ചുപോന്നു; കുറഞ്ഞൊരു കാലമായിട്ട് ഇവരിൽനിന്ന് അനേകംപേർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുതുടങ്ങിയിരിക്കുന്നു.

പതിനാറാം നൂററാണ്ടിൽ ലത്തീൻ റീത്തിൽപ്പെട്ട യൂറോപ്യൻ കത്തോലിക്കരിൽ അനേകം പേർ മാർപ്പാപ്പായോടുള്ള ഐക്യത്തെ പരിത്യജിക്കയും കത്തോലിക്കാസഭയിൽനിന്നു സ്വയം വേർപെടുത്തുകയും ചെയ്തു. ഇവർ യഥാർത്ഥ വിശ്വാസം നഷ്ടമാക്കി; ലൂഥർ, കാൽവിൻ, സ്വിങ്ളി മുതലായവർ പഠിപ്പിച്ച അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിച്ചു. ഇങ്ങനെ ലൂഥറൻസ്, ആംഗ്ലിക്കൻസ്, പ്രെസ്ബിറേററിയൻസ്, കോൺഗ്രിഗേഷനലിസ്റ്റ്, ബാപ്ററിസ്റ്റ്സ്, മെത്തോഡിസ്റ്റ്സ് മുതലായ വിവിധ പ്രോട്ടസ്റ്റൻറ് വകുപ്പുകൾ വളർന്നുവരായി. ഈ വകുപ്പുകാരിൽ മിക്കവരും ഇൻഡ്യയിൽ പ്രേഷിതവേല (മിഷ്യൻ) ചെയ്യുന്നുണ്ട്. രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഇൻഡ്യയിലെ പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ ഒരൈക്യം സംസ്ഥാപിക്കുന്നതിനുള്ള പരിശ്രമമുണ്ടായി. അതിൻെറ ഫലമായിട്ടാണ് 1,5000,00 പേർ വരുന്ന ദക്ഷിണേന്ത്യൻസഭ (United Church of South India) രൂപവൽകൃതമായതു്. ലൂഥറന്മാർ തുടങ്ങിയ ചില പ്രോട്ടസ്റ്റൻറുകാർ ഇതുവരെയും ഈ ഐക്യത്തിൽപ്പെടാതെ നിലകൊള്ളുകയാണ്. എന്നാൽ സെവന്തുഡേ അഡ്വെൻറിസ്റ്റ്സ് തുടങ്ങിയവരെ പ്രസ്തുത ഐക്യത്തിലേയ്ക്കു ക്ഷണിക്കുകപോലുമുണ്ടായില്ല. വടക്കേ ഇൻഡ്യയിലും പ്രോട്ടസ്റ്റൻറുസഭകളുടെ ഐക്യത്തിനുള്ള ഒരു പരിശ്രമം നടന്നുകൊണ്ടിരിക്കുന്നു.

ഇവരെല്ലാം കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞു ജീവിക്കുന്നുവെന്നതു് വളരെ ശോചനീയമായൊരു വസ്തുതയാണ്. ഇവരുടെ ഈ അബദ്ധനിലപാട് ഇവരുടെ സ്വന്തം കുററത്താൽ വന്നതല്ല; ഇവർക്ക് ക്രൈസ്തവബോധനം ലഭിച്ചതു തെററായ തുറകളിൽനിന്നാണെന്നു നാം അനുസ്മരിക്കണം. ഇവരിൽ അനേകം പേരും നല്ലവരാണ്; ഇവർ ഗ്രഹിച്ചുവച്ചിട്ടുള്ളതുപോലെ ഉത്തമമാംവിധം മിശിഹായെ ശ്രദ്ധാനുകരിക്കയും ചെയ്യുന്നു. ഇവർ സത്യസഭയിലേയ്ക്കുള്ള മാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കണം.

## 15. പുണ്യവാന്മാരുടെ ഒരുമ്പാട്

തിരുസ്സഭ തന്നോട് ഐക്യപ്പെട്ടിരിക്കുന്നവരെ ദിവ്യബലിയുടെ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുന്നു. ദിവ്യബലിയിലെ കാനോൻ എന്ന പ്രധാന പ്രാർത്ഥനയിൽ സകല വിശ്വാസികൾക്കുംവേണ്ടി, വിശിഷ്യ, ബലിയിൽ സന്നിഹിതരായിരിക്കുന്നവർക്കുവേണ്ടി, അവൾ അപേക്ഷിക്കുന്നുണ്ട്. അനന്തരം സ്വർഗ്ഗസ്ഥരായ സകല വിശുദ്ധരേയും അവൾ അനുസ്മരിക്കയും, നമുക്കുവേണ്ടിയുള്ള അവരുടെ പ്രാർത്ഥനകൾകേട്ട് നമുക്ക സഹായസംരക്ഷണങ്ങൾ നൽകണമെന്ന് ദൈവത്തോടു യാചിക്കയും ചെയ്യുന്നു.

✠

ഭൂമിയിലെ വിശ്വാസികൾ ഒരു പരിശുദ്ധ സമൂഹമാകുന്നു. ആ സമൂഹത്തിൻെറ തലവൻ മിശിഹായാകുന്നു. അതിലെ അംഗങ്ങൾ പരസ്പരം പ്രാർത്ഥിക്കയും ദിവ്യബലി സമർപ്പിക്കയും ചെയ്യുന്നു; വിശിഷ്യ, ആരാധനാകർമ്മത്തിനായി സമ്മേളിക്കുമ്പോൾ തിരുസ്സഭയുടെ പ്രാർത്ഥനകളിലും ദിവ്യബലിയിലും അവക്കു പങ്കുണ്ട്. വിശ്വാസികളിൽ ഓരോരുത്തൻെറയും പ്രാർത്ഥനകളിലും സൽപ്രവൃത്തികളിലും എല്ലാവർക്കും, വിശിഷ്യ, അവ പരസ്പരപ്രയോജനാർത്ഥം സമർപ്പിക്കുമ്പോൾ, ഓഹരി ലഭിക്കുന്നു.

ഭൂമിയിലെ വിശ്വാസികൾക്കു സ്വർഗ്ഗസ്ഥരായ വിശുദ്ധരുമായി ഒരുമ്പാടുണ്ട്. എല്ലാ വിശുദ്ധരും മിശിഹായിൽ നമ്മുടെ സഹോദരീസഹോദരന്മാരാകുന്നു. നാം അവരുടെ ഓർമ്മ കൊണ്ടാടുകയും, അവരുടെ പ്രാർത്ഥന യാചിക്കയും, അവരുടെ ആദർശമനുസരിക്കുവാൻ പരിശ്രമിക്കയും ചെയ്യുന്നു. അവർ നമ്മോടൊന്നിച്ചു ദൈവത്തെ സ്തുതിക്കയും, നമുക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യുന്നു.

രക്ഷപ്രാപിക്കുവാൻ ഭൂമിയിലെ വിശ്വാസികൾ ഇനിയും യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ അവരുടെ സമൂഹത്തെ "സമരം ചെയ്യുന്ന സഭ" എന്നു വിളിക്കുന്നു. സ്വർഗ്ഗസ്ഥരായ വിശുദ്ധരാകട്ടെ അവരുടെ വിജയം വരിച്ചുകഴിഞ്ഞു. അതിനാൽ അവരുടെ സമൂഹത്തെ "വിജയം വരിച്ച സഭ" അഥവാ "ജൈത്രസഭ" എന്നു വിളിക്കുന്നു. തങ്ങളുടെ പാപത്തിൻെറ അനന്തരദുഷ്ഫലങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെടുവാൻ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ ഇനിയും സഹിക്കേണ്ടിയിരിക്കുന്നു. ആകയാൽ അവരുടെ സമൂഹത്തെ "സഹനസഭ" എന്നു വിളിക്കുന്നു.

ഭൂമിയിലെ വിശ്വാസികളും, സ്വർഗ്ഗത്തിലെ വിശുദ്ധരും, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുംകൂടി ഒരൊററ വിശുദ്ധസമൂഹമാകുന്നു. അവർ എല്ലാവരും പരിശുദ്ധാത്മാവുമൂലം വിശുദ്ധീകരിക്കപ്പെടുകയും പര

സ്വരം യോജിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഏകീത മഹാസമൂഹത്തെയാണ് "പുണ്യവാന്മാരുടെ ഒരുമ്പാട്" എന്നു വിളിക്കുന്നത്:

ഒടുവിലത്തെ ദിവസം സമരസഭയേയും സഹനസഭയേയും മിശിഹാ ജൈത്രസഭയോടു യോജിപ്പിക്കും. അപ്പോൾ ഈ മഹാകുടുംബം പിതാവായ ദൈവത്തോട് ഒരുമിക്കും, പുണ്യവാന്മാരുടെ ഒരുമ്പാട് പൂർത്തിയാകയും ചെയ്യും.

*പരിചിന്തനം:* **1. ഭൂമിയിലെ വിശ്വാസികളുടെ സമൂഹം a) ഭൂമിയിലുള്ളവർ തമ്മിലും b) സ്വർഗ്ഗസ്ഥരായ വിശുദ്ധരോടും c) ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളോടും ഒരുമ്പാടുള്ളവരായിരിക്കുന്നതെങ്ങനെ? 2. ഭൂമിയിലെ വിശ്വാസികളുടെ സമൂഹത്തെ നാം വിളിക്കുന്നതെങ്ങനെ? 3. സ്വർഗ്ഗസ്ഥരായ വിശുദ്ധരുടെ സമൂഹത്തെ നാം വിളിക്കുന്നതെങ്ങനെ? 4. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ സമൂഹത്തെ നാം വിളിക്കുന്നതെങ്ങനെ? 5. ഈ മൂന്നു സമൂഹങ്ങളേയും ഒന്നിച്ചുകൂട്ടി ''പുണ്യവാന്മാരുടെ ഒരുമ്പാട്'' എന്നു നാം വിളിക്കുന്നത് എന്തുകൊണ്ട്? 6. പുണ്യവാന്മാരുടെ ഈ ഒരുമ്പാടിനെ മിശിഹാ എങ്ങനെ പൂർത്തിയാക്കും?**

**30. പുണ്യവാന്മാരുടെ ഒരുമ്പാടിൽ ആരെല്ലാം ഉൾപ്പെടുന്നു?**

**പുണ്യവാന്മാരുടെ ഒരുമ്പാടിൽ ഭൂമിയിലെ വിശ്വാസികളും, സ്വർഗ്ഗത്തിലെ വിശുദ്ധരും, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളും ഉൾപ്പെടുന്നു.**

*പ്രായോഗികവശം:* **ഞാൻ എന്തു നന്മചെയ്താലും അതു് അഖില തിരുസ്സഭയ്ക്കും സഹായകമാകുന്നു. ഞാൻ എന്തുചെയ്താലും അതു തിരുസ്സഭയെ മുഴുവനും ബാധിക്കും. ആ സ്ഥിതിക്ക് എനിക്കുള്ള ഉത്തരവാദിത്വംഎത്രയോ വലുതു്! എന്റെ അജ്ഞാതസ്നേഹിതന്മാരായി സ്വർഗ്ഗത്തിലെ വിശുദ്ധരുടെ ഇടയിലും ഭൂമിയിലെ വിശ്വാസികളുടെ ഇടയിലും അനേകം പേരുണ്ട്. അവരുടെ പ്രാർത്ഥനമൂലം എനിക്കു് അനേകം അനുഗ്രഹങ്ങൾ ലഭിക്കുന്നുണ്ടെന്നുള്ള വസ്തുത ഞാൻ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കും.**

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* **വി. പൗലോസ് ഇപ്രകാരം എഴുതിയിരിക്കുന്നു; ''നിങ്ങളെക്കുറിച്ചുള്ള പീഡകളിൽ ഞാൻ സന്തോഷിക്കയും, മിശിഹായുടെ ഞെരുക്കങ്ങളുടെ കുറവിനെ, സഭയാകുന്ന അവിടത്തെ ശരീരത്തെപ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കയും ചെയ്യുന്നു'' (Col. 1: 24). ''മരിച്ചവർക്കുവേണ്ടി അപേക്ഷിക്കുന്നതു് പരിശുദ്ധവും പ്രയോജനകരവുമായ സംഗതിയാകുന്നു'' (2 Mach. 12; 45).**

*തിരുസ്സഭയുടെ ജീവിതത്തിൽനിന്നു്:* **എല്ലാ ദിവസവുംതന്നെ തിരുസ്സഭ ഏതെങ്കിലുമൊരു വിശുദ്ധന്റെ തിരുനാളാഘോഷിക്കുന്നു. നവംബർ 1-ാം തീയതി സകല വിശുദ്ധരുടെ തിരുനാളാകുന്നു. നവംബർ 2-ാം തീയതി സകല മരിച്ചവരുടെ ഓർമ്മദിനമാകുന്നു.**

*പരീക്ഷണവശം:* **1. വിശ്വാസികളുടെ ഏതു സമൂഹത്തിൽപ്പെട്ടവർക്കുവേണ്ടിയാണ് നാം കൂടുതൽ പ്രാർത്ഥിക്കേണ്ടതു്? 2. നമ്മോടു വിശേഷാൽ**

അടുത്തിരിക്കുന്ന വിശുദ്ധർ ആരാകുന്നു? 3. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളിൽ ആർക്കുവേണ്ടിയാണ് നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടത്? 4. ദിവ്യബലിയിലെ കാനോൻഭാഗത്ത് ജീവിച്ചിരിക്കുന്നവരെക്കുറിച്ചും, വിശുദ്ധരെക്കുറിച്ചും മരിച്ചവരെക്കുറിച്ചും പറഞ്ഞിട്ടുള്ളതു കണ്ടുപിടിക്കുക.

## 16. മറിയം നമ്മുടെ മാതാവും രാജ്ഞിയുമാകുന്നു

"പരിശുദ്ധ രാജ്ഞീ, സ്വസ്തി! കാരുണ്യമേറിയ മാതാവേ, ഞങ്ങളുടെ ജീവനെ, മാധുര്യമേ, ശരണമേ, സ്വസ്തി! പരദേശവാസത്തിന്റെ ദുഃഖമനുഭവിക്കുന്ന ഹാവായുടെ മക്കളായ ഞങ്ങൾ നിന്നെ വിളിച്ചു കേഴുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽ നിന്നുകൊണ്ട് നിന്റെ പക്കലേക്കു ഞങ്ങൾ നെടുവീർപ്പിടുന്നു, കരയുന്നു, പ്രലപിക്കുന്നു. അനുഗ്രഹസമ്പൂർണ്ണയായ മദ്ധ്യസ്ഥേ, നിന്റെ കാരുണ്യമേറിയ തൃക്കണ്ണുകൾ ഞങ്ങളുടെ നേർക്കു തിരിക്കേണമേ. ഈ പരദേശവാസത്തിനുശേഷം നിന്റെ ഉദരഫലമായ ഈശോയെ ഞങ്ങൾക്കു കാട്ടേണമേ. ഓ! കനിവും സ്നേഹവും മാധുര്യവുമേറിയ കന്യകമറിയമേ!"

✠

വിശുദ്ധരിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനമലങ്കരിക്കുന്നത് പരിശുദ്ധ കന്യകമറിയമാകുന്നു. ദൈവത്തിന്റെ തൃക്കുമാരൻ മനുഷ്യാവതാരം ചെയ്തപ്പോൾ അതിൽ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കാനുള്ള മഹാഭാഗ്യം അവൾക്കു സിദ്ധിച്ചു. അവൾ നമ്മുടെ ദിവ്യരക്ഷകന്റെ മാതാവാകുന്നു. ദിവ്യരക്ഷകനായ ഈശോ നമ്മുടെ സഹോദരനാകയാൽ അവൾ നമ്മുടെയും മാതാവാകുന്നു.

കുരിശിന്മേൽ ഈശോ സ്വയം ബലിസമർപ്പിച്ചപ്പോൾ അവൾ അവിടുത്തെ സമീപം നിന്നുകൊണ്ട് ആ ബലിയിൽ പങ്കെടുത്തു. വ്യാകുലമാകുന്ന വാൾ അവളുടെ ആത്മാവിനെ പിളർന്നു. അവൾ വ്യാകുലമാതാവും, പാപികളുടെ സങ്കേതവും, ദുഃഖിതരുടെ ആശ്വാസവുമാകുന്നു.

നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം മറിയം ശിഷ്യസമൂഹത്തോടുകൂടെയായിരുന്നു. അവൾ അവരോടൊന്നിച്ച് ഓറശ്ലത്തെ ഉന്നതശാലയിൽ പ്രാർത്ഥിക്കയും, പന്തക്കുസ്താ ദിവസത്തിൽ അവരോടൊന്നിച്ച് പരിശുദ്ധാത്മാവിന്റെ മഹാദാനങ്ങൾ പ്രാപിക്കയും ചെയ്തു. ശിശുവായ തിരുസ്സഭയുടെ സന്തോഷത്തിലും ദുഃഖത്തിലും അവൾ പങ്കുകൊണ്ടു. അവൾ ക്രിസ്ത്യാനികളുടെ മാതാവാകുന്നു.

മറിയം തന്റെ തൃക്കുമാരന്റെ പീഡകളോടും മരണത്തോടും ഗാഢമായി ബന്ധപ്പെട്ടിരുന്നതിനാൽ, അവിടുത്തെ മഹത്വത്തിലും അവൾ അവിടുത്തോട് ഗാഢബന്ധമുള്ളവളായിത്തീർന്നു. അവൾ എല്ലാ പാപത്തിൽനിന്നും നിശ്ശേഷം വിമുക്തയായിരുന്നതിനാൽ അവളുടെ ശരീരം ക്ഷയിക്കാതെ സംരക്ഷിക്കപ്പെട്ടു. അവൾ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തേയ്ക്കെടുക്കപ്പെട്ടു. ഇതിനെയാണ് 'സ്വർഗ്ഗാരോപണം' എന്നു നാം പറയുന്നത്. അവളിപ്പോൾ സകല ദൈവദൂതന്മാരുടെയും വിശുദ്ധരുടേയും

മഹാരാജ്ഞിയായി സ്വർഗ്ഗത്തിൽ വാണരുളുന്നു. സ്വകുമാരനായ മിശിഹായോടൊരുമിച്ച് അവൾ ഭൂലോകം മുഴുവൻ വാണരുളുന്നു. അവിടുത്തെ എല്ലാ സഹോദരീസഹോദരന്മാരെയും കാരുണ്യമേറിയ ഒരു മാതാവിൻെറ സ്നേഹത്തോടെ അവൾ ആശ്ലേഷിക്കുന്നു. അവൾ നമ്മുടെ നാഥയാകുന്നു, നമ്മുടെ സ്വർഗ്ഗീയ മാതാവാകുന്നു. അവൾ നമുക്കുവേണ്ടി പ്രാർത്ഥിക്കയും പ്രസാദവരങ്ങൾ പ്രാപിച്ചുതരികയും ചെയ്യുന്നു.

*പരിചിന്തനം:* 1. വിശുദ്ധരുടെ ഗണത്തിൽ മറിയം പ്രഥമസ്ഥാനം അലങ്കരിക്കുന്നതെന്തുകൊണ്ട്? 2. മറിയം നമ്മുടെ മാതാവായിരിക്കുന്നതെന്തുകൊണ്ട്? 3. വ്യാകുലമാതാവെന്ന് നാം അവളെ വിളിക്കുന്നതെന്തുകൊണ്ട്? 4. ശിശുവായ തിരുസ്സഭയുടെ ജീവിതത്തിൽ മറിയം വഹിച്ച പങ്കെന്ത്? 5. മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗാരോപണം ചെയ്‌വാൻ ന്യായമെന്ത്? 6. ഇപ്പോൾ മറിയം സ്വർഗ്ഗത്തിലിരുന്നുകൊണ്ട് നമുക്കുവേണ്ടി എന്തുചെയ്യുന്നു?

**31. മറിയത്തിൻെറ ഭൗമിക ജീവിതാവസാനത്തിൽ അവൾ എങ്ങിനെ മഹത്വീകരിക്കപ്പെട്ടു.**

ആത്മശരീരങ്ങളോടുകൂടെയുള്ള സ്വർഗ്ഗാരോപണം വഴിയായി മറിയത്തിൻെറ ഭൗമികജീവിതാവസാനത്തിൽ അവൾ മഹത്വീകരിക്കപ്പെട്ടു.

*പ്രായോഗികവശം:* ഞാൻ ഈശോയെ സ്നേഹിക്കുന്നതുകൊണ്ട് അവിടുത്തെ പരിശുദ്ധ മാതാവിനേയും സ്നേഹിക്കുന്നു. എൻെറ മഹാരാജ്ഞിയായി അവളെ ഞാൻ ബഹുമാനിക്കും. ഒരു മാതാവിനോടെന്നപോലെ അവളോടു ഞാൻ പ്രാർത്ഥിക്കും. അവളുടെ സംരക്ഷണത്തിൽ ഞാൻ എന്നെത്തന്നെ ഭരമേല്പിക്കയും ചെയ്യും.

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന്:* തിരുസ്സഭ മറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ ആഗസ്റ്റ് 15-ാം തീയതി ആഘോഷിക്കുന്നു. മറിയം ശരീരത്തോടെ സ്വർഗ്ഗാരോപിതയായി എന്ന സത്യം തിരുസ്സഭ പണ്ടേതന്നെ വിശ്വസിച്ചുപോന്നിരുന്നു; എന്നാൽ, അതു് ഒരു വിശ്വാസസത്യമായി 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1950 നവംബർ 1-ാം തീയതി നിർണ്ണയം ചെയ്തു. 12-ാം പീയൂസ് തിരുമനസ്സുകൊണ്ടുതന്നെ 1954 നവംബർ 1-ാം തീയതി മറിയത്തിൻെറ രാജ്ഞിത്വത്തിരുനാൾ പ്രഖ്യാപിക്കയും അതു് ആണ്ടുതോറും മേയ് 31-ാം തീയതി ആഘോഷിച്ചുകൊള്ളുവാൻ കല്പിക്കയും ചെയ്തു.

*പരിക്ഷണവശം:* 1. മറിയത്തിൻെറ ജീവിതത്തിലെ സംഭവങ്ങളെ, വിശിഷ്യ ദൈവദൂതൻ മറിയത്തോടു മംഗലവാർത്ത ചൊല്ലുന്നതു്. മറിയം കുരിശിൻചുവട്ടിൽ നില്ക്കുന്നതു്, പന്തക്കുസ്താദിവസത്തിൽ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുന്നതു്, സ്വർഗ്ഗാരോപണം ചെയ്യുന്നതു്, സ്വർഗ്ഗരാജ്ഞിയായി വാണരുളുന്നതു് എന്നിവയെ അനുസ്മരിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിക്കുക. 2. പുതിയ നിയമത്തിൽ മറിയത്തെക്കുറിച്ചു പറയുന്ന ഭാഗങ്ങളേവ? 3. മറിയത്തിൻെറ ഏതെല്ലാം വചനങ്ങൾ പുതിയ നിയമത്തിൽ രേഖപ്പെട്ടു

ത്തിയിട്ടുണ്ട്? 4. ഹാവായേയും മറിയത്തേയും ഒന്നു താരതമ്യവിവേചനം ചെയ്യുക. അവക്ക് ഏതെല്ലാം സംഗതികളിൽ സാദൃശ്യവും ഏതെല്ലാം സംഗതികളിൽ അന്തരവുമുണ്ടെന്നു കണ്ടുപിടിക്കുക.

## ജ്ഞാനസ്നാനംമൂലം നാം വിശുദ്ധീകരിക്കപ്പെടുന്നു

*"പാപപ്പൊറുതിയിൽ വിശ്വസിക്കുന്നേൻ"*
*(വിശ്വാസപ്രമാണം 10-ാം വകുപ്പ്)*

ഒരു ദിവസം ദൈവത്തിന്റെ ആസ്ഥാനമായ സ്വർഗ്ഗത്തിലെത്തി നിത്യസൗഭാഗ്യം അനുഭവിക്കാനുള്ളവരാണു നാം. അതിനാൽ നാം ദൈവത്തിൽ വിശ്വസിക്കയും, ജ്ഞാനസ്നാനം സ്വീകരിച്ചു ദൈവത്തിന്റെ മക്കളായി ജീവിക്കയും വേണം.

## 17 മാനസാന്തരം

തങ്ങൾ പരിത്യജിച്ച മിശിഹാ മരിച്ചവരുടെ ഇടയിൽനിന്നുയിർത്തു് ദൈവത്തിന്റെ വലത്തുഭാഗത്തു് എഴുന്നെള്ളിയിരിക്കുന്നുവെന്ന് പന്തക്കുസ്താദിവസം സമ്മേളിച്ച ജനക്കൂട്ടം കേട്ടപ്പോൾ അവർക്കു മനസ്സാക്ഷിയുടെ മർദ്ദനമുണ്ടായി. അവർ പത്രോസിനോടും മററു ശ്ലീഹന്മാരോടും ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങളിനി എന്തു ചെയ്യേണ്ടു?" പത്രോസ് അവരോടു പറഞ്ഞു: "പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കേണ്ടതിനായി നിങ്ങൾ പശ്ചാത്തപിക്കയും, പാപശാന്തിക്കായി നിങ്ങളിൽ ഓരോരുത്തനും കർത്താവായ ഈശോയുടെ പേരിൽ ജ്ഞാനസ്നാനം സ്വീകരിക്കയും ചെയ്‌വിൻ" (Acts. 2: 37-38).

✠

തിരുസ്സഭ സദ്‌വാർത്ത (സുവിശേഷം) പ്രസംഗിക്കുന്നതിനു് ദൈവം ഇടയാക്കുന്നു. മനുഷ്യർ ആ സുവിശേഷസന്ദേശം സ്വീകരിക്കത്തക്കവിധം അവിടുന്ന് അവരുടെ ഹൃദയത്തെ പ്രകാശിപ്പിക്കയും ചെയ്യുന്നു. അവർ ഏക സത്യദൈവമായ തന്നെയും താൻ അയച്ച ഈശോമിശിഹായേയും അറിയുവാൻ അവരുടെ കണ്ണുകളെ തുറക്കുന്നു (Jn. 17: 3).

ഈ സുവിശേഷം കേൾക്കുന്നവരെല്ലാം തങ്ങളുടെ ദേവന്മാരേയും വിഗ്രഹങ്ങളെയും അബദ്ധസിദ്ധാന്തങ്ങളെയും പാപങ്ങളെയും വിട്ടുപേക്ഷിക്കണം; അവർ മുഴുഹൃദയത്തോടെ സ്വർഗ്ഗീയപിതാവായ ദൈവത്തിന്റെ പക്കലേയ്ക്കും നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹായുടെ പക്കലേയ്ക്കും തിരിയണം. "ജീവിക്കുന്നവനും സത്യവാനുമായ ദൈവത്തെ സേവിക്കേണ്ടതിനും മരിച്ചവരിൽനിന്ന് അവിടുന്ന് ഉയിർപ്പിച്ചവനും വരുവാനിരിക്കുന്ന കോപത്തിൽനിന്ന് നമ്മെ രക്ഷിക്കുന്നവനുമായ ഈശോ എന്ന

അവിടുത്തെ പുത്രനെ സ്വർഗ്ഗത്തിൽനിന്നു പ്രതീക്ഷിക്കുന്നതിനുംവേണ്ടി നിങ്ങൾ വിഗ്രഹാരാധനയിൽനിന്നു് ദൈവത്തിൻ പക്കലേയ്ക്കു തിരിയുവിൻ" (I Thess 1: 9-10).

ദൈവത്തിൻ പക്കലേയ്ക്കുള്ള പരിവർത്തനം അഥവാ മാനസാന്തരം ജ്ഞാനസ്നാനത്താൽ മുദ്രചെയ്യപ്പെടുന്നു. ഈശോയുടെ കല്പനയനുസരിച്ചാണു് ഇതു നിർവ്വഹിക്കപ്പെടുന്നതു്. എന്തെന്നാൽ അവിടുന്നു് അരുൾചെയ്തതായതു്: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.........ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. വിശ്വസിച്ചു ജ്ഞാനസ്നാനമേല്ക്കുന്നവൻ രക്ഷപെടും" (Mt. 28: 18-19; Mk. 16:16). അതിനാൽ മാനസാന്തരപ്പെട്ടു് ദൈവത്തിൻ പക്കലേയ്ക്കു തിരിയുന്നവരെല്ലാം ജ്ഞാനസ്നാനം സ്വീകരിക്കണം.

*പരിചിന്തനം:* 1. മനുഷ്യർ മാനസാന്തരപ്പെടുന്നതിനു് ദൈവം എന്തു ചെയ്യുന്നു? 2. ഒരു മനുഷ്യൻ മാനസാന്തരപ്പെടുമ്പോൾ എന്തുചെയ്യുന്നു? 3. മാനസാന്തരം എങ്ങനെ മുദ്രചെയ്യപ്പെടുന്നു?

**32. ജ്ഞാനസ്നാനസംബന്ധമായി ഈശോ കല്പിച്ചതെന്തു്?**

ജ്ഞാനസ്നാനസംബന്ധമായി ഈശോ കല്പിച്ചതായതു്: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ."

*പ്രായോഗികവശം:* ദൈവരാജ്യത്തെ സംബന്ധിച്ച സുവിശേഷം കേൾക്കാത്തവരായി ഇന്നും അനേകം പേരുണ്ടു്. അവർ മാനസാന്തരപ്പെടുന്നതിനും തന്നിമിത്തം ദൈവമഹത്വം വർദ്ധിക്കുന്നതിനുംവേണ്ടി ഞാൻ എല്ലാ ദിവസവും പ്രാർത്ഥിക്കും.

*തിരുസ്സഭയുടെ ജീവിതത്തിൽനിന്നു്:* ക്രിസ്തീയസഭയുടെ ആദിമദശയിൽ ജ്ഞാനസ്നാനമേററവരെല്ലാം മുതിർന്നവരായിരുന്നു. എന്നാൽ ഏറെത്താമസിയാതെ കുട്ടികൾക്കും ജ്ഞാനസ്നാനം നൽകിത്തുടങ്ങി. കുഞ്ഞുങ്ങൾ പിറന്നുകഴിഞ്ഞാൽ ഉടനെതന്നെ അവരെ ജ്ഞാനസ്നാനപ്പെടുത്താൻ ക്രിസ്തീയ മാതാപിതാക്കന്മാർ ഇപ്പോൾ വൈദികരുടെ പക്കൽ കൊണ്ടുവരിക പതിവായിരിക്കുന്നു. വിശ്വാസസംബന്ധമായ ബോധനം കുട്ടികൾക്കു നൽകുന്നതിനും അവരെ ക്രിസ്തീയജീവിതത്തിൽ അഭ്യസിപ്പിക്കുന്നതിനും മാതാപിതാക്കന്മാർക്കു കടമയുണ്ടു്.

*പരീക്ഷണവശം:* 1. ദൈവവിശ്വാസത്തിലേയ്ക്കു മനുഷ്യൻ മാനസാന്തരപ്പെട്ടതായി വിശുദ്ധഗ്രന്ഥത്തിൽ കാണുന്ന സംഭവങ്ങളേവ? 2. വി. ആഗ്ഗ

സ്റ്റീനോസ് മാനസാന്തരപ്പെട്ട സംഭവം വായിക്കുക (അദ്ദേഹത്തിൻെറ തിരുനാൾ ആഗസ്റ്റ് 28-ാം തീയതി). 3. അനാഗതർ (കാവ്യർ) മാനസാന്തരപ്പെടുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ജപമുണ്ടാക്കുക.

## 18. ജ്ഞാനസ്നാനകർമ്മം

ആറാം പട്ടക്കാരനായ പീലിപ്പോസ് ഓറശ്ലേത്തുനിന്നും ഗസ്സായിലേക്കുള്ള വഴിയിൽവച്ച് കൂശായാ (എത്യോപ്യാ) രാജ്ഞിയുടെ അരമനയിലെ കാര്യക്കാരനോട് ഈശോയുടെ സുവിശേഷത്തെപ്പററി പറഞ്ഞു. അവർ അങ്ങനെ സവാരിചെയ്കയിൽ ഒരു അരുവിയ്ക്കടുത്ത് എത്തി. അപ്പോൾ ആ ഉദ്യോഗസ്ഥൻ ചോദിച്ചു: "ഇതാ വെള്ളം; ഞാൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിന് എന്താണ് തടസ്സം?" പീലിപ്പോസ് പ്രതിവചിച്ചു: "നിൻെറ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നെങ്കിൽ ആകാം." അയാൾ പറഞ്ഞു: "ഈശോമിശിഹാ ദൈവത്തിൻെറ പുത്രനാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അയാൾ വണ്ടിനിറുത്തി. അവർ ഇരുവരും വെള്ളത്തിലിറങ്ങി. പീലിപ്പോസ് അയാൾക്ക് അവിടെവച്ച് ജ്ഞാനസ്നാനം നൽകി" (Acts. 8: 26–38).

✠

ആരായാലും ജ്ഞാനസ്നാനമേല്ക്കുന്നതിനുമുമ്പ് പിശാചിനെയും സ്വന്തപാപങ്ങളെയും ഉപേക്ഷിക്കുന്നു; മിശിഹായിലും അവിടുത്തെ ദൈവികപ്രബോധനത്തിലുമുള്ള വിശ്വാസം അയാൾ ഏററുപറയുന്നു; ഒരു ക്രിസ്ത്യാനിയായി ജീവിച്ചുമരിച്ചുകൊള്ളാമെന്ന് അയാൾ ശപഥം ചെയ്യുന്നു. ഈ ശപഥങ്ങളെ നാം "ജ്ഞാനസ്നാനവ്രതങ്ങൾ" എന്നു പറയുന്നു. കുട്ടികളുടെ ജ്ഞാനസ്നാനത്തിൽ അവരുടെ പേക്കായി തലതൊട്ടപ്പനോ തലതൊട്ടമ്മയോ (അഥവാ രണ്ടുപേരും) ഈ വ്രതങ്ങൾ ചെയ്യുന്നു.

തദനന്തരം "പിതാവിൻേറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നു പറഞ്ഞുകൊണ്ടു വൈദികൻ ജ്ഞാനസ്നാനാർത്ഥിയുടെ ശിരസ്സിൽ വെള്ളമൊഴിക്കുന്നു. പൂർവ്വികസഭയിൽ നടപ്പായിരുന്നതുപോലെ ജ്ഞാനസ്നാനാർത്ഥിയെ വെള്ളത്തിൽ മുഴുവനും മുക്കിക്കൊണ്ടും ജ്ഞാനസ്നാനം നൽകാവുന്നതാണ്. ഇങ്ങനെ വെള്ളമൊഴിക്കയോ വെള്ളത്തിൽ മുക്കുകയോ ചെയ്യുന്നതു് ജ്ഞാനസ്നാനംമൂലം നാം പാപമാലിന്യത്തിൽനിന്നു കഴുകി ശുദ്ധീകരിക്കപ്പെടുന്നു എന്നതിൻെറ അടയാളമാകുന്നു. നാം പരിശുദ്ധത്രിത്വത്തിനു പ്രതിഷ്ഠിക്കപ്പെടുന്നുവെന്നാണ് തദവസരത്തിൽ ചൊല്ലുന്ന മൊഴികൾ സൂചിപ്പിക്കുന്നതു്. നമ്മുടെ സ്രഷ്ടാവായ പിതാവിനും, രക്ഷകനായ പുത്രനും, വിശുദ്ധീകരിക്കുന്നവനായ പരിശുദ്ധാത്മാവിനുമുള്ള പ്രതിഷ്ഠ.

നിവൃത്തിയുള്ളപക്ഷം ഇടവകവികാരിയോ അദ്ദേഹത്തിൻെറ പ്രതിനിധിയോ ജ്ഞാനസ്നാനം നൽകണം; അതും പാടുണ്ടെങ്കിൽ പള്ളി

യിൽ വച്ചുതന്നെ. എന്നാൽ ജ്ഞാനസ്നാനാർത്ഥി മരണാപകടത്തിലായിരിക്കയും, ഒരു വൈദികനെ ലഭിക്കാൻ തദവസരത്തിൽ അസാധ്യമായിരിക്കയും ചെയ്യുന്നപക്ഷം, അവിടെ സന്നിഹിതനായിരിക്കുന്ന ആർക്കും ജ്ഞാനസ്നാനം നൽകാവുന്നതാണ്, നൽകേണ്ടതുമാണ്. ശരിയായ നിയോഗത്തോടുകൂടിയും തിരുസ്സഭയാൽ നിർദ്ദിഷ്ടമായവിധത്തിലും ആരുതന്നെ ജ്ഞാനസ്നാനം നൽകിയാലും അതു സാധുവായിരിക്കും.

*പരിചിന്തനം:* 1. ജ്ഞാനസ്നാനകർമ്മത്തിലെ വെള്ളമൊഴിക്കലിന്റെ അർത്ഥമെന്ത്? 2 ജ്ഞാനസ്നാനത്തിൽ ചൊല്ലുന്ന മൊഴികൾകൊണ്ടുദ്ദേശിക്കുന്നതെന്ത്? 3. സാധാരണമായി ആരാണ് ജ്ഞാനസ്നാനം നൽകേണ്ടത്? 4. സാധാരണയായി ജ്ഞാനസ്നാനകർമ്മം നടത്തേണ്ടത് എവിടെയാണ്? 5 ജ്ഞാനസ്നാനം നൽകാൻ ഏതൊരുവനും പാടുള്ളതും ബാദ്ധ്യസ്ഥനായിരിക്കുന്നതും ഏതു സാഹചര്യങ്ങളിലാണ്? 6. ആവശ്യമായ സന്ദർഭത്തിൽ ഒരുവൻ ജ്ഞാനസ്നാനം നൽകേണ്ടതെങ്ങനെ?

**33. ജ്ഞാനസ്നാനം സ്വീകരിക്കാൻ പോകുന്ന ആൾ എന്തു പ്രതിജ്ഞ അഥവാ വ്രതം ചെയ്യേണ്ടിയിരിക്കുന്നു?**

ജ്ഞാനസ്നാനം സ്വീകരിക്കാൻ പോകുന്ന ആൾ പിശാചിനെ പരിത്യജിക്കയും, മിശിഹായിലുള്ള തന്റെ വിശ്വാസം ഏററുപറയുകയും, ഒരു ക്രിസ്ത്യാനിയായി ജീവിച്ചുമരിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്കയും വേണം.

**34. ജ്ഞാനസ്നാനം നൽകുന്നതെങ്ങനെ?**

ജ്ഞാനസ്നാനംനൽകുന്ന ആൾ ജ്ഞാനസ്നാനാർത്ഥിയുടെ ശിരസ്സിൽ വെള്ളമൊഴിച്ചുകൊണ്ട് "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നു പറയുന്നു.

**35. സാധുവായി ജ്ഞാനസ്നാനം നൽകാൻ കഴിയുന്നതാർക്ക്?**

സാധുവായി ജ്ഞാനസ്നാനം നൽകാൻ ഏവക്കും കഴിയും.

*പ്രായോഗികവശം:* ഞാൻ ഹന്നാൻവെള്ളമെടുക്കുമ്പോൾ എന്റെ ജ്ഞാനസ്നാനത്തെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കും; ''സർവ്വശക്തനായ പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നെ ആശീർവ്വദിക്കുമാറാകട്ടെ'' എന്നു ഞാൻ ഭക്തിപൂർവ്വം ജപിക്കയും ചെയ്യും.

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന്:* ഞായറാഴ്ചകളിൽ പ്രധാന കർബ്ബാനയ്ക്കുമുമ്പ് വൈദികൻ ജനങ്ങളുടെമേൽ ഹന്നാൻവെള്ളം തളിക്കുന്നു. നമ്മുടെ പാപങ്ങളെക്കുറിച്ചു മനസ്തപിക്കുന്നതിനും ജ്ഞാനസ്നാനംമൂലം നമുക്കു സിദ്ധിച്ചിരിക്കുന്ന മഹനീയ സ്ഥിതിയെക്കുറിച്ചു നന്ദിപറയുന്നതിനും ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു.

*തലതൊടുന്നവർ:* തലതൊട്ടപ്പനും തലതൊട്ടമ്മയ്ക്കും പരിശുദ്ധമായൊരു കർത്തവ്യമുണ്ട്: തങ്ങൾ തലതൊടുന്ന കുട്ടികളുടെ ക്രിസ്തീയ വിദ്യാഭ്യാസത്തിൽ ശ്രദ്ധപതിക്കുന്നതിനു്, വിശിഷ്യ ആ കുട്ടികളുടെ മാതാപിതാക്കന്മാർ നേരത്തേ മരണം പ്രാപിക്കയോ അഥവാ അവർ ജീവിച്ചിരിക്കയാണെങ്കിൽത്തന്നെയും ആ കുട്ടികളുടെ നല്ല വളർത്തലിൽ അലസത പ്രദർശിപ്പിക്കയോ ചെയ്യുന്നപക്ഷം അതു പരിഹരിക്കുന്നതിനു്, തലതൊടുന്നവർക്കു ചുമതലയുണ്ടു്. അതിനാലാണു് തലതൊട്ടപ്പന്മാരും തലതൊട്ടമ്മമാരും കത്തോലിക്കരായിരിക്കണമെന്നും, കത്തോലിക്കരെന്ന നിലയിൽ സ്വകർത്തവ്യങ്ങൾ നിർവ്വഹിക്കുന്നവരായിരിക്കണമെന്നും വ്യവസ്ഥചെയ്തിരിക്കുന്നതു്. മാതാപിതാക്കന്മാർ സ്വന്തം കുഞ്ഞുങ്ങളുടെ തലതൊട്ടപ്പന്മാരും തലതൊട്ടമ്മമാരുമായിരിപ്പാൻ പാടില്ല.

*ജ്ഞാനസ്നാനപേരു്:* മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങൾക്കു വിശുദ്ധരുടെ പേർ നൽകണം. നാമകാരണനായ വിശുദ്ധൻ ആ കുഞ്ഞിന്റെ രക്ഷാധികാരിയും, മാതൃകയും, മദ്ധ്യസ്ഥനുമായിരിക്കും.

*ക്രിസ്തീയാചാരം:* ഒരു കത്തോലിക്കാ കുടുംബത്തിൽ ജ്ഞാനസ്നാനമേററ കുട്ടി അതിന്റെ ജ്ഞാനസ്നാനത്തിലെ മെഴുകുതിരി സൂക്ഷിച്ചുവയ്ക്കയും അതിന്റെ തിരുനാളിലും ജ്ഞാനസ്നാനവാർഷികദിനത്തിലും മററും ആ തിരി കത്തിക്കയും ചെയ്യുന്നതു നന്നായിരിക്കും.

*പരീക്ഷണവശം:* 1. പുതുതായി മാനസാന്തരപ്പെട്ടവർക്കു ജ്ഞാനസ്നാനം നൽകിയതായി ശ്ലീഹന്മാരുടെ നടപടികളിൽ എവിടെയാണു് നാം വായിക്കുന്നതു്? 2. ജ്ഞാനസ്നാനോപകരണങ്ങളുടെയെല്ലാം ചിത്രം വരയ്ക്കുക. 8. ഇടവകപ്പള്ളിയിലെ ജ്ഞാനസ്നാനവേദിയുടെ ഒരു വിശദീകരണം നല്കുക. 4. ഇതിന്റെ ഒരു പടം വരയ്ക്കുക. 5. ജ്ഞാനസ്നാനജലം വെഞ്ചരിക്കുന്നതെപ്പോൾ? 6. ജ്ഞാനസ്നാനമേൽക്കാത്ത ഒരു കുട്ടി മരണാപകടത്തിലായിരിക്കയും, അതിനു ജ്ഞാനസ്നാനം നൽകുന്നതിനു വൈദികൻ യഥാസമയം വന്നുചേരാതിരിക്കയും ചെയ്യുന്നപക്ഷം നീ ചെയ്യേണ്ടതെന്തു്? 7 നിന്റെ നാമകാരണനായ വിശുദ്ധന്റെ തിരുനാൾ എന്നു്? 8. നീ എന്നാണു് ജ്ഞാനസ്നാനമേററതു്?

## കുട്ടികളുടെ ആഘോഷമായ ജ്ഞാനസ്നാനകർമ്മം
## പള്ളിയുടെ പ്രവേശനദ്വാരത്തിങ്കൽ

*1. പ്രാഥമികചോദ്യങ്ങൾ:* വൈദികൻ: 'സമാധാനം നിന്നോടുകൂടെ. നിന്റെ പേരെന്താകുന്നു?' തലതൊടുന്നവർ കുട്ടിക്കു കൊടുക്കാൻ ഉദ്ദേശിക്കുന്ന പേർ പറയുന്നു. വൈദികൻ: 'ദൈവത്തിന്റെ സഭയിൽനിന്നു നീ എന്താവശ്യപ്പെടുന്നു?' തലതൊടുന്നവർ: 'വിശ്വാസം'. വൈദികൻ: 'വിശ്വാസം നിനക്കെന്തു തരുന്നു?' തലതൊടുന്നവർ 'നിത്യായുസ്സ്'.

*2. പിശാചിനെ ബഹിഷ്കരിക്കുന്ന കർമ്മം:* നമ്മുടെ ആദിമാതാപിതാക്കന്മാർ പാപം ചെയ്തതു മുതൽ പിശാചിനു മനുഷ്യരുടെമേൽ പ്രാബല്യം സിദ്ധിച്ചു. ഈ അവസരത്തിൽ വൈദികൻ കുട്ടിയുടെ മുഖത്തു് മൂന്നു പ്രാവശ്യം ഊതി, പിശാചു് കുട്ടിയെ വിട്ടുപോകണമെന്നും പരിശുദ്ധാത്മാവിനു് അതിൽ സ്ഥലം കൊടുക്കണമെന്നും കല്പിക്കുന്നു.

*3. കുരിശിന്റെ അടയാളം:* വൈദികൻ കുട്ടിയുടെ നെററിത്തടത്തിലും വക്ഷസ്സിലും കുരിശിന്റെ അടയാളം വരയ്ക്കുന്നു.

4. *കൈവയ്പ്പ്:* വൈദീകൻ ആ കുട്ടിയെ മിശിഹായുടേതാക്കമാററ് തൻെറ കൈകരം അതിൻെറ ശിരസ്സിൽ വയ്ക്കുന്നു.

5. *ഉപ്പുകൊടുക്കൽ:* വൈദികൻ ആശീർവ്വദിച്ച ഉപ്പ് കുട്ടിക്കു കൊടുക്കുന്നു. ചില വസ്തുക്കരം ചീഞ്ഞഴിയാതിരിക്കാൻ ഉപ്പിടുന്നു; അപ്രകാരംതന്നെ കുട്ടി പാപത്തിൽനിന്നു സുരക്ഷിതനായിരിപ്പാൻ ആത്മീയ ഉപ്പാകുന്ന വിശ്വാസം സഹായിക്കുന്നു.

6. *വീണ്ടും പിശാചുബഹിഷ്കരണം:* കുട്ടിയെ വിട്ടുപോകുവാൻ വൈദികൻ വീണ്ടും പിശാചിനോട് കല്പിക്കുന്നു. അദ്ദേഹം കുട്ടിയുടെ നെററിത്തടത്തിൽ കുരിശിൻെറ അടയാളം വരയ്ക്കുയും, മിശിഹായുടെ ഈ മുദ്ര ഒരിക്കലും ഭഞ്ജിക്കരുതെന്ന് പിശാചിനോടു കല്പിക്കയും ചെയ്യുന്നു.

7. *ദൈവാലയപ്രവേശനം::* ''നിത്യായുസ്സിൽ മിശിഹായോടുകൂടെ പങ്കുകൊള്ളുവാനായി ദൈവാലയത്തിലേയ്ക്കു നീ പ്രവേശിക്കുക'' എന്നു പറഞ്ഞുകൊണ്ടു വൈദികൻ ഊറാലയുടെ അററം കുട്ടിയുടെ മേൽ തൊട്ട് അതിനെ ദൈവാലയത്തിലേയ്ക്ക് ആനയിക്കുന്നു.

## ജ്ഞാനസ്നാനവേദിക്കു പുറമേ

1. *വിശ്വാസപ്രമാണവും ആകാശങ്ങളിലിരിക്കുന്ന ജപവും:* അവിടെ സന്നിഹിതരായിരിക്കുന്നവരെല്ലാം വിശ്വാസപ്രമാണവും ആകാശങ്ങളിലിരിക്കുന്ന ജപവും ചൊല്ലുന്നു.

2. *പിശാചുബഹിഷ്ക്കരണം;* കുട്ടി ദൈവത്തിൻെറ സജീവാലയമായിത്തീരുവാൻവേണ്ടി പിശാച് അതിനെ വിട്ടുപോകണമെന്ന് വൈദികൻ വീണ്ടും കല്പിക്കുന്നു:

3. *ഇന്ദ്രിയങ്ങൾ തുറക്കുന്നത്:* വൈദികൻ കുട്ടിയുടെ ചെവികളും മൂക്കും തൊട്ടുകൊണ്ട് 'തുറക്കപ്പെടട്ടെ' എന്ന അർത്ഥത്തിൽ 'എഫേത്താ' എന്നു പറയുന്നു. ദൈവത്തെ ഗ്രഹിക്കുവാൻ കുട്ടിയുടെ ഇന്ദ്രിയങ്ങരം തുറക്കപ്പെടേണ്ടതാകുന്നു.

4. *പിശാചിനെ ഉപേക്ഷിക്കുന്നത്:* വൈദികൻ: ''നീ പിശാചിനെ ഉപേക്ഷിക്കുന്നുവോ?'' ''നീ അവൻെറ എല്ലാ പ്രവൃത്തികളും ഉപേക്ഷിക്കുന്നുവോ?'' ''നീ അവൻെറ സകല ആഘോഷങ്ങളും ഉപേക്ഷിക്കുന്നുവോ?'' തലതൊടുന്നവൻ ഈ മൂന്നു ചോദ്യങ്ങരംക്കും ''ഞാൻ ഉപേക്ഷിക്കുന്നു'' എന്നുത്തരം പറയുന്ന.

5. *ജ്ഞാനസ്നാനതൈലംകൊണ്ടുള്ള ലേപനം:* വൈദികൻ കുട്ടിയുടെ മാറ്റിലും തോളുകരംക്കു മദ്ധ്യേയും വിശുദ്ധ തൈലംകൊണ്ടു പൂശുന്നു. പിശാചിനോടുള്ള യുദ്ധംചെയ്‌വാൻ കുട്ടി ശക്തിപ്രാപിക്കേണ്ടിയിരിക്കുന്നു.

## ജ്ഞാനസ്നാനവേദിക്കുള്ളിൽ

1. *വിശ്വാസത്തിൻെറ ഏററുപറച്ചിൽ:* തലതൊടുന്നവരെക്കൊണ്ട് വൈദികൻ വീണ്ടും വിശ്വാസപ്രഖ്യാപനം ചെയ്യിക്കുന്നു.

2. *ജ്ഞാനസ്നാനകർമ്മം:* വൈദികൻ ജ്ഞാനസ്നാനവചനങ്ങരം ചൊല്ലിക്കൊണ്ട് കുട്ടിയുടെ ശിരസ്സിന്മേൽ മൂന്നുപ്രാവശ്യം കുരിശിൻെറ ഭാഷയിൽ വെള്ളമൊഴിക്കുന്നു.

3. *'ക്രീസം' (മൂറോൻ) കൊണ്ടുള്ള ലേപനം:* വൈദികൻ ജ്ഞാനസ്നാനമേററ കുട്ടിയുടെ നിറുകയിൽ ക്രിസം എന്ന തൈലം പൂശുന്നു. കുട്ടി ഇപ്പോൾ ഒരു ക്രിസ്ത്യാനിയായിത്തീർന്നിരിക്കുന്നെന്നും, അതു മിശിഹായുടെ രാജകീയ സ്ഥാനത്തിലും പൗരോഹിത്യത്തിലും പങ്കുകാരനായിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നതാണീ പൂശൽ.

4. *വെള്ളവസ്ത്രം:* 'നീ നിത്യായുസ്സ് പ്രാപിക്കുവാൻ ഈ വെള്ളവസ്ത്രം സ്വീകരിച്ച് അതു കറപററിക്കാതെ നമ്മുടെ കർത്താവീശോമിശിഹായുടെ ന്യായാസനത്തിലേയ്ക്കു കൊണ്ടുപൊയ്ക്കൊൾക' എന്നു പറഞ്ഞുകൊണ്ട് വൈദികൻ കുട്ടിയ്ക്ക് ഒരു വെള്ളവസ്ത്രം നൽകുന്നു.

5. *കത്തിച്ച തിരി:* ''നീ ഈ കത്തിച്ച തിരി സ്വീകരിക്കുക. നീ സ്വീകരിച്ച ജ്ഞാനസ്നാനം ആക്ഷേപയോഗ്യമാകാതെ കാത്തുകൊൾക. കർത്താവ് വിവാഹവിരുന്നിന് സ്വർഗ്ഗീയവിരുന്നുശാലയിലെത്തുമ്പോൾ അവിടുത്തെ സകല വിശുദ്ധരോടുമൊന്നിച്ച് നിന്നെ കാണുന്നതിനും അവിടുത്തോടൊരുമിച്ച് നീ എന്നേയ്ക്കും ജീവിക്കുന്നതിനുംവേണ്ടി ദൈവത്തിൻെറ പ്രമാണങ്ങൾ കാത്തുകൊൾക'' എന്നു പറഞ്ഞുകൊണ്ട് ഒരു കത്തിച്ച തിരി വൈദികൻ കുട്ടിക്കു കൊടുക്കുന്നു. തദനന്തരം "നീ സമാധാനത്തിൽ പോവുക; കർത്താവ് നിന്നോടുകൂടെ" എന്നു വൈദികൻ കുട്ടിയോടു പറയുന്നു.

## അത്യാവശ്യഘട്ടത്തിൽ ജ്ഞാനസ്നാനം നൽകേണ്ടവിധം

ജ്ഞാനസ്നാനമേൽക്കാത്ത ഒരു കുട്ടിയോ ജ്ഞാനസ്നാനത്തിനൊരുക്കമായി മതകാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന ഒരാളോ പെട്ടെന്ന് മരണാപകടത്തിലാകുന്നപക്ഷം ഉടനെതന്നെ വൈദികനു് ആളയയ്ക്കണം. എന്നാൽ വൈദികൻ വന്നുചേരുന്നതിനുമുമ്പ് കുട്ടി (അല്ലെങ്കിൽ ജ്ഞാനസ്നാനാർത്ഥി) മരിച്ചുപോകുമെന്നു ഭയമുള്ളപക്ഷം ജ്ഞാനസ്നാനം നൽകാൻ കഴിവുള്ള ആരെങ്കിലും അതു നൽകണം; താമസിക്കുന്നതു വലിയ തെററാണ്. അത്യാവശ്യഘട്ടത്തിൽ ജ്ഞാനസ്നാനം നൽകുന്നതിനു സാധാരണ വെള്ളം മതി. "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നു ചൊല്ലിക്കൊണ്ട് കുട്ടിയുടെ ശിരസ്സിൽ വെള്ളമൊഴിക്കുക.

ഇങ്ങനെ നൽകിയ ജ്ഞാനസ്നാനത്തെക്കുറിച്ച് ഇടവകവികാരിക്കു റിപ്പോർട്ടുചെയ്യണം; അദ്ദേഹം അതു ജ്ഞാനസ്നാനരജിസ്റററിൽ ചേർക്കേണ്ടതുണ്ട്. എന്നാൽ, കുട്ടി അപ്പോൾ മരിക്കാതെ രക്ഷപെട്ടുവെങ്കിൽ, ജ്ഞാനസ്നാനത്തിൻെറ മററ് ആഘോഷമായ ശുശ്രൂഷകൾ പിന്നീട് പൂർത്തിയാക്കേണ്ടതാണ്.

## 19. ജ്ഞാനസ്നാനം നവജീവൻെറ ആരംഭമാകുന്നു

യൂദന്മാരുടെ പ്രമാണികളിൽ ഒരുവനായ നിക്കോദേമൂസ്, ദൈവരാജ്യത്തെക്കുറിച്ച് ഈശോയോടു ചോദിക്കുവാൻ ഒരു രാത്രിയിൽ അവിടുത്തെ പക്കൽ വന്നു. ഈശോ അദ്ദേഹത്തോട് അരുൾചെയ്തു. "സ

ത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യം കാണുവാൻ അവനു കഴിയുകയില്ല". നിക്കൊദേമൂസ് അവിടുത്തോട്: "വൃദ്ധനായ ഒരു മനുഷ്യന് വീണ്ടും ജനിക്കാൻ കഴിയുന്നതെങ്ങനെ? അമ്മയുടെ ഉദരത്തിൽ രണ്ടാമതും പ്രവേശിച്ച് അവനു വീണ്ടും ജനിക്കാൻ കഴിയുമോ?" എന്നു ചോദിച്ചു. ഈശോ ഉത്തരമായി അരുൾചെയ്തു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു സാധിക്കയില്ല" (Jn. 3: 1-5).

✠

ദായക്രമമനുസരിച്ച് ഒരവകാശമായി നമുക്കു കിട്ടിയിട്ടുള്ള ഉത്ഭവപാപവും, നാം സ്വന്തമായിട്ടെന്തെങ്കിലും പാപം ചെയ്തിട്ടുണ്ടെങ്കിൽ അതും, ഈവക പാപങ്ങൾക്കുള്ള എല്ലാ ശിക്ഷകളും ജ്ഞാനസ്നാനത്തിൽ മിശിഹാ നീക്കിക്കളയുന്നു. ഇങ്ങനെയുള്ള മോചനം അർഹിക്കത്തക്ക യാതൊന്നും നാം ചെയ്തില്ലെങ്കിലും, മിശിഹാ നമ്മെപ്രതി ക്രൂശിൽ മരിച്ചതുമൂലം നമ്മുടെ സകല അപരാധങ്ങളും പൊറുക്കപ്പെടുന്നു.

വരപ്രസാദജീവൻ എന്നൊരുതരം പുതിയ ജീവൻ ജ്ഞാനസ്നാനത്തിൽ മിശിഹാ നമുക്കു തരുന്നു. ഈ വരപ്രസാദജീവൻമൂലം നാം ദൈവത്തിൻെറ മക്കളും, മിശിഹായുടെ സഹോദരീസഹോദരന്മാരും, നിത്യായുസ്സിന് അവകാശികളുമായിത്തീരുന്നു. ജ്ഞാനസ്നാനംവഴിയായി നാം ഒരു പുതിയ ജീവൻ (ജീവിതം) സമാരംഭിക്കുന്നതുകൊണ്ടാണ് നാം ഈ കൂദാശയെ "നവജനനത്തിൻെറ കൂദാശ" എന്നു വിളിക്കുന്നതു്.

ജ്ഞാനസ്നാനത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മിൽവന്നു വാസമുറപ്പിക്കുന്നു. അതിനാൽ ജ്ഞാനസ്നാനമേററ ആൾ "ദൈവത്തിൻെറ ആലയ"മാകുന്നു.

ജ്ഞാനസ്നാനത്തിൽ ദൈവത്തിൻെറ മകനായിത്തീന്ന ആൾ ദൈവത്തിൻെറ മകനായിത്തന്നെ ജീവിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള കഴിവുണ്ടാകുവാൻ ദൈവം പുതുതായി ചില ശാശ്വത ശക്തിവിശേഷങ്ങൾ അതായതു സാന്മാൎഗ്ഗികപുണ്യങ്ങൾ നൽകുന്നു; വിശിഷ്യ, വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങൾ അഥവാ സുകൃതങ്ങൾ മാത്രമല്ല, ജ്ഞാനസ്നാനമേററ ആളെ ദൈവം തൻെറ പ്രത്യേക ശ്രദ്ധയാൽ കാത്തുകൊള്ളുകയും, അയാളുടെ ജീവിതകാലം മുഴവനും അനേകം (താൽക്കാലിക) പ്രേരകവരങ്ങൾ (actual graces) നൽകുകയുംചെയ്യുന്നു.

ഒരിക്കലും മാഞ്ഞുപോകാത്ത ഒരടയാളം ജ്ഞാനസ്നാനത്തിൽ മിശിഹാ നമ്മുടെ ആത്മാവിൽ പതിക്കുന്നു; ഇതൊരു മുദ്രയാണ്. ഇതുകൊണ്ടാണ് ജ്ഞാനസ്നാനം ഒരിക്കൽമാത്രം സ്വീകരിക്കുന്നതു്. ഈ മുദ്രമൂലം നാം എന്നേയ്ക്കും ഈശോമിശിഹായുടെ ശിഷ്യന്മാരായി അടയാളപ്പെട്ടു

ത്തപ്പെടുന്നു. മിശിഹാ എന്നും നമ്മുടേതായിരിക്കയും അവിടുത്തെ രക്ഷാകരവേലയിൽ നാം ഓഹരിക്കാരായിബ്ഭവിക്കയും ചെയ്യുന്നു. നാം മിശിഹായുടെ മൗതികശരീരത്തിൻെറ അവയവങ്ങളായിത്തീരുന്നു; തിരുസ്സഭയുടെ ഒരുമ്പാടിലേയ്ക്കു സ്വീകരിക്കപ്പെടുന്നു, നാം ക്രിസ്ത്യാനികളായിത്തീരുന്നു. പരിശുദ്ധ കുർബ്ബാനയുടെ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്നതിനും മററു കൂദാശകൾ സ്വീകരിക്കുന്നതിനും ജ്ഞാനസ്നാനംമൂലം നമുക്ക് അവകാശം സിദ്ധിക്കുന്നു.

ജ്ഞാനസ്നാനത്തിനുമുമ്പു നമുക്കു യാതൊരു കൂദാശയും സ്വീകരിക്കാവുന്നതല്ല. കൂദാശകളിൽ ഒന്നാമത്തേതാകുന്നു ജ്ഞാനസ്നാനം.

ഇതു് അത്യാവശ്യമായ കൂദാശയാകുന്നു മിശിഹാ അരുൾചെയ്തിരിക്കുന്നതു കേട്ടാലും: "ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴികയില്ല" ( Jn. 3: 5). അതുകൊണ്ടാണ് "കുട്ടികളെ കഴിയുന്നത്ര വേഗം ജ്ഞാനസ്നാനപ്പെടുത്തണം" എന്നു തിരുസ്സഭയുടെ ഔദ്യോഗികനിയമസംഹിതയിൽ (കാനോൻ നിയമം 770) നിർദ്ദേശിച്ചിരിക്കുന്നതു്.

*പരിചിന്തനം:* 1. ജ്ഞാനസ്നാനത്താൽ നാം എങ്ങനെയുള്ളവരായിത്തീരുന്നു? 2. ജ്ഞാനസ്നാനത്തെ "നവജനനത്തിൻെറ കൂദാശ"യെന്നു വിളിക്കുന്നതെന്തുകൊണ്ടു്? 3. നാം ജ്ഞാനസ്നാനമേൽക്കുന്നതോടെ നമ്മിൽ വന്നു വാസമുറപ്പിക്കുന്നതാർ? 4. ജ്ഞാനസ്നാനംമൂലം എന്തു വിശേഷശക്തികളാണു് ദൈവം നമുക്കു തരുന്നതു്? 5. ജ്ഞാനസ്നാനം ഒരിക്കൽമാത്രം സ്വീകരിക്കാവുന്നതെന്തുകൊണ്ടു്? 6. നാം ജ്ഞാനസ്നാനമേൽക്കുന്നതോടെ എന്തൊരുമ്പാടിലേയ്ക്കാണു്, അഥവാ സമൂഹത്തിലേയ്ക്കാണു്, സ്വീകരിക്കപ്പെടുന്നതു്? 7. കുട്ടികളുടെ ജ്ഞാനസ്നാനത്തെ സംബന്ധിച്ചുള്ള തിരുസ്സഭാനിയമമെന്താണു്?

36. ജ്ഞാനസ്നാനംമൂലം മിശിഹാ നമ്മിൽവരുത്തുന്ന പരിവത്തനമെന്തു്?

**ജ്ഞാനസ്നാനത്തിൽ മിശിഹാ നമ്മുടെ സകല പാപങ്ങളേയും അവയ്ക്കുള്ള ശിക്ഷകളെയും മാററിക്കളയുന്നു; നമുക്കു വരപ്രസാദജീവനും മററനേകം വരങ്ങളും തരുന്നു.**

37. ജ്ഞാനസ്നാനം അത്യാവശ്യകൂദാശയാണെന്നു് മിശിഹാ ഏതു വചനങ്ങളാൽ വിശദമാക്കി?.

**ഈശോ അരുൾചെയ്തു: 'ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴിയുകയില്ല'**

*പ്രായോഗികവശം:* 'ജ്ഞാനസ്നാനമെന്ന കൂദാശയാൽ നീ പരിശുദ്ധാത്മാവിൻെറ ആലയമായി ഭവിക്കുന്നു. ഗുരുതരമായ ഒരു പാപം ചെയ്തുകൊ

ണ്ടു് ഇത്ര വലിയ ഒരതിഥിയെ നീ ഒരിക്കലും നിൻെറ ഹൃദയത്തിൽ നിന്നു് ഓടിച്ചുകളയരുതു്'' (മഹാനായ ലേയോൻ മാപ്പാപ്പാ).

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്*: 'ഈശോമിശിഹാ മരിച്ചവരിൽനിന്നു് തൻെറ പിതാവിൻെറ മഹത്വത്തോടുകൂടി ഉയിർത്തെഴുന്നേററതുപോലെ നാമും പുതിയ ജീവിതത്തിൽവ്യാപരിക്കേണ്ടതിനു് അവിടത്തോടുകൂടെ ജ്ഞാനസ്നാനം മൂലം മരണത്തിനു് സംസ്കരിക്കപ്പെട്ടിരിക്കുന്നു' (Rom. 6:4)— 'സ്വന്തരക്തം കൊണ്ടു് നമ്മുടെ പാപങ്ങളിൽനിന്നു് കഴുകിവെടിപ്പാക്കുകയും, തൻെറപിതാവായ ദൈവത്തിനു് സേവനം ചെയ്യുവാൻ നമ്മെ രാജകീയ പുരോഹിതവർഗ്ഗമായി നിയമിക്കയും ചെയ്തതിനാൽ അവിടന്നു് (മിശിഹാ) നമ്മോടുള്ള സ്നേഹം തെളിയിച്ചിരിക്കുന്നു' (Apoc. 1: 5–6).

*വിശുദ്ധരുടെ ജീവിതത്തിൽനിന്നു*: ഫ്രാൻസിൻെറ രാജാവായ വി. ലൂയിസ് ഇപ്രകാരം പറയുക പതിവായിരുന്നു: ഞാൻ രാജാവായി കിരീടം ധരിക്കപ്പെട്ട റീംസ് ഭദ്രാസനപ്പള്ളിയെക്കാൾ എനിക്കു് ഏററം പ്രിയംകരമായിട്ടുള്ളതു് ഞാൻ ജ്ഞാനസ്നാനമേററ ചെറിയ അരമനക്കപ്പേളയത്രേ. എന്തെന്നാൽ ജ്ഞാനസ്നാനത്തിൽ ഞാൻ ദൈവത്തിൻെറ മകനായിത്തീന്നു: ഈ സ്ഥാനമാകട്ടെ രാജസ്ഥാനത്തെക്കാൾ തുലോം ഉൽകൃഷ്ടമാകുന്നു'.

ജ്ഞാനസ്നാനമേൽക്കാത്തവർ സ്വർഗ്ഗം പ്രാപിക്കുമോ?

ഒരാൾ സ്വന്തം കുററത്താൽ ജ്ഞാനസ്നാനമേൽക്കുന്ന കാര്യം നീട്ടിക്കൊണ്ടുപോകയും ഒടുവിൽ ജ്ഞാനസ്നാനമേൽക്കാതെ മരണം പ്രാപിക്കയും ചെയ്യുന്നപക്ഷം സ്വർഗ്ഗം പ്രാപിക്കയില്ല. എന്നാൽ ജ്ഞാനസ്നാനമേൽക്കാൻ സാധിക്കുന്നതിനുമുമ്പു് ഒരാൾ വിശ്വാസത്തെപ്രതി രക്തസാക്ഷിയായിത്തീരുന്ന പക്ഷം, അയാൾ സ്വന്തരക്തത്താൽ ജ്ഞാനസ്നാനപ്പെട്ടിരിക്കുന്നു; അതിനാൽത്തന്നെ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു; സ്വർഗ്ഗത്തിൽ അയാൾ രക്തസാക്ഷിയുടെ മുടി ചൂടുകയും ചെയ്തിരിക്കുന്നു. ഇതിനു് 'രക്തത്താലുള്ള ജ്ഞാനസ്നാനമെന്നു പറയുന്നു. ഒരാൾ ദൈവസ്നേഹത്തെപ്രതി സ്വപാപങ്ങളെക്കുറിച്ചു് മനസ്തപിക്കുകയും, ജ്ഞാനസ്നാനപ്പെടുവാൻ ആഗ്രഹിക്കയും, എന്നാൽ ആരിലെങ്കിലും ജ്ഞാനസ്നാനം സ്വീകരിക്കാൻ സാധിക്കുന്നതിനുമുമ്പു് മരിക്കയും ചെയ്യുന്നുവെന്നുവന്നാൽ അയാൾ സ്വർഗ്ഗം പ്രാപിക്കും. ആഗ്രഹത്താലുള്ള ജ്ഞാനസ്നാനംമൂലം അയാൾ രക്ഷ പ്രാപിക്കുന്നു. ജ്ഞാനസ്നാനമേൽക്കണമെന്നു് മിശിഹാ കൽപിച്ചിട്ടുള്ള വസ്തുത ഒരാൾ അറിഞ്ഞിട്ടില്ലെന്നു വിചാരിക്കുക: അയാൾ ദൈവസ്നേഹത്തെപ്രതി സ്വപാപങ്ങളെക്കുറിച്ചു് മനസ്തപിക്കുകയും, ദൈവം തന്നോടാവശ്യപ്പെടുന്നതെന്തും ചെയ്‌വാൻ സന്നദ്ധനായിരിക്കയും ചെയ്യുന്നപക്ഷം സ്വർഗ്ഗപ്രാപ്തിക്കു് യോഗ്യനായി ഭവിക്കും. എന്തെന്നാൽ ദൈവംതന്നോടാവശ്യപ്പെടുന്നതെന്തും ചെയ്‌വാനുള്ളസന്നദ്ധതയിൽ ആഗ്രഹത്താലുള്ള ജ്ഞാനസ്നാനം അടങ്ങിയിട്ടുണ്ടു്. അയാൾ അതറിയുന്നില്ലെന്നു മാത്രം. ജ്ഞാനസ്നാനമേൽക്കാതെ രക്ഷപെടുന്നവരെല്ലാം മിശിഹായുടെ പ്രസാദവരത്താൽ മാത്രമാണു് രക്ഷപെടുന്നതു്.

*പരീക്ഷണവശം:* 1. പെസ്ഹാ ജാഗരണത്തിലെ വേദപുസ്തകവായനകളിൽ ജ്ഞാനസ്നാനത്തെപ്പററി കാണുന്നതെന്തു്? 2. ജ്ഞാനസ്നാനമേൽക്കുന്നതോടെ നമുക്കു് എന്തവകാശങ്ങളാണു് സിദ്ധിക്കുന്നതു്? 3. ജ്ഞാനസ്നാനമേൽക്കുന്നതോടെ നമുക്കുണ്ടാകുന്ന കടമകളേവ? 4. വൈദികൻ ജ്ഞാനസ്നാനം നൽകുന്നതിനു വെള്ളമെടുക്കാൻ ഉപയോഗിക്കുന്ന പാത്രത്തിൻേറയും ജ്ഞാന

സ്നാനാവസരത്തിൽ നൽകുന്ന വെള്ളവസ്ത്രത്തിൻെറ (അഥവാ വെള്ളയങ്കിയുടെ)യും ജ്ഞാനസ്നാനത്തിരിയുടെയും പടം വരയ്ക്കുക.

## 20. വിശ്വാസം.

തൻെറ മാംസം ഭക്ഷിക്കുന്നതിനും രക്തം പാനം ചെയ്യുന്നതിനും നൽകാൻ പോകുന്നുവെന്ന് ഈശോ യൂദന്മാരോടു പറഞ്ഞപ്പോൾ അവിടത്തെ ശിഷ്യരിൽ അനേകംപേർ അവിടത്തെ വിട്ടുപോയി; പിന്നീട് അദ്ദേഹത്തെ അനുഗമിക്കാൻ അവർ മനസ്സായില്ല. അപ്പോൾ ഈശോ തൻെറ പന്ത്രണ്ട് ശ്ലീഹന്മാരോടു ചോദിച്ചു: "നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ?" ശെമ്ഓൻ പത്രോസ് ഉത്തരമായി പറഞ്ഞു: "കർത്താവേ ഞങ്ങൾ ആരുടെപക്കൽപോകും? നിത്യജീവൻെറ വചനങ്ങൾ നിനക്കുണ്ട്. നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ഈശോ മിശിഹായാകുന്നുവെന്നു ഞങ്ങൾ വിശ്വസിക്കയും അറികയും ചെയ്തിരിക്കുന്നു" (Jn. 6: 53–69)

✠

നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് തൻെറ ദിവ്യരഹസ്യങ്ങൾ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു അവിടന്നു പറയുന്നതെല്ലാം സത്യമാകുന്നു; എന്തെന്നാൽ, അവിടന്ന് നിത്യസത്യം തന്നെയാകുന്നു; അവിടത്തേയ്ക്ക് ഒരു തെററും പററുകയില്ല; അവിടന്ന് ഒരസത്യവും പറയുകയില്ല അതിനാൽ, ദൈവം വെളിപ്പെടുത്തിയതെല്ലാം കീഴ്‌വഴക്കത്തോടെ സ്വീകരിക്കണം; അതു് സത്യമെന്ന് നാം സമ്മതിക്കണം, അതനുസരിച്ച് നാം ജീവിതം നയിക്കണം; നാം വിശ്വസിക്കണം—അതായതു്, ദൈവത്തിൽ നമുക്കു വിശ്വാസമുണ്ടാകണം.

ദൈവം ഏററം കൂടുതലായി സ്വയം വെളിപ്പെടുത്തിയിരിക്കുന്നതു് തൻെറ തൃക്കുമാരനായ ഈശോമിശിഹാ മൂലമാകുന്നു. ആ കുമാരനെ അറിയുന്നവക്കുമാത്രമേ പിതാവിനെയും അറിയാൻ സാധിക്കയുള്ളു. അതിനാൽ മിശിഹായുടെ വചനം നാം കേൾക്കണം; അവിടത്തേ വിശുദ്ധജീവിതം, മരണം, അവിടന്നു പ്രസംഗിച്ച മാഹാത്മ്യം എന്നിവയെക്കുറിച്ച് ഗഹനമായി നാം ധ്യാനിക്കണം.

ദൈവം വെളിപ്പെടുത്തിയിട്ടുള്ളതു് കത്തോലിക്കാസഭയുടെ അദ്ധ്യാപനത്തിൽ നിന്നത്രെ നാം ഗ്രഹിക്കുന്നതു്. "ദൈവസുജ്ഞാനത്തിൻെറ സൂക്ഷ്മത തിരുസ്സഭ വഴിയായിട്ടത്രെ പ്രകാശിതമാകുന്നതു്" (Eph. 3:10). അതിനാൽ നാം തിരുസ്സഭയെ കേൾക്കുകയും, നാം വിശ്വസിക്കേണ്ടതായി അവൾ കല്പിക്കുന്നതെല്ലാം വിശ്വസിക്കയും വേണം.

ദൈവത്തിൻെറ പ്രസാദവരം കൂടാതെ ജീവിക്കുക നമുക്കു സാധ്യമല്ല. വി. പൗലോസ് പറയുന്നു: "നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു് അ

വിടത്തെ പ്രസാദവരത്തിലാകുന്നു. വിശ്വാസമാകട്ടെ ഇതിന്റെ ഉപകരണമാകുന്നു, ഇതും നിങ്ങളിൽനിന്നുണ്ടായതല്ല, പിന്നെയോ ദൈവത്തിന്റെ ദാനമാകുന്നു" (Eph. 2:8). അതിനാൽ ദൈവത്തിന്റെ പ്രസാദവരത്തിനായി കൂടെക്കൂടെ പ്രാർത്ഥിക്കണം. പരിശുദ്ധാത്മാവുമൂലം ജ്ഞാനസ്നാനത്തിൽ നമുക്ക് വിശ്വാസത്തിന്റെ ദാനം ലഭിച്ചു. ദൈവരഹസ്യങ്ങളുടെ സത്യം അറിയുന്നതിനു പര്യാപ്തമായ ഈ ദാനവിശേഷം ഒരു തരത്തിൽപ്പറഞ്ഞാൽ, സാധാരണ കാണുന്നതിനുള്ള കണ്ണുകൾക്ക് പുറമെ വിശേഷദർശനത്തിനുപററിയ പ്രത്യേക കണ്ണു ലഭിക്കുന്നതുപോലെയാണ്.

വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടുമാത്രം നാം ഇപ്പോൾ കാണുന്നതു് ഒടുവിൽ നാം നേരിട്ടു കാണും; നമ്മുടെ നിത്യഭവനത്തിൽ ദൈവത്തെ നമുക്കു അഭിമുഖമായി കാണുന്നതിനു് അവിടുന്നു് ഇടവരുത്തും. അവിടുന്നു് എത്ര പ്രതാപവാനും നല്ലവനുമാണെന്നു് അളവററ സന്തോഷത്തോടെ അന്നു നമുക്കറിയാൻ സാധിക്കും.

*പരിചിന്തനം:* 1. ദൈവം സ്വയം വെളിപ്പെടുത്തിയിട്ടുള്ളതു് പ്രധാനമായി ആർ മൂലമാകുന്നു? 2. തിരുസ്സഭ പഠിപ്പിക്കുന്നതെല്ലാം നാം വിശ്വസിക്കേണ്ടതെന്തുകൊണ്ടു്? 3. വിശ്വാസത്തിനുവേണ്ടി നാം പ്രാർത്ഥിക്കണമോ? 4. നാമിപ്പോൾ വിശ്വസിക്കമാത്രം ചെയ്യുന്നതു് നാം എന്നു് നേരിട്ടു കാണും?

38. നാം വിശ്വസിക്കേണ്ടതെന്തു്?

**ദൈവം വെളിപ്പെടുത്തിയതെല്ലാം നാം വിശ്വസിക്കണം.**

39. ദൈവം വെളിപ്പെടുത്തിയതെല്ലാം നാം വിശ്വസിക്കേണ്ടതെന്തുകൊണ്ടു്?

**ദൈവം നിത്യസത്യമാകയാൽ, അതായതു്, അവിടത്തേയ്ക്കു് തെററുപററാൻ പാടില്ലാത്തതുകൊണ്ടും അവിടുന്നു് അസത്യം പറയുകയില്ലാത്തതുകൊണ്ടും, അവിടുന്നു് വെളിപ്പെടുത്തിയതെല്ലാം നാം വിശ്വസിക്കേണ്ടതാകുന്നു.**

40. ദൈവം വെളിപ്പെടുത്തിയതെല്ലാം ആർ നമ്മെ പഠിപ്പിക്കുന്നു?

**ദൈവം വെളിപ്പെടുത്തിയതെല്ലാം തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നു.**

*പ്രായോഗികവശം:* ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന മഹത്വം വിശ്വാസദൃഷ്ട്യാ ഞാൻ കാണുന്നു, അവിശ്വാസം വഴിയായി ഞാൻ എന്നെത്തന്നെ കരുടനാക്കുകയില്ല.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* 'കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാരാകുന്നു' (Jn. 20: 29). 'ഇപ്പോൾ കണ്ണാടിയിൽക്കൂടി എന്നപോലെ ഉപമ

യിൽ നാം കാണുന്നു; അപ്പോഠം അഭിമുഖമായി നാം കാണും. ഇപ്പോഠം ഞാൻ വളരെ കാര്യങ്ങളിൽ കുറച്ചുമാത്രം അറിയുന്നു; അപ്പോഠം ഞാൻ അറിയപ്പെട്ടിരിക്കുന്നതുപോലെതന്നെ, ഞാനും അറിയും' (I. Cor. 13;12).

*ഒരു വിശദീകരണം:* 'വിശ്വസിക്കുക' എന്ന വാക്കു് 'ചിന്തിക്കുക ഊഹിക്കുക' എന്നീ അത്ഥങ്ങളിലും പ്രയോഗിക്കാറുണ്ടു്. ഉദാ: 'ഇപ്പോഠം മഴ പെയ്യാൻ പോകയാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ എൻെറ സ്നേഹിതൻ പറഞ്ഞതു് ഞാൻ വിശ്വസിക്കുന്നു' എന്ന വാക്യത്തിലേ 'വിശ്വസിക്കുന്നു' എന്ന പ്രയോഗം മുറസ്സു പറഞ്ഞാൽ 'മററൊരാളുടെ വാക്കിന്മേൽ ഒരു സംഗതി സത്യമെന്നു ഞാൻ വിശ്വസിക്കുന്നു' എന്നാണു് അത്ഥം. ഈ അർത്ഥം തന്നെയാണു് ദൈവം വെളിപ്പെടുത്തിയിട്ടുള്ളതു്. ഞാൻ വിശ്വസിക്കുന്നു എന്ന വാക്യത്തിലെ വിശ്വസിക്കുന്നു എന്ന വാക്കിനുള്ളതു്. നിത്യസത്യമായ ദൈവം നമ്മോടു് പറഞ്ഞുവെന്നതുകൊണ്ടാണു് ഒരു സംഗതി സത്യമെന്നു നാം വിശ്വസിക്കുന്നതു്.

*പരീക്ഷണവശം:* 1 അബ്രാഹം വിശ്വാസത്തിനൊരു മാതൃകയായിരിക്കുന്നതെന്തുകൊണ്ടു? 2. പരിശുദ്ധകന്യകാമറിയം തൻെറവിശ്വാസത്തെ പ്രത്യക്ഷമാക്കിയതെപ്പോഠം? 3. ശ്ലീഹന്മാരും ആദിമക്രിസ്ത്യാനികളും അവരുടെ വിശ്വാസം പ്രത്യക്ഷമാക്കിയതെങ്ങനെ? 4. ചില രക്തസാക്ഷികളുടെ പേർ പറയുക, അവർ തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിച്ചതെങ്ങനെയെന്നു വിശദീകരിക്കുക.

## 21. വിശ്വാസപരമായ ജീവിതം.

വി. പൗലോസ് കോലൊസ്സായർക്കു് ഇപ്രകാരമെഴുതുന്നു: "സകല സുജ്ഞാനവും അതോടൊന്നിച്ചു് സകല ആദ്ധ്യാത്മിക നിരീക്ഷണശക്തിയും കൈവരുത്തുന്ന ദൈവതിരുമനസ്സിനെക്കുറിച്ചുള്ള ഗാഢമായ ജ്ഞാനത്താൽ നിങ്ങഠം നിറയുമാറാകട്ടെ എന്നാണു് ഞങ്ങളുടെ പ്രാർത്ഥന. നിങ്ങഠം ദൈവത്തിനു യോജിച്ച ദാസന്മാരായി ജീവിക്കുമാറാകട്ടെ; നിങ്ങഠം അവിടുത്തേയ്ക്കു പ്രസാദകരമായതെന്തെന്നു് എപ്പോഴും പാത്തുകൊണ്ടിരിക്കുന്ന ദാസന്മാരായിരിക്കുവിൻ; ദൈവത്തെക്കുറിച്ചുള്ള ഗാഢമായ ജ്ഞാനം നിങ്ങഠംക്കു് സകല നന്മകളിലും ഫലപ്രദായകത്വവും അഭിവൃദ്ധിയും കൈവരുത്തുമാറാകട്ടെ (Col. 1:9-10).

✠

കേവലം അജ്ഞരായ കുട്ടികളെപ്പോലെ നാം വിശ്വാസത്തിൽ അലസരായി നിന്നാൽ പോരാ; ദൈവത്തെക്കുറിച്ചു നാം കൂടുതൽ കൂടുതൽ അറിയണം; പ്രത്യേകമായി നമ്മുടെ കത്താവീശോമിശിഹായെ സംബന്ധിച്ച അറിവിൽ നാം അഭിവൃദ്ധി പ്രാപിക്കണം. "അദ്ദേഹത്തിലത്രേ സുജ്ഞാനത്തിൻെറയും അറിവിൻെറയും നിധിയെല്ലാം നിക്ഷിപ്തമായിരിക്കുന്നതു്" (Col. 2:3)

നാം വിശ്വാസത്തിൽ വർദ്ധിക്കുന്നതിനു് കൂടുതൽ കൂടുതൽ അതുഗ്രഹിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കണം. അതിനാൽ പ്രസംഗങ്ങളും

ഉപദേശങ്ങളും നാം താല്പര്യത്തോടെ കേൾക്കണം; വേദോപദേശക്ലാസ്സുകളിൽ വന്നു പഠിക്കുവാൻ ഉൽസുകരാകണം, വിശുദ്ധഗ്രന്ഥം, വേദോപദേശപുസ്തകം, തക്സാ (ബലികർമ്മപുസ്തകം), വിശുദ്ധരുടെ ചരിത്രം എന്നിവ വായിക്കുന്നതിനു് നമുക്കു് ആഗ്രഹം ഉണ്ടാകണം. നല്ല പുസ്തകങ്ങളും കത്തോലിക്കാപത്രമാസികകളും വായിക്കുന്നതു് നമ്മുടെ വിശ്വാസാഭിവൃദ്ധിക്കു പററിയതാകുന്നു.

നാം ഉള്ളിൽ വിശ്വസിക്കുന്നതുകൊണ്ടു മാത്രമാകയില്ല; നാം വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടെന്നു മററുള്ളവർക്കു പ്രത്യക്ഷമാകയും വേണം. മിശിഹാ അരുൾചെയ്തിരിക്കുന്നതു കേട്ടാലും: "ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ സ്വീകരിച്ചു പറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുമ്പിൽ അവനെ സ്വീകരിച്ചുപറയും. ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ നിഷേധിച്ചുപറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുമ്പിൽ അവനെ നിഷേധിച്ചുപറയും"

(Mt. 10. 32-33).

ഒരു നല്ല ക്രിസ്തീയജീവിതം നയിച്ചുകൊണ്ടും, നമ്മുടെ വിശ്വാസത്തെ അപകടത്തിലാക്കുന്ന സാഹചര്യങ്ങളെല്ലാം വിട്ടുപേക്ഷിച്ചുകൊണ്ടും വിശ്വാസത്തെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വിശ്വാസത്തിൻെറ ശത്രുക്കളോടു് ആരെങ്കിലും ഗാഢമൈത്രി പുലത്തുകയോ, വിശ്വാസവിരുദ്ധമായ പുസ്തകങ്ങളും പത്രമാസികകളും വായിക്കയോ ചെയ്യുന്നപക്ഷം അയാൾ തൻെറ വിശ്വാസത്തെ അപകടത്തിലാക്കുകയത്രേ ചെയ്യുന്നതു്. ഒരാൾ മഹാ അഹങ്കാരിയായിരിക്കയോ അശുദ്ധജീവിതം നയിക്കയോ ചെയ്യുന്നപക്ഷം അയാളുടെ വിശ്വാസം എളുപ്പത്തിൽ നഷ്ടമാകാനിടയുണ്ടു്. ഒരാൾ അവിശ്വാസത്തിൻെറ (അഥവാ അവിശ്വാസികളുടെ) ഒരന്തരീക്ഷത്തിൽ ജീവിക്കയും എന്നാൽ അതു വിട്ടുമാറാൻ സാധിക്കാതിരിക്കയും ചെയ്യുന്നപക്ഷം അയാൾ വളരെയധികം പ്രാർത്ഥിക്കയും, മതതത്വങ്ങൾ നന്നായി പഠിക്കാൻ പരിശ്രമിക്കുകയും, കൂദാശകൾ കൂടെക്കൂടെ കൈക്കൊള്ളുകയും വേണം.

ഒരാൾ വിശ്വാസത്തിൽ ഉപേക്ഷ കാണിക്കയോ, തക്ക കാരണം കൂടാതെ അതിനെ അപകടത്തിലാക്കുകയോ ചെയ്യുമ്പോൾ അയാൾ വിശ്വാസത്തിനെതിരായി പിഴക്കുന്നു: ഉദാഹരണമായി, അയാൾ പ്രസംഗങ്ങളും മതോപദേശങ്ങളും കേൾക്കാതെ മനഃപൂർവ്വം ഒഴിഞ്ഞുമാറുകയും, വിശ്വാസത്തിനെതിരായ ഗ്രന്ഥങ്ങൾ വായിക്കയും, മതത്തെ അധിക്ഷേപിക്കുന്നവരുമായി വലിയ ചങ്ങാത്തത്തിൽ കഴിഞ്ഞുകൂടുകയും ചെയ്യുമ്പോൾ വിശ്വാസത്തിനെതിരായി പാപം ചെയ്യുന്നു. തിരുസ്സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നതെന്തെങ്കിലും മനഃപൂർവ്വം സംശയിക്കയോ, അബദ്ധമായ അഥവാ അബദ്ധമെന്നു് പ്രഖ്യാപിതമായ ഏതെങ്കിലും സിദ്ധാന്തം മനഃപൂർവ്വം വിശ്വസിക്കയോ ചെയ്യുന്നതു് വിശ്വാസത്തിനെതിരായ പാപമാകുന്നു. എന്നാൽ വിശ്വാസത്തിനെതിരായ ഏററം വലിയ പാപം

കത്തോലിക്കാസഭയെ നിശ്ശേഷം വിട്ടുപേക്ഷിക്കയും ഇനിയൊരിക്കലും കത്തോലിക്കനായിരിക്കയില്ലെന്ന ശാഠ്യനിലപാട്ട സ്വീകരിക്കയും ചെയ്യുന്നതാകുന്നു.

വാസ്തവത്തിൽ വിശ്വാസത്താൽ നിറഞ്ഞിരിക്കുന്നവൻ വിശ്വാസത്താൽ ജീവിക്കുന്നു. അയാൾ തൻെറ ജീവിതം മുഴുവനും മനസ്സുരണത്തോടെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കയും മുഴുഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കയും, ദൈവം തന്നോടാവശ്യപ്പെടുന്നതെല്ലാം അയാൾ നിർവ്വഹിക്കയും ചെയ്യുന്നു. വിശ്വാസം ഒരു വൃക്ഷത്തിൻെറ നാരായവേരുപോലെയാണ് മററു സകല പുണ്യങ്ങളും (സുകൃതങ്ങളും) ഇതിൽ നിന്നത്രേ വളർച്ച പ്രാപിക്കുന്നതു്.

*പരിചിന്തനം:* **1.** നമ്മുടെ വിശ്വാസത്തെപ്പററി കൂടുതൽ കൂടുതൽ ഗ്രഹിച്ചുകൊണ്ടിരിക്കേണ്ടതിൻെറ ആവശ്യമെന്തു്? 2. നമ്മുടെ വിശ്വാസത്തെപ്പററി കൂടുതൽ ഗ്രഹിക്കാൻ സാധിക്കുന്നതെങ്ങനെ? 3. നമ്മുടെ വിശ്വാസത്തെ ഏതു മാർഗ്ഗേണ സംരക്ഷിക്കണം? 4. നമ്മുടെ വിശ്വാസത്തെ അപകടത്തിലാക്കുന്നതെന്താകുന്നു? 5. ഒരാൾ അവിശ്വാസത്തിൻെറ അന്തരീക്ഷത്തിൽ വസിക്കുന്നുവെങ്കിൽ ആയാൾ പ്രത്യേകമായി ചെയ്യേണ്ടതെന്തു്? 6. വിശ്വാസത്തിനെതിരായ പാപമായിത്തീരുന്ന കാര്യങ്ങളേവ? 7. നമ്മുടെ വിശ്വാസത്തെ ഉണർത്തുവാൻ പററിയ വചനങ്ങളേവ?

**29.** നമ്മുടെ വിശ്വാസത്തെ ഏററുപറയണമെന്ന് ഈശോ ഏതു വചനങ്ങളാലാണ് ആവശ്യപ്പെട്ടതു്?

ഈശോ അരുൾചെയ്തു: "ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ സ്വീകരിച്ചു പറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുമ്പിൽ അവനെ സ്വീകരിച്ചു പറയും. ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ നിഷേധിച്ചു പറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുമ്പിൽ നിഷേധിച്ചുപറയും"

*പ്രായോഗികവശം:* ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങൾ അറിയുവാൻ വളരെയധികം പ്രയത്നിച്ചു് അന്വേഷണം നടത്തേണ്ടതായിവരുന്നുണ്ടു്. എൻെറ വിശ്വാസമാകട്ടെ എനിക്കു് ശൈശവംമുതൽ സിദ്ധിച്ചതാണ്. മററുള്ളവർക്കും എൻെറ വിശ്വാസദീപം കത്തിച്ചുകൊടുക്കുവാൻവേണ്ടി ഇതു ഞാൻ വളരെ നന്നായി ഗ്രഹിക്കുന്നതിനു പരിശ്രമിക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* 'പ്രാണനില്ലാത്ത ശരീരം എങ്ങനെ ചത്തതായിരിക്കുന്നുവോ അങ്ങനെതന്നെ പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസവും ചത്തതാകുന്നു' (Jas. 2:26).

*വിശ്വാസത്തിനെതിരായ സംശയങ്ങൾ, പ്രലോഭനങ്ങൾ, വിഷമപ്രശ്നങ്ങൾ:* വിശ്വാസത്തിനെതിരായ വിചാരങ്ങൾക്കു നാം സമ്മതം കൊടുക്കുന്നിടത്തോളം കാലം അതു പാപമാകയില്ല; അവ വിശ്വാസത്തിനെതിരായ

വെറും പ്രലോഭനങ്ങളാകുന്നു. എന്നാൽ വിശ്വാസസംഹിതയിലെ ഒരു സത്യം അതിലെ വേറൊരു സത്യത്തിനു വിപരീതമായി ഒരാൾക്ക് തോന്നിപ്പോകുന്നുവെങ്കിൽ അതൊരു സംശയവുമല്ല, പ്രലോഭനവുമല്ല, പിന്നെയൊ വിശ്വാസത്തിനെതിരായ ഒരു വിഷമത അഥവാ വിഷമപ്രശ്നം മാത്രമാകുന്നു. ഈ വിഷമപ്രശ്നത്തിനു സമാധാനം കണ്ടുപിടിക്കുവാൻ അയാൾ പരിശ്രമിക്കേണ്ടതാകുന്നു. എന്നാലും നാം ഭൂമിയിലിരിക്കുന്നിടത്തോളം കാലം നമ്മുടെ വിശ്വാസരഹസ്യങ്ങൾ പൂർണ്ണമായി ഗ്രഹിക്കാൻ സാധിക്കയില്ലെന്നുള്ള വസ്തുത ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്.

*പരീക്ഷണവശം:* 1. നമ്മുടെ വിശ്വാസം എങ്ങനെയെല്ലാം നഷ്ടമാകാവുന്നതാണ്? 2. നിന്റെ വീട്ടിൽ മതപരമായ എന്തെല്ലാം പുസ്തകങ്ങളുണ്ട്? 3. നിനക്കറിയാവുന്ന ഇന്നാട്ടിലെ കത്തോലിക്കാപത്രമാസികകൾ ഏതെല്ലാം? 4. നാം കത്തോലിക്കരാണെന്നറിയത്തക്ക എന്തെല്ലാം വസ്തുക്കൾ നമ്മുടെ ഭവനത്തിലുണ്ട്? 5. നമ്മുടെ വിശ്വാസം ഏററുപറയുന്ന അവസരങ്ങൾ ഏതെല്ലാം? 6. ബാഹ്യമായ ഏതു പ്രവൎത്തനങ്ങൾ മൂലമാണ് നമ്മുടെ വിശ്വാസം നാം ഏററുപറയുന്നതു? 7. നമ്മുടെ വിശ്വാസത്തെ ഉണൎത്തുവാൻ ഉപയോഗിക്കുന്നതിനു പററിയ വാക്കുകളേവ?

## 22. ശരണം

വി. പൗലോസ് തന്റെ മരണത്തിന് കുറേനാൾ മുമ്പ് സ്വശിഷ്യനായ തീമാത്തെയോസിന് കാരാഗൃഹത്തിൽനിന്ന് ഇപ്രകാരമെഴുതി: "ഞാനോ ഇനി നൈവേദ്യമായി (ബലിയായി) ഒഴിക്കപ്പെട്ടവാൻ പോകുന്നു, ഞാൻ അഴിഞ്ഞുപോകേണ്ടസമയം അടുത്തു. ഞാൻ നല്ല യുദ്ധം ചെയ്തു; എന്റെ ഓട്ടം പൂൎത്തിയാക്കി; എന്റെ വിശ്വാസം സംരക്ഷിച്ചു. നീതിയുള്ള ന്യായാധിപതിയായിരിക്കുന്ന എന്റെ കൎത്താവ് ആ ദിവസത്തിൽ എനിക്ക്—മാത്രമല്ല എന്റെ വെളിപാടിനെ സ്നേഹിച്ചവൎക്കും—പ്രതിഫലമായി തരുവാനിരിക്കുന്ന നീതിയുടെ കിരീടം ഇപ്പോൾ മുതൽ എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ അടുക്കലേയ്ക്കു വേഗം വരുവാൻ ഉത്സാഹിക്കുക എന്റെ കൎത്താവാകട്ടെ, പ്രസംഗംമൂലം ഞാൻ പൂൎത്തീകരിക്കപ്പെട്ടവാനും പുറജാതികളെല്ലാം കേൾക്കുവാനും വേണ്ടി എനിക്ക് സഹായമായി നിൽക്കുകയും എന്നെ ശക്തിപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ സിംഹത്തിന്റെ വായിൽനിന്ന് ഞാൻ രക്ഷിക്കപ്പെട്ടു. എന്റെ കൎത്താവ് എല്ലാ പ്രവൃത്തികളിൽനിന്നും എന്നെ രക്ഷിക്കയും തന്റെ സ്വൎഗ്ഗീയ രാജ്യത്തിൽ എന്നെ ജീവിപ്പിക്കയും ചെയ്യും. അവിടത്തേയ്ക്കു എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ ആമ്മേൻ"

(II Tim 4:6–8, 17–18).

✠

ദൈവം തന്റെ "ദൈവിക സ്വഭാവത്തിൽ പങ്കുകാരായിത്തീരുന്നതിനുള്ള വലിയവയും വില പിടിച്ചവയുമായ വാഗ്ദാനങ്ങൾ നമുക്കു ത

ന്നിരിക്കുന്നു"(II Pet. 1:14). അവിടന്നു് സർവ്വശക്തനും, നല്ലവനും, വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാകുന്നു. അതിനാൽ അവിടന്നു് നമ്മോടു് വാഗ്ദാനം ചെയ്തിട്ടുള്ളതെല്ലാം നമുക്കു് ലഭിക്കുമെന്നു് ശരണത്തോടെ പാർത്തിരിക്കുന്നു: നാം ദൈവത്തിൽ ശരണപ്പെടുന്നു.

നമ്മുടെ ശരണം യഥാർത്ഥീഭവിക്കുമെന്നതിനുള്ള ഉറപ്പു നമ്മുടെ കർത്താവീശോമിശിഹായാകുന്നു. ഈ ഉറപ്പു അവിടത്തെ വചനങ്ങളിലും മരണത്തിലും, ഉയിർപ്പിലും നാം കാണുന്നു. നമ്മുടെ ശരണമെല്ലാം അവിടന്നു് തരുന്നതാകുന്നു, അദ്ദേഹത്തിലുള്ള വിശ്വാസത്താൽ ധൈര്യപ്പെട്ടു് മുന്നേറുവാൻ അദ്ദേഹം നമ്മോടു കല്പിക്കുന്നു" (Eph. 3:12).

സ്വർഗ്ഗീയമായ ഉൽകൃഷ്ടവസ്തുക്കൾ നമുക്കു ദൈവത്തിൽ നിന്നു് സിദ്ധിക്കുമെന്നു ശരണപ്പെടുവാൻ വേണ്ടി ശരണത്തിന്റെ ശക്തി അഥവാ ദാനം നമുക്കു് നൽകപ്പെട്ടിരിക്കുന്നു, ദൈവം പരിശുദ്ധാത്മാവുമൂലം ജ്ഞാനസ്നാനാവസരത്തിൽ ഇതു നമുക്കു തന്നു. സ്വർഗ്ഗത്തിൽ നമുക്കു് സിദ്ധിക്കുവാനിരിക്കുന്ന വിജയത്തിന്റെ സമ്മാനത്തെ ഓർത്തു് എല്ലാം ധീരതയോടെ നേരിടുന്നതിനും സഹിക്കുന്നതിനുമുള്ള ശക്തി പരിശുദ്ധാത്മാവു് ജ്ഞാനസ്നാനാവസരത്തിൽ നമുക്കു നൽകി.

ദൈവം നമ്മോടു് വാഗ്ദാനം ചെയ്തിരിക്കുന്ന പ്രധാന സംഗതികൾ സ്വർഗ്ഗീയ നിക്ഷേപങ്ങളാകുന്നു. "അവിടന്നു് നമ്മോടു ചെയ്തിരിക്കുന്ന വാഗ്ദാനം ഇതാകുന്നു: നിത്യജീവൻ" (Jn. 2:25). ആകയാൽ, ഒരു ദിവസം അവിടന്നു് നമുക്കു് നിത്യസൗഭാഗ്യം നൽകുമെന്നും, ഐഹികജീവിതകാലത്തുതന്നെയും നമ്മുടെ പാപങ്ങൾ പൊറുക്കുമെന്നും നമുക്കു പ്രസാദവരം നൽകുമെന്നും നാം പ്രത്യാശിക്കുന്നു.

സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയ്ക്കാവശ്യമുള്ള എല്ലാ ഭൗമികവസ്തുക്കളും അവിടന്നു് നമുക്കുതരും. അതിനാൽ നമ്മുടെ ആത്മാവിന്റെ നന്മയ്ക്കു് ഏററം ഉപകരിക്കുന്ന വിധത്തിൽ ആരോഗ്യം, ഭക്ഷണം, വസ്ത്രം മുതലായവയെല്ലാം അവിടന്നു് നമുക്കു് നൽകുമെന്നു് നാം ന്യായമായി ശരണപ്പെടുന്നു. നാം ദാരിദ്ര്യത്തിലും, രോഗത്തിലും, നിസ്സഹായതയിലും കഴിഞ്ഞുകൂടുന്നുവെങ്കിലും ശരി, അതെല്ലാം ദൈവം നമുക്കു് പ്രയോജനകരമാംവിധം പരിവർത്തനംചെയ്യുമെന്നു നാം ശരണപ്പെടുന്നു. നമ്മുടെ ജീവിതംമുഴുവൻ ശരണത്തോടെ അവിടത്തെ തൃക്കരങ്ങളിൽ സമർപ്പിക്കയേ വേണ്ടൂ.

ഒരാൾ ദൈവത്തെ വേണ്ടവിധം ആശ്രയിക്കുന്നില്ലെങ്കിൽ, അഥവാ ശരണപ്പെടുന്നില്ലെങ്കിൽ ക്രമേണ മനസ്സിടിഞ്ഞുപോകും. ഇതും ഒരപരാധമായിട്ടാണു് പരിണമിക്കുന്നതു്. എന്നാൽ, ശരണമെല്ലാം കൈവെടിഞ്ഞു് ദൈവത്തെ ഒട്ടും ആശ്രയിക്കാതിരിക്കുന്ന പക്ഷം അയാൾ നിരാശ എന്ന പാപം പിഴക്കുന്നു. ആരെങ്കിലും ദൈവത്തിന്റെ വിശുദ്ധിയ്ക്കു് വിരുദ്ധ

മായി എന്തെങ്കിലും പ്രതീക്ഷിക്കുന്നുവെങ്കിൽ അതു് അതിശരണമെന്ന പാപമാകുന്നു. ഉദാ: ദൈവം തന്നോടു ക്ഷമിക്കുമെന്നു് കരുതിക്കൊണ്ടു് ധൈര്യത്തോടെ പാപം ചെയ്യുന്നതു്.

ദൈവത്തിൽ ആശ്രയിക്കുന്നവൻ ശരണത്തിൽ ജീവിക്കുന്നു. അയാൾ ഐഹിക ജീവിതത്തിൽവച്ചുതന്നെ ഹൃദയത്തിൽ സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നു; അയാൾക്കു് ആവശ്യമുള്ളവയെല്ലാം സ്ഥിരശരണത്തോടെ അപേക്ഷിക്കുന്നു പരീക്ഷണസമയങ്ങളിൽ അയാൾ ദുഃഖങ്ങളും വിഷമതകളും ക്ഷമാപൂർവ്വം സഹിക്കുന്നു; അയാൾ ദൈവരാജ്യത്തിനുവേണ്ടി ധീരതയോടെ യുദ്ധം ചെയ്കയും നിത്യജീവൻ പ്രാപിക്കുവാൻ സർവ്വശക്ത്യാ പ്രയത്നിക്കയും ചെയ്യുന്നു.

*പരിചിന്തനം:* 1. നാം ശരണപ്പെടുന്നതുപോലെയെല്ലാം നിറവേറുമെന്നുള്ളതിനു് നമുക്കു് ഏററം ശക്തിമത്തായ ഉറപ്പു് ആരാണു്? 2. സ്വർഗ്ഗീയ നിക്ഷേപങ്ങൾക്കു പുറമേ നമുക്കു് ദൈവത്തിൽനിന്നു പ്രത്യാശിക്കാവുന്നതെന്തെല്ലാം? 3. ദൈവത്തിൻെറ സ്വർഗ്ഗീയദാനങ്ങൾ പ്രത്യാശിക്കുവാൻ കഴിയുന്നതിനു് അവിടന്നു് നമുക്കെന്താണു് തന്നിരിക്കുന്നതു്? 4. മനസ്സിടിവു്, നിരാശ, അതിശരണം എന്നിവയ്ക്കു് ഉദാഹരണങ്ങൾ പറയുക. 5. ശരണത്തിൽ ജീവിക്കുവാൻ എന്തുചെയ്യുന്നു?

42. നാം ദൈവത്തിൽ ശരണപ്പെടുന്നതെന്തുകൊണ്ടു്?

ദൈവം സർവ്വശക്തനും നല്ലവനും വിശ്വസ്തനുമാകയാൽ തന്നിൽ നാം ശരണപ്പെടുന്നു.

43. ഏതു സംഗതികളെ സംബന്ധിച്ചാണു് ദൈവത്തിൽ നാം കൂടുതൽ ശരണപ്പെടുന്നതു്?

പാപപ്പൊറുതിയും പ്രസാദവരവും നിത്യായുസ്സുമാണു് ദൈവത്തിൽനിന്നു ലഭിക്കുമെന്നു നാം കൂടുതൽ ശരണപ്പെടുന്നതു്.

*പ്രായോഗികവശം:* എല്ലാ ആവശ്യങ്ങളിലും എല്ലാ വീഴ്ചകളിലും എൻെറ ആശ്രയം മുഴുവനും ദൈവത്തിൽ വയ്ക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* ''ദൈവത്തിനു് അസാധ്യമായി യാതൊന്നുമില്ല'' (Lk. 1:37) ''ഞങ്ങൾ എന്തു തിന്നുമെന്നോ, എന്തുകുടിക്കുമെന്നോ എന്തു ഉടുക്കുമെന്നോ നിങ്ങൾ വിചാരപ്പെടുകയും പറയുകയും വേണ്ടാ. ലോകത്തിലെ പുറജാതികളാകുന്നു ഇവയെല്ലാം അന്വേഷിക്കുന്നതു്. ഇവയെല്ലാം നിങ്ങൾക്കും ആവശ്യമാകുന്നുവെന്നു് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് അറിയുന്നുണ്ടു്. നിങ്ങൾ ദൈവത്തിൻെറ രാജ്യവും അവിടത്തെ നീതിയും ആദ്യമേ അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാം കൂട്ടിച്ചേർത്തു് നിങ്ങൾക്കു് തരപ്പെടും'' (Mt. 6:31–33). ''നിങ്ങളെക്കുറി

ച്ച ശ്രദ്ധയുള്ള ദൈവത്തിൽ നിങ്ങളുടെ ആകുലചിന്തയെല്ലാം സ്ഥാപിക്കു വിൻ' (I Pet. 5:7).

*പരീക്ഷണവശം:* 1. അബ്രാഹം, ജോബ്, ദാവീദ്, മക്കബായർ, അവരുടെ അമ്മ എന്നിവരെല്ലാം ദൈവത്തിൽ ശരണപ്പെട്ടു. അവർ തങ്ങളുടെ ശരണം എങ്ങനെയാണ് പ്രകാശിപ്പിച്ചത്? 2. കായേൻ, മൂശെ, യൂദാസ്സറിയോത്താ എന്നിവർ ശരണത്തിനെതിരായി പാപം ചെയ്തു. അത് എങ്ങനെയെല്ലാം? 3. സങ്കീർത്തനങ്ങളിൽ ദൈവത്തെ 'എൻെറ കോട്ട' 'എൻെറ സങ്കേതം' 'എൻെറ പരിച', 'എൻെറ പ്രകാശം', 'എൻെറ പാറ' എന്നിങ്ങനെ സംബോധന ചെയ്യുന്നതെന്തുകൊണ്ട്? 4. സങ്കീർത്തനങ്ങളിലുള്ള ഈ ശിക്ഷണോപമകളെ അടിസ്ഥാനമാക്കി പടം വരയ്ക്കുക. 5. നങ്കൂരം ശരണത്തിൻെറ ഒരു സാദൃശ്യമായിരിക്കുന്നതെന്തുകൊണ്ട്? 6. നമ്മുടെ ശരണത്തെ എങ്ങനെ ഉണർത്താൻ കഴിയും?

## 23. ദൈവത്തോടുള്ള സ്നേഹം

വി. യോഹന്നാൻ ശ്ലീഹാ ഇപ്രകാരം എഴുതിയിരിക്കുന്നു: "ദൈവം തൻെറ ഏകപുത്രനെ, ലോകത്തിലേയ്ക്കയച്ചു. ഇങ്ങനെ അയച്ചത് ആ പുത്രൻ മൂലം നാം ജീവിക്കേണ്ടതിനാകുന്നു. ഇതുകൊണ്ടുതന്നെ ദൈവത്തിനു നമ്മോടുള്ള സ്നേഹം അറിയപ്പെട്ടിരിക്കുന്നു....ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം വിശ്വസിക്കയും അറിയുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്ന ഏവനും ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു" (I. Jn. 4:9, 16.)

✠

ദൈവത്തെ നമുക്കു സ്നേഹിക്കാൻ കഴിയുന്നതിനുമുമ്പുതന്നെ ദൈവം നമ്മെ സ്നേഹിച്ചു. നമ്മോടുള്ള സ്നേഹത്തെപ്രതിയാണു പിതാവായ ദൈവം നമ്മെ സൃഷ്ടിച്ചതും, തൻെറ രാജ്യത്തിൽനിത്യസൗഭാഗ്യമനുഭവിക്കുകയെന്ന ലക്ഷ്യം നമുക്കായി നിശ്ചയിച്ചതും. നമ്മോടുള്ള സ്നേഹത്തെപ്രതിയാണ്, നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിമുക്തരാക്കുവാൻ അവിടുന്ന് സ്വന്തപുത്രനെത്തന്നെ അയച്ചുതന്നത്, നമ്മോടുള്ള സ്നേഹത്തെപ്രതി അവിടുന്ന് നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് പരിശുദ്ധാത്മാവിനെ അയച്ചുതരികയും, നമ്മെ തൻെറ മക്കളാക്കിത്തീർക്കുകയും ചെയ്തു. ദൈവം എപ്പോഴും തൻെറ പ്രസാദവരങ്ങളും വിശേഷാനുകൂല്യങ്ങളും നമുക്കു തന്നുകൊണ്ടിരിക്കുന്നു. ദൈവം അനന്തനന്മയും പരിശുദ്ധിയുമുള്ളവനാകുന്നു. നമ്മുടെ സ്നേഹം പരമാവധി അർഹിക്കുന്നയാൾ ദൈവമാകുന്നു. ലോകത്തിലുള്ള യാതൊരുമനുഷ്യനും യാതൊരു നിക്ഷേപത്തിനും ഇത്രത്തോളം നമ്മുടെ സ്നേഹവിഷയമാകത്തക്ക യോഗ്യതയില്ല. ആകയാൽ ലോകത്തിലുള്ള ഏതൊരുവനെക്കാളും ഏതൊന്നിനെക്കാളും നമ്മുടെ മാതാപിതാക്കന്മാരെക്കാളും മുൻഗണന ദൈവത്തിനു നൽകണം. ഒരു ചാവുദോഷംമൂലം ദൈവത്തെ വിട്ടുപിരിയുവാനിടവരുന്നതിനെക്കാൾ എന്തു നഷ്ടവും സ

ഹിപ്പാൻ നാം സന്നദ്ധരായിരിക്കണം. നാം എല്ലാററിനെക്കാളും ദൈവത്തെ സ്നേഹിക്കണം.

ദൈവത്തിൻെറ സ്നേഹവും ദയയും ഏററം കൂടുതൽ ഈശോമിശിഹായിൽ വെളിപ്പെട്ടത്തപ്പെട്ടു. പാപികളോട്ട് അവിടന്ന് കാരുണ്യം കാണിച്ചതു് സ്നേഹത്തെപ്രതിയായിരുന്നു. നമ്മോടുള്ള സ്നേഹത്തെപ്രതി അവിടന്ന് ക്രൂശുമരണം വരിച്ചു; അവിടന്ന് നമ്മുടെ സഹോദരനും ഉററമിത്രവുമാകുന്നു. അതിനാൽ മററാരെക്കാളും കൂടുതൽ ഈശോയെ നാം സ്നേഹിക്കേണ്ടതാകുന്നു.

ദൈവത്തിൻെറ മക്കളെന്നനിലയിൽ നാം അവിടത്തെ സ്നേഹിക്കാൻ പ്രാപ്തരാകുന്നതിന്ന് ജ്ഞാനസ്നാനാവസരത്തിൽ പരിശുദ്ധാത്മാവുമൂലം അവിടന്ന് നമുക്ക് ഉപവി എന്ന സ്നേഹവിശേഷം നൽകി. "നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുമൂലം ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചിന്തപ്പെട്ടിരിക്കുന്നു" (Rom. 5:5).

ദൈവത്തെപ്പററി കൂടെക്കൂടെ ചിന്തിക്കയും, അവിടത്തോടു സന്തോഷപൂർവ്വം സംഭാഷിക്കയും, എപ്പോഴും അവിടത്തെ തിരുമനസ്സ് നിറവേററുകയും ചെയ്തുകൊണ്ട് അവിടത്തോടുള്ള സ്നേഹം നാം പ്രകാശിപ്പിക്കണം. "ദൈവത്തെ സ്നേഹിക്കുകയെന്നു പറഞ്ഞാൽ അവിടത്തെ പ്രമാണങ്ങൾ അനുസരിക്കുകയെന്നർത്ഥമാകുന്നു" (1 Jn. 5:3) അയൽക്കാരോടുള്ള സ്നേഹത്തിലത്രെ ദൈവസ്നേഹം വിശേഷാൽ പ്രത്യക്ഷമാകുന്നതു്. മററുള്ളവരെ നാം സ്നേഹിക്കുന്നില്ലെങ്കിൽ നമുക്ക് യഥാർത്ഥ ദൈവസ്നേഹമില്ല.

ദൈവം ഇത്ര നല്ലവനും, ഇത്രയധികം നമ്മെ സ്നേഹിക്കുന്നവനുമായിരിക്കെ, അവിടത്തോട്ട് പ്രതിസ്നേഹം കാണിക്കാതിരിക്കയോ, അവിടത്തോട്ട് അനിഷ്ടം ഭാവിക്കയോ, വിദ്വേഷം കാണിക്കയോ ചെയ്യുന്നതു് ഒരു പാപമാകുന്നു. ഏററം മഹാപാപം ദൈവത്തോടുള്ള വിദ്വേഷമാകുന്നു.

ദൈവസ്നേഹം അഥവാ ഉപവി സുകൃതങ്ങളിൽവച്ചു് ഏററം വലിയ സുകൃതമാകുന്നു. നാമിപ്പോൾ വിശ്വസിക്കുന്നതു് ഒരു ദിവസം നേരിട്ടു കാണും; നാമിപ്പോൾ ശരണപ്പെടുന്നതു് ഒരു ദിവസം സ്വന്തമായി അവകാശപ്പെടുത്തും. വിശ്വാസത്തിനും ശരണത്തിനും ഒരവസാനമുണ്ടാകും. ഉപവിയാകട്ടെ എന്നേയ്ക്കും നിലനിൽക്കും. ആകയാൽ, ദൈവത്തെ സ്നേഹിക്കുന്നതിന്ന് എല്ലാററിലും കൂടുതലായി നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

*പരിചിന്തനം:* **1. നമ്മോടുള്ള സ്നേഹം ദൈവം പ്രകാശിപ്പിച്ചതെങ്ങനെ? 2. ഈശോയെ നാം സ്നേഹിക്കുന്നതെന്തുകൊണ്ട്? 3. അവിടത്തെ**

സ്നേഹിക്കുവാൻ കഴിവുള്ളരാകുന്നതിന് ദൈവം വിശേഷാൽ നമുക്കു തന്നിരിക്കുന്നതെന്ത്? 4. ദൈവത്തോടുള്ള സ്നേഹം ഏതു മാർഗ്ഗേണ നമുക്കു പ്രത്യക്ഷമാക്കാൻ സാധിക്കും? 5. ദൈവസ്നേഹത്തിനെതിരായി പാപം ചെയ്യുന്നതെപ്പോൾ? 6. പാപങ്ങളിൽവച്ച് ഏററം വലിയ പാപമെന്താകുന്നു? 7. എല്ലാററിനെക്കാൾ കൂടുതൽ ദൈവത്തെ സ്നേഹിക്കുവാൻ നാം പരിശ്രമിക്കേണ്ടതെന്തുകൊണ്ട്?

**44.** എല്ലാററിനെക്കാൾ കൂടുതൽ ദൈവത്തെ നാം സ്നേഹിക്കുന്നതെപ്പോൾ?

ചാവുദോഷംമൂലം ദൈവത്തെ വിട്ടുപിരിയുന്നതിനെക്കാൾ ഏതു നഷ്ടവും സഹിക്കുവാൻ നാം സന്നദ്ധരായിരിക്കുമ്പോൾ എല്ലാററിനെക്കാൾ കൂടുതൽ ദൈവത്തെ നാം സ്നേഹിക്കുന്നുവെന്നു പറയുന്നു.

**45.** എല്ലാററിനെക്കാൾ കൂടുതൽ ദൈവത്തെ നാം സ്നേഹിക്കുന്നതെന്തിന്?

ദൈവം ആദ്യമേതന്നെ നമ്മെ സ്നേഹിച്ചതിനാലും അവിടുന്ന് അനന്തനന്മയാകയാലും അഖില സ്നേഹത്തിനും അർഹനാകയാലും എല്ലാററിനേക്കാൾ കൂടുതൽ ദൈവത്തെ നാം സ്നേഹിക്കുന്നു.

*പ്രായോഗികവശം:* ദൈവം എനിക്കു ചെയ്തുതരുന്ന സകല നന്മകളും അവിടുത്തേയ്ക്ക് എന്നോടുള്ള സ്നേഹത്തിന്റെ പ്രകാശനമാകുന്നു. ആകയാൽ, ഞാൻ അവിടുത്തോട് കൂടെക്കൂടെ നന്ദിപറകയും, എന്റെ മുഴുഹൃദയത്തോടെ പ്രതിസ്നേഹം കാണിക്കയും ചെയ്യും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* ''ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലത്തിലും അവിടുന്ന് നന്മയ്ക്കായി സഹായം ചെയ്യുന്നുവെന്ന് നാം അറിയുന്നു'' (Rom. 8: 28)–''ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, മനുഷ്യഹൃദയം ഗ്രഹിച്ചിട്ടുമില്ല'' (I Cor. 2: 9)–''എന്റെ കല്പനകൾ തന്നോടുകൂടെ ഉണ്ടായിരിക്കയും, അവ കാക്കുകയും ചെയ്യുന്നവനാരോ അവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ'' (Jn. 14: 21).

*ചില ചെറുപ്രാർത്ഥനകൾ:* ''ഈശോയെ, അങ്ങയെ കൂടക്കൂടെ ധ്യാനിക്കുന്നതിനും, അങ്ങയോടു സന്തോഷപൂർവ്വം സംഭാഷിക്കുന്നതിനും, അങ്ങയോടുള്ള സ്നേഹത്തിൽ എന്നും നിലനില്ക്കുന്നതിനുമുള്ള മഹാവരം എനിക്കു തന്നരുളേണമേ''. ''എന്റെ ദൈവമേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു.'' ''എന്റെ ദൈവമെ, എന്റെ സർവ്വവുമേ''. ''എന്റെ കർത്താവേ, എന്റെ ദൈവമേ''. ''കർത്താവേ, അങ്ങ് എല്ലാം അറിയുന്നുവല്ലോ; ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അറിയുന്നുവല്ലോ'' (Jn. 21: 17). ''പരിശുദ്ധാത്മാവേ, എഴുന്നെള്ളിവരിക; അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ നിറച്ച് അവയിൽ അങ്ങേ സ്നേഹാഗ്നി കത്തിക്കേണമേ''.

*പരീക്ഷണവശം:* പ. ക. മറിയം, വി. എസ്തപ്പാനോസ്, വി. ഫ്രാൻസീസ് അസ്സീസി, വി. ഫ്രാൻസീസ് സേവ്യർ, വി, വിൻസെൻറ് ഡി. പോറം, വി. ജോൺബ്രിട്ടോ, വി. മരിയഗൊരേത്തി, വി. ഡൊമനിക്ക് സാവ്യോ എന്നിവർ ദൈവത്തോടുള്ള സ്നേഹം പ്രത്യക്ഷമാക്കിയതെങ്ങനെ? 2. ദൈവസ്നേഹത്തെ ഏതു വചനങ്ങളാൽ നമുക്ക് ഉണർത്താൻ സാധിക്കും?

എൻെറ ദൈവമേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എനിക്കു കൈവശമാക്കി അനുഭവിക്കാൻ സ്വർഗ്ഗമില്ലായിരുന്നുവെന്നുവന്നാലും അങ്ങയുടെ സ്നേഹത്തിനെതിരായി പാപം ചെയ്‌വാൻ തുനിയുന്നവരെ ശിക്ഷിക്കുവാൻ നരകമില്ലായിരുന്നുവെന്നുവന്നാലും എൻെറ കർത്താവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു (വി, ഫ്രാൻസീസ് സേവിയർ).

## 24. അയൽക്കാരനോടുള്ള സ്നേഹം

കള്ളന്മാരുടെ കൈയിൽപെട്ടുപോയ ഒരു മനുഷ്യനെക്കുറിച്ചുള്ള ഒരന്യാപദേശം (ഉപമ) ഈശോ അരുൾചെയ്തു: "ഒരു ശമറായൻ യാത്ര ചെയ്കയിൽ കള്ളന്മാരുടെ കൈയ്യിൽപ്പെട്ടുപോയവൻ കിടന്നിരുന്ന സ്ഥലത്തുവന്നു് അവനെ കണ്ടു മനസ്സലിഞ്ഞു. അവൻ അടുത്തുചെന്നു് മുറിവുകൾ വച്ചുകെട്ടി, അവയിൽ വീഞ്ഞും എണ്ണയും പകർന്നു അവനെ സ്വന്തം കഴുതപ്പുറത്തുകയററി സത്രത്തിലേയ്ക്കു് കൊണ്ടുവന്നു് അവൻെറ കാര്യം അന്വേഷിച്ചു." ഈശോ ഈ അന്യാപദേശകഥ പറഞ്ഞിട്ട് "നീയും പോയി അങ്ങനെതന്നെ ചെയ്യുക" എന്നരുൾചെയ്തു (Lk. 10: 25-37).

✠

ദൈവം എല്ലാമനുഷ്യരെയും സ്നേഹിക്കുന്നു. എല്ലാമനുഷ്യരും ദൈവത്തിൻെറ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരും, മിശിഹായുടെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരും, നിത്യസൗഭാഗ്യത്തിലേയ്ക്കു വിളിക്കപ്പെട്ടവരുമാകുന്നു. ആകയാൽ, നമ്മുടെ അയൽക്കാരെയെല്ലാം—നമ്മുടെ സഹജീവികളായ മനുഷ്യരെയെല്ലാം—നാം സ്നേഹിക്കേണ്ടതത്രേ. നാം അവർക്ക് നന്മ ചെയ്യണം; അവരുടെ ആത്മശരീരങ്ങൾക്കാവശ്യമായ സഹായം നമ്മുടെ കഴിവിൻെറ പരമാവധി ചെയ്തുകൊടുക്കണം.

നമ്മുടെ അയൽക്കാരെ മിശിഹായെപ്രതി നാം സ്നേഹിക്കണം, എന്തെന്നാൽ അവരെയെല്ലാം മിശിഹാ തൻെറ സഹോദരീസഹോദരന്മാരായി പരിഗണിക്കുന്നു. അവിടുന്നു് അരുൾചെയ്തിട്ടുള്ളതിപ്രകാരമാണ്: "എൻെറ ഈ ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാകുന്നു ചെയ്തതു് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു....ഈ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാതിരുന്നപ്പോഴെല്ലാം എനിക്കും ചെയ്തിട്ടില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (Mt. 25: 40-45).

ഒരുവൻ നമ്മുടേതിൽനിന്നു ഭിന്നമായ ഭാഷ സംസാരിക്കുന്നവനായാലുംശരി, വേറൊരു വർഗ്ഗക്കാരനായാലുംശരി, വേറൊരു മതക്കാരനായാ

ലുംശരി, നമ്മുടെ സ്നേഹാവൃതിയിൽനിന്ന് അവനെ പുറത്തുതള്ളാവുന്നതല്ല.

നാം ദൈവത്തിൻെറ മക്കളും മിശിഹായുടെ ശിഷ്യരുമെന്നനിലയിൽ നമ്മുടെ ശത്രുക്കളെപ്പോലും സ്നേഹിക്കണം. ഈശോ ഇപ്രകാരം അരുൾചെയ്തിരിക്കുന്നു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവക്ക് നന്മചെയ്യുവിൻ, നിങ്ങളെ പീഡിപ്പിക്കയും നിങ്ങളുടെമേൽ അസത്യമായി കുററമാരോപിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. ഇതു് നല്ലവരുടെമേലും ദുഷ്ടരുടെമേലും തൻെറ സൂര്യനെ ഉദിപ്പിക്കുന്ന സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിൻെറ മക്കൾ ആയിത്തീരേണ്ടതിനത്രേ" (Mt. 44, 45). മിശിഹാതന്നെയും മരണാസന്നനായി കുരിശിൽ തൂങ്ങിക്കിടക്കുകയിൽ, "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" (Lk. 23:34) എന്ന് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. നമ്മുടെ കത്താവിൻെറ ഈ മാതൃക വി. എസ്തപ്പാനോസും മററനേകംപേരും അനുകരിച്ചു.

ആരെങ്കിലും നമ്മെ നിന്ദിക്കുന്നുവെങ്കിൽ അവനോടു ക്ഷമിക്കാനും അവൻെറ സ്നേഹിതരായിത്തീരുന്നതിനും നാം സന്നദ്ധരായിരിക്കണം. ദൈവമാകട്ടെ നമ്മോടു വളരെ കൂടുതൽ ക്ഷമിക്കാൻ സന്നദ്ധനായിരിക്കുന്നു! നാം ഒരിക്കൽ ക്ഷമിച്ചുകഴിഞ്ഞാൽ പിന്നീടൊരിക്കലും വിദ്വേഷത്തെ പരിപോഷിപ്പിക്കാൻതുനിയരുതു്. എന്നാൽ നാം ആരെയെങ്കിലും ഉപദ്രവിക്കയോ നിന്ദിക്കയോ ചെയ്താൽ, എത്രയുംവേഗം അവനോടു മാപ്പപേക്ഷിക്കയും, നാം ചെയ്ത ഉപദ്രവം പരിഹരിക്കാൻ നമ്മുടെ കഴിവിൻെറ പരമാവധി പരിശ്രമിക്കയുംവേണം.

ദൈവത്തിൻെറ കുടുംബത്തിൽ മററു കത്തോലിക്കരെല്ലാം നമ്മുടെ സഹോദരീസഹോദരന്മാരാകുന്നു. അതിനാൽ അവരെ നാം വിശേഷാൽ സ്നേഹിക്കേണ്ടിയിരിക്കുന്നു. വി. പൗലോസ് പറയുന്നതു് കേട്ടാലും: "നാം എല്ലാവക്കും നന്മചെയ്തുകൊടുക്കണം; എന്നാൽ, നമ്മോടൊന്നിച്ചു വിശ്വാസത്തിൽ ഏക കുടുംബമായി നിലകൊള്ളുന്നവക്ക് വിശേഷവിധിയായി നന്മ ചെയ്തുകൊടുക്കണം" (Gal. 6:10). നമ്മുടെ കത്തോലിക്കാ സഹജീവികൾക്കുവേണ്ടി ധനശേഖരം ചെയ്യുമ്പോഴും മററും നാം ഇക്കായ്യം പ്രത്യേകം അനുസ്മരിക്കേണ്ടതാകുന്നു.

നമ്മുടെ മാതാപിതാക്കന്മാർ, സഹോദരന്മാർ, സഹോദരികൾ, ബന്ധുക്കൾ, മിത്രങ്ങൾ, ഉപകാരികൾ, നമ്മുടെ രാജ്യത്തിലെ സഹപൗരന്മാർ എന്നിവരെല്ലാം നമ്മോടു പ്രത്യേകം ബന്ധപ്പെട്ടവരാണു്, ആകയാൽ നമ്മുടെ സ്നേഹത്തെ അവർ വിശേഷാൽ അർഹിക്കുന്നു.

നമുക്കു് അയൽക്കാരനോടു് യാതൊരു സ്നേഹവുമില്ലാതിരിക്കയോ, അഥവാ തുച്ഛമായ സ്നേഹം മാത്രമുണ്ടായിരിക്കയോ ആണെങ്കിൽ അതു് പരസ്നേഹത്തിനെതിരായ പാപമാകുന്നു. ഇങ്ങനെയുള്ള അപരാധത്തിലുൾപ്പെടുന്നവർ അയൽക്കാരനുവേണ്ടി അപേക്ഷിക്കയോ അവൻെറ കായ്യത്തിൽ ശ്രദ്ധാലുവായിരിക്കയോ ചെയ്യുന്നില്ല. അവർ ഉപവിയും മൈ

ത്രിയമില്ലാത്തവരും മററുള്ളവരോട്ട പരുഷമായി പെരുമാറുന്നവരുമാകുന്നു. അവർ മററുള്ളവരെ ഉപദ്രവിക്കയും അവരുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കയും ചെയ്യുന്നു. അയൽക്കാരന്ന് ദൈവദത്തമായ ആരോഗ്യം, കഴിവുകൾ, ധനം, മാനം, ഐശ്വര്യം എന്നിവയെക്കുറിച്ച് ഒരാൾക്ക് സ്പർദ്ധയുണ്ടാകുന്നെങ്കിൽ അതു് അസൂയ എന്ന പാപമാകുന്നു. അയൽക്കാരന്റെ അധഃപതനത്തിൽ ഒരാൾ സന്തോഷിക്കുന്നുവെങ്കിൽ അതു് വൈരാഗ്യമെന്ന പാപമാകുന്നു. പരസ്നേഹത്തിനെതിരായ ഏററം വലിയ പാപങ്ങൾ ശത്രുതയും, പകയുമാകുന്നു. "സഹോദരനെ ദ്വേഷിക്കുന്ന ഏവനും കൊലപാതകനാകുന്നു" (Jn. 3: 15).

*പരിചിന്തനം*: 1. നമ്മുടെ പരസ്നേഹം പ്രത്യക്ഷമാക്കേണ്ടതെങ്ങനെ? 2. നമ്മുടെ പരസ്നേഹത്തിൽ ഈശോയോടുള്ള സ്നേഹം തന്നെയാണടങ്ങിയിരിക്കുന്നതെന്നു് അവിടുന്നു് എങ്ങനെ വിശദമാക്കി? 3. പരദ്രോഹങ്ങളെ നാം ക്ഷമിക്കേണ്ടാവശ്യമെന്തു്? 4. നാം മററുള്ളവരെ ഉപദ്രവിച്ചാൽ അതിനു് എന്തു ചെയ്യണം? 5. നാം വിശേഷാൽ സ്നേഹിക്കേണ്ടതു് ആരെയെല്ലാം? 6. പരസ്നേഹത്തിനെതിരായ ചില പാപങ്ങളുടെ പേർ പറയുക. 7. അസൂയ, വൈരാഗ്യം. പ്രതികാരം എന്നീ പാപങ്ങൾ വിശദീകരിക്കുക.

**46. നാം എല്ലാ മനുഷ്യരെയും സ്നേഹിക്കേണ്ടതെന്തുകൊണ്ടു്?**

എല്ലാ മനുഷ്യരും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കയാലും, എല്ലാവരും മിശിഹായുടെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കയാലും, എല്ലാവരും നിത്യസൗഭാഗ്യത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കയാലും നാം എല്ലാ മനുഷ്യരെയും സ്നേഹിക്കേണ്ടിയിരിക്കുന്നു.

**47. നമ്മുടെ ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നു് ഈശോ ഏതു വാക്കുകളിൽ നമ്മോടു കല്പിച്ചു?**

ഈശോ അരുൾചെയ്തു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുവിൻ; നിങ്ങളെ പീഡിപ്പിക്കയും നിങ്ങളുടെമേൽ അസത്യമായി കുററമാരോപിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ: ഇതു നല്ലവരുടെമേലും ദുഷ്ടന്മാരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും, നീതിമാന്മാരുടെമേലും നീതിയില്ലാത്തവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കൾ നിങ്ങൾ ആയിത്തീരുന്നതിനത്രേ.

*പ്രായോഗികവശം:* പ്രതിദിനം ആർക്കെങ്കിലും ഞാൻ എന്തെങ്കിലും നന്മ ചെയ്യും. അതെങ്ങനെ? എന്റെ വകയിൽനിന്നു് മററുള്ളവർക്കു് എന്തെങ്കിലും

കൊടുത്തുകൊണ്ടോ അവരെ സന്തോഷിപ്പിച്ചുകൊണ്ടോ പരസഹായം ചെയ്‌വാൻ ഞാൻ പരിശ്രമിക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്*: "നിങ്ങളെ സ്നേഹിക്കുന്നവരെമാത്രം നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലമാണുള്ളത്; ഇതാ ചുങ്കക്കാരും ഇതുതന്നെ ചെയ്യുന്നില്ലയോ? നിങ്ങളുടെ സഹോദരന്മാരോട് മാത്രം സ്വസ്തി പറയുന്നെങ്കിൽ നിങ്ങൾ വിശേഷാൽ ചെയ്യുന്നതെന്ത്? ഇതാ കാവ്യമതക്കാരും ഇതുതന്നെ ചെയ്യുന്നില്ലേ? അതുകൊണ്ട് സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (Mt. 5: 46–48). — "ദൈവത്തെ സ്നേഹിക്കുന്ന ഏവനും തന്റെ സഹോദരനെയും സ്നേഹിക്കണം" (I Jn. 4: 21).— "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരസ്നേഹമുണ്ടെങ്കിൽ അതുകൊണ്ട് നിങ്ങൾ എന്റെ ശിഷ്യരാകുന്നു എന്ന് എല്ലാവരും അറിയും" (Jn. 13: 34–35). —"നിങ്ങൾ ആരോടും തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്" (Rom. 12: 17).

*ഒരുൽകൃഷ്ടനിയമം*: "മനുഷ്യർ നിങ്ങൾക്കു ചെയ്തുതരണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നതെല്ലാം അങ്ങനെതന്നെ അവർക്ക് നിങ്ങളും ചെയ്തുകൊടുക്കുവിൻ" (Mt. 7: 12).

*ജീവകാരുണ്യപ്രവർത്തനങ്ങൾ*: ആത്മീകവും ശാരീരികവുമായ ജീവകാരുണ്യ പ്രവർത്തനങ്ങളിലത്രേ പരസ്നേഹം വിശേഷാൽ പ്രത്യക്ഷമാകുന്നത് (118, 119 എന്നീ പാഠങ്ങൾ കാണുക).

*പരീക്ഷണവശം*: 1. പ. ക. മറിയം തന്റെ പരസ്നേഹ ചൈതന്യം പ്രകാശിപ്പിച്ചതെങ്ങനെ? 2. വിശുദ്ധരുടെ ജീവിതത്തിൽനിന്നും വീരോചിതമായ ചില പരസ്നേഹമാതൃകകൾ ഉദ്ധരിക്കുക? 3. എതാദൃശമായ മാതൃകകൾ മററു മനുഷ്യരുടെ ജീവിതത്തിൽനിന്നെടുത്ത് കാണിക്കുക. 4. ഇടവകയിൽ പരസ്നേഹം കാണിക്കുവാൻ നിനക്ക് സാധിക്കുന്ന മാർഗ്ഗങ്ങളേതെല്ലാം? 5. നിന്റെ ഭവനത്തിലും, സ്കൂളിലും, കളിസ്ഥലത്തും, പള്ളിയിലും, ജോലിസ്ഥലത്തും നിനക്ക് ഏതെല്ലാം വിധേന പരസ്നേഹം പ്രകാശിപ്പിക്കുവാൻ കഴിയും? 6. രോഗിയായി കിടക്കുന്ന അയൽക്കാരനോട് സ്നേഹം കാണിക്കുവാൻ നിനക്ക് എങ്ങനെയാണ് സാധിക്കുക? 7. നമ്മുടെ സ്നേഹത്തെ വിശേഷാൽ അർഹിക്കുന്ന ആളുകൾ ആരാകുന്നു?

## 25. മിശിഹായെ അനുഗമിക്കുക

ഈശോ ജ്ഞാനസ്നാനം സ്വീകരിച്ചതിന്റെ പിറേറ ദിവസം അവിടുന്ന് വഴിയിൽക്കൂടി നടന്നു വരുന്നത് സ്നാപകയോഹന്നാൻ കണ്ടു. അപ്പോൾ അദ്ദേഹം തന്റെ രണ്ടു ശിഷ്യന്മാരോടായി പറഞ്ഞു: "ഇതാ ദൈവത്തിന്റെ കുഞ്ഞാട്". ഇതു കേട്ടപ്പോൾ ആ രണ്ടു ശിഷ്യന്മാരും അദ്ദേഹത്തെ വിട്ട് ഈശോയെ അനുഗമിച്ചു. അവിടുന്ന് അവരോടു ചോദിച്ചു: "നിങ്ങൾ എന്തന്വേഷിക്കുന്നു?" അവർ പ്രതിവചിച്ചു: "ഗുരോ അവിടുന്ന് എവിടെ വസിക്കുന്നു?" ഈശോ അരുൾചെയ്തു: "വന്നു കാണുവിൻ". അവർ അവിടുത്തോടുകൂടി പോയി ആ ദിവസം മുഴുവനും അവി

ടുത്തോടൊരുമിച്ചു താമസിച്ചു, അപ്പോൾ ഉദ്ദേശം പത്തുമണി നേരമായിരുന്നു (Jn. 1: 35–39).

മിശിഹാ നമ്മെയും വിളിക്കുന്നു തന്നെ അനുഗമിക്കുവാൻ. അവിടുന്ന് നമ്മുടെ ഗുരുവാകുന്നു. അവിടുന്ന് നമ്മെ തന്റെ വചനത്താലും മാതൃകയാലും പഠിപ്പിക്കുന്നു. അവിടുന്ന് നമ്മിൽ വസിക്കുന്നു; നമുക്ക് പ്രകാശവും ശക്തിയും തരുന്നു. അവിടുന്ന് നമ്മുടെ ഉററമിത്രമാകുന്നു; നമ്മുടെ ജീവിതത്തിന്റെ ഇരുളടഞ്ഞ എല്ലാ നാഴികകളിലും നമ്മോടൊന്നിച്ച് സഞ്ചരിക്കുന്നു. അവിടുന്ന് അരുൾചെയ്യുന്നു: "എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല; പിന്നെയോ ജീവന്റെ പ്രകാശം അവനുണ്ടായിരിക്കും" (Jn. 8. 12).

നാം മിശിഹായെ അനുഗമിക്കുമ്പോൾ നമ്മുടെ പ്രഥമോദ്ദേശം ദൈവമഹത്വവും, നമ്മുടെ ആത്മരക്ഷയും, നമ്മുടെ സഹജീവികളായ മററു മനുഷ്യരുടെ ആത്മരക്ഷയുമാകുന്നു. മിശിഹാ അരുൾചെയ്യുന്നു: "നിങ്ങൾ ആദ്യമേ ദൈവരാജ്യത്തേയും അവിടുത്തെ നീതിയേയും അന്വേഷിക്കുവിൻ; ഇവയെല്ലാം കൂട്ടിച്ചേർത്ത് നിങ്ങൾക്കു തരപ്പെടും" (Mt. 6: 33).

നാം മിശിഹായെ അനുഗമിക്കുന്നപക്ഷം നാം മുഴുവനും അവിടുത്തേതായിത്തീരണം "യാതൊരു മനുഷ്യനും രണ്ട് യജമാനന്മാരെ സേവിക്കുവാൻ സാധിക്കയില്ല" (Mt. 6: 24). ആകയാൽ നാം അവിടുത്തെ കല്പനകൾ അനുസരിക്കയും, പാപങ്ങളെ, ലഘുവായ പാപങ്ങളെപ്പോലും—വിട്ടൊഴിയുന്നതിന് നമ്മാലാവും വിധത്തിലെല്ലാം പരിശ്രമിക്കയും വേണം.

പരിത്യാഗങ്ങൾ കൂടാതെ മിശിഹായെ അനുഗമിക്കുവാൻ നമുക്ക് സാധിക്കുകയില്ല. മിശിഹാ അരുൾചെയ്യുന്നു: "തന്റെ കുരിശെടുത്തുകൊണ്ട് എന്നെ അനുഗമിക്കാത്തവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല" (Lk. 14: 27). എന്നാൽ അവിടുത്തെ കുരിശിന്റെ വഴിയിൽ നാം അവിടുത്തെ അനുഗമിക്കയും, ധൈര്യത്തോടെ നിലനില്ക്കയും ചെയ്യുന്നപക്ഷം "എന്നോടുകൂടി എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ ഞാൻ വരം നൽകും" (Apoc. 3: 21) എന്ന വാഗ്ദാനം നമ്മിൽ അന്വർത്ഥമാകും.

മിശിഹായെ അനുഗമിക്കുന്നവൻ തന്റെ ഗുരുവിനെപ്പോലെ സ്വന്തംമഹത്വം അന്വേഷിക്കുന്നില്ല; അയാൾ എളിമയുള്ളവനാകുന്നു; ദൈവതിരുമുമ്പാകെ താൻ എത്ര നിസ്സാരനാണെന്ന് അയാൾ അറിയുന്നു; അയാൾ വിനയശീലനത്രെ; അയൽക്കാരെ സഹായിക്കുവാൻ അയാൾ എപ്പോഴും സന്നദ്ധനുമായിരിക്കുന്നു. ഈശോ അരുൾചെയ്യുന്നു: "എന്നിൽ നിന്നു പഠിക്കുവിൻ; എന്തെന്നാൽ ഞാൻ ശാന്തശീലനും ഹൃദയ എളിമയുള്ളവനുമാകുന്നു" (Mt. 11: 29). വി. പൗലോസ് എഴുതുന്നതായത്: "ഈശോമിശിഹാ വിചാരിച്ച ഇതു തന്നെ നിങ്ങളുടെ ഉള്ളിൽ നിങ്ങളും വി

ചാരിക്കുവിൻ. അവിടുന്ന് തന്നെത്താൻ വെറുമയാക്കി ദാസൻെറ സാദൃശ്യമെടുത്തു" (Phil. 2: 5, 7).

നമ്മെ പരിപൂർണ്ണരാക്കുവാൻ മിശിഹാ ആഗ്രഹിക്കുന്നു. "നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (Mt. 5: 48) എന്ന് അവിടുന്ന് നമ്മോടാവശ്യപ്പെടുന്നു. പരിപൂർണ്ണതയുടെ ഉത്തമമാതൃക അവിടുന്ന് തന്നെയാണ്; ദൈവത്തിൻെറ വിശുദ്ധിയുടെ ഛായതന്നെയാണവിടുന്ന്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലുമത്രേ പരിപൂർണ്ണത ഏററം കൂടുതലായി പ്രകാശിക്കുന്നത്.

നാം മിശിഹായോടു യോജിച്ചിരിക്കുന്നുവെങ്കിൽ നിത്യായുസ്സിലേയ്ക്കുള്ള ഫലം നാം ഉല്പാദിപ്പിക്കും. വരപ്രസാദാവസ്ഥയിൽ ചെയ്യുന്ന ഓരോ സൽകൃത്യത്തിനും ഐഹിക ജീവിതത്തിൽ നമുക്കു വരപ്രസാദവർദ്ധനയും സ്വർഗ്ഗത്തിൽ നിത്യസമ്മാനവും ലഭിക്കും. ഈശോമിശിഹാ അരുൾചെയ്യുന്നു: "നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു" (Mt. 5: 12).

*പരിചിന്തനം:* 1. നാം മിശിഹായെ അനുഗമിക്കുന്നതിനു നമ്മെ അവിടുന്ന് സഹായിക്കുന്നതെങ്ങനെ? 2. മിശിഹായെ അനുഗമിക്കുന്നവൻെറ പ്രഥമോദ്ദേശമെന്തായിരിക്കണം? 3. മിശിഹായുടെ അനുയായികളായ നാം വിട്ടൊഴിയേണ്ട കാര്യങ്ങളെന്ത്? 4. നാം തയ്യാറായിരിക്കേണ്ടതെന്തിന്? 5. മിശിഹായുടെ യഥാർത്ഥാനുയായി തൻെറ എളിമയെ പ്രകാശിപ്പിക്കുന്നതെങ്ങനെ? 6. വരപ്രസാദാവസ്ഥയിൽ ചെയ്യുന്ന സൽകൃത്യങ്ങൾമൂലം നാം സമ്പാദിക്കുന്നതെന്താകുന്നു?

**48. ഏതു വചനങ്ങളാൽ ഈശോ നമ്മെ പരിപൂർണ്ണതയിലേയ്ക്ക് വിളിക്കുന്നു?**

"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്ന വചനങ്ങളാൽ ഈശോ നമ്മെ പരിപൂർണ്ണതയിലേയ്ക്കു വിളിക്കുന്നു.

**49. പരിപൂർണ്ണതയുടെ ഉത്തമമാതൃക ആരാകുന്നു?**

പരിപൂർണ്ണതയുടെ ഉത്തമമാതൃക ഈശോമിശിഹായാകുന്നു.

**പ്രായോഗികവശം:** പലപ്പോഴും, വിശിഷ്യ, പ്രാധാന്യമർഹിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് നിർണ്ണയം ചെയ്യുമ്പോൾ, നിന്നോടുതന്നെ ചോദിക്കുക: "നമ്മുടെ കർത്താവ് ഇപ്പോൾ എൻെറ സ്ഥാനത്തായിരുന്നെങ്കിൽ അവിടുന്ന് എന്തു ചെയ്യുമായിരുന്നു?"

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* "ആരെങ്കിലും എനിക്കു ശുശ്രൂഷചെയ്യുന്നുവെങ്കിൽ അവൻ എൻെറ പിന്നാലെ വരട്ടെ. അപ്പോഠം ഞാനിരിക്കുന്നിടത്തു് എൻെറ ശുശ്രൂഷകനും ഇരിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു് ബഹുമാനിക്കയും ചെയ്യും" (Jn: 12: 26)–"എൻെറ പിന്നാലെ വരുവാൻ മനസ്സുള്ളവൻ സ്വയം പരിത്യജിച്ചു് എല്ലാദിവസവും തൻെറ കുരിശെടുത്തുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ"(Lk. 9: 23).– "ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു് ഈ ദൃഷ്ടാന്തം നിങ്ങഠംക്കു ഞാൻ തന്നിരിക്കുന്നു" (Jn. 13: 15).

*വിശുദ്ധരുടെ അദ്ധ്യാപനത്തിൽനിന്നു്:* "നാം മിശിഹായുടെ അനുയായികളാകുന്നില്ലെങ്കിൽ നാം അവിടുത്തെ നാമം ധരിക്കുന്നതു് വ്യർത്ഥമാകുന്നു" (മഹാനായ ലെയോൺ മാർപ്പാപ്പാ).

*പരീക്ഷണവശം:* 24-ം 25-ം പാഠങ്ങഠം വായിച്ചു്, ഈശോമിശിഹായെ അനുഗമിക്കാൻ പററിയ പ്രധാനമാർഗ്ഗങ്ങഠം ഏവയെന്നു രേഖപ്പെടുത്തുക.

## പ്രാർത്ഥന

നാം ദൈവത്തിൻെറ മക്കളാകയാൽ, മക്കഠം പിതാവിനോടു സംഭാഷിക്കുന്നതുപോലെ നമുക്കു ദൈവത്തോടു സംഭാഷിക്കാം. വി. പൗലോസ് എഴുതുന്നതായതു്: "നിങ്ങഠം മക്കളായിരിക്കയാൽ ദൈവത്തെ ആബാ (അപ്പാ) -ഞങ്ങളുടെ പിതാവേ എന്നു വിളിക്കുന്ന തൻെറ പുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു് അയച്ചു (Gal. 4: 6).

## 26. ഈശോ നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു

ഒരിക്കൽ ഈശോ തൻെറ സ്വർഗ്ഗീയപിതാവിനോടു പ്രാർത്ഥിക്കയായിരുന്നു. തദനന്തരം തൻെറ ശ്ലീഹന്മാരിലൊരുവൻ അടുത്തുവന്നു് ചോദിച്ചു: "കർത്താവേ, യോഹന്നാൻ തൻെറ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ അവിടുന്നു് ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക" ഈശോ അരുളിചെയ്തു: നിങ്ങഠം പ്രാർത്ഥിക്കുമ്പോഠം ഇപ്രകാരം പറയുവിൻ:

> സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
> നിൻെറ തിരുനാമം ശുദ്ധമാകട്ടെ!
> നിൻെറ രാജ്യം വരട്ടെ;
> നിൻെറ തിരുമനസ്സു് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകട്ടെ.
> ഞങ്ങളുടെ അന്നന്നയപ്പം ഇന്നു ഞങ്ങഠംക്കു തരിക.
> ഞങ്ങളുടെ കടക്കാരോടു ഞങ്ങഠം പൊറുക്കുന്നതുപോലെ
> ഞങ്ങളുടെ കടങ്ങഠം ഞങ്ങളോടും പൊറുക്കുക.
> ഞങ്ങളെ പരീക്ഷയിൽ ഉഠംപ്പെടുത്തല്ലേ;
> പിന്നെയോ തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

(Lk. 11: 1–4; Mt. 6: 9–13).

നാം പ്രാർത്ഥിക്കുമ്പോഠം നമ്മുടെ ഹൃദയം ദൈവത്തിൻ പക്കലേയ്ക്കുയർത്തി അവിടുത്തോടു് സംഭാഷിക്കുന്നു. നാം അവിടുത്തെ സ്തുതിക്കയും മ

ഹത്വപ്പെടുത്തുകയും ചെയ്യുന്നു; അവിടുത്തോട് നന്ദി പറയുകയും അവിടുത്തെ പ്രസാദവരങ്ങൾ യാചിക്കയും ചെയ്യുന്നു.

നാം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു ഗ്രഹിപ്പിക്കുവാനായി ഈശോ 'ആകാശങ്ങളിലിരിക്കുന്ന' ജപം നമ്മെ പഠിപ്പിച്ചു. ഈ ജപത്തിന്റെ കർത്താവ് നമ്മുടെ കർത്താവുതന്നെയാകയാൽ ഇതിനെ 'കർതൃപ്രാർത്ഥന' എന്നു നാം വിളിക്കുന്നു. പ്രാർത്ഥനകളിൽവച്ച് ഉത്തമപ്രാർത്ഥനയാണിതു്. ദൈവത്തോടുള്ള സംബോധനയെ തുടർന്നു് ഏഴു യാചനകളടങ്ങിയതാണീ പ്രാർത്ഥന.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന സംബോധനയോടെ നാം ഈ പ്രാർത്ഥനയാരംഭിക്കുന്നു. നാം ദൈവത്തിന്റെ മക്കളാകുന്നു; അതിനാൽ ഏററം വലിയ മനഃശരണത്തോടെ അവിടുത്തോടു സംഭാഷിക്കാം; അവിടുന്നു് ആകാശത്തിന്റെയും ഭൂമിയുടെയും അതിവിശുദ്ധനായ കർത്താവാണെന്നിരിക്കിലും മഹാശരണത്തോടെ നമുക്കു് അവിടുത്തോടു സംഭാഷിക്കാം.

ദൈവത്തിന്റെ തിരുനാമം സ്തുതിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുമാറാകട്ടെ എന്നു യാചിച്ചുകൊണ്ടു് ആദ്യമേതന്നെ അവിടുന്നർഹിക്കുന്ന ബഹുമാനത്തിനായി പ്രാർത്ഥിക്കുന്നു; നമ്മുടെമേൽ ദൈവംമാത്രം വാണരുളുവാനായി അവിടുത്തെ രാജ്യംവരട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു; അവിടുത്തെ തിരുമനസ്സ് ദൈവദൂതന്മാരും വിശുദ്ധരും മാത്രമല്ല, ഭൂമിയിലെ മനുഷ്യർ കൂടെയും നിറവേററമാറാകണമെന്നു് നാം പ്രാർത്ഥിക്കുന്നു.

ഇവയെത്തുടർന്നു് മനുഷ്യരായ നമുക്കാവശ്യമായവ തന്നരുളേണമെന്നു നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്നന്നയപ്പവും (പ്രതിദിനാഹാരം) നമ്മുടെ ജീവിതത്തിൽ ആവശ്യമുള്ള മറെറല്ലാ വസ്തുക്കളും തന്നരുളേണമെന്നും, നമ്മെ ഉപദ്രവിച്ചിട്ടുള്ള എല്ലാവരോടും ക്ഷമിക്കുവാൻ നാം സന്നദ്ധരായിരിക്കയാൽ അവിടുന്നു് നമ്മുടെ പാപങ്ങൾ ക്ഷമിക്കേണമെന്നും, നമുക്കു് എതിർത്തുനില്ക്കാൻ ശക്തിയില്ലാത്ത എല്ലാ പ്രലോഭനങ്ങളിൽനിന്നും നമ്മെ കാത്തുകൊള്ളേണമെന്നും, എല്ലാത്തരത്തിലുമുള്ള ദുഷ്ടതയിലും തിന്മയിലുംനിന്നു് സംരക്ഷിച്ചുകൊള്ളേണമെന്നും നാം പ്രാർത്ഥിക്കുന്നു.

നമ്മുടെ പ്രാർത്ഥനയുടെ പ്രഥമോദ്ദേശ്യം ദൈവമഹത്വമായിരിക്കണമെന്നു് കർതൃപ്രാർത്ഥനവഴിയായി ഈശോ നമ്മെ പഠിപ്പിക്കുന്നു. നമ്മെ സംബന്ധിച്ചു് നാം യാചിക്കുന്ന കാര്യങ്ങളിൽ, നമ്മുടെ ആത്മരക്ഷയ്ക്കു സഹായകങ്ങളായവയായിരിക്കണം നമ്മുടെ പ്രധാന ലക്ഷ്യമെന്നു് ഈശോ നമ്മെ പഠിപ്പിക്കുന്നു.

ദൈവത്തോടു പ്രാർത്ഥിക്കുക അഥവാ സംഭാഷിക്കുക എന്നതു് ഒരു വിശേഷാനുകൂല്യമാകുന്നു. രാജാധിരാജന്റെ തിരുമുമ്പാകെവന്നു് ദൈവദൂതന്മാരോടും വിശുദ്ധരോടും യോജിച്ചു് അവിടുത്തെ സ്തുതിക്കുവാൻ പ്രാർത്ഥനയിൽ നാം അനുവദിക്കപ്പെടുന്നുവെന്നതാണു് ഈ സവിശേഷത. ദൈവം നമ്മെ മക്കളെപ്പോലെ സ്നേഹിക്കുന്നു. ഇങ്ങനെ സ്നേഹിക്കു

ന്ന ദൈവത്തോടു സംഭാഷിക്കുവാനത്രേ നാം അനുവദിക്കപ്പെട്ടിരിക്കു ന്നതു്.

കൂടാതെയും പ്രാർത്ഥന നമ്മുടെ കർത്തവ്യമാകുന്നു. നമുക്കു് ദൈവത്തോടുള്ള കടമയാണിതു്. എന്തെന്നാൽ അവിടുന്നു് നമ്മുടെ കർത്താവും പിതാവുമാകുന്നു. നാം അവിടത്തോടു് പ്രാർത്ഥിക്കണമെന്നു് അവിടുന്നു് കല്പിച്ചിരിക്കുന്നു. വിശിഷ്യാ, നമ്മുടെ ജ്ഞാനസ്നാനംമൂലം നാമതിനു് വിളിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, നാം സ്വർഗ്ഗപ്രാപ്തരാകുന്നതിനു് നമുക്കാവശ്യമുള്ള പ്രസാദവരങ്ങളെല്ലാം പ്രാർത്ഥന വഴിയായിട്ടേ ലഭിക്കുകയുള്ളൂ.

***പരിചിന്തനം:*** **1. ഞങ്ങളുടെ പിതാവേ, എന്നു ദൈവത്തെ സംബോധന ചെയ്‌വാൻ നാം അനുവദിക്കപ്പെട്ടിരിക്കുന്നതെന്തുകൊണ്ടു്? 2. കർതൃപ്രാർത്ഥനയിൽ ആദ്യത്തെ മൂന്നു യാചനകൾ ഏവ? 3. കർതൃപ്രാർത്ഥനയിൽ അവസാനത്തെ നാലു യാചനകൾ ഏവ?**

**50. "പ്രാർത്ഥിക്കുക" എന്നതിൻെറ അർത്ഥമെന്താകുന്നു?**

ദൈവത്തെസ്തുതിക്കുന്നതിനും അവിടുത്തോടു നന്ദിപറയുന്നതിനും എന്തെങ്കിലും യാചിക്കുന്നതിനുമായി നമ്മുടെ ഹൃദയത്തെ അവിടുത്തെ പക്കലേയ്ക്കുയർത്തുകയാകുന്നു "പ്രാർത്ഥിക്കുക" എന്നതിൻെറ അർത്ഥം.

**51. നാം പ്രാർത്ഥിക്കുന്നതെന്തിനു്?**

(1) ദൈവം നമ്മുടെ കർത്താവും പിതാവുമാകയാലും, (2) പ്രാർത്ഥന കൂടാതെ സ്വർഗ്ഗരാജ്യം പ്രാപിക്കുക നമുക്കു് സാദ്ധ്യമല്ലായ്കയാലും നാം പ്രാർത്ഥിക്കുന്നു.

**52. എല്ലാററിനേയും അപേക്ഷിച്ചു് നാം കൂടുതൽ പ്രാർത്ഥിക്കേണ്ടതു് എന്തിനുവേണ്ടിയാകുന്നു?**

എല്ലാററിനെയും അപേക്ഷിച്ചു് ദൈവമഹത്വത്തിനുവേണ്ടിയും മനുഷ്യരായ നമ്മുടെ നിത്യസൗഭാഗ്യപ്രാപ്തിക്കുവേണ്ടിയും നാം കൂടുതൽ പ്രാർത്ഥിക്കണം.

***പ്രായോഗികവശം:*** **ഒരു ദിവസത്തിൽ ചുരുങ്ങിയപക്ഷം ഒരു പ്രാവശ്യമെങ്കിലും ഞാൻ "ആകാശങ്ങളിലിരിക്കുന്ന" ജപം ചൊല്ലും. അതിനു പുറമേ ആ ജപത്തിലടങ്ങിയിരിക്കുന്ന യാചനകളിൽ ഓരോന്നും കൂടെക്കൂടെ സാവധാനത്തിൽ ചൊല്ലും.**

***വിശുദ്ധരുടെ ഉദ്ബോധനത്തിൽനിന്നു്:*** **"നല്ലപോലെ പ്രാർത്ഥിക്കാൻ കഴിയുന്നവനുമാത്രമേ നല്ലപോലെ ജീവിക്കാൻ കഴിയുകയുള്ളൂ" (വി. ആഗസ്തീനോസ്)—"ദ്രുതഗതിയിൽ ശ്രദ്ധകൂടാതെ ആകാശങ്ങളിലിരിക്കുന്ന ജപം**

അനേകപ്രാവശ്യം ചൊല്ലുന്നതിനെക്കാറം നല്ലതു് ആ ജപം ഭക്തിപൂർവ്വം ഒരൊററ പ്രാവശ്യം ജപിക്കുന്നതാണു്.'' (വി. ഫ്രാൻസീസ് ദെസാലെസ്)

*പലതരം പ്രാത്ഥനകരം:* 1. നമ്മുടെ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന അതേ വിധത്തിൽത്തന്നെ, നമ്മുടെ സ്വന്തം വചനങ്ങളിൽ നമുക്കു പ്രാത്ഥിക്കാവുന്നതാണു്. അല്ലെങ്കിൽ ആകാശങ്ങളിലിരിക്കുന്ന ജപം പോലെ നിശ്ചിത വാക്കുകളിൽ രചിച്ചിട്ടുള്ള പ്രാർത്ഥനകളും നമുക്കു ജപിക്കാം, 2 വാചിക പ്രാത്ഥനയായി—അതായതു് ആന്തരിക ശ്രദ്ധയോടെ സ്വരം പുറപ്പെടുവിച്ചുകൊണ്ടുള്ള വാക്കുകളിൽ നമുക്കു് പ്രാത്ഥിക്കാവുന്നതാണു്; അല്ലെങ്കിൽ, സ്വരം കൂടാതെ ആന്തരിക ശ്രദ്ധയോടെ മാത്രമായും പ്രാത്ഥിക്കാം. 3. വിശുദ്ധ ഗ്രന്ഥത്തിലേ ഏതെങ്കിലും വാക്യമോ വാക്യങ്ങളോ ചിന്താപൂർവ്വം സാവധാനത്തിൽ വായിച്ചുകൊണ്ടു് പ്രാത്ഥിക്കുക; നമ്മുടെ ദിവ്യരക്ഷകൻെറ ജീവിതത്തിലേ ഏതെങ്കിലും സംഭവം ഭാവനയിൽ വരുത്തുക; തിരുസ്വരൂപങ്ങറം പ്രാത്ഥനാത്മകമായി നോക്കിക്കൊണ്ടിരിക്കുക; പ്രകൃതിയിൽ കാണുന്ന ദൈവത്തിൻെറ പ്രവൃത്തികളെ വിസ്മയത്തോടെ വീക്ഷിച്ചുകൊണ്ടു് അവയെക്കുറിച്ച് അവിടുത്തോടു് സംഭാഷിക്കുക. ഇത്തരത്തിൽപ്പെട്ട പ്രാത്ഥനയെ 'ധ്യാനം' എന്നു നാം വിളിക്കുന്നു. നാം കുരിശിൻെറ വഴി (അഥവാ വിയാസാക്ര) കഴിക്കയോ ജപമാല ചൊല്ലുകയോ ചെയ്യുമ്പോറം ഈദൃശ ധ്യാനം ആവശ്യമാകുന്നു.

*പ്രാത്ഥനപ്പുസ്തകങ്ങളെപ്പററി:* നന്നായി പ്രാത്ഥിക്കുവാൻ ഒരു നല്ല പ്രാത്ഥനപ്പുസ്തകം നമുക്കു വളരെ ഉപകരിക്കും. നാം ഒരിക്കലും ഒരു പ്രാത്ഥനപ്പുസ്തകവും ഉപയോഗിക്കാതിരുന്നാൽ നമ്മുടെ പ്രാത്ഥന പ്രായേണ ശുഷ്കവും മുഷിച്ചൽ വരുത്തുന്നതുമായി പരിണമിക്കും. പ്രാത്ഥനപ്പുസ്തകങ്ങളിൽവച്ചു് ഏററം പ്രാധാന്യമർഹിക്കുന്നതു് കുർബ്ബാനക്രമം അഥവാ തക്സാ (Missal) ആകുന്നു.

*പരീക്ഷണവശം:* 1, സ്തുതിയുടെയും സ്തോത്രത്തിൻെറയും ഏതെല്ലാം പ്രാത്ഥനകറം നിനക്കറിയാം? 2. സ്തുതിസ്തോത്രങ്ങളുടെ ഏതെല്ലാം കീർത്തനങ്ങറം നിങ്ങറക്കറിയാം? 3. നമ്മുടെ പാപങ്ങറക്കു് മാപ്പപേക്ഷിക്കുന്ന ചില പ്രാത്ഥനകളുടെ പേർ പറയുക. 4. നാം അനുഗ്രഹങ്ങറം യാചിക്കുന്ന ചില പ്രാത്ഥനകളുടെ പേർ പറയുക. 5. ആകാശങ്ങളിലിരിക്കുന്ന ജപത്തിലെ ഏതെങ്കിലുമൊരു യാചന നിൻെറ സ്വന്തം വാക്യത്തിലാക്കുക. 6. നിൻെറ സ്വന്തം കൈപ്പടയിൽ നിന്നാലാവുംവിധം മനോഹരമായി ആകാശങ്ങളിലിരിക്കുന്ന ജപംഎഴുതുക.

## 27. നാം പ്രാർത്ഥിക്കേണ്ട വിധം

നമ്മുടെ കർത്താവു് തൻെറ പീഡാനുഭവത്തിൻെറ തലേരാത്രിയിൽ ശ്ലീഹാന്മാരോടുകൂടെ ഗെത്സേമൻതോട്ടത്തിലേയ്ക്കു പോയി അവിടെയെത്തിയിട്ടു്, "പരീക്ഷയിലുറംപ്പെടാതിരിപ്പാൻ നിങ്ങറം പ്രാത്ഥിക്കുവിൻ" എന്നു് അവിടുന്നു് അവരോടരുറംചെയ്തു. ഒരു കല്ലേറു ദൂരം അവിടുന്നു് അവരിൽനിന്നകന്നു്, മുട്ടുകുത്തിക്കൊണ്ടു ഇപ്രകാരം പ്രാത്ഥിച്ചു: "പിതാവേ, അവിടുന്നു് മനസ്സാകുന്നെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു മാററിക്കളയേണമെ. എങ്കിലും എൻെറ മനസ്സല്ല, അവിടുത്തേ മനസ്സു നിർവ്വഹിക്കപ്പെടട്ടെ!! സ്വർഗ്ഗത്തിൽ നിന്നൊരു ദൈവദൂതൻ അവിടെ പ്രത്യക്ഷനായി അവിടുത്തെ ശക്തിപ്പെടുത്തി; അവിടുന്നു് മഹാ വ്യഥയനുഭവിക്കവേ കൂടുതൽനേരം പ്രാർത്ഥിച്ചു (Lk· 22: 39-44).

നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ബോധത്തിന്റെ വ്യാപാരം ദൈവത്തെ സംബന്ധിച്ചതായിരിക്കണം; നാം ആരോട് സംഭാഷിക്കുന്നുവെന്നും, എന്തു സംഭാഷിക്കുന്നുവെന്നും ഓർക്കേണ്ടതാകുന്നു. അങ്ങനെ നാം പ്രാർത്ഥിക്കുമ്പോൾ ശ്രദ്ധാപൂർവ്വമായ പ്രാർത്ഥനയാകും, ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കുന്നതിന് നമ്മുടെ ചിന്തകളെ ഏകാഗ്രതയിൽ വരുത്തുകയും, നമ്മെ 'പലവിചാര'ത്തിൽ ആസക്തികളെയുന്നവയെല്ലാം വിട്ടുപേക്ഷിക്കയും വേണം. ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കുന്നതിനുള്ള ആത്മാർത്ഥ പരിശ്രമത്തിൽത്തന്നെ യഥാർത്ഥ പ്രാർത്ഥനയടങ്ങിയിരിക്കുന്നു. പല വിചാരങ്ങൾ വന്നു് നമ്മെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെങ്കിലും ശരി, നമ്മുടെ സന്മനസ്സ് അഥവാ നല്ല നിയോഗം പ്രാർത്ഥനയെ വിശിഷ്ടമാക്കിത്തീർക്കുന്നു.

നാം പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ കർത്താവും സ്രഷ്ടാവുമാകുന്നുവെന്നും, പാപികളും ബലഹീനരുമായ നാം അവിടുത്തെ പ്രസാദവരത്തെ സംപൂർണ്ണമായി ആശ്രയിച്ച് നിലകൊള്ളുന്നുവെന്നും ഓർക്കണം. ഇങ്ങനെ ഓർത്തുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന എളിമയോടുകൂടിയ പ്രാർത്ഥനയായിത്തീരും.

നാം പ്രാർത്ഥിക്കുമ്പോൾ നമ്മെത്തന്നെ ദൈവത്തിനും അവിടുത്തെ തിരുമനസ്സിനും സംപൂർണ്ണമായി കയ്യാളിക്കണം: നമ്മുടെ പ്രാർത്ഥന എന്നു കേൾക്കപ്പെടുമെന്നോ എങ്ങനെ കേൾക്കപ്പെടുമെന്നോ എന്നുള്ളകാര്യം ദൈവത്തിനു് വിട്ടുകൊള്ളണം. ഇങ്ങനെയുള്ള പ്രാർത്ഥനയത്രേ ഭക്തിപൂർവ്വകമായ പ്രാർത്ഥന.

ദൈവം നമ്മുടെ പിതാവാകയാൽ, നമ്മുടെ ആവശ്യങ്ങളിലെല്ലാം അവിടുത്തെ പക്കലേയ്ക്കു് നാം തിരിയണം; അവിടുന്നു് എപ്പോഴും നമ്മുടെ പ്രാർത്ഥന കേൾക്കുന്നു; നാം ആഗ്രഹിക്കുകയോ പ്രതീക്ഷിക്കയോ ചെയ്യാത്ത വിധത്തിലായിരിക്കും പലപ്പോഴും അവിടുന്നു് നമ്മുടെ അപേക്ഷ സാധിച്ചുതരുന്നതു്. എന്തെന്നാൽ, നമ്മുടെ നന്മയ്ക്കു കൂടുതൽ യുക്തമായതെന്തെന്നു് നമ്മെക്കാൾ നന്നായി അവിടുന്നറിയുന്നു. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുമെന്നുള്ള ഉറപ്പോടെ പ്രാർത്ഥിക്കുമ്പോൾ അതു് മനസ്സുരണത്തോടുകൂടിയ പ്രാർത്ഥനയായി ബ്ഭവിക്കുന്നു.

നാം ക്ഷീണിച്ചുപോകുന്നതുകൊണ്ടോ അലസമായിത്തീരുന്നതുകൊണ്ടോ അഥവാ നമ്മുടെ അപേക്ഷ ഉടനടി സാധിച്ചുകിട്ടായ്കയാലോ പലപ്പോഴും പ്രാർത്ഥന നമുക്കു് വിഷമമായിത്തോന്നിയേക്കാം. അപ്പോൾ നാം പ്രാർത്ഥന ഉപേക്ഷിച്ചുകളയരുതു്; പിന്നെയോ നാം കൂടുതൽ ഉണർവ്വോടെ പ്രാർത്ഥിക്കണം, സ്ഥിരതയോടെ പ്രാർത്ഥിക്കണം. ഗെത്സെമനി തോട്ടത്തിൽവച്ചു് മിശിഹാ പ്രാർത്ഥനയിൽ സുസ്ഥിരനായിരുന്നു. അവിടുത്തെ ആത്മാവു് മരിക്കത്തക്ക മനോവ്യഥയിലാണ്ടിരുന്നെങ്കിലും പ്രാർത്ഥനയിൽ തളർന്നുപോകാതെ ദൃഢമായി നിലകൊണ്ടിരുന്നു.

നാം നന്നായി പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു് ഐക്യപ്പെടുന്നു. അവിടുത്തെ കൂടുതൽ ആഴമായി സ്നേഹിക്കേണ്ടതെങ്ങനെയെന്നു് ഗ്രഹിക്കയും ചെയ്യുന്നു. അവിടുത്തെ ദിവ്യപരിപാലനത്തിന്റെ ക്രമീകരണ

ങ്ങൾ നമുക്ക് കൂടുതൽ ബോദ്ധ്യമാകുന്നു. ഭൗമിക വസ്തുക്കൾക്കുള്ള യഥാർത്ഥ വില നാം മനസ്സിലാക്കുകയും ചെയ്യുന്നു. തിന്മയെ എതിർക്കുവാൻ നാം ശക്തരായിത്തീരുന്നു. നന്മചെയ്യുന്നതിൽസന്തുഷ്ടരായി ബ് ഭവിക്കുന്നു. നമ്മുടെ ക്ലേശങ്ങളിൽ ആശ്വാസവും നമ്മുടെ ആവശ്യങ്ങളിൽ സഹായവും ലഭിക്കുന്നു. എന്നാൽ പ്രാർത്ഥന നമുക്കു കൈവരുത്തുന്ന ഏററം വലിയ പ്രസാദവരം നമ്മുടെ ജീവിതാവസാനംവരെ മിശിഹായോടു വിശ്വസ്തതയുള്ളവരായി നിലനിൽക്കുന്നതിനുള്ളതാകുന്നു.

*പരിചിന്തനം:* 1. ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കുക എന്നതിൻെറ അർത്ഥമെന്താകുന്നു? 2. ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കുന്നതിന് നാം എന്തു ചെയ്യണം? 3. എളിമയോടെ പ്രാർത്ഥിക്കുക എന്നതിൻെറ അർത്ഥമെന്താകുന്നു 4. ഭക്തിപൂർവ്വം പ്രാർത്ഥിക്കുക എന്നതിൻെറ അർത്ഥമെന്ത്? 5. മനശ്ശരണത്തോടെ പ്രാർത്ഥിക്കുക എന്നതിൻെറ അർത്ഥമെന്ത്? 6. സ്ഥിരതയോടെ പ്രാർത്ഥിക്കുക എന്നതിൻെറ അർത്ഥമെന്ത്?

53. നാം പ്രാർത്ഥിക്കേണ്ടതെങ്ങനെ?

നാം ശ്രദ്ധയോടും, എളിമയോടും, ഭക്തിയോടും, മനശ്ശരണത്തോടും, സ്ഥിരതയോടും കൂടെ പ്രാർത്ഥിക്കണം.

54. പ്രാർത്ഥനയുടെ ഫലങ്ങൾ എന്തെല്ലാം?

പ്രാർത്ഥന ദൈവത്തോടു ഐക്യപ്പെടുത്തുകയും, തിന്മയെ എതിർക്കുവാൻ നമ്മെ ശക്തരാക്കുകയും, സമൃദ്ധമായ പ്രസാദവരങ്ങൾ. വിശിഷ്യ, അവസാനത്തോളം വിശ്വസ്തരായി നമ്മെ നിലനിർത്തുന്ന പ്രസാദവരം നമുക്കു പ്രാപിച്ചുതരികയും ചെയ്യുന്നു.

*പ്രായോഗികവശം:* ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങുന്നതിനുമുമ്പ്, ഏകാഗ്രചിത്തനായി, ഉന്നതനും പരിശുദ്ധനുമായ ദൈവത്തോടു സംഭാഷിക്കാൻ ആരംഭിക്കയാണെന്നുള്ള കാര്യം ഓർക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* 'പ്രാർത്ഥനയിൽ സ്ഥിരതയോടിരിക്കുവിൻ, അതിൽ ഉണർവ്വോടിരിക്കുവിൻ, സ്തോത്രം ചെയ്യുവിൻ' (Col. 4:2) "ദൈവം തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും പക്കലേയ്ക്കു് അടുത്തു ചെല്ലുന്നു" (Ps. 144: 18). 'ചോദിക്കുവിൻ, നിങ്ങൾക്കു തരപ്പെടും, അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും' (Mt. 7:7).

*ദൃഷ്ടാന്തങ്ങൾ:* ഫ്രീശനെയും ചുങ്കക്കാരനെയും കുറിച്ചുള്ള ഉപമയിൽ അഹങ്കാരത്തോടുകൂടിയ പ്രാർത്ഥനയും എളിമയോടുകൂടിയ പ്രാർത്ഥനയും തമ്മിലുള്ള വ്യത്യാസം ഈശോ നമ്മെ പഠിപ്പിക്കുന്നു (Lk. 18:9–114) പാതിരാ

നേരത്തുവന്നു് മൂന്നു അപ്പം ആവശ്യപ്പെട്ട സ്നേഹിതനെയും (ലൂ. 11:5-13) നീതിയില്ലാത്ത ന്യായാധിപനെയും (Lk. 18:1–8) സംബന്ധിച്ച ഉപമകൾ വഴിയായി സുസ്ഥിരമായ പ്രാർത്ഥനാരീതി ഈശോ നമ്മെ പഠിപ്പിക്കുന്നു സുസ്ഥിരമായ പ്രാർത്ഥനയ്ക്കു് മറെറാരു വിശിഷ്ടോദാഹരണമത്രേ കാനാനായ സ്ത്രീയുടെ കഥ (Mt. 15:21–28).

*വിശുദ്ധരുടെ പ്രബോധനങ്ങളിൽനിന്നു:* ദൈവം ഒന്നുകിൽ നാം പ്രാർത്ഥിക്കുന്ന കാര്യം, അല്ലെങ്കിൽ അതിലും മെച്ചമായ കാര്യം സാധിച്ചുതരുന്നു (വി. ബർണ്ണാർദ്) —'വിശുദ്ധരെല്ലാം സ്വർഗ്ഗത്തിലെത്തുവാനിടയായതു് പ്രാർത്ഥനമൂലമാകുന്നു; നരകത്തിൽ ശിക്ഷപ്പെട്ടവരെല്ലാം പ്രാർത്ഥനയുടെ അഭാവംമൂലമത്രേ അങ്ങനെ അധ:പതിച്ചുപോയതു്'' (വി. അൽഫോൻസ് ലിഗോരി).

*പ്രാർത്ഥനയിലുള്ള ബാഹ്യനിലപാട്:* ബാഹ്യനിലപാട് നമ്മുടെ ആന്തരികസ്ഥിതിയെ പ്രകാശിപ്പിക്കുന്നു. പ്രാർത്ഥനയിൽ നമ്മുടെ ശരീരവും അതിൻെറ പങ്കുവഹിക്കേണ്ടതുണ്ട്. ശിരസ്സു നമിക്കുക, മുട്ടുകുത്തുക, സാഷ്ടാംഗപ്രണാമം ചെയ്ക എന്നിവമൂലം എളിമയും ദൈവത്തോടുള്ള ഭക്ത്യാദരങ്ങളും നാം പ്രകാശിപ്പിക്കുന്നു. എഴുന്നേററുനിന്നുകൊണ്ടു് ദൈവത്തോടുള്ളഭക്ത്യാദരങ്ങളും അവിടത്തെ തിരുമനസ്സു നിറവേററുവാനുള്ളസന്തോഷവും സന്നദ്ധതയും നാം പ്രകാശിപ്പിക്കുന്നു. കൈകൂപ്പികൊണ്ടു നമ്മുടെ ശ്രദ്ധാവിശേഷം ദൈവത്തോടുള്ള സേവനതല്പരതയും നാംപ്രകടിപ്പിക്കുന്നു. നെഞ്ചത്തുപിഴയിടിച്ചുകൊണ്ടു ദൈവതിരുമുമ്പാകെ നമ്മുടെ അപരാധം ഏററുപറയുന്നു.

*പ്രാർത്ഥനാസ്ഥലം:* നമുക്കു് എവിടെയിരുന്നുവേണമെങ്കിലും പ്രാർത്ഥിക്കാം. എന്നാൽ ബഹളമില്ലാത്തതും ഏകാഗ്രബോധം വരുത്തുവാൻ പററിയതുമായ സ്ഥലത്തുവച്ചാണു് നമുക്കു നന്നായി പ്രാർത്ഥിക്കാൻ സാധിക്കുന്നതു്. ഉദാ; പള്ളി; നാം ഭവനത്തിലാണെങ്കിൽ ക്രൂശിതരൂപത്തിന്റെയോ മറേറതെങ്കിലും തിരുസ്വരൂപത്തിൻെറയോ മുമ്പാകെ.

*പ്രാർത്ഥനക്കുമുമ്പുള്ള ഏകാഗ്രബോധം:* ഏകാഗ്രബോധമുളവാക്കുന്നതിനു് നമ്മുടെ ചിന്തകളെ ഒന്നിപ്പിക്കയും, അവയെ പ്രശാന്തമാക്കി നമ്മുടെ ബോധത്തെ ദൈവത്തിൻ പക്കലേയ്ക്കു തിരിക്കുകയും വേണം. സർവ്വപരിശുദ്ധനായ ദൈവം സന്നിഹിതനായി നമ്മെ സ്നേഹത്തോടെ വീക്ഷിക്കുന്നുവെന്നു് നാം അനുസ്മരിക്കണം. അനന്തരം പ്രാർത്ഥനയാരംഭിക്കാം.

*പരീക്ഷണവശം:* 1. പ്രാർത്ഥനയിൽ 'പലവിചാരം' അഥവാ വ്യഗ്രത എന്നു് പറയുന്നതെന്താണു്? 2. നാം പ്രാർത്ഥിക്കുക ആവശ്യമായിരിക്കയും അതേസമയം അതിനു് താല്പര്യം തോന്നാതിരിക്കയും ചെയ്യുമ്പോൾ നാം എന്താണു് ചെയ്യേണ്ടതു്? 3. പ്രാർത്ഥന നമുക്കെന്തു സൗഭാഗ്യമാണു് കൈവരുത്തുന്നതു്? 4. നിൻെറ കിടക്കയ്ക്കുസമീപം ഒരു ക്രൂശിതരൂപമോ ഏതെങ്കിലും തിരുസ്വരൂപമോ സ്ഥാപിക്കുക.

## 28. പ്രാർത്ഥന ക്രമപ്പെടുത്തുന്നതു്

രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന അരിസ്റ്റേഡ്സ് എന്നൊരു ക്രൈസ്തവഗ്രന്ഥകാരൻ അക്കാലത്തെ ക്രിസ്ത്യാനികളെക്കുറിച്ചു് ഇപ്രകാ

രം എഴുതിയിരിക്കുന്നു: "അവർ, തങ്ങൾക്കു ദൈവം നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് എല്ലാ പ്രഭാതത്തിലും എല്ലാ മണിക്കൂറിലും അവിടത്തെ സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു; അവക്കു ലഭിക്കുന്ന ഭക്ഷണപാനീയങ്ങളെക്കുറിച്ച് അവർ അവിടത്തോടു നന്ദിപറയുന്നു."

✠

ദൈവത്തെക്കുറിച്ചു ധ്യാനിക്കുന്നതിനും അവിടത്തോടു സംഭാഷിക്കുന്നതിനും പല അവസരങ്ങളുമുണ്ട്. അവിടത്തെ മാഹാത്മ്യവും ശക്തിയും ഓർക്കുമ്പോൾ നാം അവിടത്തെ സ്തുതിക്കുന്നു; നാം പാപം ചെയ്തുപോയാൽ അവിടത്തോട് പൊറുതി അപേക്ഷിക്കുന്നു; പ്രാധാന്യമർഹിക്കുന്ന എന്തെങ്കിലും കാര്യം ചെയ്യാൻ തുടങ്ങുന്നതിനുമുമ്പ് നാം അവിടത്തെ സഹായം അഭ്യർത്ഥിക്കുന്നു. നമ്മുടെ എല്ലാ ആവശ്യങ്ങളിലും, വിശിഷ്യ, പ്രലോഭനങ്ങളിൽ നാം അവിടത്തെ നേക്കു തിരിയുന്നു. സർവ്വോപരി, നാം വീണ്ടും വീണ്ടും അവിടത്തോട് കൃതജ്ഞത പ്രകാശിപ്പിക്കണം; എന്തെന്നാൽ, നമുക്കുള്ള എല്ലാ നന്മകളും അവിടത്തെ പക്കൽനിന്നു ലഭിക്കുന്നതാകുന്നു. "ഇടവിടാതെ പ്രാർത്ഥിക്കുവിൻ" (I Thess 5:17) എന്ന് വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നു.

പ്രാർത്ഥനയ്ക്കുപറ്റിയ പ്രത്യേക സമയങ്ങളുണ്ട്. പ്രഭാതത്തിൽ ഉണരുമ്പോഴും രാത്രിയിൽ നിദ്രയ്ക്കുമുമ്പും നാം പ്രാർത്ഥിക്കണം. ഭക്ഷണത്തിനു മുമ്പുംപിമ്പും നാം പ്രാർത്ഥിക്കുന്നു, "കുരിശുമണി അടിക്കുന്നതു കേൾക്കുമ്പോൾ നാം പ്രാർത്ഥിക്കുന്നു. പള്ളിയിലെ തിരുക്കർമ്മങ്ങളുടെ സമയത്തു വിശേഷവിധിയായി നാം പ്രാർത്ഥിക്കുന്നു.

നമ്മുടെ സ്വർഗ്ഗീയ പിതാവായ ദൈവത്തോട് നാം പ്രാർത്ഥിക്കുന്നു. അവിടന്ന് സ്രഷ്ടാവും കർത്താവുമാകുന്നു; അവിടന്ന് സകല നന്മകളുടെയും ഉൽപ്പത്തിയും നമ്മുടെ പരമലക്ഷ്യവുമാകുന്നു. നമ്മുടെ കർത്താവീശോമിശിഹാവഴിയായി നമ്മുടെ പ്രാർത്ഥനകൾ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു. നാം ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുന്നു നമ്മുടെ പ്രധാനാചാര്യനെന്നനിലയിൽ അവിടന്ന് നമ്മുടെ പ്രാർത്ഥന പിതാവിനു സമർപ്പിക്കുന്നു.

നാം ഈശോമിശിഹായോടും പ്രാർത്ഥിക്കുന്നുണ്ട്. അവിടന്ന് സത്യദൈവവും നമ്മുടെ രക്ഷകനും കർത്താവും, നമ്മുടെ സ്നേഹിതനും സഹോദരനുമാകുന്നു.

നാം പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുന്നു. പിതാവിനെയും പുത്രനെയുംപോലെ പരിശുദ്ധാത്മാവും ദൈവമാകുന്നു. അവിടന്ന് നമ്മിൽ വസിക്കുകയും നമ്മെ വിശുദ്ധീകരിക്കയും ചെയ്യുന്നു.

ദൈവമാതാവായ മറിയത്തോടും മററു വിശുദ്ധരോടും ദൈവദൂതന്മാരോടും നാം പ്രാർത്ഥിക്കുന്നു. നാം അവരെ സ്തുതിക്കയും, നമുക്കുവേണ്ടി ദൈവത്തിൻപക്കൽ മാദ്ധ്യസ്ഥം അപേക്ഷിക്കുവാൻ നാം അവരോട്ട് യാചിക്കയും ചെയ്യുന്നുവെങ്കിലും അവരെ നാം ആരാധിക്കുന്നില്ല,

നമ്മുടെ പ്രാർത്ഥനകളിൽ മററു മനുഷ്യരേയും നാം ഓർക്കണം. ജീവിച്ചിരിക്കുന്നവക്കും, മരിച്ചവക്കും, മിത്രത്തിനും ശത്രുവിനുംവേണ്ടി നാം പ്രാത്ഥിക്കണം. നമ്മോട്ട കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നവക്കും, നമ്മുടെ പ്രാർത്ഥന പ്രത്യേകം ആവശ്യമുള്ളവർക്കുംവേണ്ടി നാം പ്രാത്ഥിക്കണം: അതായതു് നമ്മുടെ മാതാപിതാക്കന്മാർ, സഹോദരിസഹോദരന്മാർ, ഉപകാരികൾ, രോഗികൾ, മരണാസന്നർ, എന്നിവക്കുവേണ്ടിയും തിരുസ്സഭയുടെ ഇടയന്മാർ, രാഷ്ട്രീയ ഭരണകത്താക്കൾ, പാപികൾ, അനാഗതർ (കാഫ്യർ) എന്നിവക്കുവേണ്ടിയും ലോകസമാധാനത്തിനുവേണ്ടിയും നാം പ്രാത്ഥിക്കണം. ഒരു ക്രിസ്ത്യാനി തന്റെ പ്രാർത്ഥനയിൽ ഉൾപ്പെടുത്താതെ ആരെയും ഒഴിച്ചുനിത്താവുന്നതല്ല, എന്തെന്നാൽ ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. മിശിഹാ സകല മനുഷ്യക്കുംവേണ്ടി മരണം കൈവരിച്ചു.

മററുള്ളവരോട്ടചേന്ന് കൂട്ടമായി പ്രാർത്ഥിക്കാൻ നാം തൽപ്പരരാകണം, വിശിഷ്യ, നമ്മുടെ കുടുംബത്തിലും ദിവ്യകമ്മങ്ങളുടെ അവസരത്തിലും. ഈശോ അരുൾചെയ്യുന്നു "തങ്ങൾ പ്രാത്ഥിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും നിങ്ങളിൽ രണ്ടുപേർ ഭൂമിയിൽ യോജിച്ചിരുന്നാൽ സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിങ്കൽനിന്ന് അതു് അവക്കു ലഭിക്കും. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയിരിക്കുമോ അവിടെ അവരുടെ മദ്ധ്യേ ഞാനുണ്ടു്" (Mt. 18:19–20)

*പരിചിന്തനം:* 1. ദൈവത്തെപ്പററി ധ്യാനിക്കുന്നതിനും അവിടത്തോട്ട് സംഭാഷിക്കുന്നതിനും പററിയ അവസരങ്ങളേവ? 2. നാം ആരോടാണ് പ്രാത്ഥിക്കുന്നതു്? 3. നാം നിത്യപിതാവിനോട്ട് നമ്മുടെ കത്താവീശോമിശിഹാവഴിയായി പ്രാത്ഥിക്കുന്നതെന്തുകൊണ്ടു്? 4. നാം എന്തിനു ഈശോമിശിഹായോട്ട് പ്രാത്ഥിക്കുന്നു? 5. നാം എന്തിനു പരിശുദ്ധാത്മാവിനോട്ട പ്രാർത്ഥിക്കുന്നു? 6. നാം എന്തിനു മറിയത്തോട്ട് പ്രാത്ഥിക്കുന്നു? 7. നാം എന്തിനു വിശുദ്ധരോടും ദൈവദൂതന്മാരോടും പ്രാത്ഥിക്കുന്നു? 8. നാം പ്രത്യേകം പ്രാത്ഥിക്കേണ്ടതു് ആക്കുവേണ്ടിയാകുന്നു? 9. മററുള്ളവരോട്ട ചേന്ന് കൂട്ടമായി നാം പ്രാർത്ഥിക്കുന്നതെന്തിനു്?

55. നാം എപ്പോഴാണു പ്രാർത്ഥിക്കേണ്ടതു്?

നാം കൂടെക്കൂടെയും, പ്രത്യേകം കാലത്തും വൈകിട്ടും, ഭക്ഷണത്തിനുമുമ്പും പിമ്പും, പള്ളിയിലെ തിരുക്കമ്മാവസരങ്ങ

ളിലും, വിഷമതകളും പ്രലോഭനങ്ങളും നേരിടുമ്പോഴും പ്രാർത്ഥിക്കണം.

**56. നാം ആർക്കുവേണ്ടിയാണു പ്രാർത്ഥിക്കേണ്ടതു്?**

നാം സകല മനുഷ്യർക്കുംവേണ്ടി പ്രാർത്ഥിക്കണം; പ്രത്യേകം നമ്മോടു കൂടുതൽ ബന്ധപ്പെട്ടവർക്കും നമ്മുടെ പ്രാർത്ഥന കൂടുതൽ ആവശ്യമുള്ളവർക്കുംവേണ്ടി പ്രാർത്ഥിക്കണം.

**57. മററുള്ളവരോടുകൂടി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചു ഈശോ എന്തു പറയുന്നു?**

ഈശോ പറയുന്നു: 'രണ്ടോമൂന്നോപേർ എൻെറ നാമത്തിൽ എവിടെ കൂടിയിരിക്കുമോ അവിടെ അവരുടെ മദ്ധ്യേ ഞാനുണ്ടു്.'

*പ്രായോഗികവശം:* **വായു ശ്വസിക്കുന്നതു് ശരീരത്തിനു് എങ്ങനെ ആവശ്യമായിരിക്കുന്നുവോ അങ്ങനെതന്നെ പ്രാർത്ഥന ആത്മാവിനാവശ്യമാകുന്നു. ശ്വസിക്കുന്ന കാര്യം ഞാൻ മറക്കാതിരിക്കേണ്ടതുപോലെതന്നെ പ്രാർത്ഥിക്കുന്ന കാര്യവും മറക്കാതിരിക്കേണ്ടതാകുന്നു.**

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* **'സത്യം സത്യമായി ഞാൻ നിങ്ങളോടു് പറയുന്നു, എൻെറ നാമത്തിൽ പിതാവിനോടു നിങ്ങൾ എന്തു ചോദിച്ചാലും അവിടന്നു് അതു് നിങ്ങൾക്കു തരും'** (Jn. 16;23.) **'സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീയഗീതങ്ങളാലും നിങ്ങളെത്തന്നെ പഠിപ്പിക്കയും ഉപദേശിക്കയും ചെയ്‌വിൻ. നന്ദിയോടുകൂടി നിങ്ങളുടെ ഹൃദയങ്ങൾകൊണ്ടു് ദൈവത്തിനു സ്തോത്രം പാടുവിൻ'** (Col. 3:16)

*വിശുദ്ധരുടെ ഉദ്ബോധനങ്ങളിൽനിന്നു്:* **'നമ്മുടെ ദിവ്യരക്ഷകൻ അപ്പമെടുത്തു വാഴ്ത്തി സ്വർഗ്ഗത്തിലേക്കു നോക്കി പ്രാർത്ഥിച്ചു. ദാനങ്ങളുടെ ദാതാവായ ദൈവത്തിനു സ്തോത്രം ചെയ്യാതെ നാം ഭക്ഷിക്കരുതെന്നു് ഇതിനാൽ അവിടന്നു് നമ്മെ പഠിപ്പിക്കുന്നു'** (വി. യോഹന്നാൻ ക്രിസോസ്തോം)

*കാലത്തും വൈകിട്ടുമുള്ളപ്രാർത്ഥനകൾ:* **കാലത്തു നാം ഉണർന്നെഴുന്നേല്ക്കുന്ന ഉടനെതന്നെ കുരിശിൻെറ അടയാളത്താൽ നമ്മെത്തന്നെ വാഴ്ത്തണം; പുതിയ ദിവസത്തിൻെറ ആരംഭത്തിൽത്തന്നെ ദൈവത്തെ നാം വന്ദിക്കണം. ഉണർന്നെഴുന്നേററതിനുശേഷം പ്രഭാതജപങ്ങൾ ചൊല്ലുക. ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്കു നന്ദി പറയുക. അവിടത്തെ മഹത്വത്തിനു്വേണ്ടി അന്നത്തെ കൃത്യങ്ങളെല്ലാം നിർവ്വഹിച്ചുകൊള്ളാമെന്നു് അവിടത്തോടു് പ്രതിജ്ഞ ചെയ്യുക. അവിടത്തെ പ്രസാദവരത്താൽ നമ്മെ നിയന്ത്രിക്കേണമെന്നും, അവിടത്തെ തിരുമനസ്സറിഞ്ഞു് അതു നിർവ്വഹിക്കാൻ സഹായിക്കേ**

ണമെന്നും അപേക്ഷിക്കുക. ദൈവത്തിൻെറ പരിശുദ്ധമാതാവിൻെറയും ദൈവദൂതന്മാരുടെയും വിശുദ്ധരുടെയും മാദ്ധ്യസ്ഥം യാചിക്കുക.

വൈകിട്ട് അഥവാ നിദ്രയ്ക്കുമുമ്പ് രാത്രിജപങ്ങൾ ചൊല്ലുക. അന്നേദിനം ദൈവത്തിൽനിന്നു സിദ്ധിച്ച നന്മകൾക്കെല്ലാം ഉപകാരം പറയുക. അന്നത്തേ നമ്മുടെ വ്യാപാരങ്ങളെക്കുറിച്ചു പരിശോധിച്ചിട്ടു നാം ചെയ്ത അപരാധങ്ങൾക്കെല്ലാം മാപ്പപേക്ഷിക്കുക, തദനന്തരം നമുക്കും, നാം ആർക്കെല്ലാംവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നുവോ അവർക്കും ദൈവത്തിൻെറ സംരക്ഷണം യാചിക്കുക, അവസാനം മറിയത്തിനും. നമ്മുടെ കാവൽദൂതനും, വിശുദ്ധർക്കും നമ്മെത്തന്നെ ഭരമേല്പിക്കുക. നിദ്രയാരംഭിക്കുന്നതിനുമുമ്പുള്ള നമ്മുടെ അവസാന ചിന്തകളെല്ലാം ദൈവത്തെ വിഷയീകരിച്ചാണെങ്കിൽ അത് അത്യുത്തമമായിരിക്കും.

നാം മനപാഠമായി പഠിച്ചുവച്ചിട്ടുള്ള വല്ല ജപങ്ങളും കാലത്തും വൈകിട്ടുമുള്ള പ്രാർത്ഥനയ്ക്കുപയോഗിക്കാവുന്നതാണ്; അല്ലെങ്കിൽ, ദൈവത്തോട് നമുക്കു പറയാനുള്ളതിനെ പ്രകാശിപ്പിക്കുന്ന പ്രാർത്ഥനകൾ നമുക്ക് സ്വയമേ ഉണ്ടാക്കാവുന്നതാണ്; ഇടയ്ക്കിടയ്ക്ക് ജപങ്ങൾ അഥവാ പ്രാർത്ഥനാരീതി വ്യത്യാസപ്പെടുത്തുന്നതു നന്നായിരിക്കും.

*സുകൃതജപങ്ങൾ*: അഞ്ചാറു വാക്കുകളടങ്ങിയ ചെറുജപങ്ങളിൽ ദൈവത്തോടു നമുക്കു സംഭാഷിക്കാവുന്നതാണ്. ഈദൃശജപങ്ങൾക്ക് സുകൃതജപങ്ങൾ എന്നു പറയുന്നു. ഇങ്ങനെയുള്ള പ്രാർത്ഥന, ഒരു മിന്നൽ വീക്ഷണത്താൽ ദൈവത്തെ ദർശിക്കുന്നതുപോലെയും, ആത്മാവിൻെറ ശ്വസനം പോലെയുമാകുന്നു. ഉദാ: നാം എന്തെങ്കിലും വേലയാരംഭിക്കുമ്പോൾ 'ദൈവമേ എല്ലാം അങ്ങയെപ്രതി' എന്നു പ്രാർത്ഥിയ്ക്കുക. നമുക്കു സന്തോഷകരമായ എന്തെങ്കിലും സംഭവിക്കുമ്പോൾ 'കർത്താവേ, അങ്ങേയ്ക്കു നന്ദിപറയുന്നു' എന്നു ചൊല്ലുക. ഏതെങ്കിലും സംഗതിയിൽ ഒരു നിശ്ചയം ചെയ്യേണ്ടിവരുമ്പോൾ 'കർത്താവേ, ഞാൻ എന്തു ചെയ്യണമെന്ന് കാണിച്ചുതരേണമെ' എന്ന് ജപിക്കുക. പ്രലോഭനങ്ങളിലും വിഷമാപകടങ്ങളിലും 'ഈശോയെ എൻെറ കൂടെ നിന്നു കൊള്ളണമെ' എന്നോ, കർത്താവേ, എന്നെ സഹായിക്കേണമെ എന്നോ പ്രാർത്ഥിക്കുക. മനോഹരമായയെന്തെങ്കിലും ദർശിക്കുമ്പോൾ, 'ദൈവമേ, അങ്ങു സൃഷ്ടിച്ചലോകം എത്രയോ മനോഹരമായിരിക്കുന്നു!' എന്നു ചൊല്ലുക. ഒരു ആശുപത്രിക്കു സമീപം കടന്നുപോകുമ്പോൾ, 'ദൈവമേ പാവപ്പെട്ട രോഗികളുടെ വേദനയിൽ അങ്ങു സഹായിക്കേണമെ' എന്നു ജപിക്കുക. ശ്മശാനം കടന്നുപോകുമ്പോൾ, 'കർത്താവേ, നിത്യാശ്വാസം അവർക്കു നൽകേണമെ' എന്നപേക്ഷിക്കുക.

ഏതവസരത്തിലും ഉപയോഗിക്കാവുന്ന മററു ചില സുകൃതജപങ്ങൾ: 'എൻെറ ദൈവമേ, എൻെറ സർവ്വവുമേ, എൻെറ കർത്താവേ, എൻെറ ദൈവമേ 'ഈശോയെ കരുണയായിരിക്കേണമെ'—'ദൈവപുത്രനായ ഈശോയെ, ഞങ്ങളുടെമേൽ കനിവായിരിക്കേണമെ'—'കർത്താവേ അങ്ങേ തിരുമനസ്സു നിവ്ഹിക്കപ്പെടുമാറാകട്ടെ'—'പരിശുദ്ധാത്മാവേ, എഴുന്നള്ളിവരേണമെ"—'കർത്താവേ, പ്രാർത്ഥിക്കാൻ എന്നെ പഠിപ്പിക്കേണമെ," ആകാശങ്ങളിലിരിക്കുന്ന ജപത്തിലേ യാചനകളിൽ ഏതും ഇങ്ങനെ സുകൃതജപമായി ഉപയോഗിക്കാവുന്നതാണ്.

*ദൈവാലയസന്ദർശനം:* ദൈവാലയത്തിൽപോയി കർത്താവിനെ സന്ദർശിക്കുമ്പോൾ നമുക്കു പല വിധത്തിലും പ്രാർത്ഥിക്കാവുന്നതാണ്: 1. ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന ഈശോയെ അഭിവാദ്യം ചെയ്യാം. 2. നാം എന്തുചെയ്തിരുന്നുവെന്ന വസ്തുത നമ്മുടെ പിതാവായ ദൈവത്തോടു പറയാം. അഥവാ നമ്മുടെ ഉള്ളിലെ രഹസ്യം അവിടത്തോടു മനശ്ശുരണത്തോടെ അറിയിക്കാം. 3. പ്രാർത്ഥനപ്പുസ്തകത്തിൽനിന്ന് നമുക്കു താല്പര്യമുള്ള ജപങ്ങൾ ചൊല്ലാം. 4. വിയാസാക്രാ കഴിക്കാം. 5. ദൈവാലയത്തിൽ സ്ഥാപിച്ചിട്ടുള്ള തിരുസ്വരൂപങ്ങളെ സന്ദർശിച്ച് അവയുടെ മുമ്പാകെ അല്പനേരം വീതം പ്രാർത്ഥിക്കാം. 6. ജപമാലയുടെ ഒരു ദശകം ചൊല്ലാം.

*കുടുംബപ്രാർത്ഥനകൾ:* കുടുംബാംഗങ്ങൾ കൂട്ടമായി പ്രാർത്ഥിക്കുമ്പോൾ എല്ലാവരുംകൂടി ഒരേസമയത്ത് ഒരേജപം ചൊല്ലുകയോ, ഒരാൾ നേതാവായി ഒരു ജപം ചൊല്ലുമ്പോൾ മററുള്ളവരെല്ലാം ഉത്തരം ചൊല്ലുകയോചെയ്യാവുന്നതാണ് (ഉദാ. ലുത്തനിയാ) കുടുംബനായകൻ പ്രാർത്ഥനയുടെ നേതൃത്വം വഹിക്കുന്നതു നന്നായിരിക്കും. ഭക്ഷണം കഴിക്കുന്നതു കൂട്ടമായിട്ടാണെങ്കിൽ അതിനു മുമ്പുംപിമ്പും കൂട്ടമായി പ്രാർത്ഥിക്കയാണ് നന്ന്. ഈദൃശപ്രാർത്ഥന ദൈവമഹത്വത്തിനു പര്യാപ്തമായിത്തീരുവാൻവേണ്ടി എല്ലാവരും കൂട്ടമായി ഏകസ്വരത്തിൽ സ്ഫുടമായും സാവധാനത്തിലും അതു ജപിക്കണം.

*പരീക്ഷണവശം:* 1. ദൈവത്തോടു പറയുവാൻ നിനക്കാവശ്യമായവയെല്ലാം ഉൾക്കൊള്ളുന്ന ഒരു പ്രഭാതജപം രചിക്കുക. പ്രഭാതപ്രാർത്ഥനയ്ക്കു പററിയ വല്ല ജപങ്ങളും കീർത്തനങ്ങളും അന്വേഷിച്ചു കണ്ടുപിടിക്കുക. 3. നിനക്കു യോജിച്ച കുറെ രാത്രിജപങ്ങളുണ്ടാക്കുക. 4. രാത്രി പ്രാർത്ഥനയ്ക്കു പററിയ ജപങ്ങളും കീർത്തനങ്ങളും അന്വേഷിച്ചു കണ്ടുപിടിക്കുക. 5. ഭക്ഷണത്തിനു മുമ്പുംപിമ്പുമുള്ള ജപങ്ങൾ നിനക്കറിയാമോ? 6. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നിനക്കു ചൊല്ലാൻ കഴിയുന്ന ജപങ്ങളേവ? a) ശവം സംസ്കരിക്കുന്നതിനായി കൊണ്ടുപോകുന്നതു കാണുമ്പോൾ b) ഒരാൾ വയലിൽ വിത്തുവിതക്കുന്നതു കാണുമ്പോൾ: c) ജയിലിനടുത്തുകൂടി കടന്നുപോകുമ്പോൾ; d) ആരെങ്കിലും ദൈവദൂഷണം പറയുന്നതു കേൾക്കുമ്പോൾ; e) വല്ല കുട്ടികളും കലഹിക്കുന്നതു കാണുമ്പോൾ; f) സ്കൂളിൽ ജോലിയാരംഭിക്കുമ്പോൾ; g) നിനക്കാരോടെങ്കിലും വിദ്വേഷം തോന്നുകയോ പ്രതികാരം ചെയ്‌വാൻ പ്രേരണയുണ്ടാകയോ ചെയ്യുമ്പോൾ h) പരി. ദൈവമാതാവിൻെറ തിരുസ്വരൂപത്തിനുമുമ്പിൽ i) നീ പ്രഭാതത്തിൽ ഉണരുമ്പോൾ J) രാത്രിയിൽ ഉറങ്ങാൻ പോകുന്നതിനുമുമ്പ്; 7. ഏതു സമയത്തും ഉപയോഗിക്കാൻ പാററിയ കുറെ സുകൃതജപങ്ങൾ എഴുതിവയ്ക്കുക. 8. വി. ഗ്രന്ഥത്തിൽനിന്നു വല്ല ജപങ്ങളും കിട്ടുമോ എന്ന് അന്വേഷിക്കുക.

## സ്ഥൈര്യലേപനമെന്ന കൂദാശ

മിശിഹാ തൻെറ തിരുസ്സഭയ്ക്കു് പന്തക്കുസ്താദിവസത്തിൽ അയച്ചുകൊടുത്ത പരിശുദ്ധാത്മാവിൻെറ വരപ്രസാദപൂർണ്ണതയിൽ ജ്ഞാനസ്നാനമേററവരെല്ലാം ഓഹരിക്കാരാകണം. ഇതിനുവേണ്ടിയാണ് മിശിഹാ സ്ഥൈര്യലേപനമെന്ന കൂദാശ സ്ഥാപിച്ചിരിക്കുന്നതു്.

## 29. സ്ഥൈര്യലേപനകർമ്മം

ശമ്റായർ ദൈവവചനം സ്വീകരിച്ചുവെന്ന് ഓറശ്ലെത്തുണ്ടായിരുന്ന ശ്ലീഹന്മാർ കേട്ടപ്പോൾ, ആ ശമ്റായരെ സന്ദർശിക്കുവാൻ അവർ പത്രോസിനെയും യോഹന്നാനെയും അയച്ചു. അവർ രണ്ടുപേരും ചെന്ന്, ആ ജനങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവിനെ അവർ പ്രാപിച്ചിട്ടുണ്ടായിരുന്നില്ല. നമ്മുടെ കർത്താവീശോമിശിഹായുടെ പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നുവെന്നു മാത്രം. ആ ശ്ലീഹന്മാർ അവരുടെമേൽ കൈവയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു. (Acts. 8: 14-7).

സ്ഥൈര്യലേപനമെന്ന ഈ കൂദാശ ശ്ലീഹാന്മാർതന്നെ നല്കിയിരുന്നുവെന്ന് വിശുദ്ധഗ്രന്ഥത്തിൽ പറയുന്നു. ആദിമ ശതകങ്ങളിൽ ജ്ഞാനസ്നാനം കഴിഞ്ഞുടനെതന്നെ സ്ഥൈര്യലേപനവും നൽകിയിരുന്നു. അതുകൊണ്ടാണ് കൂദാശകളുടെ പട്ടികയിൽ ജ്ഞാനസ്നാനത്തിനുശേഷം അടുത്തതായി സ്ഥൈര്യലേപനം കാണുന്നതു്. ലത്തീൻറീത്തിൽ സാമാന്യമായിപ്പറഞ്ഞാൽ മെത്രാനാണ് സ്ഥൈര്യലേപനം നൽകുന്നതു്. പൗരസ്ത്യറീത്തുകളിൽ പ്രായേണ വൈദികരാണിതു നൽകുന്നതു്. സ്ഥൈര്യലേപനം നൽകാനുള്ള അധികാരം വൈദികർക്കു കൊടുക്കുവാൻ മാർപ്പാപ്പായ്ക്കു പാടുണ്ടു്. ഉദാ: മരണാപകടത്തിലിരിക്കുന്ന ഒരു രോഗിക്കു് അയാളുടെ ഇടവകവികാരി സ്ഥൈര്യലേപനം നൽകുന്നതു് അനുവദനീയമാകുന്നു.

സ്ഥൈര്യലേപനകർമ്മം ആരംഭിക്കയിൽ, മെത്രാൻ ബലിപീഠത്തിങ്കലുള്ള മുകൾപ്പടവിയിൽ ചെന്നിട്ട്, സ്ഥൈര്യലേപനം സ്വീകരിക്കാൻ സന്നദ്ധരായി നിൽക്കുന്നവരുടെ പക്കലേയ്ക്കു തിരിയുന്നു. അപ്പോൾ അവരെല്ലാം മുട്ടുകുത്തുന്നു. തദനന്തരം മെത്രാൻ തൻെറ കരങ്ങൾ അവരുടെ മേൽ നീട്ടുകയും പരിശുദ്ധാത്മാവു് ഏഴുദാനങ്ങളോടുകൂടെ അവരുടെമേൽ എഴുന്നുള്ളിവരുവാൻ വിളിച്ചപേക്ഷിക്കയും ചെയ്യുന്നു. ഈ ദാനങ്ങളാകട്ടെ, സുജ്ഞാനം, ബുദ്ധി, അറിവ്, വിവേചനം, ധൈര്യം, ഭക്തി, ഭയം എന്നിവയാകുന്നു.

പിന്നീട്ട് മെത്രാൻ തൻെറ വലത്തുകൈ ഓരോ സ്ഥാനാർത്ഥിയുടെയും ശിരസ്സിൽവയ്ക്കുയും അയാളുടെ നെററിത്തടത്തിൽ തിരുസൈത്തുകൊണ്ടു് കുരിശടയാളത്താൽ ലേപനം ചെയ്കയും ചെയ്യുന്നു. "നിൻെറ മേൽ കുരിശടയാളം വരച്ച് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ രക്ഷയുടെ സൈത്തുകൊണ്ടു് നിനക്കു ഞാൻ സ്ഥൈര്യലേപനം നൽകുന്നു" എന്നീ മൊഴികൾ ചൊല്ലിക്കൊണ്ടാണ് മെത്രാൻ ഈ കർമ്മം നിർവ്വഹിക്കുന്നതു്. ഇങ്ങനെ പൂശിക്കഴിഞ്ഞുടനെ "സമാധാനം നിന്നോടുകൂടെ" എന്നു പറഞ്ഞുകൊണ്ടു് ലേപനം ചെയ്യപ്പെട്ട ഓരോരുത്തൻെറയും കന്നത്തിൽ മെത്രാൻ കൈകൊണ്ടടിക്കുന്നു. സ്ഥൈര്യലേപനം സ്വീകരിച്ച എല്ലാവർക്കും വേണ്ടി ഈ തിരുക്കർമ്മത്തിൻെറ അവസാനത്തിൽ മെത്രാൻ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവു അവരിൽ സമാരംഭി

ച്ച വേല പൂർത്തിയാക്കേണമെന്നുള്ള പ്രാർത്ഥനയാണിതു്. ഒടുവിൽ മെത്രാൻ എല്ലാവരെയും ആശീർവദിക്കുന്നു. സ്ഥൈര്യലേപനം സ്വീകരിച്ചവരെല്ലാം ഈ ആശീർവാദം സ്വീകരിക്കാൻ സന്നിഹിതരായിരിക്കണം.

*പരിചിന്തനം:* 1. കൂദാശകളുടെ പട്ടികയിൽ ജ്ഞാനസ്നാനം കഴിഞ്ഞുടനെ സ്ഥൈര്യലേപനം വരുന്നതെന്തുകൊണ്ടു്? 2. സ്ഥൈര്യലേപനം നൽകാനുള്ള അധികാരം ആർക്കാണുള്ളതു്? 3. സ്ഥൈര്യലേപനാവസരത്തിൽ മെത്രാൻ എന്താണു് ചെയ്യുന്നതു്?

58. സ്ഥൈര്യലേപനത്തെക്കുറിച്ചു് വിശുദ്ധ ഗ്രന്ഥത്തിൽ എന്തു പറയുന്നു?

വിശുദ്ധ ഗ്രന്ഥത്തിൽ സ്ഥൈര്യലേപനത്തെക്കുറിച്ചു് ഇപ്രകാരം പറയുന്നു: "ശമ്റായർ ദൈവവചനം സ്വീകരിച്ചുവെന്നു് ഓറശ്ലേമിലുണ്ടായിരുന്ന ശ്ലീഹന്മാർ കേട്ടപ്പോൾ, അവരെ സന്ദർശിക്കുവാൻ ആ ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അയച്ചു. അവർ രണ്ടുപേരും ചെന്നു്, ആ ജനങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിനു് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അവരിൽ ആരുടേയും മേൽ പരിശുദ്ധാത്മാവു് അതുവരെ എഴുന്നെള്ളി വന്നിട്ടുണ്ടായിരുന്നില്ല; നമ്മുടെ കർത്താവീശോമിശിഹായുടെ പേരിൽ അവർ ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നുവെന്നുമാത്രം. ആ ശ്ലീഹന്മാർ അവരുടെമേൽ കൈവയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കയും ചെയ്തു"

59. സ്ഥൈര്യലേപനം നൽകുന്നതെങ്ങനെ?

"നിൻെറ മേൽ കുരിശിടയാളം വരച്ചു് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ രക്ഷയുടെ സൈത്തുകൊണ്ടു നിനക്കു ഞാൻ സ്ഥൈര്യലേപനം നൽകുന്നു" എന്നീ മൊഴികൾ ചൊല്ലിക്കൊണ്ടു് മെത്രാൻ തൻെറ വലത്തുകൈ ഓരോ സ്ഥാനാർത്ഥിയുടെയും ശിരസ്സിൽ വയ്ക്കുകയും അയാളുടെ നെററിയിൽ തിരുസൈത്തുകൊണ്ടു് കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു.

*പ്രായോഗികവശം:* ഞാൻ സ്ഥൈര്യലേപനം സ്വീകരിച്ചപ്പോൾ എൻെറ നെററിയിൽ മെത്രാൻ കുരിശടയാളം വരച്ചു. ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു; ഈ കുരിശിനെക്കുറിച്ചു് ഞാനൊരിക്കലും ലജ്ജിതനാകയില്ല.

*വിശദീകരണം:* 'ക്രിസം' അഥവാ 'സൈത്തു്' എന്നുവച്ചാൽ 'ലേപനത്തൈലം' എന്നാണു് ഇവിടെ അർത്ഥമാക്കുന്നതു്. 'ക്രിസ്തു' = 'അഭിഷിക്തൻ' എന്ന ശബ്ദത്തോടു ബന്ധമുള്ളതാണു് 'ക്രിസം' എന്ന ശബ്ദം. സൈത്തെണ്ണയും ബാൾസവും കൂടി കലർത്തിയതാണീ 'ക്രിസം'. പെസഹാ വ്യാഴാഴ്ചയിൽ മെത്രാൻ ആഘോഷമായി ഇതു വെഞ്ചരിക്കുന്നു.

*കുരിശു്, അഭിഷേകം, കന്നത്തടി:* സ്ഥാനാർത്ഥിയുടെമേൽ മെത്രാൻ കുരിശുവരയ്ക്കുമ്പോൾ അയാൾ മിശിഹായുടെ യോദ്ധാവായിത്തീരുകയും, തൻെറ വിശ്വാസം ലോകസമക്ഷം പരസ്യമായി ഏററുപറയുവാൻ സന്നദ്ധനായിത്തീരുകയും ചെയ്യുന്നു. സൈത്തു് അഥവാ ക്രിസം കൊണ്ടുള്ള അഭിഷേകത്താൽ അയാൾ മിശിഹായുടെ ശക്തി ധരിക്കുന്നുവെന്നാണർത്ഥം; പരിശുദ്ധാത്മാവിനെ ധരിക്കുന്നുവെന്നാണർത്ഥം. മിശിഹായുടെ പടയാളി എന്ന നിലയിൽ അവിടുത്തെപ്രതി നിന്ദനങ്ങൾ സഹിക്കാൻ അയാൾ സന്നദ്ധനായിരിക്കണമെന്ന മുന്നറിയിപ്പാണു് കന്നത്തടി.

*സ്ഥൈര്യലേപനത്തിൽ തലതൊട്ടുന്നവർ:* സ്ഥൈര്യലേപനത്തിൽ തലതൊട്ടപ്പൻെറ അഥവാ തലതൊട്ടമ്മയുടെ ചുമതല, സ്ഥൈര്യലേപനം സ്വീകരിച്ചയാൾ തൻെറ കടമകൾ വിശ്വസ്തതാപൂർവ്വം നിറവേററുവാൻവേണ്ടി അയാളെ പ്രാർത്ഥനയാലും, ഉപദേശത്താലും, ദൃഷ്ടാന്തത്താലും സഹായിക്കുകയാകുന്നു.

*സ്ഥൈര്യലേപനത്തിൻെറ ദിവസം:* സ്ഥൈര്യലേപനം സ്വീകരിക്കാൻ പോകുന്നവൻ ആ കൂദാശക്കു നന്നായി ഒരുങ്ങണം: അതിനെ സംബന്ധിച്ച ഉപദേശങ്ങൾ വിശ്വസ്തതാപൂർവ്വം ശ്രദ്ധിക്കയും, പരിശുദ്ധാത്മാവിൻെറ ദാനങ്ങൾക്കായി പ്രതിദിനം പ്രാർത്ഥിക്കയും, നല്ലകുമ്പസ്സാരം കഴിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കയും വേണം, സ്ഥൈര്യലേപനത്തിൻെറ ദിവസത്തിൽ ഏതൽകർമ്മം ശ്രദ്ധാപൂർവ്വം കണ്ടു ഗ്രഹിക്കുകയും കിട്ടിയ ദാനങ്ങൾക്കു് ദൈവത്തോടു നന്ദിപറകയും, അന്നു് ലൗകിക വ്യഗ്രതയൊന്നും കൂടാതെ ആദ്ധ്യാത്മികമായി വിശ്രമിക്കയും ചെയ്യുക.

## 30. സ്ഥൈര്യലേപനത്തിൻെറ വിശേഷവരം

ഈശോ തൻെറ ശിഷ്യരെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു അവർ പീഢിപ്പിക്കപ്പെടുമെന്നു്. എങ്കിലും അവരോടു ചെയ്ത വാഗ്ദാനം ആശ്വാസജനകമായിരുന്നു: "അവർ നിങ്ങളെ നായകന്മാരുടെയും അധികാരികളുടെയും മുമ്പിൽ സംഘങ്ങളിൽ കൊണ്ടുപോകുമ്പോൾ എങ്ങനെ സമാധാനം പറയണം. അല്ലെങ്കിൽ എന്തു പ്രതിവാദിക്കണം എന്നു വിചാരപ്പെടേണ്ടാ. എന്തെന്നാൽ നിങ്ങൾ പറയേണ്ടതു് പരിശുദ്ധാത്മാവു് ആ ക്ഷണത്തിൽ നിങ്ങളെ പഠിപ്പിക്കും" (Lk. 12: 11-12).

✠

സ്ഥൈര്യലേപനത്തിൽ പരിശുദ്ധാത്മാവിനെക്കൊണ്ടു്, മിശിഹാ നമ്മെ നിറയ്ക്കുന്നു. എത്രയും ആഴമായ ബോദ്ധ്യത്തോടെ നമ്മുടെ വിശ്വാസം ദൃഢമായി ഏററു പറയുന്നതിനും, അതിൽ ധൈര്യമായി നിലകൊ

ള്ളുന്നതിനും പരിശുദ്ധാത്മാവ് നമ്മുടെ സമീപം ഉണ്ടായിരിക്കണം. നമ്മുടെ ആത്മാവിന്റെ ശത്രുക്കളോടുള്ള യുദ്ധത്തിൽ നമ്മെ ശക്തിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാകുന്നു. പിശാച്, നമ്മുടെ ദുർവാസനകൾ, ലോകം അഥവാ ലോകത്തിൽനിന്നുള്ള ആദ്ധ്യാത്മികാപകടങ്ങൾ എന്നിവയത്രേ മേല്പറഞ്ഞ ശത്രുക്കൾ. ലോകത്തെ വിശുദ്ധീകരിക്കാൻ മിശിഹായോടൊന്നിച്ച് വേലചെയ്യുന്നതിനും, നമ്മുടെ സ്വന്തം കുടുംബത്തിലും ഔദ്യോഗിക രംഗത്തും, പൗരജീവിതത്തിലും പ്രേഷിതന്മാരായിരിക്കുന്നതിനും നമ്മെ യോഗ്യരാക്കിത്തീർക്കുന്നതു പരിശുദ്ധാത്മാവാകുന്നു.

നാം ജ്ഞാനസ്നാനത്തിൽ പ്രാപിച്ച വരപ്രസാദജീവൻ പരിപക്വമായിത്തീരുന്നത് സ്ഥൈര്യലേപനത്തിലാണ്. പാകതവരാത്ത പൈതങ്ങളായിരുന്ന നാം ഇപ്പോഴാകട്ടെ മിശിഹായുടെ പടയാളികളായിരിക്കുന്നു! ജ്ഞാനസ്നാനത്തിന്റെ പൂർത്തീകരണമാണ് സ്ഥൈര്യലേപനമെന്നു പറയാം. സ്ഥൈര്യം എന്ന ശബ്ദം തന്നെ ശക്തിപ്പെടുത്തലിനെ സൂചിപ്പിക്കുന്നുണ്ട്.

സ്ഥൈര്യലേപനംമൂലം മായ്ക്കപ്പെട്ടുവാൻ വഹിയാത്ത ഒരടയാളം നമ്മിൽ പതിയുന്നു. മിശിഹായുടെ പടയാളികളുടെയും അവിടുത്തെ രാജ്യത്തിലെ സഹപ്രവർത്തകരുടെയും ചിഹ്നമാണിത്. സ്ഥൈര്യം പ്രാപിച്ച ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ ശക്തി പരിശുദ്ധാത്മാവു നമുക്കു തരുമെന്നുള്ളതിന്റെ ഒരുച്ചാരം അഥവാ വാഗ്ദാനം കൂടിയാണിമുദ്ര.

ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം സ്ഥൈര്യലേപനവും സ്വീകരിക്കണം. സ്ഥൈര്യലേപനമെന്ന ഈ കൂദാശ നിത്യരക്ഷയ്ക്ക് അത്യാവശ്യമല്ല; എന്നാൽ സ്വന്തം കുററത്താൽ ഒരുവൻ ഇതു സ്വീകരിക്കാതിരിക്കുന്ന പക്ഷം അയാൾ പാപം ചെയ്യുന്നു; എന്തെന്നാൽ അയാൾ പരിശുദ്ധാത്മാവിനെയും അവിടുത്തെ ദാനങ്ങളെയും അവഗണിക്കുന്നു.

*പരിചിന്തനം:* 1. **സ്ഥൈര്യലേപനം സ്വീകരിച്ചവരിൽ പരിശുദ്ധാത്മാവു ചെയ്യുന്നതെന്ത്? 2. 'സ്ഥൈര്യലേപനം' എന്നതിന്റെ വാച്യാർത്ഥം വിശദീകരിക്കുക. 3. സ്ഥൈര്യലേപനത്താൽ നമ്മുടെ ആത്മാവിൽ പതിയുന്നതെന്താണ്? 4. ഒരുവൻ സ്വന്തം കുററത്താൽ സ്ഥൈര്യലേപനം സ്വീകരിക്കാതിരിക്കുന്നപക്ഷം പാപം പിഴക്കുന്നതെന്തുകൊണ്ട്?**

**60. സ്ഥൈര്യലേപനത്താൽ മിശിഹാ നമ്മിൽ വരുത്തുന്ന പരിവർത്തനമെന്ത്?**

**നമ്മുടെ വിശ്വാസം സ്ഥൈര്യത്തോടെ ഏററുപറയുന്നതിനും, നമ്മുടെ രക്ഷയുടെ ശത്രുക്കളോടു ധൈര്യസമേതം യുദ്ധം ചെയ്യുന്നതിനും, ലോകത്തെ വിശുദ്ധീകരിക്കുന്നതിൽ മിശിഹായുടെ സഹപ്രവർത്തകരായിരിക്കുന്നതിനും വേണ്ടി അവിടുന്നു നമ്മെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നു.**

*പ്രായോഗികവശം:* എൻെറ വിശ്വാസത്തെ പ്രതിയോ ശുദ്ധതയെ പ്രതിയോ യുദ്ധം ചെയ്യേണ്ടിവരുമ്പോഴ്, ഞാൻ മിശിഹായുടെ പടയാളിയായി അഭിഷേചിക്കപ്പെട്ടുവെന്നും, തന്നിമിത്തം പരിശുദ്ധാത്മാവ് എന്നെ ശക്തിപ്പെടുത്തുമെന്നും ഓത്ത് ഞാൻ ധൈര്യപ്പെടും,

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* "തങ്ങളുടെ ഉപായംകൊണ്ട് നമ്മെ വഴി തെററിക്കുവാൻ കപടതയോടെ പ്രവത്തിക്കുന്ന മനുഷ്യരുടെ ചതിയുള്ള ഉപദേശങ്ങളുടെ ഏതു കാററിനാലും ശക്തിയോടെ ഇളക്കി മാററപ്പെടുന്ന ശിശുക്കൾ ആയിരിക്കരുത് നാം. നാം സത്യത്തെ ഉപവിയുടേ അരൂപിയിൽ അനുഗമിക്കണം; നമ്മുടെ ശിരസ്സായ മിശിഹായോടുകൂടെ ആനുപാതികമാംവിധം നാം വളരുകയും വേണം" (Eph. 4: 14–15).

*പരീക്ഷണവശം:* 1. ആദ്യത്തെ പന്തക്കുസ്താദിവസവും നിൻെറ സൈഥര്യലേപന ദിവസവും തമ്മിൽ താരതമ്യവിവേചനം ചെയ്യുക. അവ തമ്മിലുള്ള സാദൃശ്യമെന്ത്? വ്യത്യാസമെന്ത്? 2. സൈഥര്യലേപനം സ്വീകരിക്കുന്നതിൻെറ വിശേഷ ചുമതലകളേവ? 3. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഒരു ക്രിസ്ത്യാനി ചെയ്യേണ്ടതെന്താകുന്നു: a) വിശ്വാസത്തെ ആരെങ്കിലും പരസ്യമായി എതിക്കുമ്പോൾ; b) ജോലിയിൽ സഹകാരിയായ ആൾ വിശ്വാസത്തിൽ താല്പര്യം കാണിക്കുമ്പോൾ; c) സമീപസ്ഥലത്തേ കുട്ടികൾക്ക് മതബോധനം ലഭിക്കുന്നില്ലെങ്കിൽ; d) ഞായറാഴ്ചദിവസം കർബ്ബാന ചൊല്ലുന്നതിന് ഒരു സ്ഥലത്ത് വൈദികനില്ലാത്തപക്ഷം, അഥവാ വരുമെന്ന പ്രതീക്ഷയില്ലാത്തപ്പോൾ; e) ഒരു തിരുക്കമ്മം നടത്തുവാൻ സമൂഹത്തിന് ഒരു സ്ഥലമില്ലാത്തപ്പോൾ; f) സമൂഹത്തിൽ ഒരാൾ മററുള്ളവരെ അധമ്മത്തിലേക്ക് നയിക്കുമ്പോൾ: g) ദൈവാലയകമ്മങ്ങളിൽ കുട്ടികൾ ശല്യമുണ്ടാക്കുമ്പോൾ; h) സമൂഹത്തിലെ അഥവാ ഇടവകയിലെ ഒരംഗം ഗുരുതരമായ രോഗത്തിൽപ്പെട്ടിരിക്കയും ഇടവകവികാരി അവിടെ ഇല്ലാതിരിക്കയും ചെയ്യുമ്പോൾ.

## പരിശുദ്ധ കുർബ്ബാന

സ്വർഗ്ഗീയ വിവാഹാഘോഷത്തിൽ മിശിഹായോട് ഐക്യപ്പെട്ട് നാം എന്നേയ്ക്കും പിതാവിൻെറ രാജ്യത്തിൽ വാസമുറപ്പിക്കും. ആനന്ദാതിരേകത്തോടെ നാം എന്നേയ്ക്കും ദൈവസ്തുതികൾ പാടും; ഹൃദയംഗമമായ കൃതജ്ഞതയോടെ മിശിഹായുടെ തിരുമരണത്തെ നാം അനുസ്മരിക്കും; നാം സംപൂണ്ണമായി ദൈവിക ജീവനാൽ നിറയും. ഈ സ്വർഗ്ഗീയ വിവാഹമഹോത്സവത്തിൻെറ അച്ചാരവും മുൻരുചിയുമാണ് പരിശുദ്ധ കുബ്ബാനയുടെ കർമ്മം.

## 31. ഈശോമിശിഹാ പരിശുദ്ധകുബ്ബാന സ്ഥാപിച്ചു

ഈശോ തൻെറ പീഡാനുഭവത്തിനു തലേരാത്രിയിൽ ശ്ലീഹാന്മാരോടുകൂടെ ഭക്ഷണത്തിനിരുന്നു. അവിടുന്നരുൾചെയ്തു: "ഞാൻ മരിക്കുന്നതിനു മുമ്പ് ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കുവാൻ അത്യധികം ആഗ്രഹിച്ചു". ഭക്ഷണത്തിനിടയിൽ ഈശോ അപ്പമെടുത്ത് സ്തോത്രം ചെയ്ത് മുറിച്ച്, "ഇതു് നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ, ഇതു് നിങ്ങൾക്കായി

നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു" എന്നരുൾചെയ്തുകൊണ്ട് തൻെറ ശ്ലീഹന്മാർക്കു കൊടുത്തു. അനന്തരം അവിടുന്ന് പാനപാത്രം എടുത്ത് സ്തോത്രം ചെയ്തിട്ട്, "നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ; പാപങ്ങൾ പൊറുക്കപ്പെടുവാനായി നിങ്ങൾക്കും ജനക്കൂട്ടത്തിനുംവേണ്ടി ചിന്തപ്പെടുന്ന എൻെറ, പുതിയ ഉടമ്പടിയുടെ രക്തമാകുന്നു. ഇതു് എൻെറ ഓർമ്മക്കായി നിങ്ങൾ ചെയ്യുവിൻ" (I Cor. 11: 23–26; Mk. 14: 17–25; Lk. 22: 14820) എന്നരുൾ ചെയ്തുകൊണ്ട് അതു് സ്വശിഷ്യന്മാർക്ക് നല്കി.

✠

ഈശോ തൻെറ ശിഷ്യന്മാരെ വിട്ടുപിരിയുന്നതിനുമുമ്പ് അവരോടുകൂടെ ആദ്യമായി പരിശുദ്ധ കുർബ്ബാനയുടെ ക്രമം അനുഷ്ഠിച്ചു. അവിടന്ന് അപ്പവും വീഞ്ഞും സ്വകരങ്ങളിലെടുത്ത്, സ്വർഗ്ഗീയപിതാവിനെ നോക്കി, ബലിവസ്തുക്കളിന്മേൽ സ്തുതിസ്തോത്രങ്ങളുടെ പ്രാർത്ഥനചൊല്ലി, "ഇതെൻെറ ശരീരമാകുന്നു–ഇതെൻെറ രക്തമാകുന്നു" എന്നരുൾചെയ്തുകൊണ്ട് തൻെറ ശ്ലീഹന്മാർക്കു കൊടുത്തു.

"ഇതെൻെറ ശരീരമാകുന്നു–ഇതെൻെറ രക്തമാകുന്നു" എന്നീ വചനങ്ങളാൽ ഈശോ അപ്പവും വീഞ്ഞും തൻെറ തിരുശരീരവും അമൂല്യരക്തവുമാക്കിപ്പകർത്തി. ഈ പരിവർത്തനത്തിനുശേഷം കാഴ്ചയ്ക്ക് അപ്പത്തിൻെറയും വീഞ്ഞിൻെറയും ബാഹ്യഗുണങ്ങൾ മാത്രമേ നിലനിന്നിരുന്നുള്ളൂ. അപ്പത്തിൻെറയും വീഞ്ഞിൻെറയും ഈ ബാഹ്യസാദൃശങ്ങളിൻകീഴിൽ (ബാഹ്യരൂപങ്ങളിൻ കീഴിൽ) അവിടന്ന് പിതാവിന് സ്വയം സമർപ്പിക്കയും, ശ്ലീഹന്മാർക്ക് ഭക്ഷണമായി നൽകുകയും ചെയ്തു.

ഈശോ പിറേറദിവസം കുരിശിൽ നിർവ്വഹിക്കാനിരുന്ന അതേ ആത്മസമർപ്പണംതന്നെ തലേദിവസം വൈകിട്ടുള്ള അത്താഴത്തിൽ നിർവ്വഹിച്ചു. അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശങ്ങളിൻ കീഴിൽ നേരത്തെതന്നെ ശ്ലീഹന്മാർക്കും സകല മനുഷ്യർക്കുമായി അവിടന്ന് സ്വയം നൽകി.

ഇങ്ങനെ നൽകപ്പെട്ട നമ്മുടെ കർത്താവിൻെറ മാംസരക്തങ്ങൾ നിത്യജീവൻെറ ഭക്ഷണമായിട്ടത്രേ ശ്ലീഹന്മാർ സ്വീകരിച്ചതു്. അവർ ആന്തരികമായി അവിടത്തോടു ഐക്യപ്പെടുകയും സ്വർഗ്ഗീയവരപ്രസാദത്താൽ നിറയുകയും ചെയ്തു.

"ഇതെൻെറഓർമ്മയ്ക്കായി നിങ്ങൾചെയ്യുവിൻ" എന്ന വചനങ്ങളാൽ പരിശുദ്ധ കുർബ്ബാന എന്ന തിരുക്കർമ്മം തുടർന്ന് നിർവ്വഹിക്കാനുള്ള അധികാരവും ശക്തിയും ഈശോ തൻെറ ശ്ലീഹന്മാർക്കു കൊടുത്തു. അവർ അപ്പവും വീഞ്ഞും തൻെറ പരിശുദ്ധ മാംസരക്തങ്ങളായിപ്പകർത്തി ഈ ബലിവസ്തുക്കൾ സ്വർഗ്ഗീയപിതാവിനു സമർപ്പിക്കയും, വിശ്വാസികൾക്ക് ഭ

ക്ഷണമായി നൽകുകയും ചെയ്‌വാൻ അവരെ ചുമതലപ്പെടുത്തി. ശ്ലീഹന്മാർക്കു ലഭിച്ച ഈ ശക്തി പൗരോഹിത്യജോലിയിൽ അവരുടെ അനുഗാമികളായവർക്ക് അവർ ഏല്പിച്ചുകൊടുത്തു. മിശിഹാ ഇനി വരുന്നതുവരെ പ്രസ്തുതാനുഗാമികൾ പരിശുദ്ധകുർബ്ബാന തുടർന്നുകൊണ്ടിരിക്കണം.

*പരിചിന്തനം:* 1. ഒടുവിലത്തെ അത്താഴത്തിൽ ഈശോ എപ്രകാരമാണ് നിത്യപിതാവിനു സ്വയം സമർപ്പിച്ചതു്? 2. ഏതു സമർപ്പണമായിരുന്നു തദവസരത്തിൽ അവിടന്ന് മുൻകൂട്ടി നിർവ്വഹിച്ചതു്? 3. ഈശോ ശ്ലീഹന്മാർക്കു എന്താണ് നൽകിയതു്? 4. അവർ അദ്ദേഹത്തിൽനിന്ന് അതിനാൽ എന്തു വരപ്രസാദവരം പ്രാപിച്ചു? 5. ഒടുവിലത്തെ അത്താഴത്തിൽ ഈശോ തൻെറ ശ്ലീഹന്മാർക്ക് എന്തധികാരം കൊടുത്തു? 6. ഈ അധികാരം പിന്തുടർച്ചയായി ആർക്കുകൊടുത്തു? 7. പരി. കുർബ്ബാന ഇനി എന്നുവരെ തുടർന്ന് സമർപ്പിക്കേണ്ടിയിരിക്കുന്നു?

61. ഈശോ പരിശുദ്ധ കുർബ്ബാന സ്ഥാപിച്ചതെങ്ങനെയാണ്?

ഒടുവിലത്തെ അത്താഴത്തിൽ ഈശോ അപ്പമെടുത്തു സ്തോത്രം ചെയ്തുമുറിച്ച് 'നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ; ഇതു് നിങ്ങൾക്കായി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു' എന്നരുൾചെയ്തുകൊണ്ടു് തൻെറ ശിഷ്യന്മാർക്കുകൊടുത്തു. അനന്തരം അവിടന്ന് പാനപാത്രം എടുത്തു സ്തോത്രം ചെയ്തിട്ടു് 'നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ; എന്തെന്നാൽ പാപങ്ങൾ പൊറുക്കപ്പെടുവാനായി നിങ്ങൾക്കും ജനക്കൂട്ടത്തിനും വേണ്ടി ചിന്തപ്പെടുന്ന എൻെറ, പുതിയ ഉടമ്പടിയുടെ, രക്തമാകുന്നു. ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ' എന്നരുൾചെയ്തുകൊണ്ടു് തൻെറ ശിഷ്യന്മാർക്കു കൊടുത്തു.

62. 'ഇതെൻെറശരീരമാകുന്നു—ഇതെൻെറ രക്തമാകുന്നു' എന്നു് ഈശോ അരുൾചെയ്തപ്പോൾ എന്തു സംഭവിച്ചു?

'ഇതെൻെറ ശരീരമാകുന്നു ഇതെൻെറ രക്തമാകുന്നു' എന്ന വചനങ്ങൾ ഈശോ ഉച്ചരിച്ച ക്ഷണത്തിൽ അപ്പവും വീഞ്ഞും അവിടത്തെ മാംസരക്തങ്ങളായിപ്പകർന്നു. അതിനുശേഷം അപ്പത്തിൻെറയും വീഞ്ഞിൻെറയും ബാഹ്യഗുണങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു:

63. 'ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്‌വിൻ' എന്ന വാക്കുകളാൽ ശ്ലീഹന്മാർക്കും പൗരോഹിത്യജോലിയിൽ അവരെ അനുഗമിക്കാനിരിക്കുന്നവർക്കും ഈശോ എന്തു ശക്തികൊടുത്തു?

'ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്വിൻ' എന്നീ വാക്കുകളാൽ ശ്ലീഹന്മാർക്കും പൗരോഹിത്യജോലിയിൽ അവരെ അനുഗമിക്കാനിരിക്കുന്നവർക്കും പരിശുദ്ധ കുർബ്ബാന സമർപ്പിക്കാനും ഇങ്ങനെ അപ്പവും വീഞ്ഞും തൻെറ മാംസരക്തങ്ങളായിപ്പകർത്താനുള്ള ശക്തി ഈശോ കൊടുത്തു.

*പ്രായോഗികവശം:* ഞാൻ പരിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കയും കർത്താവിൻെറ തിരുശരീരം സ്വീകരിക്കയും ചെയ്യുമ്പോൾ, ഒടുവിലത്തെ അത്താഴത്തിൽ ശ്ലീഹന്മാർ അവിടത്തോടു എത്ര ദൃഢസമ്പർക്കം പാലിച്ചുവോ അത്ര ദൃഢസമ്പർക്കം ഞാനും പാലിക്കും.

*പരിശുദ്ധ കുർബ്ബാനയുടെ വിവിധ സംജ്ഞകൾ:* ആദിമദശയിൽ 'അപ്പം മുറിക്കൽ' എന്നായിരുന്നു പരി. കുർബ്ബാനയുടെ തിരുക്കർമ്മത്തിനു കൊടുത്തിരുന്ന പേർ. എന്നാൽ ഈ തിരുക്കർമ്മാനുഷ്ഠാനംവഴിയായി നിത്യപിതാവിനു സ്തുതിസ്തോത്രങ്ങൾ സമർപ്പിക്കുന്നതിനാൽ ആദിമ ക്രിസ്ത്യാനികൾ ഏറെത്താമസിയാതെ ഇതിനു് 'സ്തുതി' അഥവാ 'സ്തോത്രം' എന്നർത്ഥമുള്ള യൂക്കരിസ്റ്റ് (Eucharist) എന്ന സംജ്ഞകൊടുത്തു. ഈ യൂക്കരിസ്റ്റ് കർമ്മത്തിനു ദിവ്യബലി (കുർബ്ബാന) അൾത്താരബലി, മാസ്സ് (Holy Mass) എന്നിങ്ങനെയുള്ള സംജ്ഞകൾ പിന്നിട് നടപ്പായി. ഇതു് ഒരു കൂദാശകൂടിയായിരിക്കയാലും ഈ കൂദാശയിൽ മിശിഹാ വിശേഷമാംവിധം യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കയാലും, ഇതു് ഒരു പീഠത്തിന്മേൽ നിവ്വഹിക്കപ്പെടുന്നതിനാലും, അൾത്താരയിലെ ഏററം പരിശുദ്ധകൂദാശ' എന്നും ഇതിനെ നാം വിളിച്ചുപോരുന്നു. "ദിവ്യകാരുണ്യം" എന്നു് ഈ കൂദാശയെ കേരളീയർ വിളിച്ചുപോരുന്നുണ്ടു്.

## 32. തിരുസ്സഭ പരിശുദ്ധകുർബ്ബാന സമർപ്പിക്കുന്നു

ക്രിസ്തുവർഷം 150-ാംമാണ്ടോടടുത്തു് വി. ജസ്റ്റിൻ അന്നത്തെ റോമാചക്രവർത്തിക്കു് എഴുതിയ ലേഖനത്തിൽ പരിശുദ്ധ കുർബ്ബാനയുടെ കർമ്മാനുഷ്ഠാനത്തെ വിവരിക്കുന്നുണ്ടു്; ആദ്യമേതന്നെ വി. ഗ്രന്ഥത്തിൽനിന്നുള്ള വായനകൾ, പ്രസംഗം, പ്രാർത്ഥനകൾ എന്നിവയെക്കുറിച്ചു് വിവരിച്ചശേഷം ഇപ്രകാരം തുടരുന്നു: "പ്രാർത്ഥന അവസാനിക്കുമ്പോൾ അപ്പവും, വീഞ്ഞും, വെള്ളവും കൊണ്ടുവരുന്നു. തിരുകർമ്മത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നയാൾ യാചിക്കയും സ്തോത്രം ചെയ്കയും ചെയ്യുമ്പോൾ അതിനു് ജനങ്ങൾ "ആമ്മേൻ." ചൊല്ലിക്കൊണ്ടു അവരുടെ സമ്മതം പ്രകാശിപ്പിക്കുന്നു. സ്തോത്രം ചെയ്ത ഈ വസ്തുക്കൾ അവിടെ അപ്പോൾ സന്നിഹിതരായിരിക്കുന്നവർക്കു് വിതരണം ചെയ്യുന്നു; സന്നിഹിതരല്ലാത്തവർക്കു് ശുശ്രൂഷിക്കാർ അതുകൊണ്ടു് പോയിക്കൊടുക്കുന്നു."

✠

മിശിഹാ അത്താഴശാലയിൽ നിർവ്വഹിച്ച ഈ കർമ്മം അവിടത്തെ കല്പനപ്രകാരം തിരുസ്സഭ തുടന്നു് നിർവ്വഹിക്കുന്നു. അപ്പവും വീഞ്ഞും ബലിപീഠത്തിങ്കൽ കൊണ്ടുവന്നതിനുശേഷം, പുരോഹിതൻ തിരുസ്സഭയുടെയും സ്തോത്രത്തിന്റെയും കാഴ്ചസമർപ്പണത്തിന്റെയും മഹാപ്രാർത്ഥന അവയിന്മേൽ ഉച്ചരിക്കുന്നു. ദിവ്യബലിയുടെ "പ്രിഫേസ്" "കാനൻ" (ലത്തീൻ റീത്തനുസരിച്ചുള്ള കുർബ്ബാനയിൽ) എന്നിവയടങ്ങിയതാണീ പ്രാർത്ഥന. ഈശോ ഒടുവിലത്തെ അത്താഴത്തിൽ ഉച്ചരിച്ച കൂദാശ ചെയ്യുന്ന വചനങ്ങൾ ഈ പ്രാർത്ഥനയിൽയഥാക്രമംവരുന്നു; പരിശുദ്ധ കുർബ്ബാനയെന്ന വിശുദ്ധ ഭക്ഷണം വിതരണം ചെയ്യപ്പെടുന്നു.

പരിശുദ്ധ കുർബ്ബാനയുടെ തിരുക്കർമ്മത്തിൽ മിശിഹാതന്നെയാണു നമ്മുടെ പ്രധാനാചാര്യനായിരിക്കുന്നതു്. ബലിപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്ന വൈദികനാകട്ടെ അവിടത്തെ ദൃശ്യപ്രതിനിധിയും, സജീവോപകരണവുമാകുന്നു.

"ഇതെന്റെ ശരീരമാകുന്നു—ഇതെന്റെ രക്തമാകുന്നു" എന്നുള്ള മിശിഹായുടെ വചനങ്ങൾ വൈദികൻ അപ്പത്തിന്മേലും വീഞ്ഞിന്മേലും ഉച്ചരിക്കുമ്പോൾ, അപ്പവും വീഞ്ഞും വാസ്തവത്തിൽ മിശിഹായുടെ മാംസവും രക്തവുമായിത്തീരുന്നു. കുർബ്ബാനയുടെ ഈ ഭാഗത്തിനു് "കൂദാശചെയ്യൽ" (Consecration) എന്നു പറയുന്നു.

അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശങ്ങളിൻ കീഴിൽ, മനുഷ്യനായ വൈദികന്റെ ശുശ്രൂഷമൂലം നമ്മുടെ പ്രധാനാചാര്യനായ മിശിഹാ സ്വയം ബലിയായി നിത്യപിതാവിനു് അർപ്പിക്കുകയും സ്വയം ഭക്ഷണമായി നമുക്കു നൽകുകയും ചെയ്യുന്നു. മിശിഹാ വഴിയായും, മിശിഹായോടുകൂടെയും, മിശിഹായിലും നിത്യപിതാവിനു് നമ്മെത്തന്നെ സമർപ്പിക്കാവുന്നതാണു്; മിശിഹായെ നമ്മുടെ സ്വർഗ്ഗീയ ഭക്ഷണമായി സ്വീകരിക്കാവുന്നതാണു്. പരിശുദ്ധകുർബ്ബാനയുടെ കർമ്മാനുഷ്ഠാനം മിശിഹാവഴിയായി നാം സമർപ്പിക്കുന്ന ദൃശ്യബലിയാകുന്നു; നമുക്കായി മിശിഹാ തയ്യാറാക്കുന്ന വിശുദ്ധവിരുന്നുമാകുന്നു ഇതു്.

*പരിചിന്തനം:* 1. കർബ്ബാനക്കർമ്മം തിരുസ്സഭ നിർവ്വഹിക്കുന്നതെങ്ങനെ 2. അപ്പത്തിന്മേലും വീഞ്ഞിന്മേലും മിശിഹായുടെ വചനങ്ങൾ വൈദികൻ ഉച്ചരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? 3. കർബ്ബാനക്കർമ്മം ഒരു ബലിയാകുന്നതെന്തുകൊണ്ടു്? 4. ഇതൊരു ഭക്ഷണം അഥവാവിരുന്നാകുന്നതെന്തുകൊണ്ടു്?

**64. പരിശുദ്ധ കർബ്ബാനയിൽ മിശിഹാ എന്തായിരിക്കുന്നു?**

**പരിശുദ്ധ കുർബ്ബാനയിൽ മിശിഹാ പ്രധാനാചാര്യനും, ബലിവസ്തുവും, ആഹാരവുമാകുന്നു.**

*പ്രായോഗികവശം:* കർബ്ബാനക്കർമ്മം ഞാൻ ശ്രദ്ധാപൂർവ്വം കാണുകയും കേൾക്കുകയും ചെയ്യും. പ്രാർത്ഥനകളിലും സമർപ്പണത്തിലും ഞാൻ പങ്കെടുക്കും. നിവൃത്തിയുള്ളപ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* പ്രവാചകനായ മലാകി ഇപ്രകാരം പ്രവചിച്ചിരിക്കുന്നു: 'പ്രഭാതം മുതൽ പ്രദോഷംവരെ ലോകത്തിൻെറ യാതൊരു കോണിലും പുറജാതികളുടെ ഇടയിൽ എൻെറ കീർത്തി കേൾക്കാതിരിക്കുകയില്ല, ബലി അർപ്പിക്കപ്പെടാതിരിക്കയില്ല, എൻെറ ബഹുമാനാർത്ഥം നിർമ്മലസമർപ്പണം നടത്താതിരിക്കയില്ല' (Mal. 1:11).–അപ്പവും വീഞ്ഞും സമർപ്പിച്ച മൽക്ക്സ്ദെക്കിൻെറ ബലി പരിശുദ്ധ കർബ്ബാനയുടെ ഒരു പൂർവ്വരൂപമായിരുന്നു. ഇതിനാലാണ് ദാവീദ് മിശിഹായെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചിട്ടുള്ളത്: 'മൽക്ക്സ്ദെക്കിൻെറ ആചാര്യക്രമത്തിൽ നീ നിത്യപുരോഹിതനാകുന്നു' (Ps. 109:4).

*തിരുസ്സഭയുടെ ജീവിതത്തിൽ നിന്ന്:* കർബ്ബാനയിലെ വലിയ സ്തോത്ര പ്രാർത്ഥന ഇപ്രകാരം ആരംഭിക്കുന്നു: 'കർത്താവേ, പരിശുദ്ധനായ പിതാവേ സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവീശോമിശിഹാവഴി എപ്പോഴും എല്ലായിടത്തും നിനക്കു സ്തോത്രം ചെയ്യുക ധർമ്മവും നീതിയും ഉചിതവും ഞങ്ങളുടെ ക്ഷേമത്തിനു പററിയതുമാകുന്നു'. അതു് ഇപ്രകാരം അവസാനിക്കുന്നു: 'താൻ (മിശിഹാ) വഴിയായും, തന്നോടുകൂടെയും, തന്നിലും, ദൈവമേ, സർവ്വശക്തനായ പിതാവേ, നിനക്ക് പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ സകല ബഹുമാനവും മഹത്വവും എന്നുമെന്നേയ്ക്കും ഉണ്ടായിരിക്കട്ടെ' ജനങ്ങൾ ഇതിനു് 'ആമ്മേൻ' എന്നു ഉത്തരം പറയുന്നു.

*പരിശുദ്ധ കർബ്ബാനയിൽ വിശുദ്ധരുടെ ഓർമ്മ:* ദിവ്യബലിയിൽ സമർപ്പിക്കുന്നതു് ദൈവത്തിനു മാത്രമാകുന്നു, ഒരിക്കലും വിശുദ്ധർക്കല്ല. എങ്കിലും ദിവ്യബലിയിൽ നാം വിശുദ്ധരെ അനുസ്മരിക്കുന്നു. ഈ അനുസ്മരണം രണ്ടു വിധത്തിലത്രേ: ഒന്നു, അവർക്കു ദൈവം നൽകിയ പ്രസാദവരങ്ങളെക്കുറിച്ച് അവിടത്തേയ്ക്കു നാം സ്തോത്രം ചെയ്യുന്നു; രണ്ടു്, അവരെപ്രതി നമ്മോടു കൃപ ചെയ്യണമെന്നു് അവിടത്തോടു് നാം യാചിക്കുന്നു.

*പരീക്ഷണവശം:* 1. പരി. കർബ്ബാനയെ താഴെപ്പറയുന്നവയുമായി താരതമ്യവിവേചനം ചെയ്യുക; a) മൽക്ക്സെദെക്കിൻെറ ബലി; b) കാനായിലെ വിവാഹവിരുന്നു; c) അപ്പം വർദ്ധിപ്പിച്ചതു് d) ഒടുവിലത്തെ അത്താഴം 2. വിവിധങ്ങളായ പ്രിഫേസസ് മുതൽ കർബ്ബാനയുടെ കാനോനയിൽ നാം ദൈവത്തെ സ്തുതിക്കയും സ്തോത്രം ചെയ്കയും ചെയ്യുന്നതെന്തിനു്?

## 33. പരിശുദ്ധ കർബ്ബാനയുടെ തിരുക്കർമ്മത്തിൽ കുരിശിലെ ബലി വർത്തമാനകാലത്തിൽ പുനരർപ്പിക്കപ്പെടുന്നു

വി. പൗലോസ് പരിശുദ്ധ കുർബ്ബാനയുടെ തിരുക്കർമ്മത്തെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: "നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും ഈ

പാത്രം പാനം ചെയ്കയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാകുന്ന അവിടത്തെ വരവുവരെ നിങ്ങൾ ഓർമ്മിക്കുന്നതു്”

(I Cor. 11:26)

✠

തിരുസ്സഭ പരി. കുർബ്ബാനയുടെ കർമ്മം അനുഷ്ഠിക്കുമ്പോൾ മിശിഹാ കുരിശിശിൽ സമർപ്പിച്ച അതേ ബലിതന്നെയാണു് നമ്മുടെ മദ്ധ്യേ സമപ്പിക്കുന്നതു്. കുരിശിലെ ബലി തന്നെയാണു് അൾത്താരബലിയും. എന്തെന്നാൽ, രണ്ടിലും മിശിഹാതന്നെയാണു് പ്രധാനാചാര്യനും ബലിവസ്തുവും. അൾത്താരബലിയിൽ കുരിശിലെ ബലിതന്നെ വീണ്ടും സന്നിഹിതമാക്കി ചെയ്യുന്നു, അഥവാ പുനരപ്പിക്കപ്പെടുന്നു.

എന്നാൽ അൾത്താരബലിയും കുരിശിലെ ബലിയും തമ്മിൽചില വ്യത്യാസങ്ങളുമുണ്ടു്: കുരിശിലെ ബലി രക്തം ചിന്തിക്കൊണ്ടുള്ളതായിരുന്നു; അൾത്താരബലി രക്തം ചിന്താത്തതാകുന്നു; കുരിശിലെ ബലി ഒരിക്കൽമാത്രമേ സംഭവിച്ചുള്ളു; അൾത്താരബലി വീണ്ടും വീണ്ടും സമർപ്പിക്കപ്പെടുന്നു; നമ്മുടെ കർത്താവു് ഒടുവിലത്തെ ദിവസത്തിൽ വരുന്നതുവരെ ഈ ബലി ഇങ്ങനെ സമർപ്പിക്കപ്പെടുകയും ചെയ്യും. അൾത്താരബലി പുതിയ നിയമത്തിലെ രക്തം ചിന്താത്ത ശാശ്വത ബലിയാകുന്നു.

മിശിഹാ കുരിശിൽ സമർപ്പിച്ച ബലിയിൽ നാം പങ്കാളികളാകുന്നതിനു് അൾത്താരബലിമൂലം ഇടവരുത്തുന്നു. നിത്യപിതാവിനുള്ള അവിടത്തെ ആത്മദാനത്തിൽ നമ്മെയും ഉൾപ്പെടുത്തുകയും, തന്റെ മരണംമൂലം സമ്പാദിച്ചപ്രസാദവരങ്ങളാൽ നമ്മെ നിറയ്ക്കുകയും ചെയ്യുന്നു.

അൾത്താരബലി കുരിശിലെ ബലിതന്നെയാകയാൽ, അതു് പരിപൂർണ്ണബലിയാകുന്നു. ദൈവത്തിനു നൽകാവുന്നതിൽവച്ചു് ഏററം വലിയ ബഹുമാനവും സ്തോത്രവും പരിശുദ്ധ കുർബ്ബാനവഴിയായി നാം നൽകുന്നു. നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടുന്നതിനും നമുക്കു പ്രസാദവരങ്ങൾ ലഭിക്കുന്നതിനും ഏററം ശക്തിമത്തായ അപേക്ഷകൾ ഇതുവഴിയായി നാം സമർപ്പിക്കുന്നു; ഇതു വഴിയായി അളവററ അനുഗ്രഹങ്ങൾ ലോകം മുഴുവനും വർഷിക്കപ്പെടുന്നു, ജീവിക്കുന്നവക്കും മരിച്ചവക്കും ലഭിക്കുന്നു. പ. കുർബ്ബാന സ്തുതിയുടെയും, സ്തോത്രത്തിന്റെയും, പരിഹാരത്തിന്റെയും, അപേക്ഷയുടേയുംഏററം പരിപൂർണ്ണ ബലിയായിരിക്കുന്നു.

*പരിചിന്തനം:* 1. അൾത്താരബലിയും കുരിശിലെ ബലിയും തമ്മിൽ എങ്ങനെ വ്യത്യാസപ്പെടുന്നു? 2. കുരിശിൽ മിശിഹാ സമർപ്പിച്ച ബലിയിൽ നാം ഓഹരിക്കാരായിത്തീരുന്നതിനു് അൾത്താരബലിയിൽ അവിടന്നു് എങ്ങനെ ഇടവരുത്തുന്നു? 3. പരിശുദ്ധകുർബ്ബാന ബലികളിൽവച്ചു് ഏററം പരിപൂർണ്ണബലിയാകുന്നതെന്തുകൊണ്ടു്?

95. പരിശുദ്ധ കുർബ്ബാന (അംത്താരബലി) എന്താകുന്നു?

കുരിശിലെ ബലി വീണ്ടും സന്നിഹിതമാക്കിച്ചെയ്യുന്നതും പുതിയനിയമത്തിലെ രക്തം ചിന്താത്തതുമായ ശാശ്വത ബലിയാകുന്നു പരിശുദ്ധ കുർബ്ബാന അഥവാ അംത്താരബലി.

66. അംത്താരബലി, കുരിശിൽ സമർപ്പിച്ച അതേബലി തന്നെയാകുന്നതു് എന്തുകൊണ്ടു്?

അംത്താരബലിയും കുരിശിലെ ബലിയും അതേ പുരോഹിതൻതന്നെ അതേ ബലിവസ്തുവിനെ സമർപ്പിക്കുന്നതിനാൽ അംത്താരബലിയും കുരിശിലെ ബലിയും ഒന്നുതന്നെയാകുന്നു.

*പ്രായോഗികവശം:* പരിശുദ്ധ കുർബ്ബാനയിൽ ഞാൻ സംബന്ധിക്കുമ്പോൾ, എന്റെ ദിവ്യരക്ഷകൻ കരിശിൽ സമർപ്പിച്ച ബലി ഞാൻ അനുസ്മരിക്കും അവിടത്തോടൊന്നിച്ച് എന്നെത്തന്നെ സമ്പൂർണ്ണമായി ഞാൻ പരമപിതാവിനു സമർപ്പിക്കയും ചെയ്യും.

*പരീക്ഷണവശം:* 1. പരി. കുർബ്ബാനയുടെ തിരുക്കർമ്മത്തെ പഴയനിയമത്തിലെ പെസ്ഹാ ഭക്ഷണത്തോടു താരതമ്മ്യപ്പെടുത്തുക. 2. പരിശുദ്ധ കുർബാനയിൽ നാം പാടുന്ന ഏതു കീർത്തനത്തിലാണു് കരിശിലെ ബലിയേപ്പററി പറഞ്ഞിരിക്കുന്നതു്? 3. പരി. കുർബാനയിൽ കൂദാശചെയ്യുന്ന ഭാഗത്തിനുശേഷമുള്ള പ്രാർത്ഥന മനഃപാഠമാക്കുവാൻ പരിശ്രമിക്കുക. ഈ വേദോപദേശത്തിന്റെ അവസാനത്തിൽ 'പ്രധാനമായ ചില കുർബാന പ്രാർത്ഥനകൾ' എന്ന പേരിൽ അനുബന്ധമായി ചേർത്തിരിക്കുന്നതിൽ മേല്പറഞ്ഞവ ഉൾപ്പെടുന്നു.

## 34. പരി. കുർബ്ബാനയുടെ വിരുന്നിൽ നിത്യായുസിന്റെ അപ്പം നാം ഭക്ഷിക്കുന്നു

ആദ്യത്തേ പ്രാവശ്യം അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചതിന്റെ പിറേറ ദിവസം ഈശോ യൂദന്മാരോടു് അരുൾചെയ്തു: "ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു". അപ്പോൾ, "നമുക്കു തന്റെ ശരീരം ഭക്ഷിക്കുന്നതിനു് തരുവാൻ ഇവനു് എങ്ങനെ കഴിയും?" എന്നു പറഞ്ഞു് യൂദന്മാർ തമ്മിൽ വാദിച്ചിരുന്നു. അവിടുന്നു് അപ്പോൾ അവരോടു് അരുൾചെയ്തു: "സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കയും അവന്റെ രക്തം പാനം ചെയ്കയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു് ജീവനുണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്. അവസാന നാളിൽ അവനെ ഞാൻ ഉയിർപ്പിക്കയും ചെയ്യും. എന്തെന്നാൽ

എന്റെ ശരീരം സാക്ഷാൽ ഭക്ഷ്യമാകുന്നു; എന്റെ രക്തം സാക്ഷാൽ പാനീയമാകുന്നു" (Jn. 6: 51-58).

✠

പരിശുദ്ധ കുർബ്ബാനയിൽ (ദിവ്യകാരുണ്യത്തിൽ) നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും നിത്യായുസ്സിന്റെ ആഹാരമായി നാം സ്വീകരിക്കുന്നു. ഭൂമിയിൽവച്ച് നാം ആനന്ദത്തോടെ അനുഭവിക്കുന്ന ഈ സ്വർഗ്ഗീയ അപ്പം ഒരു മുൻസൂചനയാണ്, അച്ചാരമാണ്: നാം ഒരു ദിവസം ഉയിർത്തെഴുന്നേല്ക്കുമെന്നും, നമ്മുടെ പിതാവിന്റെ രാജ്യത്തിൽ മിശിഹായോടും തന്റെ സകല വിശുദ്ധരോടുംകൂടെ നിത്യമഹാവിരുന്നു കഴിക്കുമെന്നും ഇതു് ഉറപ്പു നൽകുന്നു.

സ്വർഗ്ഗസ്ഥനായ നമ്മുടെ കർത്താവീശോമിശിഹാ പരി. കുർബ്ബാനയെന്ന കൂദാശയിൽ ഏററം ഗാഢമാംവിധം നമ്മോടു ഇപ്പോഴും സ്വയം യോജിപ്പിക്കുന്നു, ഐക്യപ്പെടുന്നു. അവിടുന്നു വഴിയായി സ്വർഗ്ഗീയ പിതാവിനോടും നാം സുദൃഢമായി ഐക്യപ്പെടുന്നു. നമ്മളെല്ലാവരും ഒരേ സ്വർഗ്ഗീയ അപ്പംതന്നെ–മിശിഹായുടെ അതേ ശരീരംതന്നെ–ഭക്ഷിക്കുന്നതിനാൽ, നാമും പരസ്പരം ഐക്യപ്പെടുന്നു. പരിശുദ്ധ കുർബ്ബാന ദൈവത്തിന്റെ മക്കളുടെ കുടുംബാഹാരമാകുന്നു.

പരിശുദ്ധ കുർബ്ബാനമൂലം മിശിഹാ വരപ്രസാദജീവൻ നമ്മിൽ വർദ്ധിപ്പിക്കുന്നു; ദൈവത്തിന്റെ മക്കളെന്ന നിലയിൽ ജീവിക്കാനും നമ്മുടെ നാഥനായ അവിടുത്തെ അനുഗമിക്കാനുമുള്ള നവീന ശക്തി നമുക്കു നൽകുന്നു. നിത്യപിതാവിനോടും നമ്മുടെ അയൽക്കാരനോടുമുള്ള അവിടുത്തെ സ്നേഹത്താൽത്തന്നെ നമ്മെയും നിറയ്ക്കുന്നു. നമ്മുടെ ദുർവാസനകളെ ശക്തിഹീനമാക്കുകയും, അനേകം പാപങ്ങളിൽനിന്നു നമ്മെ സംരക്ഷിക്കയും ചെയ്യുന്നു.

പരിശുദ്ധ കുർബ്ബാനയുടെ സ്വീകരണം വഴിയായി ദിവ്യബലിയിൽ നമുക്കുള്ള ഭാഗഭാഗിത്വം പൂർത്തിയായിത്തീരുന്നു. അതുകൊണ്ടാണ് ഓരോ ദിവ്യബലിയിലും സന്നിഹിതരാകുന്ന വിശ്വാസികൾ നമ്മുടെ കർത്താവിന്റെ മേശയിൽനിന്നു ഭക്ഷിക്കണമെന്ന് (ദിവ്യകാരുണ്യവിരുന്നിലും പങ്കുകൊള്ളണമെന്നു) തിരുസ്സഭ ആഗ്രഹിക്കുന്നതു്. ആക്കെങ്കിലും കൂദാശപ്രകാരം ദിവ്യകാരുണ്യം സ്വീകരിക്കാൻ വാസ്തവത്തിൽ അസാധ്യമെങ്കിൽ, അതിനുള്ള ആഗ്രഹത്തെ ഉണത്തിക്കൊണ്ടു് ആദ്ധ്യാത്മികമായിട്ടെങ്കിലും (അരൂപിക്കടുത്തവിധം) അതു സ്വീകരിക്കേണ്ടതാണ്. ഇതിനു് അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം എന്നു പറയുന്നു.

പ്രസാദവരത്തിലിരിക്കുന്ന ആരായാലും ശരി, ശുദ്ധ നിയോഗത്തോടെ ഈ ജീവന്റെ അപ്പം ഭക്ഷിക്കാനാഗ്രഹിക്കുന്നെങ്കിൽ അയാൾക്കു് എല്ലാദിവസവും ദിവ്യകാരുണ്യം സ്വീകരിക്കാം. അയാൾ ലഘുപാപങ്ങൾ

ചെയ്തിട്ടുണ്ടെങ്കിൽ അവയെക്കുറിച്ചു മുൻകൂട്ടി മനസ്തപിക്കണം. എങ്കിലും ലഘുപാപങ്ങളോടുള്ള താല്പര്യം വിടാതെ നിലനില്ക്കുകയിൽ ദിവ്യകാരുണ്യം സ്വീകരിച്ചാൽ അതു് അയോഗ്യമായ (ഗുരുതരമായ ദൈവദോഷത്തിൽ ഉൾപ്പെടുന്ന) സ്വീകരണമാണെന്നു പറയാവുന്നതല്ല; വളരെ കുറച്ചു പ്രസാദവരമേ അയാൾ പ്രാപിക്കയുള്ളു.

ആരെങ്കിലും ചാവുദോഷംമൂലം ദൈവത്തെ വിട്ടകന്നുപോയാൽ, അയാൾ ആദ്യമേ കുമ്പസാരമെന്ന കൂദാശവഴിയായി അവിടുത്തോടു രമ്യപ്പെടണം. താൻ ചാവുദോഷത്തിലിരിക്കുന്നുവെന്ന പൂർണ്ണമായ അറിവോടെ ഈ ദിവ്യവിരുന്നിനു് മന:പൂർവ്വം അണയുന്ന ആൾ ഇതിനെ അയോഗ്യമായി സ്വീകരിക്കുന്നു. തന്നിമിത്തം ഗുരുതരമായ ദൈവദോഷം പിഴക്കുന്നു. വിശുദ്ധ പൗലോസ് പറയുന്നതു് ശ്രദ്ധേയമത്രേ: "ആകയാൽ, ആരെങ്കിലും അയോഗ്യമായി കർത്താവിന്റെ അപ്പം ഭക്ഷിക്കയും അവിടുത്തെ പാത്രം പാനം ചെയ്കയും ചെയ്യുന്നെങ്കിൽ അയാൾ അവിടുത്തെ രക്തത്തോടും ശരീരത്തോടും അപരാധിയാകുന്നു...........എന്തുകൊണ്ടെന്നാൽ, യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നവൻ കർത്തവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു് തനിക്കു തന്നെയുള്ള ശിക്ഷാവിധിയാകുന്ന ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നതു്" (I Cor. 11: 27–29)ഃ

*പരിചിന്തനം:* 1. ദിവ്യകാരുണ്യം എന്തിന്റെ അച്ചാരമാകുന്നു അഥവാ മുൻരുചിയാകുന്നു? 2. ദിവ്യകാരുണ്യസ്വീകരണത്തിൽ നാം ഐക്യപ്പെടുന്നതു് ആരോടാകുന്നു? 3. ദിവ്യകാരുണ്യസ്വീകരണത്തിൽ മറ്റു് ഏതെല്ലാം പ്രസാദവരങ്ങൾ നമുക്കു ലഭിക്കുന്നു? 4. ദിവ്യബലിയിൽ സംബന്ധിക്കുന്ന വിശ്വാസികൾ എന്തുചെയ്യണമെന്നാണു് തിരുസ്സഭ ആഗ്രഹിക്കുന്നതു്? 5. ലഘുപാപങ്ങൾ ചെയ്ത ആൾ ദിവ്യകാരുണ്യം സ്വീകരിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അയാൾ എന്തുചെയ്യണം? 6. ചാവുദോഷംമൂലം ദൈവത്തെ വിട്ടകന്ന ആൾ ദിവ്യകാരുണ്യം സ്വീകരിക്കാനാഗ്രഹിക്കുന്നുവെങ്കിൽ എന്തു ചെയ്യണം?

**67. തന്റെ മാംസരക്തങ്ങൾ ആഹരിക്കുന്നതിനെക്കുറിച്ചു് മിശിഹാ എന്താണു് പഠിപ്പിച്ചിരിക്കുന്നതു്?**

ആദ്യത്തെ പ്രാവശ്യം ഈശോ അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചതിന്റെ പിറേറ ദിവസം അവിടുന്നു് യൂദന്മാരോടു് അരുൾചെയ്തു: "ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടിക്കൊടുക്കുന്ന എന്റെ ശരീരമാകുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരിരം ഭക്ഷിക്കയും അവന്റെ രക്തം പാനംചെയ്കയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു ജീവനുണ്ടായിരിക്കയില്ല. എന്റെം മാംസം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്. അവസാനനാളിൽ അവനെഞാൻ ഉയർപ്പിക്കയും ചെയ്യും. എന്തെന്നാൽ എന്റെ

മാംസം സാക്ഷാൽ ഭക്ഷ്യമാകുന്നു; എന്റെ രക്തം സാക്ഷാൽ പാനീയമാകുന്നു".

68. ദിവ്യകാരുണ്യത്തിൽ നാം എന്താണു് സ്വീകരിക്കുന്നതു്?

ദിവ്യകാരുണ്യത്തിൽ നാം നമ്മുടെ കർത്താവീശോമിശിഹായുടെ മാംസരക്തങ്ങൾ നിത്യജീവന്റെ ആഹാരമായി സ്വീകരിക്കുന്നു.

69. ദിവ്യകാരുണ്യസ്വീകരണംമൂലം മിശിഹാ നമുക്കു് എന്തു കൈവരുത്തുന്നു?

ദിവ്യകാരുണ്യസ്വീകരണംമൂലം മിശിഹാ ഏററം ഗാഢമായി നമ്മോടു യോജിക്കയും, വരപ്രസാദജീവൻ നമ്മിൽ വർദ്ധിപ്പിക്കയും, ദൈവത്തിന്റെ മക്കളെന്ന നിലയിൽ ജീവിക്കാനുള്ള നവീനശക്തി നമുക്കു നൽകുകയും ചെയ്യുന്നു.

70. പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിക്കാൻ ആർക്കു പാടുണ്ടു്?

പ്രസാദവരത്തിലിരിക്കയും നല്ല നിയോഗമുണ്ടായിരിക്കയും ചെയ്യുന്ന ആളിനു് പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിക്കാൻ പാടുണ്ടു്.

71. അയോഗ്യമായ ദിവ്യകാരുണ്യ സ്വീകരണത്തെക്കുറിച്ചു് വി. പൗലോസ് എന്തു പറയുന്നു?

വി. പൗലോസ് ഇപ്രകാരം പറയുന്നു: "ആരെങ്കിലും അയോഗ്യമായി കർത്താവിന്റെ അപ്പം ഭക്ഷിക്കയും അവിടുത്തെ പാത്രം പാനം ചെയ്കയും ചെയ്യുന്നെങ്കിൽ അയാൾ അവിടുത്തെ ശരീരത്തോടും രക്തത്തോടും അപരാധിയാകുന്നു........എന്തെന്നാൽ കർത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു് തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്നു അയാൾ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നതു്.

*പ്രായോഗികവശം:* ഞാൻ ദിവ്യബലിയിൽ സംബന്ധിക്കാൻ പോകുന്നതിനു് തലേദിവസം വൈകിട്ടു് എന്നോടുതന്നെ ഇപ്രകാരം ചോദിക്കും; എന്തുകൊണ്ടു് നാളെ ദിവ്യകാരുണ്യവും സ്വീകരിച്ചുകൂടാ?

*വിശുദ്ധരുടെ ഉദ്ബോധനത്തിൽനിന്നു്:* "മരണമില്ലായ്മയുടെ ഔഷധവും മൃത്യവിനിരയാകാതെ മിശിഹായിൽ എന്നേയ്ക്കും ജീവിക്കാനുള്ള സിദ്ധൗഷധവുമായ ഈ അപ്പം നീ സ്വീകരിച്ചാലും'' (അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യസ്).—''അശ്രദ്ധനായോ ക്ഷീണിതനായോ ആരും ദിവ്യകാരുണ്യവേദിയെ സമീപിക്കാതിരിക്കട്ടെ; എല്ലാവരും ശുഷ്ക്കാന്തിയാലും, ആഗ്രഹത്താലും, സ്നേഹാഗ്നിയാലും നിറഞ്ഞിരിക്കണം'' (വി. യോഹന്നാൻ ക്രിസോസ്തോം).

*ഒരുക്കവും ഉപകാരസ്മരണയും:* ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഉത്തമമായ ഒരുക്കം ദിവ്യബലിയിൽ വേണ്ടത്ര ശ്രദ്ധാപൂർവ്വം സംബന്ധിക്കുകയാകുന്നു. ആദ്യമായി പ്രാർത്ഥനമൂലം മിശിഹായോടു നാം ഐക്യപ്പെടുകയും, അവിടുത്തേ ദിവ്യവചനത്തെ വിശ്വാസത്തിൻെറ അരൂപിയിൽ ശ്രദ്ധിക്കയും ചെയ്യു. അനന്തരം തിരുസ്സഭയുടെ സ്തുതിസ്തോത്രങ്ങളോടു് യോജിക്കുവാനും, മിശിഹായോടുകൂടെ നിത്യപിതാവിനു് നമ്മെത്തന്നെ സംപൂർണ്ണമായി സമർപ്പിക്കാനും എളിമയോടെ സന്നദ്ധരാവുക. ദിവ്യകാരുണ്യസ്വീകരണത്തിനു് അല്പം മുമ്പായി ദിവ്യകുഞ്ഞാടായ മിശിഹായോടപേക്ഷിക്കുക നമ്മുടെമേൽ കനിവായിരിക്കേണമെന്നു്.

അനന്തരം ഏതാനും നിമിഷങ്ങൾ നിശബ്ദമായി ഒരുങ്ങുക. തദവസരത്തിൽ നമ്മോടുതന്നെ താഴെകാണുന്നവിധം ചോദിക്കുക: 1. ആരാണു് എന്നിൽ വരാൻ പോകുന്നതു്? എൻെറ കർത്താവും എൻെറ ദൈവവുമായ ഈശോ! ഇപ്രകാരം നമ്മുടെ വിശ്വാസത്തിൻെറയും ആരാധനയുടെയും ചൈതന്യത്തെ ഉണർത്തുന്നു. 2. ഈ മഹാദൈവം ആരുടെ പക്കലേയ്ക്കാണു് വരുന്നതു്? മഹാപാപിയായ എൻെറ പക്കലേയ്ക്കു്! ഇങ്ങനെ എളിമയുടെയും മനസ്താപത്തിൻെറയും ചൈതന്യത്തെ നാം ഉണർത്തുന്നു. 3. എന്തിനാണു് അവിടുന്നു വരുന്നതു്? എന്നോടുതന്നെ ഗാഢമായി ഐക്യപ്പെടുത്തുന്നതിനും, തൻെറ സ്വർഗ്ഗീയദാനങ്ങൾ എൻെറമേൽ വർഷിക്കുന്നതിനും വേണ്ടി' ഇപ്രകാരം നാം ശരണം, ഉപവി, ആഗ്രഹം എന്നിവ ഉണർത്തുന്നു.

ദിവ്യകാരുണ്യസ്വീകരണാനന്തരം മിശിഹായോടുള്ള തീക്ഷ്ണമായ സ്നേഹസമ്പർക്കം നാം പുലർത്തണം; അവിടുത്തേയ്ക്കു് സ്തുതിയും സ്തോത്രവും ചൊല്ലിക്കൊണ്ടും, നമ്മുടെ ആവശ്യങ്ങൾ ഉണർത്തിച്ചുകൊണ്ടും, ഇങ്ങനെ നിലകൊള്ളുക. ഈശോയുടെ ഏററം പരിശുദ്ധ ഹൃദയത്തിൻെറ സ്നേഹത്തിൽ നമ്മെത്തന്നെ ആഴ്ത്തുക. അവിടുത്തോടൊന്നിച്ചു് നമ്മെത്തന്നെ നിത്യപിതാവിനു സമർപ്പിക്കുക. എല്ലാക്കാര്യങ്ങളിലും ദൈവതിരുമനസ്സു് നിർവ്വഹിച്ചുകൊള്ളാമെന്നു് ദൃഢപ്രതിജ്ഞ ചെയ്യുക. നമ്മുടെ ഒരുക്കവും ഉപകാരസ്മരണയും എത്ര ഭക്തിപൂർവ്വകമായിരിക്കുമോ അത്ര സമൃദ്ധമായിരിക്കും നാം പ്രാപിക്കുന്ന പ്രസാദവരങ്ങൾ.

*നീ എന്തു പറയും?* ''വിശ്വാസികൾക്കു് പാനപാത്രവും കുടിക്കാൻ കൊടുക്കാത്തതെന്തുകൊണ്ടു്?'' എന്നു ചിലർ ചോദിക്കുന്നു. അതിനു് നമുക്കു പറയാനുള്ള സമാധാനമിതാണു്: ''അതത്ര ആവശ്യമല്ല; കാരണം അപ്പത്തിൻെറ സാദൃശ്യത്തിൽ മാത്രം സ്വീകരിക്കുന്നതായാൽത്തന്നെയും ദിവ്യവിരുന്നിൽ നാം യഥാവിധി സംബന്ധിക്കുന്നുണ്ടു്; മിശിഹായെ സംപൂർണ്ണമായി-അവിടുത്തേ മാംസവും, രക്തവും, ആത്മാവും ദൈവത്വവും—നാം സ്വീകരിക്കുന്നുണ്ടു്; മദ്ധ്യശതകങ്ങൾവരെ പാനപാത്രവും വിശ്വാസികൾക്കു് കൊടുത്തിരുന്നു. എന്നാൽ പലേ കാരണങ്ങളാൽ പിൽക്കാലത്തു് അതു നിർത്തിക്കളഞ്ഞു. അതിനാൽ ഇപ്പോൾ ലത്തീൻ റീത്തിൽ വിശ്വാസികൾ അപ്പത്തിൻെറ സാദൃശ്യത്തിൽ മാത്രമേ സ്വീകരിക്കുന്നുള്ളു. പൗരസ്ത്യറീത്തുകളിൽ ഇപ്പോഴും വിശ്വാ

സികരം പാനപാത്രവും സ്വീകരിക്കുന്നുണ്ട്. ലത്തീൻ റീത്തിൽപ്പെട്ട ഒരു കത്തോലിക്കൻ പൗരസ്ത്യറീത്തനുസരിച്ചുള്ള ബലികർമ്മത്തിൽ സംബന്ധിക്കുമ്പോൾ പാനപാത്രവും സ്വീകരിക്കാം.

*ദിവ്യകാരുണ്യോപവാസം:* ദിവ്യകാരുണ്യത്തോടുള്ള ഭക്ത്യാദരങ്ങളെപ്രതി അതു സ്വീകരിക്കുന്നതിനുമുമ്പ് മൂന്നു മണിക്കൂർനേരത്തേയ്ക്ക് നാം ഒന്നും ഭക്ഷിക്കരുതെന്ന് തിരുസ്സഭ ആജ്ഞാപിക്കുന്നു. ദിവ്യകാരുണ്യസ്വീകരണത്തിന് ഒരു മണിക്കൂർമുമ്പ്, ലഹരിസാധനങ്ങളടങ്ങാത്ത പാനീയാഹാരം കഴിക്കാവുന്നതാണ്. എല്ലാവർക്കും സ്വാഭാവികജലം എപ്പോൾവേണമെങ്കിലും കുടിച്ചുകൊണ്ട് ദിവ്യകാരുണ്യം സ്വീകരിക്കാം. രോഗികൾക്ക് വിശേഷാനുകൂല്യങ്ങളുണ്ട്: ദിവ്യകാരുണ്യസ്വീകരണത്തിന് അടുത്തുമുമ്പായിത്തന്നെയും രോഗികൾക്ക് ഘനപദാർത്ഥങ്ങളായും പാനീയമായും മരുന്നുകൾ സേവിക്കാം; പാനീയാഹാരങ്ങളും കഴിക്കാം.

*ദിവ്യകാരുണ്യസ്വീകരണം സംബന്ധിച്ച് തിരുസ്സഭയുടെ കല്പന:* നാം പരിശുദ്ധ കർബ്ബാന സ്വീകരിക്കണമെന്ന് മിശിഹാതന്നെയാണ് ആജ്ഞാപിച്ചിരിക്കുന്നത്. ഈ ആജ്ഞ നിവ്വഹിക്കുന്നതിൽ അശ്രദ്ധരായ വിശ്വാസികളെ വിശേഷാൽ പ്രേരിപ്പിക്കുന്നതിന് തിരുസ്സഭ ഒരു നിയമം ഏർപ്പെടുത്തിയിട്ടുണ്ട്. തിരിച്ചറിവുവന്ന എല്ലാ വിശ്വാസികളും ആണ്ടിലൊരിക്കൽ—അതും പെസ്ഹാ കാലത്തിൽ—പരി. കുർബ്ബാന സ്വീകരിക്കണമെന്ന്. വി. പത്താം പീയൂസ് കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിന്റെ പ്രായത്തെക്കുറിച്ചും, കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ചും വളരെ ശക്തിമത്തായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

*പരീക്ഷണവശം:* 1. ദിവ്യകാരുണ്യസ്വീകരണത്തിന് മുമ്പും പിമ്പും പ്രാർത്ഥിക്കാൻ പററിയ ജപങ്ങൾ കണ്ടുപിടിക്കുക. 2. ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പ് നിനക്കു ജപിക്കാൻ പററിയ ഒരു ജപം നീ തന്നെ ഉണ്ടാക്കുക. 3. അപ്രകാരംതന്നെ ദിവ്യകാരുണ്യസ്വീകരണാനന്തരം നിനക്കു ചൊല്ലാൻ പററിയ ഒരു ജപം നീ തന്നെ ഉണ്ടാക്കുക. 4. ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പ് പാടാവുന്ന കീർത്തനങ്ങളും, നിശ്ശബ്ദമായിച്ചൊല്ലാവുന്ന പ്രാർത്ഥനകളും ഏവ? പരി. കർബ്ബാനയെ സംബന്ധിച്ച രൂപകചിഹ്നങ്ങൾ വരയ്ക്കുക. ഉദാ: മന്നാ, പെലിക്കൻപക്ഷി, ഗോതമ്പും മുന്തിരിങ്ങായും, അപ്പക്കുട്ടയിൽ മത്സ്യം എന്നിവ.

## 35. ദിവ്യകാരുണ്യനാഥനോടുള്ള ബഹുമാനം

പരിശുദ്ധ കർബ്ബാനയുടെ ആശീർവ്വാദകർമ്മത്തിനായി ബലിപീഠത്തിനുമുകളിൽ അതു സ്ഥാപിക്കുമ്പോൾ "താന്തും എർഗോ" എന്ന കീർത്തനം പാടുന്നു. അതിപ്രകാരമാണ്:

**അതിനാൽ നമുക്കിപ്പോൾ സാഷ്ടാംഗ പ്രണാമം ചെയ്ത്**
**ഈ മഹാകൂദാശയെ ആരാധിക്കാം;**
**പഴയനിയമപ്രകാരമുള്ള കർമ്മാനുഷ്ഠാനരീതി അവസാനിച്ച്**
**പുതിയ കർമ്മാനുഷ്ഠാനരീതി സ്ഥലം പിടിക്കുന്നു.**
**ബാഹ്യേന്ദ്രിയങ്ങളുടെ കുറവ്**
**വിശ്വാസത്താൽ പൂർത്തിയാകുന്നു.**

✠

പരിശുദ്ധകുർബ്ബാനയുടെ കമ്മാവസാനത്തിൽ ചെറിയ തിരുവോസ്തികൾ കുറെ എടുത്തു് സക്രാരിക്കുള്ളിൽ (തിരുപേടകത്തിനുള്ളിൽ) വയ്ക്കുന്നു. ആകയാൽ, ദിവ്യബലിയ്ക്കുശേഷവും നമ്മോടുകൂടെ മിശിഹാ പരിശുദ്ധകുർബ്ബാനയിൽ സ്ഥിതിചെയ്യുന്നു. തന്നിമിത്തം ദിവ്യബലിയിൽ സംബന്ധിക്കാൻ സാധിക്കാത്തവക്ക്, വിശിഷ്യാ, രോഗികൾക്കും ആസന്നമരണക്കും, നമ്മുടെ കത്താവിൻെറ തുജ്ശരീരം സ്വീകരിക്കാൻ സാധിക്കുന്നു. പരി. കുർബ്ബാനയിൽ യഥാത്ഥത്തിൽ സന്നിഹിതനായിരിക്കുന്ന മിശിഹായെ സന്ദശിച്ചു് ആരാധിക്കുന്നതിനും അവിടുത്തോടു പ്രാത്ഥിക്കുന്നതിനും ഏവക്കും പാടുണ്ടു്. അപ്പത്തിൻെറയും വീഞ്ഞിൻെറയും ബാഹ്യഗുണങ്ങൾ നിലനില്ക്കുന്നിടത്തോളംകാലം അവിടുന്നു് നമ്മുടെ ഇടയിൽ ഇങ്ങനെ സന്നിഹിതനായിരിക്കുന്നു.

പരി. കുബ്ബാനയോടുള്ള ആചാരം സംപൂജ്യമായ ഒന്നത്രെ. കൂദാശ ചെയ്യപ്പെടുന്ന ചെറുതരം തിരുവോസ്തികൾ സാമാന്യമായിപ്പറഞ്ഞാൽ വിലയേറിയ ലോഹംകൊണ്ടു നിമ്മിതമായ 'കുസ്തോദി'യിലാണ് സൂക്ഷിക്കുന്നതു്. പരി. കർബ്ബാനയുടെ മുമ്പാകെ നാം മുട്ടുകുത്തുന്നു; സക്രാരിക്കു് സമീപം കെടാവിളക്കു് കത്തിക്കുന്നു; പരി. കുർബ്ബാന സക്രാരിയിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടെന്നും, അതിനാൽ പ്രത്യേക ഭക്ത്യാദരങ്ങൾ ആ സ്ഥലത്തു നാം പ്രകാശിപ്പിക്കണമെന്നും ഈ കെടാവിളക്കു് നമ്മെ അനുസ്മരിപ്പിക്കുന്നു.

പലപ്പോഴും പരസ്യാരാധനയ്ക്കായി പരി. കുർബ്ബാന എഴുന്നെള്ളിച്ചുവയ്ക്കാറുണ്ടു്. നമ്മുടെ കത്താവിനെ ആരാധിക്കുന്നതിനും, അവിടുത്തെ സ്നേഹത്തിനു നന്ദി പ്രകാശിപ്പിക്കുന്നതിനും, അവിടുത്തെ സഹായം അഭ്യർത്ഥിക്കുന്നതിനുംവേണ്ടി വിശ്വാസികൾ പരിശുദ്ധ കുർബ്ബാനയുടെ മുമ്പാകെ മുട്ടുകുത്തി പ്രണമിക്കുന്നു.

പരസ്യാരാധനയുടെ അവസാനത്തിൽ പരി. കുർബ്ബാനകൊണ്ടുള്ള ആശീർവ്വാദം കൊടുക്കുന്നു. തദവസരത്തിൽ മിശിഹായുടെ തുജ്ശരീരംകൊണ്ടു് വൈദികൻ നമ്മുടേമേൽ കുരിശടയാളം വരയ്ക്കുയിൽ നാം നമ്മുടെ കത്താവീശോമിശിഹായുടെ ആശീർവ്വാദമത്രേ സ്വീകരിക്കുന്നതു്.

പരിശുദ്ധ കുബ്ബാന സ്ഥാപിക്കപ്പെട്ടതിൻെറ ഓമ്മ നാം പെസ്ഹാവ്യാഴാഴ്ച കൊണ്ടാടുന്നു. എന്നാൽ പരിശുദ്ധ കുർബ്ബാനയുടെ തിരുനാളിൽ ഈ വിശുദ്ധ രഹസ്യം നാം കൂടുതൽ സന്തോഷത്തോടും മഹിമയോടുംകൂടി ആഘോഷിക്കുന്നു. പരി. കുർബ്ബാനയുടെ ഈ തിരുനാൾ "കോർപൂസ് ക്രിസ്തി" മിശിഹായുടെ തുജ്ശരീരം എന്ന പേരിലാണ് അറിയപ്പെടുന്നതു്. അന്നു പാട്ടുകുർബ്ബാന കഴിഞ്ഞു് അഥവാ അടുത്ത ഞായറാഴ്ച, പരി. കുർബ്ബാനയുടെ ആഘോഷമായ പ്രദക്ഷിണം നടത്തുന്നു. ചില രാജ്യങ്ങളിൽ ഈ

പ്രദക്ഷിണം ഇടവകയുടെ തെരുവീഥികളിൽക്കൂടിയും, വയലുകളിൽക്കൂടിയും നടത്തുന്നുണ്ട്.

*പരിചിന്തനം:* 1. പരി. കുർബ്ബാന എവിടെയാണ് സൂക്ഷിക്കപ്പെടുന്നത്? 2. പരി. കുർബ്ബാന ബഹുമാനിക്കപ്പെടുന്നതെങ്ങനെ? 3. പരി. കുബ്ബാന ചിലപ്പോഠം പരസ്യമായി എഴുന്നെള്ളിച്ചു വയ്ക്കുന്നതെന്തിനു്? 4. പരസ്യാരാധന ഉപസംഹരിക്കുന്നതെങ്ങനെ? 5. പരി. കുർബ്ബാനയുടെ സ്ഥാപനം നാം അനുസ്മരിക്കുന്നതെന്നു്? 6. 'കോർപ്പൂസ് ക്രിസ്റ്റി' എന്നാൽ അത്ഥമെന്തു്? 7. ഈ തിരുനാഠം ആഘോഷിക്കുന്നതെങ്ങനെ?

72. മിശിഹാ പരി. കുബ്ബാനയിൽ എന്തുമാത്രം സമയം സന്നിഹിതനായിരിക്കുന്നു?

അപ്പത്തിൻെറയും വീഞ്ഞിൻെറയും ബാഹ്യഗുണങ്ങഠം നിലനിൽക്കുന്ന സമയത്തോളം മിശിഹാ പരി. കുബ്ബാനയിൽ സന്നിഹിതനായിരിക്കുന്നു.

73. പരി. കുബ്ബാനയിൽ സ്ഥിതിചെയ്യുന്ന മിശിഹായെ നാം എങ്ങനെ ബഹുമാനിക്കണം?

പരി. കുർബ്ബാനയിൽ സ്ഥിതിചെയ്യുന്ന മിശിഹായെ നാം സന്തോഷസമേതം സന്ദർശിക്കയും, അവിടുന്നു എഴുന്നെള്ളിയിരിക്കുന്ന ദൈവാലയത്തിൽ ആചാരോപചാരങ്ങളോടെ വ്യാപരിക്കയുംവേണം.

*പ്രായോഗികവശം:* ഏതെങ്കിലുമൊരു കത്തോലിക്കാ ദൈവാലയത്തിനു സമീപം നാം കടന്നുപോകുമ്പോഠം പരി. കുർബ്ബാനയിൽ സ്ഥിതിചെയ്യുന്ന മിശിഹായെ അഭിവാദ്യം ചെയ്യും; സൗകര്യമുള്ളപക്ഷം അതിൽ പ്രവേശിച്ചു കുറേനേരത്തേയ്ക്കു് അവിടുത്തോടു് ഞാൻ സംഭാഷിക്കും.

*തിരുസ്സഭയുടെ ജീവിതത്തിൽനിന്നു്:* ചിലപ്പോഠം പരി. കുർബ്ബാന ദിവസം മുഴുവനും മററു ചിലപ്പോഠം അതിലും കൂടുതൽനേരത്തേയ്ക്കും പരസ്യാരാധനയ്ക്കായി എഴുന്നെള്ളിച്ചുവയ്ക്കാറുണ്ട്. ചില രൂപതകളിൽ ഇടവകകഠം ഓരോന്നോരോന്നു് തുടർന്നുതുടർന്നു് ശാശ്വതാരാധന നടത്തുന്നു; അല്ലെങ്കിൽ ഓരോന്നും നിശ്ചിതക്രമമനുസരിച്ചു് പതിമൂന്നുമണിയാരാധന നടത്തുന്നു. ചില സന്യാസികളുടേയും സന്യാസിനികളുടേയും ആശ്രമക്കപ്പേളകളിൽ രാപകൽ ആണ്ടുവട്ടം മുഴുവനും പരി. കുർബ്ബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചു് ആരാധന നടത്തുന്നുണ്ട്.

*വിശദീകരണം:* ഓസ്തി (Host) എന്നു വച്ചാൽ ബലിസാധനം എന്നത്ഥം. പരി. കുർബ്ബാന വച്ചുസൂക്ഷിയ്ക്കുന്ന പേടകത്തെ ''സക്രാരി'' (വി. സിംഹാസനം) അഥവാ കൂടാരം (Tabernacle) എന്നു വിളിയ്ക്കുന്നു. ''സിബോറിയം'' (അഥവാ കുസ്തോദി) ഭക്ഷണം ശേഖരിച്ചിരിക്കുന്ന പാത്രം എന്നത്ഥം.

പരി. കുർബ്ബാനയുടെ ആശീർവ്വാദകർമ്മത്തിനു നാം ഉപയോഗിക്കുന്ന അരുളിക്കായെ Monstrance എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്—പ്രദർശനോപകരണം എന്നർത്ഥം. പ്രകൃതത്തിൽ പരി. കുർബ്ബാനയെ പ്രദർശിപ്പിക്കുന്ന ഉപകരണം എന്നർത്ഥം. പ്രദക്ഷിണം എന്നുവച്ചാൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്കു ക്രമാനുസരണം നീങ്ങുക എന്നർത്ഥം; വാചികാർത്ഥത്തിൽ വലതുവശം ചുററുക എന്നു പറയാം.

*പരീക്ഷണവശം:* 1. പരി. കുർബ്ബാനയെ സന്ദർശിക്കുമ്പോൾ നമുക്കു ചൊല്ലാവുന്ന ജപങ്ങളേവ? 2. പരി. കുർബ്ബാന പരസ്യമായി എഴുന്നെള്ളിച്ചു വച്ചിരിക്കുമ്പോൾ പാടാൻ ഉചിതമായ കീർത്തനങ്ങളേവ? 3. പരി. കുർബ്ബാന വയ്ക്കുന്ന വിവിധ പാത്രങ്ങളുടെ പടംവരയ്ക്കുക. 4. പരി. കുർബ്ബാനയുടെ തിരുനാൾ പ്രദക്ഷിണത്തിൻെറ ഒരു ചിത്രം വരയ്ക്കുക.

മിശിഹാ ഞങ്ങളുടെ ആഹാരമായി ഭക്ഷിക്കയും അവിടുത്തെ പീഡാനുഭവസ്മരണ നവീകരിക്കപ്പെടുകയും ചെയ്യുന്ന ദിവ്യവിരുന്നേ, നീ ആത്മാവിനെ പ്രസാദവരത്താൽ നിറയ്ക്കുന്നു; ഭാവിമഹത്വത്തിൻെറ വാഗ്ദാനവും ചെയ്യുന്നു. (വി. തോമസ് അക്വീനാസ്)

## പരിശുദ്ധ കുർബ്ബാനയുടെ കർമ്മാനുഷ്ഠാനത്തെ കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതു്

ദിവ്യകർമ്മങ്ങളിൽവച്ച് ഏററം പരിശുദ്ധമായ കർമ്മം ദിവ്യബലിയാകയാൽ ഇതിൻെറ കർമ്മാനുഷ്ഠാനത്തെ സംബന്ധിച്ച് തിരുസ്സഭ വളരെയധികം നിയമങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്.

1. ബലിപീഠം—പരി. കുർബ്ബാന ഒരു പീഠത്തിന്മേൽ നാം സമർപ്പിക്കുന്നു. അതിന്മേൽ ദുശ്ശേഷ്യങ്ങളുണ്ട് (തിരുശേഷിപ്പുകൾ); അതു വെള്ളത്തുണി കൊണ്ട് മൂടിയിരിക്കുന്നു; അതിൻെറ മുകൾഭാഗത്തായി ക്രൂശിതരൂപവും മെഴുകുതിരികളും സ്ഥാപിച്ചിരിക്കുന്നു.

2. ബലിസാധനങ്ങൾ—ബലികർമ്മത്തിൽ കൂദാശചെയ്‌വാൻ പീഠത്തിങ്കൽ കൊണ്ടുവരുന്ന സാധനങ്ങൾ പുളിപ്പില്ലാത്ത വൃത്താകാരമായ അപ്പവും (പൗരസ്ത്യകത്തോലിക്കരിൽ ചില റീത്തുകാർ പുളിച്ച അപ്പവും ഉപയോഗിക്കുന്നു) കലർച്ചയൊന്നും കൂടാത്ത നല്ല വീഞ്ഞുമാകുന്നു.

3. വിശുദ്ധപാത്രങ്ങൾ— കൂദാശചെയ്യാനുള്ള വലിയ അപ്പം അഥവാ ഓസ്തിവയ്ക്കുന്ന പാത്രമാകുന്നു പീലാസാ; ഇതു് സ്വർണ്ണം കൊണ്ടുള്ളതോ സ്വർണ്ണം പൂശിയതോ ആകുന്നു. കൂദാശ ചെയ്യാനുള്ള വീഞ്ഞൊഴിക്കുന്ന പാത്രം കാസായാകുന്നു. കൂദാശചെയ്തു വിതരണം ചെയ്യാനോ സൂക്ഷിക്കാനോ ഉള്ള ചെറിയ ഓസ്തികൾ വയ്ക്കുന്ന പാത്രം 'കസ്തോദി'യാകുന്നു.

4, തക്സാ അഥവാ കർബ്ബാനപ്പുസ്തകം—ദിവ്യബലിയിലെ പ്രാർത്ഥനകൾ, വായനകൾ, കീർത്തനങ്ങൾ എന്നിവയടങ്ങിയ പുസ്തകം (Missal).

തിരുവസ്ത്രങ്ങൾ—ബലി സമർപ്പിക്കുന്ന പുരോഹിതൻ ധരിക്കുന്ന തിരുവസ്ത്രങ്ങൾ: a) തലമുണ്ട്; b) ആൽബാ, അതായതു് വെള്ളയങ്കി; c) ഈ വെള്ളയങ്കി കെട്ടാൻ ഉപയോഗിക്കുന്ന നീണ്ട ചരട്; d) ഇടത്തുകൈയ്യിൽ ധരി

79583

ക്കുന്ന ഉറാറാ; e) ആൽബസ്സുമീതെ നെഞ്ചിന്മേൽ ഇരുവശത്തേയ്ക്കും ചുററിധരിക്കുന്ന നെടിയ ഉറാറാ; f) കുർബാനക്കുപ്പായം. (എല്ലാററിനും മീതേ ധരിക്കുന്നതു്)

## ആരാധനക്രമസംബന്ധമായ നിറങ്ങൾ

ആണ്ടുവട്ടത്തിലെ വിവിധ തിരുനാളുകളും കാലഘട്ടങ്ങളുമനുസരിച്ചു് ദിവ്യബലിക്കു് വിവിധ നിറത്തിലുള്ള തിരുക്കുപ്പായങ്ങൾ ഉപയോഗിക്കുന്നു. വെള്ളയും ചെമപ്പും തിരുനാൾ നിറങ്ങളാകുന്നു: വെള്ളനിറം ആനന്ദത്തെയും നൈർമ്മല്യത്തെയും സൂചിപ്പിക്കുന്നു. ഇതു് പിറവിത്തിരുനാളിനും ഉയിർപ്പുതിരുനാളിനും കർത്താവിൻെറ മററു തിരുനാളുകൾക്കും; പ. ക. മറിയത്തിൻെറയും ദൈവദൂതന്മാരുടെയും വന്ദകന്മാരുടെയും (രക്തസാക്ഷികളല്ലാത്ത വിശുദ്ധർ) കന്യകകളുടെയും തിരുനാളുകൾക്കും ഉപയോഗിക്കുന്നു. അഗ്നിയേയും രക്തത്തേയും സൂചിപ്പിക്കുന്ന ചെമന്ന നിറം (പുതിയ നിർദ്ദേശപ്രകാരം ഓശാനഞായറാഴ്ച പ്രദക്ഷിണത്തിനും) പന്തക്കുസ്താ തിരുനാളിനും, ന. ക. പീഡാനുഭവത്തിരുനാളിനും, രക്തസാക്ഷികളുടെ തിരുനാളുകൾക്കും ഉപയോഗിക്കുന്നു. പ്രായശ്ചിത്തത്തെ സൂചിപ്പിക്കുന്ന ഊതനിറം (റോയിസ്) ആഗമനകാലത്തിലും വലിയ നോമ്പുകാലത്തും ഉപയോഗിക്കുന്നു. ആഗമനത്തിൻെറ മൂന്നാം ഞായറാഴ്ചയും, വലിയ നോമ്പിൻെറ നാലാം ഞായറാഴ്ചയും വേണമെങ്കിൽ റോസ് (നാം അർത്ഥമാക്കുന്ന ഊതനിറമല്ല) നിറമുള്ള തിരുവസ്ത്രങ്ങൾ ഉപയോഗിക്കാം. ശരണത്തെ സൂചിപ്പിക്കുന്ന പച്ചനിറം ദെന്ഹായും (എപ്പിഫനി) പന്തക്കുസ്തായും കഴിഞ്ഞുള്ള ഞായറാഴ്ചകളിൽ ഉപയോഗിക്കുന്നു. എന്തെന്നാൽ, നമ്മുടെ ഉയിപ്പിൻെറ പ്രതീക്ഷ നമ്മിൽ വിശേഷാൽ സജീവമാംവിധം നിലനിത്തുകയാണു് ഞായറാഴ്ചയാചരണത്തിൻെറ ഉദ്ദേശവും അർത്ഥവും. ദുഃഖസൂചകമായ കറുത്ത തിരുവസ്ത്രങ്ങൾ ദു:ഖവെള്ളിയാഴ്ചക്കർമ്മങ്ങൾക്കും മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങൾക്കും ഉപയോഗിക്കുന്നു.

## ബലികർമ്മത്തിനുപയോഗിക്കുന്ന ഭാഷ

ലോകത്തിലെ കത്തോലിക്കാ വിശ്വാസികളിൽ ഭൂരിപക്ഷവും റോമൻറീത്തിൽ (ലത്തീൻറീത്തിൽ) പെട്ടവരാകുന്നു. ഈ റീത്തിലെ ആരാധനക്രമസംബന്ധമായ ഭാഷ ലത്തീനാകുന്നു. എന്നാൽ സുറിയാനി, മലയാളം, ഗ്രീക്കു് എന്നീ ഭാഷകൾ ഉപയോഗിക്കുന്ന പൗരസ്ത്യറീത്തുകാരായ കത്തോലിക്കരുമുണ്ടു്. *

1. പൊന്തിഫിക്കൽ കുർബാന: മെത്രാന്മാർ ഏററം ആഘോഷപൂർവ്വം സമർപ്പിക്കുന്ന ദിവ്യബലിയാണിതു്.

* സീറോമലബാർ റീത്തിലേ പരിഷ്കൃത ആരാധനക്രമത്തെക്കുറിച്ചു് അനുബന്ധത്തിൽ ചേർക്കാനുദ്ദേശിക്കുന്നു.

2. ആഘോഷമായ പാട്ടുകുർബാന (സ്ലവസ്സ് കുർബാന): ഒരു വൈദികൻെറ പ്രധാന കാർമ്മികത്വത്തിലും 6–ാം പട്ടക്കാരൻെറയും 5–ാം പട്ടക്കാരൻെറയും സഹകാർമ്മികത്വത്തിലും സമർപ്പിക്കുന്ന ദിവ്യബലിയാണിതു്. 5–ാം പട്ടക്കാരൻ ലേഖനം (അഥവാ കെറിയാനാ) പാടുന്നു; 6–ാം പട്ടക്കാരൻ സുവിശേഷം പാടുന്നു.

3. പാട്ടുകുർബാന: മേല്പറഞ്ഞവിധം 6–ാം പട്ടക്കാരൻെറയോ 5–ാം പട്ടക്കാരൻെറയോ സഹായംകൂടാതെ ഒരു വൈദികൻെറമാത്രം വായനകളും പ്രാർത്ഥനകളും പാടിക്കൊണ്ടു സമർപ്പിക്കുന്ന ബലിയാണിതു്.

4. ഒററക്കുർബാന: ഈ കുർബാനയിൽ കാർമ്മികൻ ഒന്നും പാടാതെ എല്ലാം ചൊല്ലുകയാണു ചെയ്യുന്നതു്. ജനങ്ങൾ പലപ്പോഴും നിശ്ശബ്ദരായി കഴിച്ചുകൂട്ടുന്നു. ഈ പതിവിനു് ഇപ്പോൾ അല്പം വ്യത്യാസം വന്നിട്ടുണ്ടു്. ഈ കുർബാന ഒരു പാട്ടുകുർബാനയായിരുന്നെങ്കിൽ പാട്ടുകാരും മററും ഏതെല്ലാം ഭാഗങ്ങൾ ലത്തീൻ ഭാഷയിൽത്തന്നെ പാടുമായിരുന്നോ അവ ജനങ്ങൾ ലത്തീനിൽ ചൊല്ലിക്കൊണ്ടു് കർമ്മോത്സുകമായി പങ്കെടുക്കണമെന്നു് മാർപ്പാപ്പാ ഉദ്ബോധിപ്പിക്കുന്നു. "സംവാദരീതിയിലുള്ള കുർബാന" യെന്നു് ഇതിനു പേർ പറയുന്നു. കുർബാനയിൽ ചില ഭാഗങ്ങളിൽ അഥവാ ഘട്ടങ്ങളിൽ ജനങ്ങൾ കൂട്ടമായി തക്സാ ജപങ്ങളുടെ വിവർത്തനങ്ങൾ ചൊല്ലുന്നതു യുക്തമാണു്; അപ്രകാരംതന്നെ ഓരോ ഭാഗത്തിനും യോജിച്ച കീർത്തനങ്ങളും പാടാവുന്നതാണു്. എന്നാൽ അവ കുർബാനയുടെ പ്രത്യേക കീർത്തനങ്ങളായിരിക്കണം; കുർബാനയിൽ വൈദികൻെറ സ്വരം കേൾക്കപ്പെടേണ്ട ഘട്ടങ്ങളിൽ ഏതാദൃശ കീർത്തനങ്ങൾ പാടാവുന്നതല്ല. 1958 സെപ്റ്റംബർ 8-ാം തീയതി തിരുസിംഹാസനത്തിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള കല്പനയിൽ അത്മായരുടെ കർമ്മോത്സുകഭാഗഭാഗിത്വത്തിനു് വളരെ വിപുലമായ ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നു.

## കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ

(കുർബാനയിൽ പ്രതിദിനം വ്യത്യസ്തമായിവരുന്ന ഭാഗങ്ങൾ പുഷ്പചിഹ്നമിട്ടിരിക്കുന്നവയാകുന്നു)

### (എ) ദൈവവചനത്തിൻെറ ശുശ്രൂഷ

(പ്രാർത്ഥനകളും വായനകളും)

1. ബലിപീഠത്തിൻെറ താഴ്ന്ന പടവിയിൽനിന്നു ചൊല്ലുന്ന പ്രാർത്ഥനകൾ: വൈദികൻ ബലിപീഠത്തിങ്കലേയ്ക്കു പോകുന്നു. താഴ്ന്നപടവിയിൽ നിന്നുകൊണ്ടു 42-ാം സങ്കീർത്തനം ചൊല്ലുന്നു. തദനന്തരം 'ഞാൻ പിഴയാളി' (കോൺഫിത്തെയോർ) ചൊല്ലുന്നു.

2. * പ്രവേശക പ്രാർത്ഥന (ഇൻത്രോയിത്ത്): വൈദികൻ മുകൾപടവികളിലേയ്ക്കു കയറുന്നു. ഭക്തിപൂർവ്വം ബലിപീഠം ചുംബിച്ചതിനുശേഷം വലത്തുവശത്തുവച്ചിരിക്കുന്ന തക്സായിൽനിന്നു (മിസ്സാളിൽനിന്നു്) വായിക്കുന്നു. ഇതിനു് 'ഇൻത്രോയിത്ത്'' അതായതു്, 'പ്രവേശകഗീതം' എന്നു പറയുന്നു. പാട്ടുകുർബാനയിൽ ഗായകസംഘം ഈ ഭാഗം പാടുന്നു.

3. കർത്താവേ അനുഗ്രഹിക്കേണമെ (കീരിയേ എലൈസോൻ): ഈ അഭ്യർത്ഥനയോടെ നമ്മുടെ സ്വർഗ്ഗീയ കർത്താവിന്റെ തിരുമുമ്പിൽ നാം ശിരസ്സു നമിക്കയും അവിടുത്തെ കരുണ യാചിക്കയും ചെയ്യുന്നു. പാട്ടുകുർബ്ബാനയിൽ ഈ ഭാഗം പാടുന്നതു ജനങ്ങൾ അഥവാ ഗായകസംഘമാണ്.

4. ഗ്ലോറിയാ: വൈദികൻ ഗ്ലോറിയ (അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം) ഉച്ചത്തിൽ പാടുന്നു; പാട്ടുകുർബാനയിലും സംവാദരീതിയിൽ വിശ്വാസികൾ സംബന്ധിക്കുന്ന കുർബാനയിലും ഇതു് ജനങ്ങളും യോജിച്ചു പാടുന്നു അഥവാ ചൊല്ലുന്നു. പഞ്ചാംഗമനുസരിച്ചുള്ള അനുതാപ (പ്രായശ്ചിത്ത) ദിവസങ്ങളിലേ കുർബാനയിലും മരിച്ചവർക്ക് വേണ്ടിയുള്ള കുർബാനയിലും 'ഗ്ലോറിയ' ഇല്ല.

5. * കളക്റ്റ്: ഓരോ ദിവസത്തേയ്ക്കും പ്രത്യേകമുള്ള പ്രാർത്ഥനയാണിതു്. വൈദികൻ തന്റെ കരങ്ങൾ നീട്ടി ''കർത്താവു നിങ്ങളോടുകൂടെ'' (ദോമിനുസ് വൊബിസ്കും) എന്നു് അഭിവാദനം ചെയ്കയിൽ ''താങ്കളോടും താങ്കളുടെ അരൂപിയോടുംകൂടെ'' (എത്ത്കം സ്പിരിത്തുത്തുവോ) എന്നു നാം പ്രത്യാശംസിക്കുന്നു. അപ്പോൾ, ''നമുക്കു പ്രാർത്ഥിക്കാം'' (ഒരെമൂസ്) എന്നു പറഞ്ഞുകൊണ്ടു് തന്നോടുകൂടെ പ്രാർത്ഥിക്കുവാൻ വൈദികൻ നമ്മെ ക്ഷണിക്കുന്നു, തുടർന്നു് അദ്ദേഹം തന്റെ കരങ്ങൾനീട്ടി നമ്മുടെ നിയോഗങ്ങളെല്ലാം കളക്റ്റിൽ അഥവാ ഏതദ്ദിന പ്രാർത്ഥനയിൽ ശേഖരിക്കുന്നു. നാമാകട്ടെ ''ആമ്മേൻ'' (അപ്രകാരം ഭവിക്കട്ടെ) എന്നുത്തരം പറയുന്നു.

6. * വായന: ഇതു് ചിലപ്പോൾ ശ്ലീഹന്മാരിൽ ആരുടെയെങ്കിലും ലേഖനങ്ങളിൽനിന്നോ വേദപുസ്തകത്തിലെ ഏതെങ്കിലും ഭാഗത്തിൽനിന്നോ (കെറിയാനാ) ആയിരിക്കും. ആഘോഷമായ പാട്ടുകുർബാനയിൽ (സ്ലവസ് കുർബാനയിൽ) ഈ ഭാഗം 5–ാം പട്ടക്കാരൻ പാടുകയാണു് ചെയ്യുന്നതു്. ഇതു് നാം ശ്രദ്ധാപൂർവ്വം കേൾക്കണം: എന്തെന്നാൽ, വിശുദ്ധലേഖകൻവഴി ദൈവമാകുന്നു നമ്മോടു സംസാരിക്കുന്നതു്.

7. * ഗ്രാഡ്വൽ: പാട്ടുകുർബാനയിൽ ഈ ഭാഗം പാടുന്നതു് ഗായകസംഘമാണ്. ലേഖനത്തിന്റെയും സുവിശേഷത്തിന്റെയും മദ്ധ്യേ വരുന്നതാണീ ഭാഗം. ആരാധനക്രമസംബന്ധമായ കാലഘട്ടം മാറിമാറിവരുന്നതനുസരിച്ചു് ചിലപ്പോൾ ഈ ഭാഗത്തെ 'ട്രാക്റ്റ്' എന്നും വിളിക്കാറുണ്ടു്.

8. * സുവിശേഷം: 'ഗോസ്പെൽ' 'ഏവൻഗേലിയോൻ' എന്ന ശബ്ദത്തിനു് 'സദ്‌വാർത്ത, (സുവിശേഷം) എന്നാണർത്ഥം. തക്സാ (മിസ്സാൾ) ബലിപീഠത്തിന്റെ ഇടത്തുവശത്തു് — സുവിശേഷത്തിന്റെ വശത്തു—കൊണ്ടുപോയി വയ്ക്കുന്നു. സുവിശേഷവായന ആരംഭിക്കയിൽ നാം ഭക്ത്യാദരങ്ങളോടെ എഴുന്നേററുനില്ക്കുന്നു. കാരണം, ദൈവം തന്റെ ഏകജാതൻ വഴിയായി സുവിശേഷത്തിൽ നമ്മോടു സംസാരിക്കയാണു്. ആഘോഷമായ സ്ലവസ് കുർബാനയിൽ 6-ാം പട്ടക്കാരൻ സുവിശേഷഭാഗം പാടുകയാണു് ചെയ്യുന്നതു്. സുവിശേഷാനന്തരം പ്രസംഗം. പ്രസംഗമാകട്ടെ, ദൈവവചനത്തിന്റെ വിശദീകരണമാകുന്നു.

9. വിശ്വാസപ്രമാണം (Credo): ഞായറാഴ്ചകളിലും ചില തിരുനാളുകളിലും സുവിശേഷത്തെ തുടർന്നു് വിശ്വാസപ്രമാണമാണു്. നമുക്കു് അറിയിക്കപ്പെട്ട വിശ്വാസത്തെ കൃതജ്ഞതാപൂർവ്വം ഏററു പറയുന്നതാണീ വിശ്വാസപ്രമാണം.

## (ബി) പരിശുദ്ധ കുർബാന (ബലികർമ്മം)

ആദ്യമേ നമ്മുടെ കാഴ്ചകളായ അപ്പവും വീഞ്ഞും കാഴ്ചവയ്പ് മുതലാ യ തിരുക്കർമ്മങ്ങൾക്കായി സജ്ജമാക്കപ്പെടുന്നു. തദനന്തരം ഈ കാഴ്ചകളിന്മേൽ വലിയ കൃതജ്ഞതാപ്രാർത്ഥന (പ്രിഫേസും കാനോനും) ഉച്ചരിക്കുന്നു. ഏതൽഘട്ടത്തിൽ നമ്മുടെ കാഴ്ചകൾ കൂദാശചെയ്ത് ദൈവത്തിനു സമർപ്പിക്കുന്നു (കൂദാശ ചെയ്യൽ, ബലിസമർപ്പണം). തദനന്തരം, കൂദാശചെയ്ത കാഴ്ചകൾ ആഹാരമായി നാം അനുഭവിക്കുന്നു (ദിവ്യകാരുണ്യം, ദിവ്യ വിരുന്ന്).

കാഴ്ചവയ്പ്, അഥവാ കാഴ്ചകളുടെ സജ്ജീകരണം: ''കർത്താവു നിങ്ങളോടുകൂടെ'' എന്നാശംസിച്ചുകൊണ്ട് പുരോഹിതൻ ഈ കർമ്മം സമാരംഭിക്കുകയും, തന്നോടൊന്നിച്ചു പ്രാർത്ഥിക്കുവാൻ അദ്ദേഹം വിശ്വാസികളുടെ സമൂഹത്തെ ക്ഷണിക്കയും ചെയ്യുന്നു.

1. * കാഴ്ചവയ്പിൻെറ ഗീതം: പുരോഹിതൻ തക്സാ (മിസ്സാൾ) യിൽ നിന്നുള്ള വാക്കുകൾ വായിക്കുന്നു. പാട്ടുകുർബാനയിലാകട്ടെ ഗായകസംഘം ഇതു പാടുന്നു. പൂർവ്വകാലങ്ങളിൽ ഈ കീർത്തനത്തിൻെറ സമയത്ത് വിശ്വാസികൾതന്നെ അവരുടെ കാഴ്ചകൾ ബലിപീഠത്തിങ്കൽ കൊണ്ടുവരിക പതിവായിരുന്നു. ഇക്കാലത്തും ചിലപ്പോൾ ഇങ്ങനെ ചെയ്‌വാൻ അനുവദിക്കാറുണ്ട്.

2. അപ്പം സജ്ജീകരിക്കുന്നത്: പുരോഹിതൻ കാസാ അനാച്ഛാദനം ചെയ്യുന്നു. സാമാന്യം വലിയ ഒരു ബലിയപ്പം വച്ചിരിക്കുന്ന പീലാസായെടുത്ത് പൊക്കിപ്പിടിച്ചുകൊണ്ട് ഒരു പ്രാർത്ഥന ചൊല്ലുന്നു. തദനന്തരം പ്രസ്തുത ഓസ്തി അതായത്, ബലിയപ്പം അദ്ദേഹം ബലിപീഠത്തിന്മേൽ വയ്ക്കുന്നു. കൂദാശചെയ്ത് വിശ്വാസികൾക്ക് വിതരണം ചെയ്യാനുള്ള പർത്തിഞ്ഞുകൾ (Particles) കസ്സോദിയിലോ പീലാസയിലോ വയ്ക്കുന്നു.

3. വീഞ്ഞ് സജ്ജീകരിക്കുന്നത്: പൂജാസഹായി വീഞ്ഞും വെള്ളവും കൊണ്ടുവരുന്നു. പുരോഹിതൻ ബലിപീഠത്തിൻെറ വലത്തുവശത്തു പോയി കാസായിൽ കുറച്ചു വീഞ്ഞൊഴിക്കയും അതിൽ ഒരു തുള്ളി വെള്ളം കലർത്തുകയും ചെയ്യുന്നു. തദനന്തരം പീഠത്തിൻെറ മദ്ധ്യത്തിലേയ്ക്കു നീങ്ങി കാസാ പൊക്കിപ്പിടിച്ചുകൊണ്ട് ഒരു പ്രാർത്ഥന ചൊല്ലിയിട്ട് അത് പീഠത്തിന്മേൽ വയ്ക്കുന്നു. ഇങ്ങനെ ഈ അപ്പവും വീഞ്ഞും മനുഷ്യോപയോഗത്തിൽനിന്നു മാററി ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നു. അപ്പവും വീഞ്ഞും ഇപ്രകാരം നാം കാഴ്ചവയ്ക്കുന്നതു വഴിയായി നമ്മെത്തന്നെയും നമുക്കുള്ള സമസ്തവും ദൈവത്തിനു സമർപ്പിക്കുന്നു; നാം നമ്മുടെ ഹൃദയത്തെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നു. മിശിഹായോടൊന്നിച്ച് ഇപ്രകാരം നാം ഒരു വിശുദ്ധ കാഴ്ചവസ്തുവായിത്തീരത്തക്കവിധം നമ്മെത്തന്നെ സജ്ജീകരിക്കുന്നു.

4. കൈയ്കഴുകൽ: പുരോഹിതൻ കാഴ്ചകൾ സജ്ജീകരിച്ചശേഷം കൈകഴുകുന്നു. കുർബ്ബാനയുടെ തിരുക്കർമ്മത്തിൽ സംബന്ധിക്കുന്ന നാം നിർമ്മല ഹൃദയരായിരിക്കണമെന്ന വസ്തുതയാണ് കൈകഴുകൽ ഇവിടെ അനുസ്മരിപ്പിക്കുന്നത്.

5. * കാഴ്ചകളിന്മേൽ ഉച്ചരിക്കുന്ന ജപം: ''സഹോദരന്മാരേ, പ്രാർത്ഥിക്കുവിൻ'' (ഒരാത്തേ ഫ്രാത്രെസ്) എന്നു് പുരോഹിതൻ പറയുന്നു. തദനന്തരം, കാഴ്ചവസ്തുക്കളിന്മേൽ ഉച്ചരിക്കുന്ന ഔദ്യോഗികജപത്തിൽ അദ്ദേഹം നമ്മുടെ പ്രാത്ഥനകളെല്ലാം സംഗ്രഹിക്കുന്നു. ഈ ജപത്തിന്റെ അവസാനത്തിൽ ''എന്നുമെന്നേയ്ക്കും'' എന്നു് അദ്ദേഹം ഉച്ചത്തിൽ ചൊല്ലുകയോ പാടുകയോ ചെയ്യുമ്പോൾ ''ആമ്മേൻ'' എന്നു നാം ഉത്തരം പറയുന്നു.

## കൂദാശചെയ്യൽ: ബലിസമർപ്പണം

1. * പ്രിഫേയ്സ്, സാങ്ക്ത്തുസ്: ദൈവത്തിൻ പക്കലേയ്ക്കു നമ്മുടെ ഹൃദയം ഉയർത്തി അവിടുത്തേയ്ക്കു സ്തോത്രം ചെയ്യുവാൻ പുരോഹിതൻ നമ്മെ ക്ഷണിക്കുന്നു. തദനന്തരം അദ്ദേഹം കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു് പ്രിഫേയ്സ് ചൊല്ലുകയോ പാടുകയോ ചെയ്യുന്നു. നമ്മുടെ കർത്താവീശോമിശിഹാ വഴിയായി ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കു് നന്ദിപറഞ്ഞുകൊണ്ടു് പുരോഹിതനോടൊന്നിച്ചു് സ്വർഗ്ഗീയ പിതാവിനെ നാം സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. തുടന്നു്, ദൈവദൂതന്മാരുടെയും വിശുദ്ധരുടെയും സ്തുതിഗീതങ്ങളോടുചേന്നു് നാം ഇപ്രകാരം കീത്തിക്കുന്നു: ''സൈന്യങ്ങളുടെ ദൈവമായ കർത്താവു് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ആകാശവും ഭൂമിയും അങ്ങേ മഹത്വംകൊണ്ടു സമ്പൂർണ്ണമായിരിക്കുന്നു. അത്യുന്നതങ്ങളിൽ ഹോശാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അത്യുന്നതങ്ങളിൽ ഹോശാന''. തിരുനാളുകളും കാലഘട്ടങ്ങളുമനുസരിച്ചു് പ്രിഫേയ്സ് മാറിക്കൊണ്ടിരിക്കും. വലിയ സ്തോത്രപ്രാത്ഥനയുടെ ആദ്യഭാഗം 'ആമ്മേൻ' എന്നു ചൊല്ലി അവസാനിപ്പിക്കുന്നു. 'ആകാശങ്ങളിലിരിക്കുന്ന' (പാത്തർ നോസ്തർ) പ്രാർത്ഥനയ്ക്കുടുത്തുമുമ്പായിട്ടത്രേ മേല്പറഞ്ഞ പ്രാർത്ഥന ആമ്മേൻ ചൊല്ലി ഉപസംഹരിക്കുന്നതു്.

2. കൂദാശചെയ്യുന്നതിനുമുമ്പു്: സാങ്ക്ത്തുസ്കഴിഞ്ഞു് പുരോഹിതൻകുർബാനയുടെ 'കാനൻ' തുടരുന്നു. ദൈവം കാരുണ്യപൂവ്വം നമ്മുടെ കാഴ്ചവസ്തുക്കൾ സ്വീകരിച്ചു് അനുഗ്രഹിക്കുന്നതിനു പുരോഹിതനോടൊന്നിച്ചു നാം പ്രാത്ഥിക്കുന്നു. പിന്നീടു് ജീവിച്ചിരിക്കുന്നവക്കുവേണ്ടി, വിശിഷ്യാ, അവിടെ സന്നിഹിതരായിരിക്കുന്നവക്കുവേണ്ടി, നാം പ്രാത്ഥിക്കുന്നു; വിശേഷാൽ അനുസ്മരിക്കുന്നതിനു നാം ആഗ്രഹിക്കുന്നവർക്കുവേണ്ടിയും നാം പ്രവത്തിക്കുന്നു. തുടന്നു്, സ്വർഗ്ഗസ്ഥരായ വിശുദ്ധരെ നാം അനുസ്മരിക്കുന്നു. അതിനുശേഷം, നമ്മുടെ കാഴ്ചവസ്തുക്കൾ, തന്റെ പ്രിയ കുമാരനും നമ്മുടെ കർത്താവുമായ ഈശോമിശിഹായുടെ തൃശ്ശരീരവും തിരുരക്തവുമാക്കി മാററുവാൻ നാം ദൈവത്തോടപേക്ഷിക്കുന്നു.

3. കൂദാശചെയ്യൽ (Consecration) ഒടുവിലത്തെ അത്താഴത്തിൽ അപ്പത്തിന്മേലും വീഞ്ഞിന്മേലും മിശിഹാതന്നെ ഉച്ചരിച്ച പരിശുദ്ധ വചനങ്ങൾ പുരോഹിതൻ ഇപ്പോൾ ഉച്ചരിച്ചിരിക്കുന്നു. ഈ വചനങ്ങൾ ഉച്ചരിച്ചിട്ടു് പുരോഹിതൻ മുട്ടുകുത്തുന്നു; എഴുന്നേററു് ആദ്യത്തേ പ്രാവശ്യം തിരുവോസ്തിയും, രണ്ടാമത്തെ പ്രാവശ്യം കാസായും ഉയർത്തുന്നു. നാമാകട്ടെ, ഇവ നോക്കുവാൻ കണ്ണുകളുയർത്തുന്നു. നമ്മുടെ കർത്താവിന്റെ തൃശ്ശരീരത്തേയും അമൂല്യരക്തത്തേയും നാം ആരാധിച്ചുകൊണ്ടു് അഭിവാദനം ചെയ്യുന്നു; പുരോഹിതന്റെ കരങ്ങൾ വഴിയായി അവിടുന്നു് പരമപിതാവിനു സമർപ്പിക്കുന്ന പരിശുദ്ധ ബലിയോടു നാം യോജിക്കയും ചെയ്യുന്നു.

4. കൂദാശചെയ്യൽകഴിഞ്ഞു്: കൂദാശചെയ്തുകഴിഞ്ഞു്, കർബാനയുടെ 'കാനോൻ' ഭാഗത്തിൻെറ അവസാനത്തെ പ്രാർത്ഥന പുരോഹിതൻ ചൊല്ലുന്നു. തൻെറ തൃക്കുമാരൻെറ മരണത്തിൻെറയും ഉയിർപ്പിൻെറയും സ്മാരകമായി നാം സമർപ്പിക്കുന്ന അതി പരിശുദ്ധമായ ഈ ബലി സ്വീകരിക്കുമാറാകണമെന്നു് പുരോഹിതനോടൊന്നിച്ചു് നാം സ്വർഗ്ഗീയപിതാവിനോടു കേണപേക്ഷിക്കുന്നു; നമുക്കു് എല്ലാ സ്വർഗ്ഗീയവരങ്ങളും അനുഗ്രഹങ്ങളും തന്നരുളേണമെന്നും അവിടത്തോടു യാചിക്കുന്നു. തുടന്നു്, മരിച്ച വിശ്വാസികൾക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു. തൻെറ വിശുദ്ധരുടെ സമൂഹത്തിൽ നമ്മെയും ഒരു ദിവസം സ്വീകരിപ്പാറാകണമെന്നും ദൈവത്തോടു നാം യാചിക്കുന്നു. പുരോഹിതനാകട്ടെ, 'താൻ (മിശിഹാ)വഴിയായും, തന്നോടുകൂടെയും, തന്നിലും, പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ സർവ്വശക്തനായ ദൈവമേ, അങ്ങേയ്ക്കു് എല്ലാ ബഹുമാനവും മഹത്വവും ഉണ്ടായിരിക്കട്ടെ' എന്നിങ്ങനെയുള്ള സ്തുതിയുടെ വചനങ്ങൾ ചൊല്ലി കർബാനയുടെ കാനോൻഭാഗം അവസാനിപ്പിക്കുന്നു. തദവസരത്തിൽ അദ്ദേഹം അർപ്പിതമായ ബലിവസ്തുക്കൾ അല്പം ഉയർത്തുന്നു. അദ്ദേഹം തുടന്നു്, 'എന്നുമെന്നേയ്ക്കും' എന്നുള്ള അവസാന വചനങ്ങൾ ഉച്ചരിക്കയിൽ നാം 'ആമ്മേൻ' എന്നുത്തരിക്കുന്നു.

## ദിവ്യകാരുണ്യസ്വീകരണം: ദിവ്യവിരുന്നു്

1. 'ആകാശങ്ങളിലിരിക്കുന്ന' (പാത്തർ നോസ്റ്റർ): സ്തോത്രത്തിൻെറ വലിയ പ്രാർത്ഥന ചൊല്ലിക്കഴിഞ്ഞാലുടനെ നമ്മുടെ കർത്താവിൻെറ തൃശ്ശരീരം സ്വീകരിക്കാനുള്ള ഒരുക്കമായി. അതിനുമുമ്പു് ദൈവമക്കളുടെ പ്രാർത്ഥനയായ ആകാശങ്ങളിലിരിക്കുന്ന' പ്രാർത്ഥന നാം ചൊല്ലുന്നു.

2. അപ്പം മുറിക്കൽ: പുരോഹിതൻ തിരുവോസ്തി രണ്ടായി മുറിയ്ക്കുന്നു. ഒരു ഭാഗത്തിൽനിന്നു് അദ്ദേഹം ഒരു ചെറുകഷണം മുറിച്ചെടുത്തു്, 'കർത്താവിൻെറ സമാധാനം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ' എന്നു ചൊല്ലിക്കൊണ്ടു് കാസായിൽ ഇടുന്നു. അപ്പോൾ 'താങ്കളുടെ ആത്മാവിനോടുംകൂടെ' എന്നു നാം ഉത്തരം പറയുന്നു.

3. 'ദൈവത്തിൻെറ കുഞ്ഞാടേ' (ആഞ്ഞൂസ്ദേയി): 'ലോകപാപങ്ങളെ നീക്കിക്കളയുന്ന ദൈവത്തിൻെറ കുഞ്ഞാടേ' എന്നു നാം മിശിഹായോടു പ്രാർത്ഥിക്കുന്നു. മൂന്നുപ്രാവശ്യം ഇതു ആവർത്തിക്കുന്നുണ്ടു്. മൂന്നാമത്തെ ആവർത്തനത്തിൽ, 'ഞങ്ങൾക്കു സമാധാനം തന്നരുളേണമേ' എന്നു ചൊല്ലി അവസാനിപ്പിക്കുന്നു. ഇതിനെതുടന്നുള്ളതു് സമാധാനലബ്ധിക്കുള്ള പ്രാർത്ഥനയാണു് ആഘോഷമായ പാട്ടുകർബാനയിൽ ഈ ഘട്ടത്തിലാണു് സമാധാനചുംബനം നൽകുന്നതു്.

4. ദിവ്യകാരുണ്യസ്വീകരണത്തിനുള്ള പ്രാർത്ഥനകൾ: ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു് നമ്മെത്തന്നെ ഒരുക്കുവാൻ നാം നിശ്ശബ്ദമായി തനിച്ചു പ്രാർത്ഥിക്കുന്നു.

5. ദിവ്യകാരുണ്യസ്വീകരണം: ആദ്യമേ പുരോഹിതൻ നമ്മുടെ ദിവ്യരക്ഷകൻെറ തൃശ്ശരീര രക്തങ്ങൾ ഉൾക്കൊള്ളുന്നു; തദനന്തരം വിശ്വാസികൾക്കു കൊടുക്കുന്നു.

6. * ദിവ്യകാരുണ്യഗീതം (കമ്മ്യൂണിയൻ വേഴ്സ്): പാട്ടുകർബാനയിൽ, ദിവ്യകാരുണ്യം വിതരണം ചെയ്യുമ്പോഴോ, വിതരണം ചെയ്തുകഴിഞ്ഞോ ഗായകസംഘം ഈ ഭാഗം പാടുന്നു. പുരോഹിതനാകട്ടെ എങ്ഗത്താ (ലേഖനവശത്തുനിന്നുകൊണ്ട്) ഈ ഭാഗംതക്സായിൽനിന്ന് (മിസ്സാളിൽനിന്ന്) വായിക്കുന്നു.

7. * ഉപസംഹാരപ്രാർത്ഥന: (പോസ്റ്റ് കമ്മ്യൂണിയൻ): 'കർത്താവു നിങ്ങളോടുകൂടെ' എന്നു പറഞ്ഞുകൊണ്ട് പുരോഹിതൻ ജനക്കൂട്ടത്തെ ആശംസിക്കുന്നു. തദനന്തരം കൈകൾ വിരിച്ചുപിടിച്ചുകൊണ്ട് അദ്ദേഹം ഉപസംഹാരപ്രാർത്ഥന പാടുകയോ ചൊല്ലുകയോ ചെയ്യുന്നു. നാം സ്വീകരിച്ച ദിവ്യകാരുണ്യം നമ്മിൽ കാലത്തിലും നിത്യത്വത്തിലും സമൃദ്ധമായ ഫലങ്ങൾ പുറപ്പെടുത്തുമാറാകണമെന്ന് നാം ദൈവത്തോടപേക്ഷിക്കുന്നു.

8. * പിരിച്ചുവിടൽ, ആശീർവ്വാദം: 'കർത്താവു നിങ്ങളോടുകൂടെ' എന്നു പറഞ്ഞ് പുരോഹിതൻ നമ്മെ വീണ്ടും ആശംസിക്കുന്നു. തദനന്തരം 'പോകുവിൻ, കർബാന അവസാനിച്ചിരിക്കുന്നു' എന്നോ നമുക്കു കർത്താവിനെ വാഴ്ത്താം. എന്നോ പറഞ്ഞുകൊണ്ട് അദ്ദേഹം നമ്മെ പിരിച്ചുവിടുന്നു'. 'ദൈവത്തിനു സ്തോത്രം' എന്നു നാം ഉത്തരം പറയുന്നു. മരിച്ചവർക്കുവേണ്ടിയുള്ള കർബാനയുടെ അവസാനത്തിൽ 'അവർ സമാധാനത്തിൽ ആശ്വസിക്കട്ടെ' എന്നു പുരോഹിതൻ പറകയിൽ 'ആമ്മേൻ' എന്നു നാം ഉത്തരിക്കുന്നു. ആഘോഷമായ പാട്ടുകർബാനയിൽ പിരിച്ചുവിടലിൻെറ ഈ ഭാഗം 6–ാം പട്ടക്കാരൻ പാടുന്നു. ഒടുവിൽ പുരോഹിതൻ നമ്മെ ആശീർവ്വദിക്കുന്നു (മരിച്ചവർക്കുവേണ്ടിയുള്ള കർബാനയിൽ ഇങ്ങനെ ചെയ്യുന്നില്ല): അവസാനത്തെ സുവിശേഷം വായിക്കുന്നു (യോഹന്നാൻെറ സുവിശേഷത്തിലെ ആദ്യഭാഗം).

*പരീക്ഷണവശം:* 1. പുരോഹിതൻ ഒരു മുറിയിൽ ദിവ്യബലിയർപ്പിക്കുന്നപക്ഷം അദ്ദേഹത്തിനു ആവശ്യമായവ എന്തെല്ലാം? 2. പുരോഹിതൻ ധരിക്കുന്ന വസ്ത്രങ്ങളേവ? അവയുടെ പടം വരച്ച് ഓരോന്നിനും പേരെഴുതുക? 3. മറയ്ക്കപ്പെട്ടഒരുകാസായിൽഅടങ്ങിയിരിക്കുന്നതേവ? അവയുടെപടംവരയ്ക്കുക. 4. ദിവ്യബലിയുടെ അവസരത്തിൽ എപ്പോഴെല്ലാം പുരോഹിതൻ വലത്തുവശത്തുപോയി നിൽക്കുന്നുണ്ട്?. 5. താഴെപ്പറയുന്നവയുടെ അർത്ഥമെന്ത്? കീരിയേഎലൈസോൻ, ക്രിസ്തേ എലൈസോൻ, ദോമിനുസ്വൊവിസ്കും എത്കും സ്പിരിത്തുത്തുവോ, ഒരേമുസ്, പേർ ഓമ്നിയ സെക്കുളാ സെക്കുളോരും, ഗ്ലോറിയാ തീബിദോമിനോ, സൂർസും കോർദാ, ഹബേമൂസ് ആദ് ദോമിനും, ഗ്രാസിയാസ് അഗാമൂസ് ദോമിനേ, ദേയോനോസ്ത്രോ, ദീഞ്ഞും എത്ത്യുസ്തും എസ്ത്, സാങ്ത്തുസ്, പാക്സ്ദോമിനി സീത്ത് സേമ്പർവൊബീസ്ക്കും, ഈത്തേ മീസ്സാഎസ്റ്റ്, ദേയോഗ്രാസിയാസ്.

## നമ്മുടെ പുതിയ ജീവനെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങൾ

സ്വർഗ്ഗീയ മഹത്വം ഒരു ദാനമെന്ന വിധത്തിൽ മാത്രമാകാതെ വിജയലബ്ധിക്കുള്ള സമ്മാനമെന്ന വിധത്തിൽക്കൂടെയും നാം പ്രാപിക്കുവാൻവേണ്ടി, നമ്മുടെ ഐഹികജീവിതകാലം ഒരു പരീക്ഷണഘട്ടമായി

രിക്കണമെന്ന് ദൈവം തിരുമനസ്സായി. അതിനാൽ നാം പരീക്ഷിക്കപ്പെട്ടവാൻ അവിടന്ന് അനുവദിക്കുന്നു. എന്നാൽ, ഈ പരീക്ഷകൾക്ക് വശംവദരായി നാം പാപം ചെയ്യേക്കാനും പാടുണ്ട്. ആ സ്ഥിതിയിൽ നമ്മുടെ രക്ഷ അപകടത്തിലായിത്തീരുന്നു.

## 36. പരീക്ഷ അഥവാപ്രലോഭനം

വനത്തിൽവച്ച് ഈശോ പരീക്ഷിക്കപ്പെട്ടു: പിശാചൻ അവിടത്തെ ഉയർന്ന ഒരു പർവ്വതത്തിലേയ്ക്കു കൊണ്ടുപോയി; ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ പ്രതാപത്തേയും കാണിച്ചുകൊണ്ടു പറഞ്ഞു: "നീ താഴ്ന്നുവീണു എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം ഞാൻ നിനക്കുതരാം." ഈശോ പ്രത്യുത്തരമായി പറഞ്ഞു: "സാത്താനെ നീ പോവുക; നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം, അവിടത്തെ മാത്രം നീ സേവിക്കണം എന്നെഴുതപ്പെട്ടിരിക്കുന്നു." അപ്പോൾ പിശാചൻ അവിടത്തെ വിട്ടുപോയി. അതാ! ദൈവദൂതന്മാർ അടുത്തുചെന്ന് അവിടത്തെ ശുശ്രൂഷിച്ചു. (Mt. 4:8-11)

✠

നാം ഈ ഭൂമിയിൽ ജീവിക്കുന്ന കാലത്തോളംവീണ്ടുംവീണ്ടും പരീക്ഷിക്കപ്പെടുമെന്നതു തീർച്ചതന്നെ. നമ്മിൽ കുടികൊള്ളുന്ന ദുർവ്വാസനകൾ പാപത്തിലേയ്ക്കു നമ്മെ ആകർഷിക്കുന്നു, മററു മനുഷ്യരും നമ്മെ വ്യതിചലിപ്പിക്കുവാൻ പരിശ്രമിക്കുന്നു; എന്നേയ്ക്കുമായി ദൈവം നമുക്ക് നഷ്ടപ്പെടുന്നതിനുവേണ്ടി നമ്മെ പാപത്തിലുൾപ്പെടുത്താൻ പിശാച് അവന്റെ കൗശലവും ദുഷ്ടതയുമെല്ലാം പ്രയോഗിക്കുന്നു.

പ്രലോഭനങ്ങൾ നമ്മുടെ നന്മയ്ക്കുപകരിക്കുന്നതുകൊണ്ട് ദൈവം അതനുവദിക്കുന്നു. പ്രലോഭനാവസരത്തിൽ നാം നമ്മെത്തന്നെ നിയന്ത്രിക്കയും, നമ്മുടെ ബലഹീനതയെ ഗ്രഹിച്ച് എളിമപ്പെടുകയും വേണമെന്ന് അവിടന്നാവശ്യപ്പെടുന്നു; പ്രലോഭനത്തിനെതിരായി യുദ്ധം ചെയ്തുകൊണ്ട് നാം ശക്തി പ്രാപിക്കയും, തന്മൂലം കൂടുതൽ മഹത്വമേറിയ പ്രതിസമ്മാനം നാം കരസ്ഥമാക്കുകയും ചെയ്യണമെന്നാണ് ദൈവത്തിന്റെ തിരുമനസ്സ്.

നാം പരീക്ഷിക്കപ്പെടുമ്പോൾ ദൈവം നമ്മെ സഹായിക്കുന്നുണ്ട്; എപ്പോഴും നമുക്കു അവിടത്തെ ആശ്രയിക്കാവുന്നതാണ്. പ്രലോഭനം നമ്മെ ആക്രമിക്കാൻ അനുവദിക്കുമ്പോൾ, അതിനെ ജയിക്കുവാൻ മതിയാകുന്ന പ്രസാദവരം അവിടന്ന് എപ്പോഴും നൽകുന്നു. നാം പാടെ പരിത്യജിക്കപ്പെട്ടുവെന്നു നമുക്കു തോന്നിയാൽത്തന്നെയും അവിടന്ന് നമ്മോടടുത്തുണ്ടെന്ന് ഓർക്കണം.

പ്രലോഭനമുണ്ടാകുമ്പോൾ നാം അതു് ഉടനെതന്നെ എതിക്കണം; ദൈവത്തോടു സഹായം അപേക്ഷിക്കണം. ഒരു സുകൃതജപം ചൊല്ലുകയോ കുരിശടയാളം വരയ്ക്കുയോ ചെയ്യുന്നതു് പലപ്പോഴും മതിയാകും (72-ാം പാഠം കാണുക) ചില അവസരങ്ങളിൽ പ്രലോഭനങ്ങളെ അവഗണിക്കുന്നതു തന്നെയായിരിക്കും ഉത്തമമാർഗ്ഗം. അപ്പോൾ നമ്മുടെ ശ്രദ്ധ മറേറതെങ്കിലും വിഷയത്തിലേയ്ക്കു് തിരിക്കണം. ഭയസന്ദേഹങ്ങളെല്ലാം പരിത്യജിച്ചുകൊണ്ടു നമ്മുടെ പാപഹേതുകരായ അഥവാ നമ്മെ പാപസാഹചര്യത്തിലാക്കുന്ന, ആളുകളെ നാം എതിക്കുകതന്നെ വേണം, നിവൃത്തിയുണ്ടെങ്കിൽ അവരെ വിട്ടൊഴിയണം.

പ്രലോഭനത്തിനു സമ്മതം നൽകിയാൽ പാപമാകും. തക്കകാരണം കൂടാതെ സ്വമനസ്സാ പ്രലോഭനത്തിൽ നിൽക്കുകയോ, മനസ്സില്ലാമനസ്സോടെ (പൂർണ്ണമനസ്സില്ലാതെ) മാത്രം എതിക്കുകയോ ചെയ്താലും പാപമാകും.

തിന്മക്കെതിരായി യുദ്ധം ചെയ്യുവാൻ പ്രാർത്ഥനയും ആത്മസംയമനവുംമൂലം നാം തയ്യാറാകണം. എപ്പോഴും നാം കരുതലുള്ളവരായിരിക്കണം. മിശിഹാ അരുൾ ചെയ്യുന്നതായതു്: "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" (Mt. 26:41).

*പരിചിന്തനം*: 1. നമ്മുടെ പ്രലോഭനങ്ങളുടെ ഹേതുക്കളേവ? 2. നാം പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നതെന്തുകൊണ്ടു്? 3. പരീക്ഷയുടെ അവസരത്തിൽ ദൈവം നമ്മെ എങ്ങനെ സഹായിക്കുന്നു? 4. പാപത്തിൽ വീഴിക്കാൻ മററുള്ളവർ നമ്മെ പ്രേരിപ്പിക്കുമ്പോൾ നാം പെരുമാറേണ്ടതെങ്ങനെ? 5. പരീക്ഷയിൽ നാം വീണുപോകാതിരിപ്പാൻ നാം എന്തു ചെയ്യണമെന്നാണു് മിശിഹാ ഉദ്ദേശിക്കുന്നതു്?

74. നാം പരീക്ഷിക്കപ്പെടുമ്പോൾ ചെയ്യേണ്ടതെന്താണു്?

ഉടനെതന്നെ നാം പരീക്ഷയെ എതിക്കയും ദൈവസഹായം അപേക്ഷിക്കയും വേണം

75. പരീക്ഷ നമ്മെ പാപത്തിലുൾപ്പെടുത്തുന്നതെപ്പോൾ?

ഏതെങ്കിലും തിന്മചെയ്‌വാൻ നാം പരീക്ഷിക്കപ്പെട്ടപ്പോൾ ആ തിന്മയ്ക്കു നാം സമ്മതം കൊടുത്താൽ പാപമാകും

*പ്രായോഗികവശം*: എപ്പോഴെങ്കിലും ഞാൻ പരീക്ഷിക്കപ്പെടുമ്പോൾ, 'ഇല്ല, ഒരിക്കലുമില്ല' എന്നു് എന്നോടുതന്നെ പറകയും, 'കർത്താവേ, എന്നെ സഹായിക്കേണമെ' എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്*: 'സഹോദരന്മാരെ, നിങ്ങൾ ഉണർന്നിരിക്കുവിൻ; ഓർമ്മയോടുകൂടിയിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ശത്രുവായ പിശാചൻ ആരെ വിഴുങ്ങേണ്ടുവെന്നന്വേഷിച്ച് സിംഹത്തെപ്പോലെ അലറിക്കൊണ്ടു ചുററിനടക്കുന്നു. അതുകൊണ്ട് നിങ്ങൾ വിശ്വാസത്തിൽ സ്ഥിരപ്പെട്ടവരായി അവനോട് എതിർത്തു നിൽക്കുവിൻ' (Ipet. 5:8–9)—'നിൽക്കുന്നു എന്ന് വിചാരിക്കുന്നവൻ ഇനി വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ' (Cor. 10:12).—'ആപത്തിനെ സ്നേഹിക്കുന്നവൻ അതിൽ നിപതിക്കുന്നു' (Ecclus 3:27).—'മാനുഷികമല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാകുന്നു. നിങ്ങൾക്കു കഴിയുന്നതിൽ അധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല. എന്നല്ല, സഹിക്കുവാൻ കഴിയത്തക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്ക് അവിടന്ന് നീക്കുപോക്കുണ്ടാക്കുകയും ചെയ്യും' (I Cor. 10:13)–"പരീക്ഷകൾ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. എന്തെന്നാൽ അവൻ പരിശോധിക്കപ്പെട്ടശേഷം, ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം പ്രാപിക്കും" (Jas. 1:12)

*വിശുദ്ധന്മാരുടെ പ്രബോധനങ്ങളിൽനിന്ന്*: "പ്രലോഭനമുണ്ടാകാത്തവൻ പരിശോധിക്കപ്പെട്ടിട്ടില്ല. പരിശോധിക്കപ്പെടാത്തവൻ പുരോഗതി പ്രാപിക്കുന്നില്ല' (വി. ആഗുസ്തീനോസ്)–'എത്രകൂടുതൽ നീ യുദ്ധം ചെയ്യുന്നുവോ, അത്ര കൂടുതൽ നിന്റെ ദൈവസ്നേഹം നീ തെളിയിക്കുന്നു' (ആവിലായിലെ വി. ത്രേസ്യാ)–'നമ്മുടെ കരം ദൈവതൃക്കരത്തിൽ നാം വയ്ക്കുന്നുവെങ്കിൽ പിശാചിനെ നാം ജയിക്കും; നാം തനിയെ യുദ്ധം ചെയ്യുന്നപക്ഷം തോററുപോകും" (വി. ആഗുസ്തീനോസ്)

*ജീവിതനിയമം:* ഒരു മനുഷ്യൻ അസന്തുഷ്ടനും മനസ്സിടിഞ്ഞവനുമാകുമ്പോൾ അയാൾ ഏററം ബലഹീനനായിത്തീരുന്നു; പ്രായേണ പ്രലോഭനങ്ങൾക്കു കീഴ്പ്പെട്ടുപോകയും ചെയ്യുന്നു. അതിനാൽ എപ്പോഴും പ്രസന്നതയും മനോധൈര്യവും പാലിച്ചുകൊണ്ടു പോകുവാൻ പരിശ്രമിക്കുക.

*പരീക്ഷണവശം:* 1. a) ഹാവ, b) ആദം, c) കായേൻ, d) ഈജിപ്റ്റിൽവച്ച് യൗസേപ്പ്, e) ജോബ്, f) ദാവീദ്, g) മക്കബായസഹോദരന്മാർ, h) യൂദാസ്, i) പത്രോസ്, j) ഹനിയാ ശപ്പീറ–ഇവർക്കുണ്ടായ പ്രലോഭനങ്ങളുടെ ഹേതുക്കൾ എന്തായിരുന്നു? 2. താഴെപ്പറയുന്ന തരം പരീക്ഷയുണ്ടാവുകയാണെങ്കിൽ നീ എന്തു ചെയ്യും? a) വിശ്വാസത്തിനെതിരായ ഒരു വിചാരം, b) അശുദ്ധമായ വിചാരങ്ങൾ, c) നിന്നെക്കാൾ അല്പം പ്രായം കൂടിയ ആൾ നിന്നെ പാപത്തിലുൾപ്പെടുത്താൻ പരിശ്രമിക്കുന്നു, d) നിന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി മററു പലരേയും ദുഷിപ്പിക്കുന്നു.

## 37. ചാവുദോഷം

ഒടുവിലത്തെ അത്താഴത്തിൽ ഈശോ തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിലൊരുവൻ എന്നെ ഒററിക്കൊടുക്കുവാനിരിക്കുന്നു." അവർ വല്ലാതെ പരിഭ്രാന്തരായി, ഓരോരുത്തനും ചോദിക്കുവാൻ തുടങ്ങി: "കർത്താവേ, അതു ഞാനാകുന്നുവോ?"

ഈശോ പ്രതിവചിച്ചു: "മനുഷ്യപുത്രൻ ആരാൽ ഒററിക്കൊടുക്കപ്പെടുന്നുവോ ആ മനുഷ്യന് ഹാ! കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു" (Mt. 26:21-24)

✠

ദൈവം നൽകുന്ന മുന്നറിവുകൾ നാം പലപ്പോഴും ശ്രദ്ധിക്കുന്നില്ല, ഗൗനിക്കുന്നില്ല; പിന്നെയോ പ്രലോഭനത്തിനു നാം വശംവദരാകയും അതിനു സമ്മതിക്കുകയും ചെയ്യുന്നു. ഇങ്ങനെ നാം ദൈവത്തെ ദ്രോഹിക്കുന്നു; അവിടത്തെ തിരുമനസ്സും അവിടന്ന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമവും നാം ലംഘിക്കുന്നു. അറിവോടും സമ്മതത്തോടുംകൂടെ നാം ദൈവത്തിൻെറ നിയമം ഭഞ്ജിക്കുന്നു; നാം പാപം ചെയ്യുന്നു.

കേവലം ക്ഷണികമായ ഭൗമികനന്മയ്ക്കുവേണ്ടി ദൈവത്തിൽനിന്ന് നിശ്ശേഷം "പുറം തിരിഞ്ഞുകളയാൻ"പോലും മടിക്കാത്ത അനേകം പേരുണ്ട്. അവർ ദൈവത്തെക്കാൾ കൂടുതൽ ഐഹികസന്തോഷങ്ങളെയും, സമ്പത്തിനെയും അധികാരത്തെയും, പ്രശസ്തിയേയും വിലമതിക്കുന്നു. അങ്ങനെയുള്ളവർ ദൈവത്തിനെതിരായി ഗുരുതരമാംവിധം പാപം ചെയ്യുന്നു, ചാവുദോഷം ചെയ്യുന്നു.

വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയത്തിൽ പാപം ചെയ്യുമ്പോൾ അതു ചാവുദോഷമാകുന്നു. വിശ്വാസം പരിത്യജിക്കുക, ദൈവത്തെ വിദ്വേഷിക്കുക, അയൽക്കാരനോടു വൈരാഗ്യം വച്ചു പുലർത്തുക, സാമാന്യം പറഞ്ഞാൽ വലിയ വിലയുള്ള ഒരു സാധനം മോഷ്ടിക്കുക ഇവയെല്ലാം ചാവുദോഷങ്ങളാകുന്നു.

പാപം ചെയ്യുന്നവൻ, അതൊരു വലിയ പാപ (തിന്മ) മാണെന്ന് തെളിവായി അറിയുകയും, അറിഞ്ഞുകൊണ്ടു പൂർണ്ണസമ്മതത്തോടെ ചെയ്കയും ചെയ്യുമ്പോൾ മാത്രമേ ചാവുദോഷമാകയുള്ളു. ഗൗരവമേറിയ ഒരു വിഷയത്തിൽ ഇങ്ങനെ അറിവോടും മനസ്സോടുംകൂടി സ്വാതന്ത്ര്യസമേതം സമ്മതിക്കുന്നവൻമാത്രം ചാവുദോഷം ചെയ്യുന്നു.

ദൈവത്തിനെതിരായിട്ടുള്ള ഒരു മഹാ പാതകമാണ് ചാവുദോഷം. വെറും സൃഷ്ടിയായ മനുഷ്യൻ ചാവുദോഷംമൂലം തൻെറ സ്രഷ്ടാവായ കർത്താവിനെ എതിർക്കുന്നു; അനന്തപരിശുദ്ധനായ ദൈവത്തെ അധിക്ഷേപിക്കുന്നു; കാരുണ്യവാനായ ഈ പിതാവിൻെറയും ക്രൂശിതനായ രക്ഷ

കൻെറയും സ്നേഹാധിക്യത്തിനു് ലജ്ജാവഹമായ നന്ദികേടത്രേ ഇവൻെറ പ്രതികൃത്യം.

ചാവുദോഷം മനുഷ്യനു് ഭയാനകനാശമാണു്; കാരണം, അതു് അവൻെറ വരപ്രസാദജീവനെയും ദൈവത്തിൻെറ മൈത്രിയേയും സ്വർഗ്ഗപ്രാപ്തിക്കുള്ള സകല യോഗ്യതകളെയും അപഹരിച്ചുകളയുന്നു; കാലത്തിനടുത്ത ശിക്ഷകൾക്കും നിത്യശിക്ഷാവിധിക്കും അവനെ അർഹനാക്കുന്നു. മാത്രമല്ല, പാപി സ്വപാപത്താൽ മററുള്ളവരോടും മഹാദ്രോഹം ചെയ്യുന്നു.

ചാവുദോഷം ചെയ്യുവൻ മനസ്തപിക്കാത്ത കാലത്തോളം, സ്വർഗ്ഗീയ സൗഭാഗ്യം അനുഭവിക്കുന്നതിനു അവനെ പ്രാപ്തനാക്കുന്ന ജീവൻ അവനുണ്ടായിരിക്കുകയില്ല, അവൻ മൃതനായിരിക്കും. അവൻ ചെയ്യുന്ന യാതൊരു സൽകൃത്യവും സ്വർഗ്ഗീയ പ്രതിസമ്മാനത്തിനു് ഉപകരിക്കയില്ല. എന്നിരുന്നാലും ഒരു പാപിചെയ്യുന്ന സൽകൃത്യങ്ങൾക്കു് ദൈവം ചിലപ്പോൾ ഭൗമിക പ്രതിസമ്മാനം പ്രാപിക്കാൻ അനുവദിച്ചെന്നു വരാം; ചിലപ്പോൾ മനസ്താപത്തിൻെറ മഹാവരം നല്കിയെന്നും വരാം.

ചാവുദോഷം പലപ്രാവശ്യം ചെയ്താൽ അതു് ആദ്യം തഴക്കമാകും, ഒടുവിൽ ദുഃസ്വഭാവമായിത്തീരും. ദൈവത്തിൻെറ പ്രസാദവരങ്ങൾ നിരന്തരം അവഗണിച്ചുകൊണ്ടു് ഒരുവൻ ആവർത്തിച്ചാവർത്തിച്ചു പാപം ചെയ്തുതുടങ്ങിയാൽ ക്രമേണ ദൈവത്തിൻെറ സത്യപ്രകാശം കണ്ടെത്തുവാൻ കഴിവില്ലാതെ അയാൾ അന്ധനായി ബ്ഭവിക്കും. അവിടുത്തേ വരപ്രസാദപ്രേരണകളുടെ സ്വരം കേൾക്കാൻ കഴിവില്ലാതെ അയാൾ ബധിരനായിത്തീരും. അന്ധനായി ബ്ഭവിച്ചാൽ പിന്നെ അയാൾ തൻെറ ഗുരുതരമായ അവസ്ഥ ഗ്രഹിക്കയില്ല; മാത്രമല്ല, കഠിനമാനസനായിത്തീന്നതിനുശേഷം രക്ഷാമാർഗ്ഗങ്ങൾക്കൊന്നിനും അയാൾ വഴിപ്പെടുകയുമില്ല. മനസ്തപിക്കാതെ ദുർമ്മരണം പ്രാപിച്ചു് എന്നേയ്ക്കുമായി ദൈവത്താൽ ശിക്ഷിക്കപ്പെടത്തക്ക മഹാ വിപത്തിലാണു് അയാൾ ഓരോ നിമിഷവും ജീവിക്കുന്നതു്.

*പരിചിന്തനം:* 1. ദൈവത്തെക്കാൾ കൂടുതൽ ചിലയാളുകൾ വിലമതിക്കുന്നതു് എന്തിനെയെല്ലാം? 2. ചില ചാവുദോഷങ്ങളുടെ പേർ പറയുക. 3. ഈദൃശ പാപങ്ങളെ ചാവുദോഷങ്ങൾ എന്നു നാം വിളിക്കുന്നതെന്തുകൊണ്ടു്? 4. ഒരുവൻ ഒരുതരത്തിൽപ്പെട്ട ചാവുദോഷം ആവർത്തിച്ചാവർത്തിച്ചു ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു? 5. ഒരുവൻ പാപത്തഴക്കത്താൽ അന്ധനും കഠിന മാനസനുമാകുന്നതു് ഏററം മഹാ വിപത്താകുന്നുവെന്നു് പറയുന്നതെന്തുകൊണ്ടു്?

76. പാപം ചെയ്യുന്നവനാർ?

**അറിവോടും സമ്മതത്തോടുംകൂടെ ദൈവകല്പനകൾ ലംഘിക്കുന്നവനാരോ അവൻ പാപം ചെയ്യുന്നു.**

77. ചാവുദോഷം ചെയ്യുന്നവനാർ?

a) ഗൗരവമേറിയ ഒരു വിഷയത്തിൽ, b) പൂർണ്ണ അറിവോടും, c) പൂർണ്ണ സമ്മതത്തോടുംകൂടെ, ദൈവകല്പന ലംഘിക്കുന്നവനാരോ അവൻ ചാവുദോഷം ചെയ്യുന്നു.

78. ഒരൊററ ചാവുദോഷത്തിൽപോലും വീഴാതിരിപ്പാൻ നാം കരുതലുള്ളവരായിരിക്കേണ്ടതെന്തുകൊണ്ട്?

ഓരോ ചാവുദോഷവും, ദൈവത്തോടുള്ള ഏററം വലിയ ദ്രോഹവും മനുഷ്യരായ നമുക്കു സംഭവിക്കാവുന്ന ഏററവും വലിയ നാശവുമാകയാൽ, ഒരൊററ ചാവുദോഷത്തിൽപോലും വീഴാതിരിപ്പാൻ നാം കരുതലുള്ളവരായിരിക്കണം.

79. ചാവുദോഷത്തിൻെറ അനിഷ്ടഫലങ്ങളേവ?

a) ചാവുദോഷം നമ്മുടെ വരപ്രസാദജീവനെയും സ്വർഗ്ഗപ്രാപ്തിക്കുള്ള സകല യോഗ്യതകളേയും നമ്മിൽനിന്നു അപഹരിച്ചുകളയുന്നു.

b) നിത്യശിക്ഷാവിധിയിലും കാലത്തിനടുത്ത ശിക്ഷയിലും ഉൾപ്പെടത്തക്ക മഹാവിപത്തിൽ നമ്മെ നിലനിർത്തുന്നു.

*പ്രായോഗികവശം:* ഒരു ചാവുദോഷം ചെയ്ത് ദൈവത്തെ ഉപേക്ഷിച്ചുകളകയും എൻെറ ആത്മാവിനെ നശിപ്പിക്കയും ചെയ്യുന്നതിനെക്കാരം ഏതൊരുവക നഷ്ടവും സഹിക്കാൻ ഞാൻ സന്നദ്ധനായിരിക്കുന്നു.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്:* ''മരണകരമായ ഒരു പാപമുണ്ട്'' (I Jn. 5: 15). —''ഒരു മനുഷ്യൻ ലോകം മുഴുവനും നേടിയാലും തൻെറ ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനം?'' (Mt. 15: 26).

*വിശുദ്ധരുടെ പ്രബോധനങ്ങളിൽനിന്ന്:* ''ഒരു നിസ്സാര സന്തോഷത്തിനുവേണ്ടി നിൻെറ മഹനീയ സ്ഥിതി മുഴുവനും നീ നഷ്ടമാക്കിക്കളയരുതു്'' (ഓററുശ്ലേ വി. കൂറില്ലോസ്).—''തീക്ഷ്ണതാപൂർവ്വം സ്ഥിരമായി ദൈവത്തോടു പ്രാർത്ഥിക്കുന്നവൻ ഒരിക്കലും ചാവുദോഷം ചെയ്കയില്ല'' (വി. യോഹന്നാൻ ക്രിസോസ്തോമ്മോസ്).

## 38. ലഘുവായ പാപം (പാപദോഷം)

വി. യോഹന്നാൻെറ "വെളിപാട്" പുസ്തകത്തിൽ അപ്പെസോസിലെ വിശ്വാസികളുടെ സമൂഹത്തിന് മിശിഹാ നൽകുന്ന ശാസന ശ്രദ്ധേ

യമത്രേ: "നിൻെറ പ്രവൃത്തികളും, പ്രയത്നവും, ക്ഷമയും, ദുഷ്ടന്മാരെ നിനക്കു സഹിച്ചുകൂടാത്തതും ഞാനറിയുന്നു ............... എങ്കിലും നിനക്കു വിരോധമായി എനിക്ക് അല്പം പറയുവാനുണ്ട്: നീ നിൻെറ ആദ്യത്തെ സ്നേഹം വിട്ടുകളഞ്ഞു. അതുകൊണ്ട് നീ എവിടെനിന്നു വീണുവെന്നോർത്ത് അനുതപിച്ച് ആദ്യത്തേ പ്രവൃത്തികൾതന്നെ ചെയ്യുക. അല്ലാത്തപക്ഷം, ഞാൻ ക്ഷണത്തിൽ നിൻെറ അടുക്കൽവന്ന്, നീ അനുതപിക്കയില്ലെങ്കിൽ, നിൻെറ ദീപവിളക്ക് അതിൻെറ സ്ഥാനത്തുനിന്നു നീക്കിക്കളയും" (Apoc. 2: 2-5).

✠

ദൈവത്തെ നാം സ്നേഹിക്കുമ്പോഴും, പാപത്തിലേയ്ക്കു നയിക്കപ്പെടുവാൻ നാം സ്വയം അനുവദിക്കുന്നുണ്ട്. ദൈവത്തിൽനിന്നു നാം പുറംതിരിഞ്ഞുകളയുന്നില്ല, വാസ്തവംതന്നെ; എന്നാൽ, അവിടുത്തേ സേവനത്തിൽ നാം അശ്രദ്ധരായി ബ്ഭവിക്കുന്നു. ഈദൃശപാപങ്ങൾ, കുമ്പസ്സാരം കൂടാതെ പൊറുക്കപ്പെട്ടും. അതിനാൽ 'പൊറുക്കപ്പെടാവുന്ന' പാപങ്ങൾ അഥവാ ലഘുപാപങ്ങൾ (Venial Sins) എന്ന് അവയെ വിളിക്കുന്നു. അവ നമുക്ക് നിത്യമരണം കൈവരുത്തുന്നില്ല; എങ്കിലും നമ്മുടെ ആത്മാവിൽ മുറിവേല്പിക്കുന്നു. അതിനാൽ അവയെ "മുറിവേല്പിക്കുന്ന പാപങ്ങൾ" എന്നു പറയാവുന്നതാകുന്നു.

പ്രാധാന്യം കുറഞ്ഞൊരു വിഷയത്തിൽ ദൈവത്തെ ദ്രോഹിച്ചാൽ അതു ലഘുപാപമാകും. ഉദാ: വലിയ വിലയില്ലാത്ത ഒരു സാധനം മോഷ്ടിക്കുക.

വളരെ പ്രാധാന്യമർഹിക്കുന്ന വിഷയത്തിലും ചിലർ പാപം ചെയ്യുന്നുണ്ടെങ്കിലും, അതിൻെറ ഗൗരവാധിക്യം അവർ തെളിവായി ഗ്രഹിക്കുന്നില്ല, അഥവാ അതിനു പൂർണ്ണസമ്മതം നൽകുന്നില്ല. ഈ സ്ഥിതിയിൽ പ്രസ്തുത പാപം ലഘുപാപമേ ആകുന്നുള്ളു.

മുറിവുകൾ വലുതോ ചെറുതോ ആകാമെന്നതുപോലെതന്നെ ലഘുപാപങ്ങളും താരതമ്യേന വലുതും ചെറുതുമാകാം. ലഘുപാപങ്ങൾ ചെയ്യുന്നതിൽ നമ്മുടെ അറിവു കൂടുതൽ തെളിവായും, സമ്മതം കൂടുതൽ പൂർണ്ണമായും ഇരിക്കുന്നതനുസരിച്ച് അവ ഗൗരവം കൂടിയതായി വരാവുന്നതാണ്. ഒരു പ്രവൃത്തി പാപമാണെന്ന് യാതൊരറിവുമില്ലെങ്കിൽ, അഥവാ യാതൊരു സമ്മതവുമുണ്ടാകുന്നില്ലെങ്കിൽ, അതൊരു പാപമേ ആകുന്നില്ല.

അനന്തപരിശുദ്ധനായ ദൈവത്തോടും നമ്മുടെ സ്നേഹാർദ്രനായ ദിവ്യരക്ഷകനോടും ചെയ്യുന്ന ഒരു ദ്രോഹംതന്നെയാണ് ലഘുപാപം. നമ്മുടെ സ്വർഗ്ഗീയ പിതാവിനോടു കാണിക്കുന്ന അശ്രദ്ധയും നന്ദികേടുമാണിതു്. ആകയാൽ ലഘുപാപത്തെ വിട്ടൊഴിയുന്നതിലുംനാം പരമാവധി പരിശ്രമിക്കണം.

ലഘുപാപങ്ങൾ നാം മനഃപൂർവ്വം ചെയ്യുന്നതായാൽ അതു നമുക്ക് വളരെ ഉപദ്രവകരമായി ബ്ഭവിക്കും. വളരെയധികം പ്രസാദവരം നമുക്ക നഷ്ടമാകും, ദൈവസ്നേഹത്തിൽ നാം മന്ദീഭവിക്കും, സൽകൃത്യങ്ങളിൽ അലസരാകും; ചാവുദോഷം ചെയ്യുന്നതിനുള്ള മഹാവിപത്തിൽ നാം ഉൾപ്പെടുകയും ചെയ്യും.

ലഘുപാപങ്ങൾ കാലത്തിനടുത്ത ശിക്ഷയ്ക്കു നമ്മെ അർഹരാക്കുന്നു: ദൈവം നമ്മെ ഐഹികജീവിതത്തിൽവച്ചുതന്നെ ശിക്ഷിയ്ക്കും; നമ്മുടെ മരണത്തിനുമുമ്പ് ഈ ശിക്ഷാകടം മുഴുവനും തീരാത്തപക്ഷം, ശേഷിക്കുന്നതു് ശുദ്ധീകരണസ്ഥലത്തിൽ വച്ചുള്ള ശിക്ഷാമൂലം ദൈവം പൂർത്തിയാക്കും.

*പരിചിന്തനം*: 1. നാം ലഘുപാപത്തിൽ വീഴുന്നതെപ്പോഴാണ്? 2. ഇതിനെ 'പൊറുക്കപ്പെടാവുന്ന പാപം' എന്നു വിളിക്കുന്നതെന്തുകൊണ്ടാണ്? 3. ഇതിനെ 'മുറിപ്പെടുത്തുന്ന പാപം' എന്നു പറയുന്നതെന്തുകൊണ്ട്? 4. പ്രാധാന്യംകുറഞ്ഞ വിഷയങ്ങൾമൂലം ലഘുപാപങ്ങളായിത്തീരുന്ന ചില ഉദാഹരണങ്ങൾ പറയുക. 5. ലഘുപാപങ്ങൾ ദൈവത്തോടുള്ള ഒരനീതിയാകാൻ ന്യായമെന്തു്? 6. ലഘുപാപങ്ങൾ നമുക്കെന്തു ദ്രോഹമുളവാക്കുന്നു? 7. ലഘുപാപങ്ങൾക്ക് എന്തു ശിക്ഷയാണ് നാം അനുഭവിക്കേണ്ടിവരുന്നതു്?

**80. ലഘുപാപങ്ങളെ വിട്ടൊഴിയുവാൻ നാം പരമാവധി പരിശ്രമിക്കണമെന്നു പറയുന്നതെന്തുകൊണ്ടു്?**

a) ലഘുപാപങ്ങൾ ദൈവത്തെ ദ്രോഹിക്കുന്നതുകൊണ്ടും, b) അവമൂലം വളരെയധികം വരപ്രസാദം നമുക്കു നഷ്ടമാകയും ദൈവശിക്ഷ വന്നുകൂടുകയും ചെയ്യുന്നതുകൊണ്ടും, c) അവ നമ്മെ ക്രമേണ ചാവുദോഷത്തിലേയ്ക്കു നയിക്കുന്നതുകൊണ്ടും, അവ വിട്ടൊഴിയുവാൻ നാം പരമാവധി പരിശ്രമിക്കേണ്ടതാകുന്നു.

*പ്രായോഗികവശം:* "ഇതൊരു ലഘുപാപമേ ആകുന്നുള്ളു" എന്നൊരു ചിന്തയോടെ പ്രലോഭനം എന്നെ ആക്രമിച്ചു തുടങ്ങുമ്പോൾ, "ലഘുപാപങ്ങളെക്കുറിച്ചും നമ്മുടെ കർത്താവ് കുരിശിൽ പീഡയനുഭവിച്ചു" എന്നു് എന്നോടു തന്നെ ഞാൻ പറയും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്*: "നാമെല്ലാവരും പല കാര്യങ്ങളിൽ തെറ്റിപ്പോകുന്നു" (Jas. 3: 2). — "നമുക്കു പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു; നമ്മിൽ സത്യമില്ല" (I Jn. 1: 8).

*വിശുദ്ധരുടെ പ്രബോധനത്തിൽ നിന്നു്*: "ഒരടിമയെപ്പോലെയല്ല, ഒരു പുത്രനെപ്പോലെ ദൈവത്തെ സ്നേഹിക്കുന്നവൻ, ഏററം നിസ്സാര കാര്യങ്ങളിൽപോലും അവിടുത്തേയ്ക്കു് അനിഷ്ടം വരുത്തുവാൻ ഭയപ്പെടുന്നു" (വി. ബേസിൽ).

*ആപ്തവാക്യങ്ങൾ:* "പിശാചിന് ഒരിഞ്ചുസ്ഥലം അനുവദിക്കുക, അവൻ ഒരു മൈൽ വ്യാപകമായ സ്ഥലം എടുക്കും". "പലതുള്ളി പെരുവെള്ളം". "പെനി മോഷ്ടിച്ചുതുടങ്ങുന്നവൻ ക്രമേണ പവൻ മോഷ്ടിക്കും".

*പരീക്ഷണവശം:* ലഘുപാപങ്ങൾക്കു മോചനം സിദ്ധിക്കുന്ന മാർഗ്ഗങ്ങളേവ?

## അനുതാപം, അനുതാപത്തിൻെറ കൂദാശ

നാം നമ്മുടെ പാപങ്ങളിൽത്തന്നെ മരിക്കണമെന്ന് ദൈവം മനസ്സാകുന്നില്ല. മനസ്തപിക്കുവാൻ അവിടുന്നു നമ്മെ ഉപദേശിക്കുന്നു, നമ്മെ അനുതാപത്തിലേയ്ക്കു നയിക്കുന്നു, നമ്മുടെ പാപങ്ങൾ പൊറുക്കുകയും ചെയ്യുന്നു.

## 39. അനുതാപമെന്ന സുകൃതം

വി. പത്രോസ്ശ്ലീഹാ മിശിഹായെ നിഷേധിച്ചു. ന. ക. ഈശോമിശിഹായാകട്ടെ, തിരിഞ്ഞു അദ്ദേഹത്തെ നോക്കി. പത്രോസ് പുറത്തേയ്ക്കു പോയി കയ്പോടെ കരഞ്ഞു (Lk. 22: 61-62).

✠

സകല പാപികളും തൻെറ പക്കൽ മടങ്ങിവരണമെന്ന് ദൈവം പൈതൃകസ്നേഹത്തോടെ ആഗ്രഹിക്കുന്നു. നമ്മുടെ പാപങ്ങൾ വിട്ടൊഴിഞ്ഞ്, നമ്മുടെ പരമാധിപതിയും പരമലക്ഷ്യവുമായ അവിടുത്തെ പക്കലേയ്ക്കു നാം തിരിയണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. മിശിഹാ അരുൾ ചെയ്യുന്നു: "അനുതപിക്കുവിൻ, എന്തെന്നാൽ ദൈവരാജ്യം ആസന്നമായിരിക്കുന്നു" (Mt. 4: 17).

ദൈവം എത്ര നല്ലവനും പരിശുദ്ധനുമാണെന്നും, നമ്മുടെ പാപങ്ങൾമൂലം എത്ര ഹീനമാംവിധം അവിടുത്തെ ഉപേക്ഷിച്ചുകളഞ്ഞുവെന്നുമുള്ള ബോദ്ധ്യം അവിടുന്ന് ആദ്യമേ നമ്മിലുളവാക്കുന്നു. ദൈവം എത്രയോ പരിശുദ്ധനും നീതിമാനും സ്നേഹസമ്പൂർണ്ണനുമാകുന്നുവെന്ന് ഗ്രഹിക്കുന്നവൻ മാത്രമേ പാപത്തിൻെറ നികൃഷ്ടാവസ്ഥ ശരിക്കു മനസ്സിലാക്കുകയുള്ളു.

നമ്മുടെ പാപങ്ങളെക്കുറിച്ചു നാം മനസ്തപിക്കണമെന്നത്രേ ദൈവത്തിൻെറ മനസ്സ്. അവിടത്തേയ്ക്കെതിരായി നാം പാപം ചെയ്തു പോയല്ലോ എന്നോർത്ത് ദുഃഖിക്കേണ്ടിയിരിക്കുന്നു; പാപം ചെയ്യാതിരുന്നെങ്കിൽ എത്രയോ നന്നായിരുന്നുവെന്ന് നാം ആത്മാർത്ഥമായി ആഗ്രഹിക്കണം. മനസ്താപംകൂടാതെ പാപപ്പൊറുതിയില്ല.

വീണ്ടും പാപം ചെയ്കയില്ലെന്നുള്ള നിയോഗം അഥവാ പ്രതിജ്ഞ യഥാത്ഥമായ മനസ്താപത്തിനെല്ലാമുണ്ട്. ഇങ്ങനെയുള്ള പ്രതിജ്ഞയില്ലെങ്കിൽ അവിടെ യഥാത്ഥ മനസ്താപമില്ല.

നമ്മുടെ പാപങ്ങളെക്കുറിച്ചു നാം മനസ്തപിക്കുന്നുവെങ്കിൽ ദൈവം നമ്മോടു ക്ഷമിക്കുമെന്നു ശരണപ്പെടാം. ദൈവം അനന്ത കാരുണ്യവാനത്രെ; നമ്മെ പാപത്തിൽനിന്നു രക്ഷിക്കുന്നതിനു അവിടുന്നു സ്വന്ത കുമാരനെപ്പോലും ഒഴിവാക്കാതെ കയ്യാളിച്ചു.

നമ്മുടെ മനസ്താപത്തിൽ ദൈവത്തെപ്പററിയുള്ള ചിന്ത അടങ്ങിയിരിക്കണം. കാരണം, നമ്മുടെ മാതാപിതാക്കന്മാർ നമ്മെ ശിക്ഷിക്കുമല്ലോ എന്നിങ്ങനെ ലൗകിക ന്യായങ്ങളെ അടിസ്ഥാനമാക്കി മാത്രമേ നാം മനസ്തപിക്കുന്നുള്ളുവെങ്കിൽ, കേവലം ലൗകികമായ ഈവക മനസ്താപംകൊണ്ടു നമുക്കു പാപപ്പൊറുതി ലഭിക്കയില്ല.

നമ്മുടെ മനസ്താപത്തിൽ ദൈവത്തെപ്പററിയുള്ള ചിന്തയുണ്ടായിരുന്നാലും മുഖ്യമായി നമ്മോടുള്ള സ്നേഹത്തെപ്രതി പാപങ്ങളെക്കുറിച്ചു മനസ്തപിച്ചെന്നു വരാവുന്നതാണ്. ഉദാഹരണമായി, നമ്മുടെ പാപങ്ങൾമൂലം ദൈവശിക്ഷയ്ക്കു നാം പാത്രമാകുമല്ലോ എന്നോർത്തു മനസ്തപിക്കുക, ഈവക മനസ്താപം "അപൂണ്ണമനസ്താപ"മാകുന്നു (ശിക്ഷയെ ഭയന്നുള്ള അടിമ മനസ്താപമാകുന്നു).

ദൈവസ്നേഹത്തെ ഓർത്തു മനസ്തപിക്കുവാൻ നാം പരിശ്രമിക്കണം. നമ്മുടെ പാപങ്ങളാൽ ഇത്ര പരിശുദ്ധനും ഇത്ര നല്ലവനുമായ ദൈവത്തെ നാം ഉപദ്രവിച്ചുവല്ലോ എന്നും, സ്നേഹാർദ്രനായ ന. ദി. രക്ഷകനെ വ്യസനിപ്പിച്ചുവല്ലോ എന്നുമോർത്തു മനസ്തപിക്കുന്നതു ഏററവും നല്ലതാകുന്നു. ഇങ്ങനെയുള്ള മനസ്താപം "പൂണ്ണമനസ്താപം" അഥവാ ഉത്തമമനസ്താപമാകുന്നു.

ഈ ഉത്തമമനസ്താപമുണ്ടായാൽ അപ്പോൾത്തന്നെ, ചാവുദോഷങ്ങൾക്കുപോലും ദൈവം പൊറുതി നൽകും; എന്നാൽ, ആ ചാവുദോഷങ്ങൾ പൊറുക്കപ്പെട്ടാലും അടുത്ത കുമ്പസ്സാരത്തിൽ അതു ഏററു പറയുക അത്യാവശ്യമാകുന്നു.

ഈ പൂണ്ണ മനസ്താപത്തെ ഉത്തേജിപ്പിക്കുന്നതിന് നാം കൂടെക്കൂടെ പരിശ്രമിക്കേണ്ടതാകുന്നു, ഉദാഹരണമായി, രാത്രിയിൽ നിദ്രയ്ക്കുമുമ്പു ആത്മശോധന ചെയ്യുമ്പോഴും, വല്ല മരണാപകടമുണ്ടാകുമ്പോഴും, സവ്വോപരി ചാവുദോഷം ചെയ്തുപോയാൽ അപ്പോഴും.

നമ്മുടെ അനുതാപരുചി പ്രായശ്ചിത്തപ്രവൃത്തികളിൽ പ്രത്യക്ഷമാവണം. നമ്മുടെ പാപങ്ങൾമൂലം നാം വരുത്തിക്കൂട്ടിയ കടങ്ങൾ പരിഹരിക്കുന്നതിനു ഏതാദൃശ പ്രായശ്ചിത്തപ്രവൃത്തികൾ വളരെ സഹായകമാകുന്നു. നമ്മുടെ ദുർവ്വാസനകളെ അമർത്തുന്നതിനും ആദ്ധ്യാത്മികസുസ്ഥിതി അഥവാ ശക്തി പ്രാപിക്കുന്നതിനും ഇവ നമ്മെ സഹായിക്കും.

ഇങ്ങനെയുള്ള പ്രായശ്ചിത്ത പ്രവൃത്തികൾ: പ്രാർത്ഥന, ഉപവാസം, ദാനധർമ്മം. ക്ലേശനൈരാശ്യങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്നതു്, വിഷമതരായിത്തോന്നുന്ന ജീവിത കർത്തവ്യങ്ങൾ സന്മനസ്സോടെ നിർവ്വഹിക്കുന്നതു് എന്നിവയാകുന്നു. എന്നാൽ, അനുതാപകൃത്യങ്ങളിൽവച്ചു് ഉത്തമമായതു് കുമ്പസ്സാരമാകുന്നു. "ഒരു ക്രിസ്ത്യാനിയുടെ ജീവിതം മുഴുവനും ഒരു അനുതാപജീവിതമായിരിക്കണം" (ത്രെന്തോസ് സൂനഹദോസ്)

*പരിചിന്തനം:* **1. പ്രായശ്ചിത്തം ചെയ്‌വാൻ ദൈവം നമ്മളെ ഉപദേശിക്കുന്നതെന്തിനു്?. 2. നാം പ്രായശ്ചിത്തം ചെയ്യുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണു് അവിടുന്നു് കൂടുതൽ പ്രകാശിപ്പിച്ചുതരുന്നതു്? 3. ദൈവം നമ്മോടു ക്ഷമിക്കുമെന്നു ശരണപ്പെടാനുള്ള ന്യായങ്ങളേവ? 4. പാപപ്പൊറുതി ലഭിക്കുന്നതിനുപകരിക്കാത്ത മനസ്താപം ഏതു തരത്തിൽപ്പെട്ടതാണു്? 5. എപ്പോഴെല്ലാമാണു് നമ്മിൽ ഉത്തമ (പൂർണ്ണ) മനസ്താപം ഉത്തേജിപ്പിക്കേണ്ടതു്. 6. ചില പ്രായശ്ചിത്തകൃത്യങ്ങളുടെ പേർ പറയുക.**

**81. നമുക്കു് അപൂർണ്ണമനസ്താപമുണ്ടാകുന്നതെങ്ങനെ?**

ദൈവശിക്ഷയെക്കുറിച്ചുള്ള ഭയം നമ്മുടെ മനസ്താപത്തിനു അടിസ്ഥാനമായി വരുമ്പോഴാണു് അപൂർണ്ണമനസ്താപമുണ്ടാകുന്നതു്.

**82. നമുക്കു് പൂർണ്ണമനസ്താപം (ഉത്തമമനസ്താപം) ഉണ്ടാകുന്നതെങ്ങനെ?**

ദൈവത്തോടുള്ള സ്നേഹം നമ്മുടെ മനസ്താപത്തിനു് പ്രേരകമായി വരുമ്പോഴാണു് പൂർണ്ണമനസ്താപമുണ്ടാകുന്നതു്.

**83. യഥാർത്ഥ മനസ്താപത്തിന്റെ ഒരു ഘടകമെന്തു്?**

മേലിൽ പാപംചെയ്‌കയില്ലെന്നുള്ള പ്രതിജ്ഞ യഥാർത്ഥ മനസ്താപത്തിന്റെ ഘടകമാകുന്നു.

**84. ദൈവത്തോടുള്ള സ്നേഹത്തെപ്രതി നാം മനസ്തപിക്കുമ്പോൾ എന്തു സംഭവിക്കുന്നു?**

ദൈവത്തോടുള്ള സ്നേഹത്തെപ്രതി നാം മനസ്തപിക്കുമ്പോൾ നമ്മുടെ പാപങ്ങളെല്ലാം ഉടനടി പൊറുക്കപ്പെടുന്നു.

*പ്രായോഗികവശം:* **പ്രതിദിനമുള്ള സന്ധ്യാജപങ്ങളുടെ അവസരത്തിൽ അന്നു ഞാൻ ചെയ്ത പാപങ്ങളും തെറ്റുകളും ഏവയെന്നു ആത്മപരിശോധന**

ചെയ്യും. ദൈവത്തോടുള്ള സ്നേഹത്തെപ്രതി ഞാൻ അവയെക്കുറിച്ചു മനസ്ത പിക്കും.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്*: 'അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂററൊമ്പതു നീതിമാന്മാരെക്കുറിച്ചെന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും' (Lk. 15:17).—'മാനസാന്തരപ്പെട്ടു കർത്താവിൻ പക്കലേയ്ക്കു പിന്തിരിയുവാൻ നീ താമസിക്കേണ്ട; പിന്നെയാകട്ടെ, പിന്നെയാകട്ടെ എന്ന് ഓരോ ദിവസവും വിചാരിക്കരുത്. എന്തെന്നാൽ അവിടത്തെ കോപം പെട്ടെന്ന് നിൻെറ മേൽ പതിക്കും''

(Ecclus. 5:8)

*തിരുസ്സഭയുടെ ജീവിതത്തിൽനിന്ന*: 'മനുഷ്യാ, നീ പൊടിയാകുന്നുവെന്നും, പൊടിയിലേയ്ക്കു നീ പിന്തിരിയുമെന്നും ഓർത്തുകൊള്ളുക' എന്നു പറഞ്ഞുകൊണ്ട് വിഭൂതിത്തിരുനാളിൽ വൈദികൻ നമ്മുടെ നെററിയിൽ ചാമ്പൽ പൂശുന്നു.

*അനുതാപപ്രകരണങ്ങൾ*: 'ദൈവമേ, പാപിയായ എന്നോടു കരുണയായിരിക്കേണമെ' 'ദൈവമേ, എൻെറ പാപങ്ങൾ പൊറുക്കേണമെ' ദൈവമേ, എത്തോടു കനിവായിരിക്കേണമെ ഞങ്ങളുടെ അപരാധങ്ങൾ ക്ഷമിക്കേണമെ. "കർത്താവേ, എന്നെ ശുദ്ധിയുള്ളവനാക്കേണമെ' 'എൻെറ ഈശോ, കരുണ"

*പരീക്ഷണവശം*: 1. താഴെപ്പറയുന്നവർ എങ്ങനെയുള്ള വചനങ്ങളാൽ അഥവാ പ്രവൃത്തികളാൽ തങ്ങളുടെ മനസ്താപം പ്രകാശിപ്പിച്ചു: a) ഈജിപ്തിൽവച്ച് യൗസേപ്പിൻെറ സഹോദരന്മാർ; b) ദാവീദ് രാജാവ്; c) നിനിവേ നഗരവാസികൾ; d) അത്ഭുതകരമായ മീൻ പിടുത്തത്തിനു ശേഷം പത്രോസ്ശ്ലീഹാ; e) പ്രീശനായ ശെമ്ഓൻെറ ഭവനത്തിൽവച്ച് പാപിനിയായ സ്ത്രീ; f) സക്കേവൂസ്; g) പ്രധാനാചാര്യൻെറ മുററത്തുവച്ച് പത്രോസ്ശ്ലീഹാ; h) നല്ല കള്ളൻ, 2. നിനക്കു മനഃപാഠമായി ചൊല്ലാൻ അറിയാവുന്ന മനസ്താപപ്രകരണങ്ങളേവ?3. a) നെഞ്ചത്തു ഇടിക്കുക,d) വിഭൂതിത്തിരുനാളിൽ ചാണ്ടലുകൊണ്ടുള്ള പൂശൽ സ്വീകരിക്കുക എന്നിവയാൽ നാം പ്രകടമാക്കുന്നതെന്ത്? 4. നീ ചെയ്തുപോയ പാപങ്ങളേക്കുറിച്ചു സ്വന്തമായി ഒരു മനസ്താപപ്രകരണം ഉണ്ടാക്കുക. 5. പെട്ടെന്നൊരപകടത്തിൽ മുറിവേററ് ആസന്നമരണനായ ഒരാളിനു സമീപം നീ നില്ക്കുന്നുവെന്നു വിചാരിക്കുക; ഏതുതരത്തിലുള്ള പ്രാർത്ഥനയായിരിക്കും നീ അയാൾക്കു ചൊല്ലിക്കൊടുക്കുന്നത്?

എളിമയുള്ള ഒരു തകർന്ന ഹൃദയത്തെ
ദൈവമേ, നീ നിരസിക്കയില്ലല്ലോ (Ps. 50:19)

## 40. അനുതാപത്തിൻെറ കൂദാശ അഥവാ കുമ്പസാരം

ഈശോ ഉയിർത്തെഴുന്നേററ ദിവസം വൈകുന്നേരം തൻെറ ശ്ലീഹന്മാർക്കു പ്രത്യക്ഷനായി ഇപ്രകാരം അരുൾച്ചെയ്തു: "നിങ്ങൾക്കു സമാധാനം; എൻെറ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു." അവിടന്ന് ഇത്രയും അരുൾചെയ്തിട്ട് അവരുടെ മേൽ ഊതി,

"നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടും; ആരുടെയെങ്കിലും പാപങ്ങൾ നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (Jn. 20:19–23)

✠

പാപികളോടുള്ള സ്നേഹം നിമിത്തം മിശിഹാ ഒരു പ്രത്യേക കൂദാശവഴിയായി അവരെ സഹായിക്കാൻ വന്നെത്തുന്നു. അവിടത്തെ ഐഹികജീവിതത്തിൽ, അനുതാപികളുടെ പാപങ്ങൾ പൊറുത്ത സംഭവങ്ങൾ വളരെയുണ്ട്. കുരിശിന്മേൽ അവിടുന്ന് സകല മനുഷ്യരുടെയും പാപങ്ങൾക്ക് പരിഹാരം ചെയ്തു. മരിച്ചവരുടെ ഇടയിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേററ ദിവസം, ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികളായ വൈദികർക്കും തൻെറ നാമത്തിൽ പാപങ്ങൾ മോചിക്കാനുള്ള അധികാരം നൽകി. ഇങ്ങനെ അവിടുന്ന് തൻെറ തിരുസ്സഭയ്ക്ക് അനുതാപത്തിൻെറ കൂദാശ പരികർമ്മം ചെയ്യുന്ന ഉദ്യോഗം ഭരമേല്പിച്ചു കൊടുത്തു.

ജ്ഞാനസ്നാനത്തിനുശേഷം ചാവുദോഷം ചെയ്ത എവർക്കും അനുതാപത്തിൻെറ ഈ കൂദാശ (കുമ്പസാരം) ആവശ്യമാകുന്നു. ലഘുപാപങ്ങളാകട്ടെ കുമ്പസാരിക്കണമെന്നു നിർബ്ബന്ധമില്ല; അവ മററു വിധത്തിൽ പരിഹരിക്കപ്പെടാവുന്നതാണ്. എങ്കിലും, അവ കുമ്പസാരിക്കുന്നതു് വളരെ നല്ലതാകുന്നു. കാരണം, ഈ കൂദാശയിൽ വളരെയധികം പ്രസാദവരം നൽകി മിശിഹാ നമ്മെ സഹായിക്കുന്നു. ലഘുപാപങ്ങൾ കൂടെക്കൂടെ കുമ്പസാരിക്കുന്നതു ഉത്തമമായ ആദ്ധ്യാത്മികാഭ്യാസമത്രേ.

അനുതാപത്തിൻെറ കൂദാശയിൽ പാപങ്ങൾ മോചിക്കയോ മോചിക്കാതിരിക്കുകയോ ചെയ്വാൻ മിശിഹാ ശട്ടംകെട്ടുകൾ ചെയ്തിട്ടുണ്ട്. മോചനം നൽകണമോ നിഷേധിക്കണമോ എന്നു തീരുമാനിക്കുന്ന ന്യായാധിപനാണ് വൈദികൻ. എന്നാൽ ഈവ്വിധതീരുമാനം ചെയ്യുന്നതിനു് എന്തു പാപങ്ങളാണെന്നു് അറിയാതെ നിവൃത്തിയില്ലല്ലോ. അതിനാൽ, നാം അവ അദ്ദേഹത്തിനു വെളിപ്പെടുത്തേണ്ടതാകുന്നു, കുമ്പസാരിക്കേണ്ടതാകുന്നു. നാം ഏററുപറയുന്ന പാപങ്ങളെക്കുറിച്ച് നമുക്കു യഥാർത്ഥമനസ്താപമുണ്ടെന്നു് അദ്ദേഹത്തിനു ബോധ്യമാകുന്നപക്ഷം, "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിൻെറ പാപങ്ങളിൽനിന്നു നിന്നെ ഞാൻ മോചിപ്പിക്കുന്നു. ആമ്മേൻ" എന്നീ വചനങ്ങളാൽ അദ്ദേഹം നമ്മെ മോചിപ്പിക്കുന്നു. ഇതിനു് "മോചനം നൽകുക" അഥവാ "ദോഷം പോക്കുക" എന്നു പറയുന്നു.

പുരോഹിതൻ നമുക്ക് മോചനം നൽകുമ്പോൾ, ന. ദി. രക്ഷകനായ മിശിഹാതന്നെയാണ് നമ്മുടെ പാപങ്ങൾ പൊറുക്കുന്നത്. ചാവുദോഷം മൂലം നാം ദൈവത്തെ വിട്ടുപിരിഞ്ഞുപോയിട്ടുണ്ടായിരുന്നാൽ മിശിഹാ നമ്മെ നിത്യപിതാവിനോടു രമ്യപ്പെടുത്തുകയും, നമ്മെ ചാവുദോഷമെന്ന പാതക (guilt) ത്തിൽനിന്നും അതിനോടനുബന്ധമായ നിത്യശിക്ഷയിൽനിന്നും വിമുക്തരാക്കുകയും ചെയ്യുന്നു. അവിടന്ന് നമുക്ക് വരപ്രസാദജീവൻ വീണ്ടും തരുന്നു; പാപംമൂലം നാം നഷ്ടമാക്കിയ പൂർവ്വയോഗ്യതകൾ പോലും നമുക്ക് തിരികെ തരുന്നു. നാം ലഘുപാപങ്ങൾ മാത്രമേ ചെയ്തിരുന്നുള്ളുവെങ്കിൽ മിശിഹാ അവ ക്ഷമിക്കയും,നാം അർഹരായിരുന്ന കാലത്തിനടുത്തശിക്ഷയുടെ ഒരു ഭാഗമെങ്കിലും വിടുകയുംചെയ്യുന്നു. മാത്രമല്ല, അവിടന്ന് നമ്മിൽ വരപ്രസാദജീവനെ ശക്തിപ്പെടുത്തുകയും, മേലിൽ പാപം ചെയ്യാതിരിക്കാനുള്ള പുതിയ ശക്തി നമുക്കു നൽകുകയും ചെയ്യുന്നു. നാം ഒരുവേള നിത്യശിക്ഷയ്ക്കർഹരായിരുന്നെങ്കിൽ അനുതാപത്തിന്റെ കൂദാശയാൽ അതിൽനിന്നു നാം നിശ്ശേഷം വിടുതലാക്കപ്പെടുന്നു, എന്നാൽ കാലത്തിനടുത്ത ശിക്ഷഎപ്പോഴും പൂർണ്ണമായി പരിഹരിക്കപ്പെടുന്നില്ല. അതിനാൽ നാം എന്തെങ്കിലും പ്രായശ്ചിത്തപ്രവൃത്തി (സാമാന്യമായി വല്ല ജപങ്ങളും) ചെയ്യണമെന്ന് പുരോഹിതൻ കല്പിക്കുന്നു; നാം അങ്ങനെ ചെയ്യുമ്പോൾ നമ്മുടെപ്രായശ്ചിത്തപ്രവൃത്തിയെ മിശിഹായുടെ രക്ഷാകര പീഡകളോട് യോജിപ്പിക്കയത്രെ ചെയ്യുന്നത്; തന്നിമിത്തം കൂടുതൽ ആദ്ധ്യാത്മിക ഫലങ്ങൾ നാം പ്രാപിക്കുന്നു.

*പരിചിന്തനം:* **1. മിശിഹാ ഉയിർത്തെഴുന്നേററ ദിവസം ശ്ലീഹന്മാർക്ക് എന്ത് വിശേഷാധികാരമാണ് കൊടുത്തത്? 2. ഈ അധികാരം പിന്തുടർച്ചയായി ആർക്കു കിട്ടുന്നുണ്ട്? 3. ലഘുപാപങ്ങൾ കുമ്പസ്സാരിക്കുന്നതിന്റെ പ്രയോജനമെന്ത്? 4. നാം കുമ്പസ്സാരിച്ചു കഴിയുമ്പോൾ പുരോഹിതൻ നമുക്കു പ്രായശ്ചിത്തം കല്പിക്കുന്നതെന്തിന്?**

**85. അനുതാപത്തിന്റെ കൂദാശ (കുമ്പസ്സാരം) ഈശോ സ്ഥാപിച്ചത് എന്ത് അരുൾചെയ്തുകൊണ്ടാണ്?**

ഈശോ ശ്ലീഹന്മാരോട് അരുൾച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടും; ആരുടെയെങ്കിലും പാപങ്ങൾ നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും.

**86. കുമ്പസ്സാരമെന്ന കൂദാശ സ്വീകരിക്കാൻ അത്യാവശ്യമുള്ളവർ ആരാകുന്നു?**

ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ചാവുദോഷം ചെയ്തിട്ടുള്ളവരെല്ലാം കുമ്പസാരമെന്ന കൂദാശ സ്വീകരിക്കാൻ അത്യാവശ്യമുള്ളവരാകുന്നു.

**87. ഈ കൂദാശയിൽ നമ്മുടെ പാപങ്ങൾ ഏററുപറയേണ്ട ആവശ്യമെന്ത്?**

മിശിഹാ ഈ കൂദാശ സ്ഥാപിച്ചപ്പോൾ, പാപങ്ങൾ ഏററുപറയേണ്ടതാണെന്നുനിശ്ചയിച്ചതുകൊണ്ട് നമ്മുടെ പാപങ്ങൾ ഈ കൂദാശയിൽ ഏററുപറയേണ്ടതാവശ്യമാകുന്നു.

**88. ഈ കൂദാശ പരികർമ്മം ചെയ്യുന്നതെങ്ങനെ?**

അനുതാപി സ്വപാപങ്ങൾ മനസ്താപത്തോടെ ഏററുപറഞ്ഞു കഴിയുമ്പോൾ, പുരോഹിതൻ ഇപ്രകാരം അയാളെ മോചിക്കുന്നു: 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിൻെറ പാപങ്ങളിൽനിന്നും നിന്നെ ഞാൻ മോചിക്കുന്നു.'

**89. ഈ കൂദാശമൂലം മിശിഹാ നമ്മിലുളവാക്കുന്ന വിശേഷഫലങ്ങൾ ഏവ?**

ഈ കൂദാശയിൽ മിശിഹാ 1) നമ്മുടെ പാപങ്ങളിൽനിന്നും അവയുടെ ഫലമായ നിത്യശിക്ഷയിൽനിന്നും നമ്മെ മോചിക്കുന്നു; 2) വരപ്രസാദജീവൻ വീണ്ടും തരുന്നു, അല്ലെങ്കിൽ വർദ്ധിച്ചുതരുന്നു, 3) ഭാവിയിൽ നാം പാപത്തെ വിട്ടൊഴിയുവാനുള്ള നവീന ശക്തിയും സഹായവും തരുന്നു.

*പ്രായോഗികവശം:* ഉയിർത്തെഴുന്നേററ ന. ദിവ്യരക്ഷകൻെറ ഈസ്റ്റർ സമ്മാനമത്രേ അനുതാപത്തിൻെറ കൂദാശ. പ്രസാദവരത്തിൻെറ ഈ ഉറവയിൽ ഞാൻ സന്തോഷത്തോടെ എന്നെത്തന്നെ കഴുകുകയും തണുപ്പിക്കുകയും ചെയ്യും.

*നിങ്ങൾ എന്തുത്തരം പറയും:* 'ഞാൻ പാപം ഏററുപറയാതെതന്നെ എന്നെ മോചിക്കാൻ ദൈവത്തിനു് കഴിയും' എന്നു ചിലർ പറഞ്ഞുകേൾക്കാറുണ്ട്. അതിനുത്തരം: 'ദൈവം നമ്മെ മോചിക്കുന്ന മാർഗ്ഗമേതെന്നു അവിടന്നു തന്നെയാണു് നിശ്ചയിക്കുന്നതു്. മിശിഹാ അനുതാപത്തിൻെറ കൂദാശ സ്ഥാപിച്ചുകൊണ്ടു് ഇതു വിശദമാക്കി: ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ചെയ്ത എല്ലാ ചാവുദോഷങ്ങളും, തിരുസ്സഭയ്ക്കു അവിടന്നു് ഭരമേല്പിച്ചുകൊടുത്ത അധികാരത്തിനു വിധേയമായി ഏററുപറയേണ്ടതാണെന്നു വിശദമാക്കി. ഇതു തീർച്ചയായും ധർമ്മവും നീതീയുമാകുന്നു. കാരണം, ജ്ഞാനസ്നാനം സ്വീ

കരിച്ച ഒരാളിന്റെ പാപം തിരുസ്സഭയോടുചെയ്യുന്ന ഒരു ദ്രോഹംകൂടെയാകുന്നു. തിരുസ്സഭയാകട്ടെ, ജ്ഞാനസ്നാനത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഒരു സമൂഹമാകുന്നു; അതിന്റെഅംഗങ്ങൾ വിശുദ്ധിയുള്ളവരായിരിക്കുക യുക്തമത്രേ. നാം എളിമപ്പെട്ടെങ്കിലേ പാപങ്ങൾ ഏറ്റുപറയുകയുള്ളൂ. ഈ എളിമപ്പെടൽ നമുക്കു വളരെ പ്രയോജനകരമാണ്. മാത്രമല്ല, ദൈവം നമ്മോട് ക്ഷമിച്ചുവെന്ന സുനിശ്ചിതത്വം പാപമോചനംമൂലം നമുക്കുണ്ടാകുന്നതിനാൽ നാം സൗഭാഗ്യവാന്മാരായിത്തീരുകയും ചെയ്യുന്നു.

*പരീക്ഷണവശം:* ഈശോ പാപം പൊറുത്തതിനെ സംബന്ധിച്ച് സുവിശേഷങ്ങളിൽ കാണുന്ന സംഭവങ്ങൾ പറയുക.

## 41. അനുതാപത്തിന്റെ കൂദാശ സ്വീകരിക്കേണ്ടവിധം

ധൂർത്ത പുത്രൻ വിദൂരദേശത്ത് പന്നികളെ മേയ്ക്കുന്ന ജോലിയിൽ ഏർപ്പെടുകയും മഹാദരിദ്രാവസ്ഥയിലേയ്ക്കു അധഃപതിക്കയും ചെയ്തപ്പോൾ അയാൾ ഇപ്രകാരം ആത്മഗതം ചെയ്തു: "സമൃദ്ധമായ ഭക്ഷണം ലഭിക്കുന്ന എത്രയോ കൂലിവേലക്കാർ എന്റെ പിതാവിന്റെ വീട്ടിലുണ്ട്! ഞാനോ ഇവിടെ വിശപ്പുകൊണ്ടു നശിക്കുന്നു. ഞാൻ എഴുന്നേററു എന്റെ പിതാവിന്റെ പക്കൽ ചെന്ന് പറയും: എന്റെ അപ്പാ സ്വർഗ്ഗത്തിനെതിരായും അങ്ങേ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. ഇനി അങ്ങേ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല" (Lk. 15:11-19)

✠

കുമ്പസ്സാരിക്കുന്നതിനുമുമ്പ് ആദ്യമേ ആത്മശോധന ചെയ്യണം. നമ്മുടെ ഒടുവിലത്തെ കുമ്പസ്സാരത്തിനുശേഷം നാം ഏതെല്ലാം പാപങ്ങൾ ചെയ്തുവെന്ന് ഓർമ്മയിൽ വരുത്തുകയാണീ ആത്മശോധനയുടെ ലക്ഷ്യം. വിചാരം, വചനം, പ്രവൃത്തി, ഉപേക്ഷ എന്നിങ്ങനെ ഏതെല്ലാം വിധത്തിൽ ഏതെല്ലാം പാപങ്ങൾ നാം ചെയ്തുപോയി എന്നു ഓർത്തുനോക്കുന്നു. ചാവുദോഷങ്ങളുണ്ടെങ്കിൽ അവയുടെ എണ്ണവും പ്രാധാന്യമർഹിക്കുന്ന സാഹചര്യങ്ങളുംഓർക്കേണ്ടതുണ്ട്. പ്രാധാന്യമർഹിക്കുന്ന സാഹചര്യങ്ങൾ എന്നു പറയുന്നത് സാമാന്യേന ലഘുപാപമെന്ന സ്ഥിതിയിൽനിന്നു ചാവുദോഷമെന്ന സ്ഥിതിയിലാകുന്ന സാഹചര്യങ്ങൾ എന്ന അർത്ഥത്തിലാണ് (ഉദ: മോഷ്ടിച്ച വസ്തുവിന്റെ വില). പാപത്തിന്റെ സ്വഭാവത്തെത്തന്നെ മാററുന്ന സാഹചര്യങ്ങളുമുണ്ട്. ഈ പാപം വേറൊരു പ്രമാണത്തിനെതിരായി വരുന്ന സാഹചര്യം (ഉദാ: മോഷ്ടിച്ചെടുത്തത് ഒരു കാസയാണെങ്കിൽ ദൈവദോഷമാകും).

കുമ്പസ്സാരമെന്ന കൂദാശയിൽ ഏററം പ്രാധാന്യമർഹിക്കുന്നത് മനസ്താപമാകുന്നു. മനസ്താപമില്ലെങ്കിൽ പാപത്തിനു പൊറുതി കിട്ടുകയില്ല.

ഒരാൾ ചാവുദോഷം ചെയ്തിട്ടുണ്ടെങ്കിൽ ആ ചാവുദോഷത്തെക്കുറിച്ചെങ്കിലും മനസ്തപിക്കണം. ഒടുവിൽ കഴിഞ്ഞ കുമ്പസ്സാരത്തിനുശേഷം ലഘുപാപങ്ങൾ മാത്രമേ ഇപ്പോൾ കുമ്പസ്സാരിക്കാനുള്ളുവെങ്കിൽ അവ കുമ്പസ്സാരിക്കുമ്പോൾ അവയിലൊന്നിനെക്കുറിച്ചെങ്കിലും മനസ്താപമുണ്ടായിരിക്കണം. ഈ കൂദാശ സ്വീകരിക്കുന്നതിന് മുൻപറഞ്ഞ "അപൂർണ്ണമനസ്താപ"മേ ഉള്ളുവെങ്കിലും അതു മതിയാകും. എന്നാൽ, പൂർണ്ണമനസ്താപം (ഉത്തമമനസ്താപം) ഉത്തേജിപ്പിക്കുന്നതിന്— ദൈവസ്നേഹത്തെപ്രതി മനസ്തപിക്കുന്നതിന്— നമ്മാലാവുംവിധം പരിശ്രമിക്കണം.

നാം കുമ്പസ്സാരിക്കുമ്പോൾ, ഭാവിയിൽ പാപം വിട്ടൊഴിഞ്ഞുകൊള്ളാമെന്ന ദൃഢപ്രതിജ്ഞയുണ്ടായിരിക്കണം; നാം വരുത്തിയ നാശം പരിഹരിക്കാനുള്ള സന്മനസ്സുണ്ടായിരിക്കണം; ദൈവത്തെ വിശ്വസ്തതാപൂർവ്വം സേവിക്കാനുള്ള സന്നദ്ധതയുണ്ടായിരിക്കണം. എല്ലാ ചാവുദോഷങ്ങളെയെങ്കിലും വിട്ടൊഴിഞ്ഞുകൊള്ളാമെന്ന് നാം ദൃഢനിശ്ചയം ചെയ്യണം; അപ്രകാരംതന്നെ നമ്മെ മിക്കവാറും ചാവുദോഷത്തിൽ വീഴിക്കുമെന്ന് അനുമാനിക്കാവുന്ന കാര്യങ്ങളും വിട്ടൊഴിഞ്ഞുകൊള്ളാമെന്ന് നിശ്ചയം ചെയ്യണം. മിക്കവാറും ചാവുദോഷത്തിൽ വീഴിക്കുന്ന കാര്യങ്ങൾ എന്നു പറയുന്നതു് വളരെ ആപല്ക്കരമായ സാഹചര്യങ്ങൾ അഥവാ ചുററുപാടുകളാകുന്നു. നാം ഗൗരവമായ എന്തെങ്കിലും ഉപദ്രവം ചെയ്തുപോയിട്ടുണ്ടെങ്കിൽ അതു പരിഹരിച്ചുകൊള്ളാമെന്നും നിശ്ചയം ചെയ്യേണ്ടതാകുന്നു. വാസ്തവത്തിൽ നല്ലവനായി ജീവിച്ചുകൊള്ളാമെന്നുള്ള ഈദൃശപ്രതിജ്ഞകൂടാതെ ഒരുവൻ കുമ്പസ്സാരിച്ചാൽ അയാൾക്കു് പാപപ്പൊറുതി ലഭിക്കയില്ല.

നാം പാപങ്ങൾ ഏററുപറയുമ്പോൾ എല്ലാ ചാവുദോഷങ്ങളെങ്കിലും പറയണം; അവയുടെ എണ്ണവും പറയണം; ആവശ്യമനുസരിച്ചു് അവയുടെ സാഹചര്യങ്ങളും വെളിപ്പെടുത്തണം. നമ്മുടെ കുമ്പസ്സാരം വിശദവും പരമാർത്ഥവുമായിരിക്കണം; ഒന്നും മറയ്ക്കാതെയും ഒന്നും ലഘൂകരിക്കാതെയും ഏററുപറയണം. പുരോഹിതൻ കുമ്പസ്സാരത്തിൽ കേട്ട യാതൊരു പാപവും ആരോടും പറകയില്ല. അദ്ദേഹം കുമ്പസ്സാരത്തിൽകേട്ട എത്ര ലഘുവായ പാപംപോലും വെളിപ്പെടുത്തുന്നതിനെക്കാൾ മരിക്കാൻതന്നെ തയ്യാറായിരിക്കണം. ഇതിനത്രേ മുദ്രാബദ്ധമായ കുമ്പസ്സാര രഹസ്യം എന്നു പറയുന്നതു്.

കഴിഞ്ഞ കുമ്പസ്സാരത്തിൽ സ്വന്തകുററം കൂടാതെ (ഉദാ: മറവികൊണ്ടു്) വിട്ടുപോയ പാപത്തിനും മോചനം ലഭിച്ചിട്ടുണ്ടു്. ആകയാൽ നാം അസ്വസ്ഥരാകേണ്ടാ; അടുത്ത കുമ്പസ്സാരത്തിൽ അതു പറഞ്ഞാൽ മതി. എന്നാൽ ഒരുവൻ മനഃപൂർവ്വം ഇങ്ങനെയൊരു പാപം പറയാതെ വിട്ടുകളഞ്ഞതാണെങ്കിൽ അതു കള്ളക്കുമ്പസ്സാരമാണു്; അയാളുടെ പാപം പൊറുക്കപ്പെട്ടിട്ടില്ല; മാത്രമല്ല താദൃശ കുമ്പസ്സാരംമൂലം അയാൾ വേറൊരു ചാവുദോഷംകൂടെ ചെയ്യുന്നു. ഇങ്ങനെയുള്ള ദോഷം ദൈവദോഷമാകുന്നു.

ആരെങ്കിലും ഇങ്ങനെയൊരു കള്ളക്കുമ്പസ്സാരം കഴിച്ചുപോയാൽ അയാൾ കഴിയുന്നതുംവേഗം ഒരു നല്ല കുമ്പസ്സാരം കഴിക്കണം; ഇങ്ങനെ കഴി

ക്കുന്ന കുമ്പസ്സാരത്തിൽ, അയാൾ ഏററം ഒടുവിൽ കഴിച്ച നല്ല കുമ്പസ്സാരം മുതലുള്ള എല്ലാ ചാവുദോഷമെങ്കിലും ഏററുപറയണം. കള്ളക്കുമ്പസ്സാരത്തിൽ ഒരുവേള ഏററുപറഞ്ഞിട്ടുള്ള ചാവുദോഷങ്ങളും ഈ നല്ല കുമ്പസ്സാരത്തിൽ ഏററുപറയേണ്ടിയിരിക്കുന്നു. എന്നാൽ മുമ്പ് നല്ല കുമ്പസ്സാരങ്ങളിൽ ഏററുപറഞ്ഞിട്ടുള്ളവ ആവർത്തിച്ച് ഏററുപറയുന്നതിന് മുഴുവൻ കുമ്പസ്സാരം എന്നു പറയുന്നു; ഓരോരുത്തനും സ്വമേധയാ ഇങ്ങനെയുള്ള മുഴുവൻ കുമ്പസ്സാരം കഴിക്കാവുന്നതാണ്. ഒരു ജീവിതാവസ്ഥയിലേയ്ക്കു പ്രവേശിക്കുമ്പോഴും (വൈദികമോ സന്ന്യാസമോ വൈവാഹികമോ), മുഴുവൻ ധ്യാനാവസരത്തിലും മരണാപകടമുള്ള രോഗാവസ്ഥയിലും ഇതു് ഏററം പ്രയോജനകരമത്രെ.

നമ്മുടെ പാപങ്ങൾ ഏററുപറഞ്ഞു കഴിയുമ്പോൾ വൈദികൻ പാപമോചനം നൽകുന്നു. ദൈവത്തിൻെറ കാരുണ്യത്താൽ നാം പാപവിമുക്തരാകുന്നു; മേലിൽ നല്ല ജീവിതം കഴിക്കുന്നതിനുതകുന്ന നവീനശക്തി നാം പ്രാപിക്കുന്നു. കുമ്പസ്സാരമെന്ന കൂദാശയുടെ പരികർമ്മത്തിൻെറ ഏററം പരിശുദ്ധമായ നിമിഷമാണ് (സമയം) പാപമോചനാവസരം.

കുമ്പസ്സാരം കഴിഞ്ഞാൽ, വൈദികൻ കല്പിച്ച പ്രായശ്ചിത്തം നാം നിറവേററണം. വൈദികൻ കല്പിച്ചതു കൂടാതെ നാം സ്വമേധയാ കൂടുതൽ വല്ല പ്രായശ്ചിത്തങ്ങളും ചെയ്യുന്നതു നന്നായിരിക്കും. നമ്മുടെ പ്രായശ്ചിത്തങ്ങൾ നമ്മുടെ കർത്താവിൻെറ രക്ഷാകരമായ പീഡാനുഭവങ്ങളോടു യോജിപ്പിച്ചുകൊണ്ട് ഒരു പരിഹാരകർമ്മമായി സമർപ്പിക്കണം. നമ്മുടെ പാപങ്ങൾ മൂലമുണ്ടായിട്ടുള്ള നാശം പിന്നീട് നമ്മുടെ കഴിവനുസരിച്ച് ഏററം പരിപൂർണ്ണമായി പരിഹരിക്കുന്ന കാര്യം വിസ്മരിക്കരുതു്.

*പരിചിന്തനം:* ഏതെല്ലാം കാര്യങ്ങളെക്കുറിച്ചാണ് നാം ആത്മശോധന ചെയ്യേണ്ടതു്? 2. ആത്മശോധനയിൽ ചാവുദോഷങ്ങളെ സംബന്ധിച്ച് നാം പ്രത്യേകം ഓർത്തിരിക്കേണ്ടതേവ? 3. കുമ്പസ്സാരത്തിൽ ആവശ്യത്തിനു മതിയാകുന്ന മനസ്താപം ഏതുതരം? 4. എങ്ങനെയുള്ള മനഃസ്ഥിതിയോടെയാണ് നാം കുമ്പസ്സാരിക്കാൻ പോകേണ്ടതു്? 5. ''കുമ്പസ്സാര രഹസ്യം'' വൈദികൻെറമേൽ ചുമത്തുന്ന വിശേഷ കടമയെന്തു്? 6. കുമ്പസ്സാരത്തിൽ പ്രാധാന്യമർഹിക്കുന്ന എന്തെങ്കിലും നമ്മുടെ കുററം കൂടാതെ (മറവികൊണ്ട്) വിട്ടുപോയാൽ എന്തു ചെയ്യണം? 7. ആരെങ്കിലും കള്ളക്കുമ്പസ്സാരം കഴിച്ചാൽ അതു പരിഹരിക്കേണ്ടതെങ്ങനെ? 8. കുമ്പസ്സാരാവസരത്തിലെ ഏററം പരിശുദ്ധമായ നിമിഷം (സമയം) ഏതാണ്?

**90. കുമ്പസ്സാരമെന്ന കൂദാശ സ്വീകരിക്കുന്നതിൽ നാം ചെയ്യേണ്ടതെന്തെല്ലാം?**

കുമ്പസ്സാരമെന്ന കൂദാശ സ്വീകരിക്കുന്നതിൽ നാ ചെയ്യേണ്ടതു്:

1. ആത്മശോധന
2. പാപങ്ങളെക്കുറിച്ചുള്ള മനസ്താപം

3. മേലിൽ പിഴക്കയില്ലെന്നുള്ള പ്രതിജ്ഞ
4. പാപങ്ങൾ ഏററുപറയുന്നത്
5. പ്രായശ്ചിത്തം നിറവേററുന്നത്.

**91. കുമ്പസ്സാരമെന്ന കൂദാശയിലെ അത്യാവശ്യ ഘടകമെന്താകുന്നു?**

കുമ്പസ്സാരമെന്ന കൂദാശയിലെ അത്യാവശ്യഘടകം മനസ്താപമാകുന്നു; മനസ്താപം കൂടാതെ പാപം പൊറുക്കപ്പെടുകയില്ല.

**92. കുമ്പസ്സാരമെന്ന കൂദാശ സ്വീകരിക്കുമ്പോൾ നാം ചെയ്യേണ്ട പ്രതിജ്ഞയെന്ത്?**

കുമ്പസ്സാരമെന്ന കൂദാശ സ്വീകരിക്കുമ്പോൾ, പാപത്തെ വിട്ടൊഴിഞ്ഞുകൊള്ളാമെന്നും (എല്ലാ ചാവുദോഷങ്ങളെങ്കിലും) വരുത്തിയ നാശം പരിഹരിച്ചുകൊള്ളാമെന്നും, മേലിൽ ദൈവത്തെ വിശ്വസ്തതയോടെ സേവിച്ചുകൊള്ളാമെന്നും പ്രതിജ്ഞ ചെയ്യണം.

**93. ഏതെല്ലാം പാപങ്ങളാണ് ഏററുപറയേണ്ടത്?**

എല്ലാ ചാവുദോഷങ്ങളും അവയുടെ എണ്ണവും പ്രധാന സാഹചര്യങ്ങളും ഏററുപറയണം.

**94. നാം പരിഹാരം ചെയ്യേണ്ടതെങ്ങനെ?**

വൈദികൻ കല്പിച്ച പ്രായശ്ചിത്തം നിറവേററുകയും, നാം വരുത്തിയ നാശം നമ്മുടെ കഴിവനുസരിച്ച്, ഏററം നന്നായി തീർക്കുകയും ചെയ്തുകൊണ്ട് 'പരിഹാരം' നിർവ്വഹിക്കാവുന്നതാണ്.

*പ്രായോഗികവശം:* എപ്പോഴെങ്കിലും ഒരു ചാവുദോഷത്തിൽ വീഴുന്നതിന് നിർഭാഗ്യവശാൽ ഇടവന്നാൽ താമസമെന്യേ കഴിയുന്നിടത്തോളം വേഗം ഞാൻ കുമ്പസ്സാരിക്കും. മനസ്സമാധാനമില്ലാതെ ജീവിക്കയും, ദുർമ്മരണം പ്രാപിക്കയും, ഒടുവിലത്തെ വിധിദിവസത്തിൽ അഖിലലോകത്തിൻെറയും മുമ്പാകെ, ലജ്ജിതനായിത്തീരുകയും ചെയ്യുന്നതിനെക്കാൾ എത്രയോ നല്ലതാണ് എൻെറ പാപം ഒരു വൈദികനോടു ഏററുപറയുന്നത്.

*തിരുസ്സഭയുടെ പ്രമാണം:* പാപികൾ, കുമ്പസ്സാരം പിന്നീടായിക്കൊള്ളാം എന്നു പറഞ്ഞു് കാലതാമസം വരുത്താതിരിപ്പാനായി കത്തോലിക്കാവിശ്വാസികളേവരും ആണ്ടിലൊരിക്കലെങ്കിലും കുമ്പസ്സാരിക്കണമെന്നു തിരുസ്സഭ കല്പിച്ചിരിക്കുന്നു.

*നിങ്ങളെന്തുപറയും?:* "നിങ്ങൾ കൂടെക്കൂടെ കുമ്പസ്സാരിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണു് ഉണ്ടാകുന്നതു്?'' എന്നു ചിലർ ചോദിച്ചേക്കാം. നമ്മുടെ ഉത്തരമിതാണു്: "കുമ്പസ്സാരംമൂലം എനിക്കു് ദൈവത്തോടുള്ള രമ്യതയും സമാധാനവും ലഭിക്കുന്നു; നല്ല മനസ്സാക്ഷിയുടെ ആനന്ദം അനുഭവിക്കുന്നു; പ്രലോഭനങ്ങളെ എതിർത്തു നില്ക്കാനുള്ള ശക്തിയും, എന്റെ ദുശ്ശീലങ്ങളോടുള്ള യുദ്ധത്തിൽ സഹായവും സിദ്ധിക്കുന്നു. എന്നെത്തന്നെ നന്നായി അറിയുന്നതിനും, മിശിഹായെ അനുകരിക്കുന്നതിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും ഇതു സഹായകമാകുന്നു. ഓരോ കുമ്പസ്സാരവും കഴിയുമ്പോൾ പുതിയൊരാനന്ദവും ആത്മവീര്യവുമുണ്ടാകുന്നു.

*പരീക്ഷണവശം:* താഴെപ്പറയുന്നതരം കുമ്പസ്സാരത്തെക്കുറിച്ചു് നിനക്കെന്തു തോന്നുന്നു: a) ഒരാൾ കുമ്പസ്സാരത്തിൽ മനഃപൂർവ്വം ഒരു ലഘുപാപം വിട്ടുകളഞ്ഞു. b) വേറൊരാൾ കുമ്പസ്സാരിക്കണമെന്നുദ്ദേശിച്ചിരുന്ന ഒരു ചാവുദോഷം ഏററുപറയാൻ മറന്നുപോയി. c) മറെറാരാൾ ശ്രദ്ധാപൂർവ്വം ആത്മശോധന ചെയ്യായ്കയാൽ ഒരു ചാവുദോഷം ചെയ്തിട്ടുള്ള വസ്തുത ഓർത്തുമില്ല, ഏററു പറഞ്ഞുമില്ല. d) ഒരുവൻ തന്നോടുതന്നെ പറകയാണു്: ''ഞാൻ മനസ്താപ പ്രകരണം ചൊല്ലി, ഒരു വാച്ചു ഞാൻ മോഷ്ടിച്ചുവെന്നു കുമ്പസ്സാരത്തിൽ ഏററു പറയും; എന്നാൽ ആ വാച്ചിന്റെ ഉടമസ്ഥനു് ഞാനതു തിരിയെ കൊടുക്കുകയില്ല''. e) ഒരാൾ സ്വന്തം കുററത്താൽത്തന്നെ രണ്ടു ഞായറാഴ്ചകളിൽ കുർബ്ബാന കണ്ടില്ല. അയാൾ കുമ്പസ്സാരിച്ചതിപ്രകാരമാണു്: ''ദിവ്യശുശ്രൂഷയിൽ ഞാൻ അശ്രദ്ധനായിരുന്നു''. f) അപരൻ പറഞ്ഞ നുണ കാരണം ഒരുവൻ തടവുകാരനാക്കപ്പെട്ടു. ''ഞാനൊരു നുണ പറഞ്ഞു'' എന്നു് അയാൾ കുമ്പസ്സാരത്തിൽ ഏററുപറഞ്ഞു. ഈ കുമ്പസ്സാരങ്ങളിൽ ഏതെല്ലാം സാധുവായിട്ടുണ്ടു്? ഏതെല്ലാം അസാധുവാണു്? ഇങ്ങനെ കുമ്പസ്സാരം കഴിച്ച ഓരോരുത്തരും ഇനി എന്തുചെയ്യണം? 2. സ്വമേധയാ ഒരുവനു് ഏറെറടുക്കാൻ സാധിക്കുന്ന ചില പ്രായശ്ചിത്തങ്ങളുടെ പേർ പറയുക? 3. കുമ്പസ്സാരത്തിൽ എന്തെല്ലാം ന്യൂനതകളുണ്ടാവാം? 4. കുമ്പസ്സാരം അസാധുവാകുന്നതു് ഏതെല്ലാം കാരണങ്ങളാൽ? 5. ഒരേ വൈദികനോടുതന്നെ പതിവായി കുമ്പസ്സാരിക്കുന്നതു് ഉത്തമവഴക്കമാണെന്നു് പറയുന്നതെന്തുകൊണ്ടു്? 6. ഏതുക്രമത്തിൽ ഒരാൾക്കു് സ്വപാപങ്ങൾ ഏററു പറയാൻ പാടുണ്ടു്?

## കുമ്പസ്സാരത്തെക്കുറിച്ചു ഗ്രഹിച്ചിരിക്കേണ്ടവ

### I കുമ്പസ്സാരത്തിനു മുമ്പു

**പ്രാരംഭജപം:** **പരിശുദ്ധാത്മാവേ, നീ എഴുന്നുള്ളിവന്നു്, എന്റെ പാപങ്ങൾ പരിശോധിച്ചു് കണ്ടുപിടിക്കാൻ പ്രകാശം തന്നരുളേണമെ. അവയെക്കുറിച്ചു മനസ്തപിക്കുന്നതിനും,** പരമാർത്ഥമായി ഏററുപറയുന്നതിനും, എ

ൻെറ ജീവിതം നന്നാക്കുന്നതിനും സഹായിക്കേണമെ.

*ആത്മപരിശോധന:* നമ്മുടെ ഒടുവിലത്തെ കുമ്പസ്സാരത്തിനുശേഷം നാം എന്തെല്ലാം പാപങ്ങൾ ചെയ്തിട്ടുണ്ടെന്നു് ഓൎത്തുനോക്കുന്നു. സാധാരണ പ്രാൎത്ഥനപ്പുസ്തകങ്ങളിൽ കാണാറുള്ള ചോദ്യക്രമമനുസരിച്ചു് ഈ പരിശോധന നടത്തുന്നതു പ്രയോജനകരമായിരിക്കും. ഭവനം, സ്കൂൾ, ദൈവാലയം, തെരുവീഥി, കളിസ്ഥലം എന്നിങ്ങനെ ഓരോരോ സ്ഥലങ്ങൾ ഓൎത്തുകൊണ്ടു് ഏതൽ സ്ഥലങ്ങളിൽ വച്ചു് നാം ചെയ്തുപോയ പാപങ്ങൾ പരിശോധിക്കുന്നതു വേറൊരു രീതിയാണു്.

*മനസ്താപം:* ഇത്ര പരിശുദ്ധനും, നീതിമാനുമായ ദൈവത്തിൻെറ വീധിയെക്കുറിച്ചും, ശുദ്ധീകരണസ്ഥലത്തിലേയും നരകത്തിലേയും ശിക്ഷയെക്കുറിച്ചും ധ്യാനിച്ചുകൊണ്ടു് നാം ഏതു ശിക്ഷയ്ക്കു് അർഹരായിരിക്കുന്നുവെന്നോൎക്കുക, മനസ്തപിക്കുക.

*നമ്മുടെ ദിവ്യരക്ഷകൻെറ പീഡാനുഭവങ്ങളെ ധ്യാനിച്ചുകൊണ്ടു് ഇപ്രകാരം പറയാം:* അവിടുന്നു് ഇത്രയേറെ സഹിക്കാനിടവന്നതു് എൻെറ പാപങ്ങൾ മൂലമത്രേ അവിടത്തെ പരിശുദ്ധ ഹൃദയത്തെ ഞാനിങ്ങനെ മുറിവേല്പിച്ചുവല്ലോ! എൻെറ ഈശോയെ കരുണയായിരിക്കേണമെ.

*നമുക്കു സ്വൎഗ്ഗീയപിതാവിൻെറ പക്കലേയ്ക്കു് ദൃഷ്ടികളുയൎത്തിക്കൊണ്ടു ഇങ്ങനെ പറയാവുന്നതാണു്:* ഹാ! ദൈവം എന്നോടു് ദയാലുവായിരിക്കുന്നു! സ്വൎഗ്ഗത്തിൽ നിന്നു് എത്ര സ്നേഹാർദ്രതയോടെ അവിടുന്നു് എന്നെ ഉററുനോക്കുന്നു! അവിടുന്നു് എത്രയോ പരിശുദ്ധൻ! എത്രയോ നല്ലവൻ! അവിടത്തെ ദ്രോഹിച്ച ഞാൻ എത്രയോ നന്ദിഹീനനും ദുഷ്ടനുമാകുന്നു! ഇങ്ങനെയുള്ള പ്രതികരണങ്ങൾക്കുശേഷംപരമാൎത്ഥഹൃദയത്തോടെദൈവത്തോടുനമുക്കു മാപ്പപേക്ഷിക്കാം.

*പ്രതിജ്ഞ:* മേലിൽ പാപം ചെയ്യാതിരിപ്പാൻ നാം സൎവ്വാത്മനാ പരിശ്രമിക്കുന്നതാണെന്നും എപ്പോഴും അവിടത്തെ തിരുമനസ്സു് നിറവേററുന്നതിനു് ഉത്സാഹിച്ചുകൊള്ളാമെന്നും ദൈവത്തോടു് വാഗ്ദാനം ചെയ്യുന്നു. മേലിൽ പാപങ്ങൾ വിട്ടൊഴിയുവാനുള്ള പോംവഴികൾ ആരായുന്നതു വളരെ പ്രയോജനകരമത്രേ. ഇതിനായി നമ്മോടുതന്നെ ചോദിക്കുക: എൻെറ പ്രധാന പാപാപകടം എന്താണു്? ആ അപകടം ഒഴിവാക്കുന്നതിനു എനിക്കു എന്തു ചെയ്വാൻ കഴിയും? ഞാൻ കൂടുതൽ നന്നായി വ്യാപരിക്കേണ്ടതു് ഏതെല്ലാം മാൎഗ്ഗേണയാകുന്നു? ഇന്നുതന്നെയോ? നാളെയോ? സ്കൂളിലോ? ഭവനത്തിലോ എന്നിങ്ങനെ ഇക്കാര്യത്തിൽ പ്രത്യേക നിശ്ചയം ചെയ്യുന്നതും വളരെ പ്രയോജനകരമാണു്. ഉദാഹരണമായി, ഒരു പ്രത്യേകതരം ദുശ്ശീലത്തോടൊ തെററിനോടൊ നിരന്തരയുദ്ധം ചെയ്യുന്നതിനു്, അഥവാ ഒരു പ്രത്യേകസുകൃതം അഭ്യസിക്കുന്നതിനു്, എല്ലാററിലും കൂടുതലായി നാം ശ്രദ്ധിക്കേണ്ടതു് നമ്മുടെ പ്രധാനദുശ്ശീലങ്ങളെ അഥവാ കുററങ്ങളെ നിശ്ശേഷം മാററിക്കളയുന്നതിനാണു്.

## 2. ഏററുപറച്ചിൽ

ആത്മശോധനചെയ്തു്, മനസ്തപിച്ചു്, പ്രതിജ്ഞയും ചെയ്തുകഴിഞ്ഞാൽ പാപസങ്കീൎത്തനസ്ഥലത്തേയ്ക്കു പോകാം. പാപസങ്കീൎത്തനവേദിക്കു വളരെ അടുത്തു നിൽക്കരുതു്. നമ്മുടെ സമയമാകുമ്പോൾ അടുക്കാം,

അതുവരെ ശാന്തമായി നിന്നുകൊണ്ടോ മുട്ടുകുത്തിനിന്നുകൊണ്ടോ പ്രാർത്ഥിക്കാം. നമ്മുടെ സ്വന്തവചനങ്ങളിലോ വല്ലൊരു പ്രാർത്ഥനപ്പുസ്തകത്തിലേ ജപങ്ങൾ ചൊല്ലിക്കൊണ്ടോ പ്രാർത്ഥിക്കാം.

പാപസങ്കീർത്തനവേദിക്കടുത്തു ചെന്നു മുട്ടുകുത്തി "ഞാൻ പിഴയാളി" ചൊല്ലുന്നു. വൈദികൻ ആശീർവ്വദിക്കയിൽ നാം കുരിശടയാളം വരയ്ക്കുന്നു. നാം കുമ്പസ്സാരിച്ചിട്ട് എത്ര നാളായി എന്നും മററുമുള്ള പ്രാരംഭവിവരങ്ങൾ അറിയിച്ചതിനുശേഷം നമ്മുടെ പാപങ്ങൾ വിശദമായും പരമാർത്ഥമായും വൈദികനോട് ഏററു പറയണം. അവസാനം, "ഈ പാപങ്ങളെക്കുറിച്ചും എൻെറ മററു സകല പാപങ്ങളെക്കുറിച്ചും ഞാൻ മനസ്തപിക്കുന്നു" എന്നിങ്ങനെയോ, വേദോപദേശ ക്ലാസിൽ പഠിച്ചിട്ടുള്ള മറേറതെങ്കിലും രീതിയിലോ ഏററുപറച്ചിൽ പൂർത്തിയാക്കണം.

അപ്പോൾ വൈദികൻ പറയുന്ന ഉപദേശവും അദ്ദേഹം കല്പിക്കുന്ന പ്രായശ്ചിത്തവും ശ്രദ്ധാപൂർവ്വം കേൾക്കണം. അദ്ദേഹം പറയുന്ന സംഗതികൾ എന്തെങ്കിലും നമുക്കു മനസ്സിലാകാത്തപക്ഷം അതു വീണ്ടും ചോദിക്കണം.

അനന്തരം വൈദികൻ പാപം മോചിക്കുന്നു. ഈ സമയത്ത് മുഴുവൻ തേററത്തിൻെറ പ്രകരണമോ മറേറാ ചൊല്ലിക്കൊണ്ട് മനസ്താപം നവീകരിക്കണം. ന. ദി. ഈശോമിശിഹായേയും അവിടുന്ന് നമ്മുടെ പാപങ്ങൾ പൊറുക്കുന്നതിൽ കാണിക്കുന്ന മഹാ കാരുണ്യത്തെയും ഓർക്കണം. ഒടുവിൽ നാം കുരിശു വരയ്ക്കുന്നു. "സമാധാനത്തിൽ പോവുക" എന്നു വൈദികൻ പറയുമ്പോൾ നാം പാപസങ്കീർത്തനവേദിയിൽനിന്നു പുറത്തിറങ്ങുന്നു.

### 3. ഏററുപറഞ്ഞതിനുശേഷം

**ഉപകാരസ്മരണ: വ്യഗ്രതയൊന്നും കൂടാതെ ശാന്തമായി പ്രാർത്ഥിക്കാൻ സൗകര്യപ്രദമായ സ്ഥലത്തുചെന്ന് മുട്ടുകുത്തി ദൈവം ചെയ്ത കരുണയ്ക്ക് നന്ദി പറയണം. നമ്മുടെ നല്ല നിയോഗങ്ങളെ നവീകരിക്കയും, ദൈവത്തെ നവോന്മേഷത്തോടും വിശ്വസ്തതയോടുംകൂടെ സേവിക്കാനുള്ള അനുഗ്രഹം അവിടത്തോട് യാചിക്കയും വേണം.**

**പ്രായശ്ചിത്തം: നിവൃത്തിയുള്ളപക്ഷം ദൈവാലയത്തിൽനിന്നു മടങ്ങിപ്പോകുന്നതിനു മുമ്പുതന്നെ പ്രായശ്ചിത്തം നിറവേററുക. സ്വമേധയാ നമുക്കു നിർവ്വഹിക്കാവുന്ന കൂടുതൽ പ്രായശ്ചിത്തങ്ങൾ വല്ലതും ആലോചിച്ചു വയ്ക്കുക.**

## 42. ദണ്ഡവിമോചനങ്ങൾ

ഇരുപത്തഞ്ചാം വർഷംതോറും മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് "ജൂബിലിവർഷം" പ്രഖ്യാപിക്കുന്നു. വിശുദ്ധ റോമ്മാ നഗരം സന്ദർശിക്കുന്നതി

നും, മനസ്സാപത്തോടെ നല്ല കുമ്പസ്സാരം കഴിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും അദ്ദേഹം വിശ്വാസികളെ ക്ഷണിക്കുന്നു. അവർ റോമിലെ പ്രധാന ദൈവാലയങ്ങൾ സന്ദർശിച്ചു മാർപ്പാപ്പായുടെ നിയോഗാർത്ഥം പ്രാർത്ഥിക്കുന്നു. ഇങ്ങനെ ചെയ്യുന്ന ഓരോരുത്തനും ഓരോ പൂർണ്ണദണ്ഡവിമോചനം തിരുമേനി കല്പിച്ചു നൽകുന്നു. തുടർന്നുള്ള വർഷത്തിൽ കത്തോലിക്കാ ലോകമെങ്ങും ഈ ജൂബിലി വർഷത്തിൻെറ ദണ്ഡവിമോചനം സാധാരണയായി ലഭിക്കാവുന്നതാണ്.

✠

നമ്മുടെ പാപങ്ങൾമൂലം നാം അർഹരായിത്തീരുന്ന കാലത്തിനടുത്ത ശിക്ഷയിൽനിന്നു നമ്മെ വിടുതൽ ചെയ്യാനുള്ള അധികാരം മിശിഹാ തിരുസ്സഭയ്ക്കു നൽകിയിട്ടുണ്ട്; കുമ്പസ്സാരത്തിനു പുറമേയും ഇങ്ങനെ ചെയ്യാനുള്ള അധികാരം അവൾക്കു ലഭിച്ചിട്ടുണ്ട്. അവിടുന്ന് അരുൾചെയ്തു: "നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (Mt. 18: 18). അതിനാൽ പൊറുക്കപ്പെട്ട പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷയിൽനിന്നു ദണ്ഡവിമോചനങ്ങൾ വഴിയായി നമ്മെ സ്വതന്ത്രരാക്കാൻ തിരുസ്സഭയ്ക്കധികാരമുണ്ടെന്നു സിദ്ധിക്കുന്നു. എന്നാൽ, പാപങ്ങൾ പൊറുക്കപ്പെട്ടിട്ടില്ലെങ്കിൽ അവയോടനുബന്ധമായ കാലത്തിനടുത്ത ശിക്ഷയിൽനിന്നും നാം സ്വാതന്ത്ര്യം (ദണ്ഡവിമോചനം) പ്രാപിക്കയില്ല.

നമ്മുടെ പാപങ്ങൾക്കുള്ള സകല ശിക്ഷകളുടെയും മോചനം മിശിഹാ തൻെറ മരണംമൂലം നമുക്കു നേടിത്തന്നു. തിരുസ്സഭ അവിടുത്തോടു യോജിച്ചും, അവളുടെ വിശുദ്ധർ വഴിയായും പാപത്തിനുള്ള ശിക്ഷയുടെ മോചനാർത്ഥമുള്ള സൽകൃത്യങ്ങൾ അല്ലെങ്കിൽ പ്രായശ്ചിത്തങ്ങൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നു. വിശ്വാസികൾ അർഹിക്കുന്ന ശിക്ഷകൾക്ക് പകരമായി, മിശിഹായും വിശുദ്ധരും സമ്പാദിച്ചുവച്ചിരിക്കുന്ന പരിഹാര നിധിയിൽ നിന്നെടുത്ത് തിരുസ്സഭ ദൈവത്തിനു പരിഹാരം സമർപ്പിക്കുന്നു; ഇങ്ങനെ അവൾ ദണ്ഡവിമോചനങ്ങൾ വഴിയായി വിശ്വാസികൾക്ക് ശിക്ഷാമോചനം നൽകുന്നു.

കാലത്തിനടുത്ത ശിക്ഷ മുഴുവനും നീക്കിക്കളയുന്നതാണ് പൂർണ്ണദണ്ഡവിമോചനം. ഉദാഹരണമായിപ്പറഞ്ഞാൽ പോർസ്യുങ്കുളാ ദണ്ഡവിമോചനം, ജൂബിലി ദണ്ഡവിമോചനം, മരണാവസരത്തിൽ ലഭിക്കുന്ന ദണ്ഡവിമോചനം എന്നിവ. അപൂർണ്ണദണ്ഡവിമോചനംമൂലം കാലത്തിനടുത്ത ശിക്ഷയുടെ ഒരു ഭാഗമേ നമുക്കു കുറഞ്ഞുകിട്ടുകയുള്ളു. അനേക നൂററാണ്ടുകൾക്കുമുമ്പ് വളരെ കഠിനമായ പ്രായശ്ചിത്തരീതി തിരുസ്സഭ പാപികൾക്കു കല്പിച്ചിരുന്നു. ഏതാദൃശമായ പ്രായശ്ചിത്തം അന്ന് ഒരു കൊല്ലത്തേയ്ക്കോ നാല്പതു ദിവസത്തേക്കോ ചെയ്തിരുന്നപ്പോൾ ലഭിച്ച ശിക്ഷാമോചനത്തിന് (അതായതു് കാലത്തിനടുത്ത ശിക്ഷയിലുണ്ടായ കുറവിന്) സമാന

മായ മോചനം ഇപ്പോൾ തിരുസ്സഭയുടെ നിർദ്ദേശാനുസൃതം ഒരു കൊല്ലത്തേയോ നാല്പതു ദിവസത്തേയോ ദണ്ഡവിമോചനമുള്ള സൽകൃത്യം ചെയ്താൽ ലഭിക്കും. അതു് എന്തുമാത്രമെന്നു് ഖണ്ഡിതമായി പ്പറയുക സാദ്ധ്യമല്ല, ദൈവത്തിനുമാത്രമേ അറിയാവൂ. ദണ്ഡവിമോചനങ്ങൾ സാമാന്യേന എല്ലാം തന്നെ ശുദ്ധീകരണ സ്ഥലത്തിലേ ആത്മാക്കൾക്കുവേണ്ടി കാഴ്ചവയ്ക്കാവുന്നതാണ്.

ദണ്ഡവിമോചനപ്രാപ്തിക്കു് നാം പ്രസാദവരത്തിലായിരിക്കണം (നിർദ്ദിഷ്ടമായ അവസാനത്തെ വ്യവസ്ഥ നിറവേററുമ്പോഴെങ്കിലും); നിർദ്ദിഷ്ടമായ സൽകൃത്യം ചെയ്കയും പ്രാർത്ഥനകൾ ചൊല്ലുകയും വേണം. രണ്ടാഴ്ചയിലൊരിക്കലെങ്കിലും കുമ്പസ്സാരിക്കയും, പ്രതിദിനം (ആഴ്ചയിൽ 5 പ്രാവശ്യമെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്യുന്നവർ, ദണ്ഡവിമോചനപ്രാപ്തിക്കു് നിർദ്ദേശിച്ചിരിക്കുന്ന കുമ്പസ്സാരം, ദിവ്യകാരുണ്യ സ്വീകരണം എന്നീ സാമാന്യ വ്യവസ്ഥകൾ പ്രത്യേകം നിറവേററണമെന്നില്ല.

*പരിചിന്തനം:* 1. വിശ്വാസികളുടെ പാപങ്ങൾക്കുള്ള കാലത്തിനടുത്ത ശിക്ഷയിൽനിന്നു മോചനം നൽകുവാൻ തിരുസ്സഭയ്ക്കു് മിശിഹാ അധികാരം നൽകിയതു് ഏതു വചനങ്ങളിലാകുന്നു? 2. ദണ്ഡവിമോചനംമൂലം ഏതുതരത്തിൽപ്പെട്ട കാലത്തിനടുത്ത ശിക്ഷയാണു് മാററിക്കിട്ടുന്നതു്? 3. ഈദൃശ മോചനം നമുക്കു നൽകുവാൻ ദൈവം തിരുമനസ്സായതിനു് നാം ആരോടു കടപ്പെട്ടിരിക്കുന്നു? 4. പൂർണ്ണദണ്ഡവിമോചനംമൂലം സിദ്ധിക്കുന്നതെന്തു്? 5. അപൂർണ്ണദണ്ഡവിമോചനംമൂലം സിദ്ധിക്കുന്നതെന്തു്?

95. ദണ്ഡവിമോചനംമൂലം നമുക്കു സിദ്ധിക്കുന്നതെന്തു്?

നമ്മുടെ പൊറുക്കപ്പെട്ട പാപങ്ങൾക്കുള്ള ശിക്ഷകളിൽനിന്നു മോചനം സിദ്ധിക്കുന്നു.

96. ദണ്ഡവിമോചനം പ്രാപിക്കാൻ ആവശ്യമായവ എന്തു്?

നാം പ്രസാദവരത്തിലായിരിക്കുന്നതു് കൂടാതെ നിർദ്ദിഷ്ടമായ സൽകൃത്യങ്ങൾ ചെയ്കയോ പ്രാർത്ഥനകൾ ചൊല്ലുകയോ വേണം.

*പ്രായോഗികവശം:* ശുദ്ധീകരണസ്ഥലത്തിലേ ആത്മാക്കൾക്കുവേണ്ടി ഞാൻ കൂടെക്കൂടെ ദണ്ഡവിമോചനം പ്രാപിച്ചു കാഴ്ചവയ്ക്കും.

*നിങ്ങൾ എന്തു സമാധാനം പറയും:* ''പാപം പൊറുക്കപ്പെടുന്നതോടെ ശിക്ഷയും പൊറുക്കപ്പെടുന്നു'' എന്നു് ചിലർ വാദിക്കുന്നു. അതിനുള്ള സമാധാനം: ''ദൈവം ദാവീദിന്റെ പാപം പൊറുത്തു; എന്നാൽ എല്ലാ ശിക്ഷകളിൽനിന്നും പൂർണ്ണമായി മോചിച്ചില്ല. നാഥാൻ ദീർഘദർശി അദ്ദേഹത്തോടു പറഞ്ഞു: ''കർത്താവു് താങ്കളുടെ പാപം നീക്കിക്കളഞ്ഞിരിക്കുന്നു. എന്നാൽ താങ്ക

ളിൽനിന്നു ജനിച്ചിരിക്കുന്ന പുത്രൻ മരിക്കുകതന്നെ വേണം (2 Kings 11: 13–14). ദണ്ഡവിമോചനംമൂലം പാപങ്ങാം പൊറുക്കപ്പെടുന്നുവെന്ന ധാരണ തികച്ചും അബദ്ധമാകുന്നു. തിരുസ്സഭ പണത്തിനുവേണ്ടി ദണ്ഡവിമോചനങ്ങാം വില്ക്കുന്നു അഥവാ ഭാവിപാപങ്ങാം പൊറുക്കുന്നു എന്നു പറയുന്നതു് പച്ചക്കള്ളമത്രേ.

## ക്രിസ്ത്യാനി മരണത്തിൻെറ നിഴലിൽ

ഗുരുതരമായ രോഗത്തിലും ആസന്ന മരണാവസ്ഥയിലും ആത്മശരീരങ്ങളുടെ ശക്തിപ്പെടുത്തൽ നമുക്ക് വിശേഷാൽ ആവശ്യമാകുന്നു. അതിനാൽ രോഗികളുടെ സ്നേഹിതനായ മിശിഹാ അന്തിമലേപനം (ഒട്ടവിലത്തെ ഒപ്രൂശുമാ) എന്ന കൂദാശ വഴിയായി നമ്മെ സഹായിക്കാൻ വന്നെത്തുന്നു.

## 43. അന്തിമലേപനം

വി. യാക്കോബ്ശ്ലീഹാ ഇപ്രകാരം എഴുതുന്നു: "നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും, നമ്മുടെ കർത്താവിൻെറ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന അവനെ സുഖപ്പെടുത്തും. നമ്മുടെ കർത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങാം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും" (Jas. 5: 14-15).

✠

ശ്ലീഹന്മാർതന്നെയും അന്തിമലേപനമെന്ന കൂദാശ പരികർമ്മം ചെയ്തുപതിവായിരുന്നുവെന്നു് വി. യാക്കോബ്ശ്ലീഹായുടെ മേൽപ്പറഞ്ഞ വാക്യങ്ങളിൽനിന്നു വിശദമാകുന്നു. മിശിഹാ ഈ കൂദാശ സ്ഥാപിച്ചിരുന്നില്ലെങ്കിൽ അവക്കിങ്ങനെ ചെയ്യാൻ സാധിക്കുമായിരുന്നില്ല. രോഗം, അത്യാഹിതം, പ്രായാധിക്യം എന്നിവമൂലം ഏതു കത്തോലിക്കനെങ്കിലും മരണാപകടത്തിലായാൽ അയാാം അന്തിമലേപനം സ്വീകരിക്കേണ്ടതാകുന്നു. തിരിച്ചറിവുണ്ടായിത്തുടങ്ങിയ കുട്ടികാംക്കുപോലും അപകടകരമായ രോഗാവസ്ഥയിൽ ഈ കൂദാശ സ്വീകരിക്കാവുന്നതാണു്. ഒരേ രോഗത്തിൽ തന്നെ മരണാപകടം നീങ്ങിയിട്ടും വീണ്ടും അതുണ്ടായാൽ, വീണ്ടും അന്തിമലേപനം നൽകാവുന്നതാണു്.

അന്തിമലേപനം സ്വീകരിക്കുന്നയാാം സ്വപാപങ്ങളെക്കുറിച്ച് ശരിയായി മനസ്തപിക്കണം; നിവൃത്തിയുണ്ടെങ്കിൽ ഒരു നല്ല കുമ്പസ്സാരം കഴിച്ചുകൊണ്ടു് അതു് സ്വീകരിക്കാൻ ഒരുങ്ങണം. രോഗത്തിന്മേലും മരണത്തിന്മേലും വിജയം കൈവരിച്ച മിശിഹാ, തന്നെ സഹായിക്കുമെ

ന്നം, തൻെറ രോഗം ആത്മാവിൻെറ നന്മയ്ക്കു് ഉപകരിക്കുന്നതാക്കിത്തീർക്കുമെന്നും വിശ്വസിച്ചുകൊണ്ടു് രോഗി മിശിഹായിൽ ശരണപ്പെടണം. സുബോധത്തോടെ ഈ കൂദാശ സ്വീകരിക്കാനിടയാകുന്നതിനു് രോഗിയോ ബന്ധുമിത്രാദികളോ വൈദികനെ തക്കസമയത്തു് വരുത്തുവാൻ ഏർപ്പാടുചെയ്യണം.

രോഗികൾക്കുവേണ്ടി പ്രത്യേകം വെഞ്ചരിച്ച തൈലം, പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനോപകരണങ്ങളായ അവയവങ്ങളിന്മേൽ വൈദികൻ പൂശുന്നു: കണ്ണു്, ചെവി, മൂക്കു്, വായ്, കൈകാലുകൾ എന്നിങ്ങനെ ഓരോ അവയവത്തിന്മേലും പൂശുമ്പോൾ വൈദികൻ ഇപ്രകാരം ചൊല്ലുന്നു: "നിൻെറ കാഴ്ച (അഥവാ കേൾവി, സ്പർശനം) വഴിയായി നീ ചെയ്ത പാപങ്ങളെല്ലാം ഈ വിശുദ്ധ ലേപനത്താലും കർത്താവിൻെറ ആർദ്രമായ കരുണയാലും അവിടുന്നു നിന്നോടു പൊറുക്കുമാറാകട്ടെ. ആമ്മേൻ."

അന്തിമലേപനംമൂലം മിശിഹാ ആത്മാവിനു സുഖപ്രാപ്തി വരുത്തുന്നു. ആത്മാവു് ക്ലേശങ്ങളിൽ അധൈര്യപ്പെടാതെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് അവ ക്ഷമാപൂർവ്വം സഹിക്കുന്നതിനു് മിശിഹാ അതിനെ ശക്തിപ്പെടുത്തുന്നു. അവിടുന്നു് രോഗിയുടെ പാപങ്ങൾ പൊറുക്കുന്നതു കൂടാതെ കാലത്തിനടുത്ത ശിക്ഷയിൽനിന്നു മോചിക്കുകകൂടെയും ചെയ്യുന്നു. രോഗി കുമ്പസ്സാരിക്കാൻ സാധിക്കാത്ത നിലയിലാണെങ്കിൽ, മനസ്താപമുള്ളപക്ഷം, അഥവാ അവശതയിലാകുന്നതിനു മുമ്പുതന്നെ മനസ്തപിച്ചിട്ടുണ്ടെങ്കിൽ അയാളുടെ ചാവുദോഷങ്ങൾപോലും ഈ അന്തിമലേപനം മൂലം പൊറുക്കപ്പെടുന്നു.

അന്തിമലേപനദ്വാരാ രോഗികൾക്കു് മിശിഹാ പലപ്പോഴും ശാരീരികസ്വാസ്ഥ്യം നൽകാറുണ്ടു്; ആത്മാവിനു ഗുണകരമെങ്കിൽ അവിടുന്നു് പരിപൂർണ്ണ രോഗശമനം തന്നെയും നൽകും. എന്നാൽ രോഗിയെ തൻെറ നിത്യഭവനത്തിലേയ്ക്കു വിളിക്കാനാണു് ദൈവം തിരുമനസ്സാകുന്നതെങ്കിൽ, അന്തിമലേപനം വഴിയായി മിശിഹാ അയാളെ അന്തിമനാഴികയിലേ സമരത്തിനു് ശക്തി നൽകി ഒരുക്കുന്നു.

*പരിചിന്തനം:* 1. ശ്ലീഹന്മാർ അന്തിമലേപനമെന്ന കൂദാശ പരികർമ്മം ചെയ്തിരുന്നുവെന്നു് നമുക്കു് എങ്ങനെ അറിയാം? 2. ഇതു് പരികർമ്മം ചെയ്‌വാൻ ആർക്കു പാടുണ്ടു്? 3. ഇതു് എത്ര പ്രാവശ്യം സ്വീകരിക്കാവുന്നതാണു്? 4. ഒരു രോഗി അന്തിമലേപനത്തിനു് എങ്ങനെ ഒരുങ്ങണം? 5. തക്കസമയത്തു വൈദികനെ വരുത്തണമെന്നു പറയുന്നതിൻെറ ആവശ്യം അഥവാ പ്രാധാന്യമെന്തു്?

97. അന്തിമ ലേപനത്തെപ്പററി യാക്കോബ്ശ്ലീഹാ എഴുതിയിരിക്കുന്നതെന്തു്?

**യാക്കോബ്ശ്ലീഹാ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്: "നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നുവെങ്കിൽ സഭയി**

ലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും, നമ്മുടെ കർത്താവിൻെറ നാമത്തിൽ തൈലംകൊണ്ട് അവനെ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന അവനെ സുഖപ്പെടുത്തും. നമ്മുടെ കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും".

98. അന്തിമലേപനം സ്വീകരിക്കേണ്ടതെപ്പോൾ?

രോഗമോ, അത്യാഹിതമോ വാർദ്ധക്യസഹജമായ വലിയ അവശതയോമൂലം മരണാപകടമുണ്ടാകുമ്പോൾ അന്തിമലേപനം സ്വീകരിക്കണം.

99. വൈദികൻ അന്തിമലേപനം നൽകുന്നതെങ്ങനെ?

താഴെപ്പറയുന്ന വചനങ്ങളുച്ചരിച്ച് രോഗിയുടെ ഇന്ദ്രിയങ്ങൾ പൂശിക്കൊണ്ട് വൈദികൻ ഈ കൂദാശ പരികർമ്മം ചെയ്യുന്നു: "നിൻെറ കാഴ്ച (അഥവാ കേൾവി, സ്പർശനം........) വഴിയായി നീ ചെയ്ത പാപങ്ങളെല്ലാം ഈ വിശുദ്ധ ലേപനത്താലും കർത്താവിൻെറ ആർദ്രമായ കരുണയാലും അവിടുന്ന് നിന്നോട് പൊറുക്കുമാറാകട്ടെ. ആമ്മേൻ."

100. ഈ കൂദാശമൂലം മിശിഹാ രോഗിക്കു കൈവരുത്തുന്ന നന്മയെന്ത്?

രോഗത്തിലും മരണഭയത്തിലും ധൈര്യം നൽകുന്നു; പാപങ്ങൾ പൊറുക്കുകയും കാലത്തിനടുത്ത ശിക്ഷയിൽനിന്നു മോചിക്കയും ചെയ്യുന്നു; ആത്മാവിനു ഗുണകരമെങ്കിൽ ശരീരസൗഖ്യവും നൽകുന്നു.

*പ്രായോഗികവശം:* എൻെറ ഭവനത്തിലോ അയൽപക്കത്തോ കത്തോലിക്കാ വിശ്വാസിയായ ആരെങ്കിലും ഗുരുതരമായ രോഗാവസ്ഥയിൽ പെട്ടിരിക്കുന്നതായി ഞാനറിഞ്ഞാൽ വികാരിയച്ചനെ ഞാൻ വിവരമറിയിക്കും.

*നിങ്ങൾ എന്തു സമാധാനം പറയും:* "അന്തിമലേപനം കഴിഞ്ഞാൽ രോഗി മരിക്കുമെന്നതു തീർച്ചയാണ്" എന്നു ചിലർ പറയാറുണ്ട്. അതിനുള്ള സമാധാനം: "യുക്തിഹീനമായ സംസാരരീതിയാണിത്. അന്തിമലേപനത്തിൽ ഉപയോഗിക്കുന്ന ഔദ്യോഗികജപങ്ങൾ വഴിയായി, രോഗിക്ക് ആരോഗ്യം നൽകണമെന്ന് ദൈവത്തോട് കേണപേക്ഷിക്കുന്നുണ്ട്: മാത്രമല്ല,

അന്ത്യമലേപനത്തിനുശേഷം രോഗിക്കു് കുറവും ചിലപ്പോൾ പൂർണ്ണ സുഖപ്രാപ്തിയും ഉണ്ടാകുന്നതായി അനുഭവത്തിൽ നിന്നറിയുന്നു''.

*രോഗികളുടെ പ്രേഷിതധർമ്മം:* മിശിഹായുടെ പീഡാനുഭവങ്ങളോടു ചേർത്തു് രോഗികൾ തങ്ങളുടെ സഹനം കാഴ്ചവെക്കുന്നതു നല്ലതാകുന്നു. പാപികളുടെ മാനസാന്തരത്തിനും, വിദേശമിഷ്യൻ പ്രവർത്തനങ്ങളുടെ വിജയത്തിനും, ലോകസമാധാനത്തിനും, ദൈവരാജ്യത്തെ സംബന്ധിച്ച മററു നിയോഗങ്ങൾക്കുംവേണ്ടി അവരുടെ ക്ലേശങ്ങൾ സമർപ്പിക്കാവുന്നതാണു്. ഇതാണു് പ്രേഷിതവൃത്തി.

## അന്ത്യമലേപനം പരികർമ്മം ചെയ്യുന്നവിധം

ഒരുക്കങ്ങൾ

രോഗിയുടെ വീട്ടുപേരും പേരും, തെരുവീഥി, ഭവനനമ്പർ എന്നിങ്ങനെ അയാളുടെ വാസസ്ഥലത്തെ സംബന്ധിച്ച വിശദമായ വിവരങ്ങളും വൈദികനെ വിളിക്കാൻ പോകുന്നയാൾ അദ്ദേഹത്തെ അറിയിക്കണം. രോഗിക്കു് സുബോധമുണ്ടോ എന്നും ഉടനെ മരിക്കത്തക്ക അപകടനിലയിലാണോ അയാൾ ഇരിക്കുന്നതെന്നും അദ്ദേഹത്തെ ഗ്രഹിപ്പിക്കണം. കൂടാതെയും ക്രൂശിതരൂപം, മെഴുകുതിരികൾ, ഹന്നാൻവെള്ളം എന്നിവ രോഗിയുടെ ഭവനത്തിൽ ഉണ്ടോ എന്നന്വേഷിക്കയും, അവ അവിടെ ഇല്ലാത്തപക്ഷം വിവരം വൈദികനെ അറിയിച്ചു് അവ പള്ളിയിൽനിന്നു കൊണ്ടുപോകുവാൻ ഏർപ്പാടു ചെയ്കയും വേണം.

രോഗിയുടെ മുറിയിൽ അയാൾക്കു കാണത്തക്കഭാഗത്തു് ഒരു മേശ സജ്ജമാക്കണം. മേശയിന്മേൽ വെള്ളത്തുണി വിരിച്ചു് താഴെപ്പറയുന്നവ വയ്ക്കണം: ഒ ഃ ക്രൂശിതരൂപം, തിരിക്കാലുകളിന്മേൽ ഉറപ്പിച്ച 2 മെഴുകുതിരികൾ, ഹന്നാൻ വെള്ളപ്പാത്രം (തളിക്കാനുള്ള ഉപകരണത്തോടുകൂടി), സാധാരണ വെള്ളം നിറച്ച ഒരു ഗ്ലാസ്സ്, ഒരു കയിൽ, ഒരു തട്ടത്തിൽ ചെറിയ ആറു പഞ്ഞിയുണ്ടകൾ, ഉപ്പുനിറച്ച ഒരു ഉപ്പുപാത്രം. പഞ്ഞിയും ഉപ്പും അവയുടെ ഉപയോഗാനന്തരം തീയിലിടണം.

വൈദികൻ വന്നെത്തുന്നതിനുമുമ്പു് നിശബ്ദമായി ഏകാഗ്രതയോടെ ആത്മാവസ്ഥയെപ്പററി ചിന്തിക്കുവാൻ രോഗിക്കു് അവസരം നൽകണം; വിശ്വാസം, ശരണം, ഉപവി, മനസ്താപം എന്നിവയുടെ പ്രകരണങ്ങൾ അഥവാ സുകൃതജപങ്ങൾ ആരെങ്കിലും ചൊല്ലിക്കൊടുത്തു് സഹായിക്കുന്നതു നന്നായിരിക്കും.

## വൈദികൻ ആഗതനാകുമ്പോൾ

വൈദികൻ വന്നുചേരുന്നതോടെ തിരികൾ കത്തിക്കണം. വൈദികൻ രോഗിയുടെ മുറിയിൽ പ്രവേശിച്ചു് സമാധാനം ആശംസിച്ചതിനുശേഷം, രോഗിയുടെയും അവിടെ സന്നിഹിതരായിരിക്കുന്നവരുടെയും മേൽ ഹന്നാൻവെള്ളം തളിക്കയും ചില ജപങ്ങൾ ചൊല്ലുകയും ചെയ്യുന്നു.

രോഗി കുമ്പസ്സാരിക്കാനാഗ്രഹിക്കുന്നവെങ്കിൽ, അവിടെ സന്നിഹിതരായിരിക്കുന്നവർ അല്പം മാറിനിൽക്കുന്നു. കുമ്പസ്സാരം കഴിയുമ്പോൾ അവർക്കു് അടുത്തുവരാം.

## ലേപനം

സമയമുള്ള പക്ഷം സുവിശേഷത്തിൽനിന്നു്, ശതാധിപൻെറ ഭൃത്യനെ നമ്മുടെ ദിവ്യരക്ഷകൻ സുഖപ്പെടുത്തിയ സംഭവം, അല്ലെങ്കിൽ അവസരോചിതമായ മറേറതെങ്കിലും സുവിശേഷസംഭവം വൈദികൻ വായിക്കുന്നു. തദനന്തരം എല്ലാവരും മുട്ടുകുത്തി പ്രാരംഭജപങ്ങൾ ചൊല്ലുകയും ഉത്തരം പറകയും ചെയ്യുന്നു. പിന്നീടു്, മുറക്കുള്ള ലേപനം ആരംഭിക്കുന്നു. ലേപനം കഴിഞ്ഞു് രോഗിക്കുവേണ്ടി വൈദികൻ പ്രാർത്ഥനകൾ ചൊല്ലുന്നു. എല്ലാവരും അതിനുത്തരം പറയുന്നു.

## ദിവ്യകാരുണ്യം

എല്ലാവരുംകൂടി 'ആകാശങ്ങളിലിരിക്കുന്ന' അല്ലെങ്കിൽ 'ഞാൻ പിഴയാളി' എന്ന ജപം രോഗിയോടുകൂടി ചൊല്ലുന്നു. അതിനുശേഷം വൈദികൻ രോഗിക്കു് ദിവ്യകാരുണ്യം നൽകുന്നു. ഇതു് തൃപ്പാഥേയമായിട്ടാണെങ്കിൽ വൈദികൻ ഇപ്രകാരം പറയുന്നു: "സഹോദരാ" താങ്കളുടെ യാത്രാഭക്ഷ്യമായി നമ്മുടെ കർത്താവീശോമിശിഹായുടെ തുസ്ലരീരം സ്വീകരിച്ചാലും, ഇതുവഴിയായി അവിടുന്നു് താങ്കളെ ദുഷ്ടശത്രുവിൽനിന്നു രക്ഷിച്ചു് നിത്യായുസ്സിലേയ്ക്കു നയിയ്ക്കുമാറാകട്ടെ. ആമ്മേൻ" മരണാപകടത്തിലിരിക്കുന്ന രോഗിക്കു് യാത്രാഭക്ഷ്യമായി നൽകുന്ന ദിവ്യകാരുണ്യമത്രേ 'തൃപ്പാഥേയം' എന്നു പറയുന്നതു്.

## പൂർണ്ണദണ്ഡവിമോചനം

രോഗി വീണ്ടും മനസ്തപിച്ചു് ഭക്തിപൂർവ്വം ഈശോയെന്ന തിരുനാമം ജപിക്കുന്നതിനും, അയാളുടെ പാപങ്ങൾക്കു പരിഹാരമായി രോഗവും വേദനകളുമെല്ലാം കാഴ്ചവയ്ക്കുന്നതിനും, ദൈവതിരുമനസ്സിനു് സ്വയം സംപൂർണ്ണമായി കയ്യാളിക്കുന്നതിനും വൈദികൻ ഉപദേശിക്കുന്നു. മരണാവസരത്തിൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്ന, മാർപ്പാപ്പായ്ക്കടുത്ത, ആശീർവ്വാദം വൈദികൻ രോഗിക്കു് അവസാനമായി നൽകുന്നു.

## തിരുസ്സഭയുടെ പൊതുനന്മയ്ക്കുവേണ്ടിയുള്ള കൂദാശകൾ

മിശിഹാ തിരുമനസ്സായിരിക്കുന്നതുപോലെ കൂദാശകളാൽ വിശുദ്ധീകൃതമായ രണ്ടുതരം ജീവിതാവസ്ഥകൾ തിരുസ്സഭയിലുണ്ടു്: പൗരോഹി

ത്വം, വിവാഹം എന്നീ രണ്ടു ജീവിതാവസ്ഥകൾ തിരുസ്സഭ മുഴുവനും പ്ര യോജനകരമാകുന്നു.

## പൗരോഹിത്യപട്ടം

വി. പൗലോസ് ശ്ലീഹാ എഫേസൂസിൽനിന്നു വിട്ടുപോകുന്നതിനു മുമ്പ് ആ സഭയുടെ ഭരണം വി. തിമോത്തിയെ ഏല്പിച്ചു. അവിടുത്തെ വിശ്വാസികളുടെ സമൂഹം മുഴുവനും സമ്മേളിച്ചപ്പോൾ വി. പൗലോസ് പ്രാർത്ഥിച്ചിട്ട് തിമോത്തിയുടെമേൽ കൈവച്ചു. പിന്നീട് അദ്ദേഹം തി മോത്തിക്ക് ഇപ്രകാരമെഴുതി: "എൻെറ കൈവെപ്പുമൂലം നിന്നിലുള്ള ദൈവദാനത്തെ നീ ഉണർത്തേണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു" (II Tim. 1:6).

✠

പൗരോഹിത്യത്തിൻെറ സംപൂർണ്ണാധികാരം മിശിഹാ ശ്ലീഹന്മാർക്ക് നൽകി. അതോടുകൂടെ പൗരോഹിത്യ ജീവിതം നയിക്കുന്നതിനും പൗരോ ഹിത്യകർമ്മം നിർവ്വഹിക്കുന്നതിനുമുള്ള പ്രസാദവരവും അവിടുന്ന് അവ ർക്കു കൊടുത്തു.

ശ്ലീഹന്മാർ ഇങ്ങനെ മിശിഹായിൽനിന്നു പ്രാപിച്ച അധികാരവും പ്രസാദവരവും അവരുടെ അനന്തരഗാമികൾക്കു കൊടുത്തു. ശ്ലീഹന്മാർ അ വരുടെ മേൽ കൈവച്ച് പരിശുദ്ധാത്മാവിനെ ആവഹിപ്പിച്ചു. അതായ ത്, അവർക്കു പട്ടംകൊടുത്ത് പുരോഹിതന്മാരാക്കി.

ശ്ലീഹന്മാരുടെ കാലംമുതൽ മെത്രാൻ പട്ടവും, പുരോഹിതപട്ടവും. ആറാം പട്ടവും ഇങ്ങനെ പ്രാർത്ഥനയോടുകൂടിയ കൈവെപ്പുമൂലം നൽകി പ്പോരുകയാണു ചെയ്യുന്നതു്. പുരോഹിത പട്ടം കൊടുക്കുന്നതു് മെത്രാനാ ണ്. ഇപ്പോഴത്തെ സഭാനിയമമനുസരിച്ച് മൂന്നു മെത്രാന്മാർ കൂടിയാണു് മെത്രാൻപട്ടം കൊടുക്കുന്നതു്. മെത്രാൻ പട്ടം കൊടുക്കുന്ന കർമ്മത്തിനു് "മെത്രാഭിഷേകം" എന്നു പറയുന്നു.

പട്ടമെന്ന ഈ കൂദാശവഴിയായി പൗരോഹിത്യത്തിൻെറ അധി കാരവും, പുരോഹിതസ്ഥാനത്തിനനുയോജ്യമാം വിധം ജീവിക്കുവാനും വേല ചെയ്യാനും ആവശ്യമായ പ്രസാദവരവും മിശിഹാ നൽകുന്നു. മെ ത്രാഭിഷേകം അഥവാ മെത്രാൻപട്ടം ഏൽക്കുന്നയാളിനു് സമ്പൂർണ്ണ പൗരോ ഹിത്യത്തിൻെറ അധികാരം മിശിഹാ നൽകുന്നു. പുരോഹിതപട്ടമേൽ ക്കുന്നയാളിനു് ദിവ്യബലിയർപ്പിക്കാനും, ജ്ഞാനസ്നാനം കുമ്പസ്സാരം, അന്ത്യമലേപനം എന്നീ കൂദാശകൾ പരികർമ്മം ചെയ്‌വാനും, ഓരോ രോ വസ്തുക്കൾ അഭിഷേചിക്കയോ വെഞ്ചരിക്കയോ ചെയ്‌വാനും അവി ടുന്നു് അധികാരം കൊടുക്കുന്നു, ആറാം പട്ടമേല്ക്കുന്നയാളിനാകട്ടെ, ആ ഘോഷമായ ജ്ഞാനസ്നാനം പരികർമ്മം ചെയ്യുന്നതിനും, ബലിപീഠത്തി ങ്കൽ ആറാം പട്ടക്കാരനെന്ന നിലയിൽ പുരോഹിതനെ സഹായിക്കുന്ന തിനും, വിശ്വാസികൾക്കു ദിവ്യകാരുണ്യം വിതരണം ചെയ്യുന്നതിനു മുള്ള അധികാരം അവിടുന്നു കൊടുക്കുന്നു.

മായിച്ചുകളയാൻ വഹിയാത്ത ഒരടയാളം പട്ടമെന്ന ഈ കൂദാശ ആത്മാവിൽ പതിക്കുന്നു. ഇതിനു കൂദാശാപരമായ മുദ്ര (Character) എന്നു പറയുന്നു. പട്ടമേൽക്കുന്ന ആൾ വിശേഷമാംവിധം സ്വർഗ്ഗീയ പ്രധാനാചാര്യനായ മിശിഹായോടു യോജിക്കയും അവിടുത്തോടു സദൃശനായിബ്ഭവിക്കയും ചെയ്യുന്നു. അദ്ദേഹത്തിൻെറ പൗരോഹിത്യ കഴിവുകൾ യാതൊന്നുകൊണ്ടും മാററിക്കളയാവുന്നതല്ല; എന്നാൽ തിരുസ്സഭയിലെ നിയമാനുസൃതരായ അധികാരികൾ പുരോഹിതനെ യഥാവിധി ഓരോരോ ഉദ്യോഗങ്ങളിൽ നിയമിക്കുമ്പോൾ മാത്രമേ അദ്ദേഹം തൻെറ കഴിവുകൾ അധികാരങ്ങൾ പ്രയോഗിക്കാവൂ.

മിശിഹായ്ക്കു സേവനം ചെയ്‌വാൻ എല്ലാ ജനപദങ്ങളിൽനിന്നും എല്ലാ ജീവിതനിലക്കാരുടെ ഇടയിൽനിന്നും യുവാക്കന്മാർ വിളിക്കപ്പെടുന്നു. അവർ സജീവ വിശ്വാസവും യഥാർത്ഥ ഭക്തിയുമുള്ളവരായിരിക്കണം; ദൈവത്തിനു സേവനം ചെയ്യുന്നതിനും ആത്മാക്കളുടെ രക്ഷയ്ക്കായി പ്രയത്നിക്കുന്നതിനുമുള്ള ത്യാഗസന്നദ്ധതയുമുണ്ടായിരിക്കണം. ദൈവവിളികൂടാതെ യാതൊരുവനും പൗരോഹിത്യജീവിതത്തിൽ പ്രവേശിക്കാവുന്നതല്ല. ദൈവവിളിയുണ്ടെന്നു ബോദ്ധ്യമുള്ള ഒരു യുവാവ് അതനുസരിക്കുന്നതിൽ പ്രതിബന്ധമായിക്കാണുന്ന ലൗകിക ന്യായങ്ങളൊന്നും വകവയ്ക്കരുത്. ദൈവവിളിയെ സംബന്ധിച്ച് അന്തിമ നിർണ്ണയം ചെയ്യുന്നത് മെത്രാനാകുന്നു.

*പരിചിന്തനം:* ശ്ലീഹന്മാർക്ക് മിശിഹാ നൽകിയ അധികാരവും പ്രസാദവരങ്ങളുമെന്ത്? 2. ശ്ലീഹന്മാർ ഈ അധികാരവും പ്രസാദവരങ്ങളും അനന്തരഗാമികൾക്കു നൽകിയതെങ്ങനെ? 3. മെത്രാൻ പട്ടം, പുരോഹിതപട്ടം, ആറാംപട്ടം എന്നിവ കൊടുക്കുന്നതെങ്ങനെ? 4. പുരോഹിതപട്ടത്തിൻെറ സമ്പൂർണ്ണത ആർക്കാണുള്ളത്? 5. പുരോഹിതൻെറ അധികാരങ്ങളേവ? 6. ആറാം പട്ടക്കാരൻെറ അധികാരങ്ങളേവ? 7. മേല്പറഞ്ഞവിധം പട്ടമേല്ക്കുന്നവരിൽ പതിയുന്ന മുദ്രയുടെ ഫലമെന്ത്? 8. ഒരു വൈദിക സ്ഥാനാർത്ഥിയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങളേവ?

**101. തിരുപ്പട്ടത്തെക്കുറിച്ച് വേദപുസ്തകത്തിൽ എന്തു പറയുന്നു?**

പൗരോഹിത്യത്തിൻെറ സമ്പൂർണ്ണാധികാരവും, പുരോഹിതന്മാരെന്ന നിലയിൽ ജീവിക്കാനും പ്രവർത്തിക്കാനുമുള്ള പ്രസാദവരവും മിശിഹാ ശ്ലീഹന്മാർക്കു നൽകിയെന്നും, അവർ ഈ അധികാരവും പ്രസാദവരവും അനന്തരഗാമികൾക്കു നൽകിയെന്നും വേദപുസ്തകത്തിൽ പറയുന്നു.

**102. തിരുപ്പട്ടം വഴിയായി മിശിഹാ നൽകുന്നതെന്ത്?**

1) പൗരോഹിത്യത്തിൻെറ അധികാരവും, 2) പുരോഹിതനെന്ന നിലയിൽ ജീവിക്കയും പ്രവർത്തിക്കയും ചെയ്‌വാ

നല്ല പ്രസാദവരവും തിരുപ്പട്ടം വഴിയായി മിശിഹാ നൽകുന്നു.

*പ്രായോഗികവശം:* വൈദികരുടെ വിശുദ്ധോദ്യോഗത്തെപ്രതി അവരെ ഞാൻ ബഹുമാനിക്കും; അവർ പഠിപ്പിക്കുന്നതു് ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കും, അവർക്കുവേണ്ടി പ്രാർത്ഥിക്കും. ഞാനിപ്പോൾ ബാല്യപ്രായത്തിലെത്തിയതേ ഉള്ളൂ. ഞാൻ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതോടെ, വൈദികാന്തസ്സിലേയ്ക്കുള്ള വിളി എനിക്കുണ്ടോ എന്നു് ഗാഢമായി ചിന്തിക്കയും. പ്രകാശം ലഭിക്കാൻ പ്രത്യേകം പ്രാർത്ഥിക്കയും ചെയ്യും. ഒരു വൈദികനാകാൻ ദൈവം എന്നെ വിളിക്കുന്നുവെന്നു് തോന്നുന്നപക്ഷം, എൻെറ മാതാപിതാക്കന്മാരോടും എനിക്കു നല്ല പരിചയമുള്ള ഏതെങ്കിലും വൈദികനോടും അതിനെപ്പററി ആലോചിക്കും.

പുരോഹിത പട്ടത്തെക്കുറിച്ചു് ആരാധനക്രമത്തിൽനിന്നു്: "ഈ കരങ്ങൾ വാഴ്ത്തുന്നതെല്ലാം വാഴ്ത്തപ്പെടും; ഇവ പവിത്രീകരിക്കുന്നതെല്ലാം പവിത്രീകൃതമാകും, വിശുദ്ധീകൃതമാകും,"

വൈദികർക്കുവേണ്ടിയുള്ള പ്രത്യേക പ്രാത്ഥനാഘട്ടങ്ങൾക്കു് ചതുഷ്ക്കാലം (Ember Days) എന്നു പറയുന്നു.

വൈദിക സ്ഥാനാത്ഥികളുടെ പരിശീലനത്തിലുള്ള ശ്രദ്ധ: ദൈവരാജ്യപ്രചാരണാർത്ഥം ആവശ്യമുള്ളിടത്തോളം വൈദികരെ പരിശീലിപ്പിക്കുന്നതിനു് വിശ്വാസികളേവരും തങ്ങളുടെ പ്രാർത്ഥനകളും സംഭാവനകളും മൂലം സഹായിക്കണം. തൻെറ മാതാപിതാക്കന്മാർ നിർദ്ധനരാകയാൽ തന്നെ പഠിപ്പിക്കുവാൻ അവർക്കു കഴിവില്ലെന്നുള്ള ഒരു കാരണംകൊണ്ടു്, വൈദികാന്തസ്സിലേയ്ക്കു ദൈവവിളിയുള്ള യാതൊരു യുവാവും അതുപേക്ഷിക്കാതിരിക്കട്ടെ. ദൈവം വിളിക്കുന്ന ജീവിതാവസ്ഥയിൽ ഇങ്ങനെയുള്ള വൈദികസ്ഥാനാത്ഥി ചെന്നെത്തുവാൻ മററു വൈദികരും വിശ്വാസികളും സഹായിക്കണം. ഈദൃശ സഹായാർത്ഥം മിക്ക മെത്രാന്മാരും ''വൈദിക വിദ്യാഭ്യാസ ഫണ്ടു്'' എന്നൊരു ധനശേഖര പദ്ധതി നടപ്പിലാക്കിക്കാണുന്നുണ്ടു്. ഒരു കുടുംബത്തിൽനിന്നോ ഒരിടവകയിൽനിന്നോ ഒരു യുവാവിനെ ദൈവം വൈദികാന്തസ്സിലേയ്ക്കു വിളിക്കുകയെന്നതു് ആ കുടുംബത്തിനും ഇടവകയ്ക്കും ഒരു മഹാ ഭാഗ്യമാണു്.

*പരീക്ഷണവശം:* 1. ദിവ്യബലി സമർപ്പിക്കുവാൻ ഏതു വചനങ്ങളിലാണു് മിശിഹാ തൻെറ ശ്ലീഹന്മാർക്കു് അധികാരം നല്കിയതു്? 2. പാപങ്ങൾ മോചിക്കുവാൻ ഏതു വചനങ്ങളിലാണു് അവിടുന്നു് അവർക്കു് അധികാരം നല്കിയതു്? 3. വൈദികരില്ലെങ്കിൽ നമ്മുടെ സ്ഥിതിയെന്താകുമായിരുന്നു? 4. നമ്മുടെ രൂപതവക സെമ്മിനാരി എവിടെയാണു്? 5. നമ്മുടെ ഇടവകയിൽനിന്നു് എത്ര വൈദികരുണ്ടു്? 6. നമ്മുടെ ഇടവക പ്പള്ളിയിലെ ഒടുവിലത്തെ പുത്തൻ കുബ്ബാന എന്നായിരുന്നു?

## വൈദികർ പട്ടമേല്ക്കുന്ന ക്രമം

പുരോഹിതപട്ടമേല്ക്കുന്നതിനു് പലേ പടികൾ കടക്കേണ്ടതുണ്ടു്. വൈദിക വിദ്യാർത്ഥി ആദ്യമേ ആസ്തപ്പാട്ട പട്ടമേല്ക്കുന്നു. (പൗരസ്ത്യസഭക്കാർക്കു് പ്രായേണ കാറോയാ, ഹെവ്പ്പദ്യാക്കനാ, മ്ശ്മ്ശാന, പുരോഹിതൻ എന്നീ പദവികളെ സംബന്ധിച്ച പട്ടങ്ങളേ ഉള്ളൂ); ആസ്ത

പ്പാട്ടപട്ടം മുറയ്ക്കൊരു പട്ടമല്ല. അതുവഴിയായി ഒരാൾ വൈദിക (Cleric) ഗണത്തിൽപ്പെടുന്നുവെന്നു മാത്രം. അതിനെ തുടന്ന് 4 ചെറുപട്ടങ്ങളും, അഞ്ചാം പട്ടവും, ആറാം പട്ടവും.

വൈദിക സ്ഥാനാർത്ഥികൾക്ക് മെത്രാൻ പുരോഹിതപട്ടം കൊടുക്കുമ്പോൾ, ആറാം പട്ടക്കാരിൽ ഓരോരുത്തൻെറയും ശിരസ്സിൽ അദ്ദേഹം കൈവച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ വിളിച്ച് അയാളുടെ മേൽ ആവഹിപ്പിക്കുന്നു. സന്നിഹിതരായിരിക്കുന്ന എല്ലാ പുരോഹിതന്മാരും അപ്രകാരം കൈവയ്ക്കുന്നു. തദനന്തരം മെത്രാൻ തിരുപ്പട്ടത്തിൻെറ പ്രിഫേസ് ചൊല്ലുന്നു

പുരോഹിതപട്ടം നൽകുന്നതിൻെറ അടയാളമായി മെത്രാൻ വൈദികൻെറ നെടിയ ഊറാറ (stole) അദ്ദേഹത്തിൻെറ നെഞ്ചിന്മേൽ കുരിശാകൃതിയിൽ അണിയിക്കയും, ദിവ്യബലിക്കുള്ള തിരുവസ്ത്രങ്ങൾ ധരിക്കുവാൻ അദ്ദേഹത്തെ സഹായിക്കയും ചെയ്യുന്നു. വിശുദ്ധ തൈലംകൊണ്ട് അദ്ദേഹം നവ വൈദികൻെറ കൈകൾ പൂശുന്നു; വൈദികനിപ്പോൾ ദിവ്യബലിയർപ്പിക്കാനുള്ള അധികാരം കിട്ടിയെന്നതിൻെറ അടയാളമായി ഓസ്തിയുള്ള ഒരു പീലാസായും, വീഞ്ഞും വെള്ളവുമൊഴിച്ച കാസായും അദ്ദേഹത്തിനു മെത്രാൻ കൊടുക്കുന്നു. തദനന്തരം മെത്രാനും നവ വൈദികനും (പലരുണ്ടെങ്കിൽ അവർ എല്ലാവരുംകൂടി) ഒരുമിച്ച് ദിവ്യബലി സമർപ്പിക്കുന്നു. ബലിയുടെ അവസാന ഘട്ടത്തിൽ നവവൈദികൻെറ (അഥവാ നവവൈദികരുടെ) ശിരസ്സിൽ മെത്രാൻ വീണ്ടും കൈവച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെ പാപങ്ങൾ പൊറുക്കുമോ അവ പൊറുക്കപ്പെട്ടിരിക്കും; ആരുടെ പാപങ്ങൾ പിടിക്കുമോ അവ പിടിക്കപ്പെട്ടിരിക്കും."

## 45. വിവാഹം

വിവാഹം ചെയ്‌വാൻ വരുന്ന സ്ത്രീയും പുരുഷനും ബലിപീഠത്തിനുമുമ്പിൽ നില്ക്കുന്നു. അവർ പരസ്പരം വിവാഹം ചെയ്‌വാൻ മനസ്സാകുന്നുവോ എന്ന് വൈദികൻ ചോദിക്കുന്നു. മനസ്സാകുന്നുവെന്ന് രണ്ടുപേരും യഥാക്രമം മറുപടി പറയുന്നു. അവർ പരസ്പരം കൈപിടിക്കുകയിൽ വൈദികൻ തൻെറ ഊറാറ അവരുടെ കൈയിൽ ചുററിയിടുന്നു. വധുവിനെ തൻെറ ഭാര്യയായി സ്വീകരിച്ചുകൊള്ളാമെന്നു വരനും വരനെ തൻെറ ഭർത്താവായി സ്വീകരിച്ചുകൊള്ളാമെന്നു വധുവും, പരസ്യമായി വാഗ്ദാനം ചെയ്യുന്നു. തദനന്തരം തിരുസ്സഭയുടെ നാമത്തിൽ വൈദികൻ അവരുടെ വിവാഹത്തെ ആശീർവ്വദിക്കുന്നു; തുടന്ന് വിവാഹമോതിരം അദ്ദേഹം വെഞ്ചരിച്ചു കൊടുക്കുകയും, ഭർത്താവ് അതു ഭാര്യയുടെ വിരലിൽ അണിയിക്കയും ചെയ്യുന്നു * അവരുടെ വിവാഹജീവിതം സൗഭാഗ്യകരമാ

---

* ഇന്നാട്ടിൽ പൂർവ്വീക കാലം മുതലുള്ള നടപടി വൈദികൻ വെഞ്ചരിച്ചു കൊടുക്കുന്ന 'താലി' ഭർത്താവ് ഭാര്യയുടെ കഴുത്തിൽ കെട്ടുകയാണ്.

ക്കിത്തീക്കാൻ അനുഗ്രഹം ചെയ്യേണമെന്നു് വൈദികൻ ദൈവത്തോടു യാചിച്ചുകൊണ്ടു് ചില പ്രാർത്ഥനകൾ കൂടെ ചൊല്ലി പ്രസ്തുത കർമ്മം അവസാനിപ്പിക്കുന്നു.

വിവാഹകർമ്മത്തെ തുടർന്നു് നിവൃത്തിയുള്ളപക്ഷം നവദമ്പതിമാക്കു വേണ്ടി ഒരു കുർബ്ബാന ചൊല്ലേണ്ടതാണു. നവദമ്പതിമാർ മാത്രമല്ല, അവരുടെ എല്ലാ ബന്ധുമിത്രങ്ങളും ദിവ്യബലിയിൽ സംബന്ധിച്ചു് ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതു് സമുചിതമത്രേ. കൂദാശ ചെയ്യലും മററും കഴിഞ്ഞുള്ള .ആകാശങ്ങളിലിരിക്കുന്ന' പ്രാർത്ഥനയെ തുടന്നു് പുരോഹിതൻ വധുവിനു് വിശേഷാൽ ഒരാശീർവ്വാദം നൽകുന്നു; കുർബ്ബാനയുടെ അവസാനത്തിൽ അദ്ദേഹം രണ്ടുപേർക്കും ദൈവാനുഗ്രഹമുണ്ടാകുവാനായി പ്രാർത്ഥിക്കുന്നു.

✠

ദൈവം സൃഷ്ടിച്ച ആദ്യത്തേ രണ്ടു മനുഷ്യർ ഒരു പുരുഷനും ഒരു സ്ത്രീയുമായിരുന്നു; അവിടുന്നു് രണ്ടുപേരേയും പരിശുദ്ധമായ ഒരൈക്യത്തിലാക്കി. ഇങ്ങനെ പറുദീസായിൽവച്ചുതന്നെ ദൈവം വിവാഹത്തെ സ്ഥാപിച്ചു.

മിശിഹാ തൻെറ കുരിശുമരണത്താൽ വിവാഹത്തെ വിശുദ്ധീകരിക്കയും, അതിനെ പ്രസാദവരത്തിൻെറ ഒരുറവാക്കുകയും ചെയ്തു. അവിടുന്നു അതിനെ കൂദാശയായി ഉയർത്തി. മിശിഹായും തൻെറ മണവാട്ടിയായ തിരുസ്സഭയും തമ്മിലുള്ള വരപ്രസാദസമ്പൂർണ്ണമായ ഐക്യത്തിൻെറ ഒരു ഛായയാണു് ക്രിസ്തീയ വിവാഹം (Eph. 5 : 32)

വൈവാഹിക ജീവിതാവസ്ഥ തിരഞ്ഞെടുക്കാനുദ്ദേശിക്കുന്നവർ അതിനു് വളരെ ശ്രദ്ധാപൂർവ്വം ഒരുങ്ങേണ്ടിയിരിക്കുന്നു. അവർ പരസ്പരം പൊരുത്തമുള്ളവരാണോ എന്നു് ആത്മാർത്ഥമായി പര്യാലോചിക്കണം; മരണംവരെ പരസ്പരം വിശ്വസ്തതയോടെ കഴിഞ്ഞുകൂടുവാൻ തക്ക സുദൃഢമായ പ്രേമം തങ്ങൾക്കുണ്ടോ എന്നു സ്വയം പരിശോധിക്കണം; ഇവ അറിയുവാൻ പ്രകാശം തരേണമെന്നു് ദൈവത്തോടപേക്ഷിക്കുകയും, മാതാപിതാക്കന്മാരോടും വൈദികരോടും ആലോചന ചോദിക്കയും വേണം. വിവാഹത്തിനുമുമ്പുള്ള പരസ്പര പരിചയകാലം വിശുദ്ധമായിരിക്കണം; തങ്ങൾ ഏർപ്പെടുവാൻ പോകുന്ന വിവാഹബന്ധത്തെ ആശീർവ്വദിക്കേണമെന്നു് ദൈവത്തോടു് അപേക്ഷിക്കയും വേണം.

വിവാഹം ചെയ്യാൻപോകുന്ന വധൂവരന്മാർ ഒരേ മതാനുസാരികളായിരിക്കുക എല്ലാം കൊണ്ടും പ്രാധാന്യമർഹിക്കുന്ന സംഗതിയാകുന്നു. കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ വിവാഹബന്ധത്തിലേർപ്പെടുന്നതു് (മിശ്രവിവാഹം) പ്രായേണ അവർക്കും അവരുടെ സന്താനങ്ങൾക്കും ഒടുവിൽ നിർഭാഗ്യകരമായിത്തീരുന്നു. അതുകൊണ്ടാണു് തിരുസ്സഭ ഇൗവിധ മിശ്രവിവാഹം നിരോധിക്കുന്നതു്.

വിവാഹമെന്ന കൂദാശ വധൂവരന്മാർ വരപ്രസാദാവസ്ഥയിൽ സ്വീകരിക്കണം. ഇതു സുനിശ്ചിതമാക്കുവാൻവേണ്ടി വിവാഹത്തിനു മുമ്പായി

രണ്ടുപേരും നല്ലകുമ്പസാരം കഴിക്കണം; വിവാഹകർമ്മത്തെ തുടർന്നുള്ള കുർബ്ബാനയിൽ സംബന്ധിച്ച് രണ്ടുപേരും ദിവ്യകാരുണ്യം സ്വീകരിക്കണം.

അവർ ഭാര്യാഭർത്താക്കന്മാരായിരുന്നുകൊള്ളാമെന്ന് വിവാഹകർമ്മത്തിന്റെ അവസരത്തിൽ വൈദികന്റെയും മററു രണ്ടു സാക്ഷികളുടേയും മുമ്പാകെ പരസ്യമായി ഉടമ്പടി പ്രഖ്യാപനം ചെയ്യുന്നു. ഇതുമൂലമത്രേ അവർ വിവാഹിതരായി ഭവിക്കുന്നത്. അവർതന്നെ പരസ്പരം വിവാഹമെന്ന കൂദാശ നൽകുകയും സ്വീകരിക്കുകയും ചെയ്യുന്നു.

വിവാഹമെന്ന കൂദാശ വഴിയായി മിശിഹാ അവർ രണ്ടു പേരേയും പരിശുദ്ധവും അഭേദ്യവുമായ ഐക്യത്തിൽ ബന്ധിക്കുന്നു. മരണത്തോടുകൂടി മാത്രമേ അവരുടെ ഈ ഐക്യം ഭേദിക്കപ്പെടുകയുള്ളു. അതുകൊണ്ടാണ് വിവാഹ മോചനത്തെ മിശിഹാ ശപിക്കുന്നത്. അവിടുന്ന് അരുൾ ചെയ്യുന്നു: "തന്റെ ഭാര്യയെ ഉപേക്ഷിച്ച് മറെറാരുത്തിയെ പരിഗ്രഹിക്കുന്നവൻ ആരോ അവൻ വ്യഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനാരോ അവനും വ്യഭിചാരം ചെയ്യുന്നു" (Lk. 15 : 17).

വിവാഹമെന്ന കൂദാശയിൽ ഭാര്യാഭർത്താക്കന്മാർക്ക് മിശിഹാ സമൃദ്ധമായ പ്രസാദവരങ്ങൾ നൽകുന്നു. അവർ പരസ്പരം മരണത്തോളം വിശ്വസ്തരായിരിക്കുന്നതിനും. അവരുടെ ഐക്യത്തെ അടിസ്ഥാനമാക്കിയുള്ള കടമകൾ നിർവഹിക്കുന്നതിനുംവേണ്ടി അവരെ അവിടുന്ന് വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

വിവാഹമെന്ന കൂദാശമൂലം പുരുഷനും സ്ത്രീയും പരിശുദ്ധമായ കടമകൾ ഭരമേല്ക്കുന്നു. അവർ ജീവിതശേഷം മുഴുവനും പരസ്പരം സ്നേഹത്തോടും വിശ്വസ്തതയോടുംകൂടെ ജീവിതം നയിക്കയും, ഏകയോഗമായി ദൈവത്തെ സേവിക്കയും, പരസ്പരം സംരക്ഷണോൽസുകരായിരിക്കയും വേണം. ദൈവം അവരുടെ ഐക്യത്തെ അനുഗ്രഹിച്ച് സന്താനങ്ങളെ നൽകുന്ന പക്ഷം, വചനത്താലും ദൃഷ്ടാന്തത്താലും അവരെ പഠിപ്പിച്ച്, ഈ ലോകത്തിലും പരലോകത്തിലും സൗഭാഗ്യവാന്മാരായിത്തീരത്തക്കവിധം അവരെ ദൈവത്തിനായി വളർത്തണം.

*പരിചിന്തനം*: 1. വിവാഹം എന്ന്, എവിടെവച്ച്, എന്തിനായി സ്ഥാപിക്കപ്പെട്ടു? 2. മിശിഹാ ഏതു മാർഗ്ഗേണ വിവാഹത്തെ വിശുദ്ധീകരിച്ചു? 3. വിവാഹം ചെയ്യാനുദ്ദേശിക്കുന്നവർ അതിനായി എങ്ങനെ ഒരുങ്ങണം? 4. വിവാഹത്തിനുമുമ്പ് അവർ ഏതു കൂദാശ സ്വീകരിക്കണം?. 5. വിവാഹമെന്ന കൂദാശ നൽകുന്നതാരാണ്? 6. വിവാഹം ചെയ്യുന്നവർ ഏതെല്ലാം ചുമതലകൾ ഏറെറടുക്കുന്നു?

**103. കത്തോലിക്കർ വിവാഹം ചെയ്യുന്നതെങ്ങിനെ?**

വധൂവരന്മാർ പരസ്പരം ഭാര്യാഭർത്താക്കന്മാരായിരുന്നുകൊള്ളാമെന്ന് ഒരു വൈദികന്റെയും രണ്ടു സാക്ഷികളുടെയും മു

മ്പാകെ പ്രഖ്യാപിച്ചുകൊണ്ടാണ് കത്തോലിക്കർ വിവാഹം ചെയ്യുന്നതു്.

104. വിവാഹമെന്ന കൂദാശയിൽ മിശിഹാ ചെയ്യുന്നതെന്തു്?

വിവാഹമെന്ന കൂദാശയിൽ മിശിഹാ വധൂവരന്മാരെ വിശുദ്ധവും അഭേദ്യവുമായ ഒരൈക്യത്തിൽ ബന്ധിക്കയും, ഈ ഐക്യത്തിന്റെ ചുമതലകൾ നിർമ്മലമനസ്സാക്ഷിയോടെ നിവ്വഹിക്കുന്നതിനുള്ള സമൃദ്ധമായ പ്രസാദവരങ്ങൾ അവക്കു നൽകുകയും ചെയ്യുന്നു.

105. വിവാഹബന്ധം ഭേദിക്കുന്നതിനെക്കുറിച്ച് മിശിഹാ എന്തു പറയുന്നു?

അവിടുന്നു പറയുന്നു: "തന്റെ ഭാര്യയെ ഉപേക്ഷിച്ച് മറെറാരുത്തിയെ പരിഗ്രഹിക്കുന്നവനാരോ അവൻ വ്യഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനാരോ അവനും വ്യഭിചാരം ചെയ്യുന്നു".

106. തിരുസ്സഭ മിശ്രവിവാഹം നിരോധിക്കുന്നതെന്തുകൊണ്ടു്?

മിശ്രവിവാഹം പ്രായേണ ദമ്പതിമാക്കും അവരുടെ സന്താനങ്ങൾക്കും മഹാ വിനാശകാരണമായി പരിണമിക്കുന്നതുകൊണ്ടു് തിരുസ്സഭ അതിനെ നിരോധിക്കുന്നു.

*പ്രായോഗികവശം:* വിവാഹബന്ധത്തെ തകത്തു നശിപ്പിക്കുന്നതു് സ്വാത്ഥതയും സുഖഭോഗാസക്തിയുമാണ്. വിവാഹജീവിതം സൗഭാഗ്യകരമായി നയിക്കാനാഗ്രഹിക്കുന്നവർ ചെറുപ്പം മുതൽതന്നെ ഇതരന്മാരുടെ ക്ഷേമത്തെക്കുറിച്ച് വിചാരവും താല്പര്യവും ഉള്ളവരായി വളന്നുവരണം.

*വിശുദ്ധ ഗ്രന്ഥത്തിൽനിന്നു്:* "ഭത്താക്കന്മാരേ, മിശിഹാ തന്നെയും തന്റെ സഭയെ സ്നേഹിക്കയും, അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ" (Eph. 5: 25). —"ദൈവം യോജിപ്പിച്ചതു് യാതൊരു മനുഷ്യനും വേർതിരിക്കരുതു്" (Mt. 19: 6).

കത്തോലിക്കാ വിവാഹം വിജയകരമാക്കിത്തീക്കുന്നതിനു് ആവശ്യമായവ: 1. ശുദ്ധമായ കത്തോലിക്കാ വിശ്വാസം; 2. യഥാത്ഥപ്രേമം; 3. അചഞ്ചലമായ സൽസ്വഭാവം; 4. മതിയായ ശരീരാരോഗ്യം; 5. ജീവസന്ധാരണത്തിനു് മതിയാകുന്ന സമ്പത്തു്.

വിവാഹത്തിനു പ്രതിബന്ധമാകുന്നവ: മാതാപിതാക്കന്മാക്കും മക്കൾക്കും അനിത്യവും നിത്യവുമായ മഹാ നാശമുണ്ടാകാതെ അവർ സുരക്ഷിതരായിരിക്കുവാൻ വേണ്ടി തിരുസ്സഭാനിയമം ചില സാഹചര്യങ്ങളിൽ വിവാഹത്തെ നിശ്ശേഷം നിരോധിക്കുന്നു. ഉദാ: വിവാഹമോചനം പ്രാപിച്ച ഒരാളെ ആരും വിവാഹം ചെയ്തുകൂടാ. ചില കാരണങ്ങളാൽ ചില ആളുകൾ തമ്മിൽ വിവാഹം ചെയ്‌വാൻ പാടില്ലെന്നു് തിരുസ്സഭ നിയമം വച്ചിട്ടുണ്ടു്. ഈദൃശ

പ്രതിബന്ധങ്ങൾക്ക് 'വൈവാഹിക പ്രതിബന്ധങ്ങൾ' (impediments to marriage) എന്നു പറയുന്നു. എന്നാൽ, തിരുസ്സഭ വയ്ക്കുന്ന നിയമങ്ങളിൽനിന്ന് അവർക്ക് ഒഴിവുകൊടുക്കാൻ പാടുണ്ട്: തക്ക കാരണത്താൽ അവർ ഒഴിവു കൊടുക്കുന്നുണ്ട്. എങ്കിലും, ദൈവിക നിയമത്തെ അടിസ്ഥാനമാക്കിയുള്ള പ്രതിബന്ധങ്ങൾ മാററുവാൻ അഥവാ ഒഴിവാക്കുവാൻ അവർക്കധികാരമില്ല.

മിശ്രവിവാഹം: ഏററം പ്രധാന കാര്യമായ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം, മിശ്രവിവാവാഹത്തിൽ മാതാപിതാക്കന്മാരും മക്കളും യോജിക്കുന്നില്ലെന്നുള്ളത് ശോചനീയമായൊരു വസ്തുതയാണ്. അവക്കേവർക്കും ഒരുമിച്ച് ദിവ്യവിരുന്നിൽ സംബന്ധിക്കാൻ സാധിക്കയില്ല; കത്തോലിക്കാ മതാനുഷ്ഠാനം ഏകയോഗമായി നിർവ്വഹിക്കാൻ സാധിക്കയില്ല. മാതാപിതാക്കന്മാരും മക്കളും സ്വമതത്തിൽ പ്രായേണ ശ്രദ്ധയില്ലാത്തവരായി ബ്ഭവിക്കുന്നു; അഥവാ പാടെ പരിത്യജിക്കുന്നു. വിവാഹമോചനം ലഭിച്ച് ആഗ്രഹമുള്ളപക്ഷം വീണ്ടും വിവാഹം ചെയ്യാൻ സാധിക്കുമെന്നൊരു വിചാരം മിശ്രവിവാഹത്തിലെ അകത്തോലിക്കാ വധുവിനോ വരനോ പ്രായേണ ഉള്ളതായിക്കണ്ടുവരുന്നു

മിശ്രവിവാഹത്തെ നിരോധിക്കുന്ന നിയമങ്ങളിൽനിന്ന് തിരുസ്സഭ ഒഴിവുകൊടുക്കാറുള്ളത് അത്യന്തം പ്രാധാന്യമർഹിക്കുന്ന കാരണങ്ങളുള്ളപ്പോഴാകുന്നു; മാത്രമല്ല, വളരെ വൈമനസ്യത്തോടെയുമാകുന്നു. ഏതാദൃശ വിവാഹബന്ധമുറപ്പിക്കുന്നതിനുമുമ്പായി, തങ്ങൾ കത്തോലിക്കാ കർമ്മാനുഷ്ഠാന വിധികളനുസരിച്ച് വിവാഹം ചെയ്തുകൊള്ളാമെന്നും, മക്കളെ കത്തോലിക്കരായി വളർത്തിക്കൊള്ളാമെന്നും വധൂവരന്മാർ പരസ്യമായി വാഗ്ദാനം ചെയ്യണം. വിവാഹത്തിലെ കത്തോലിക്കാകക്ഷിയും ആ ആളിൻെറ മക്കളും നിർബ്ബാധം കത്തോലിക്കാ മതാനുഷ്ഠാനം നിർവ്വഹിച്ചുകൊള്ളുവാൻ അകത്തോലിക്കാകക്ഷി സമ്മതിക്കയും അതിൽ ഇടപെടുകയില്ലെന്നു അയാൾ വാഗ്ദാനം ചെയ്കയും വേണം.

സിവിൽ വിവാഹം: വിവാഹിതക്ക് അവിവാഹിതരിൽനിന്നു വ്യത്യസ്തമായ ചില കടമകളും ആനുകൂല്യങ്ങളും ഓരോ രാജ്യത്തുമുണ്ട്; അതിനാൽ വിവാഹം ചെയ്തവരും ചെയ്യാത്തവരും ആരെന്നറിയുവാൻ രാഷ്ട്രത്തിനവകാശമുണ്ട്. ഇൻഡ്യയിൽ ഓരോ ഇടവകയിലും നടത്തുന്ന വിവാഹങ്ങളുടെ കണക്ക് അതാതിടവകയുടെ വികാരിയച്ചന്മാർ ഗവണ്മെൻറിൽ അറിയിക്കുന്നു. ഇങ്ങനെ കത്തോലിക്കാ പൗരന്മാരുടെ വിവാഹസംബന്ധമായ രേഖ ഗവണ്മെണ്ടിനു സൂക്ഷിക്കാൻ സാധിക്കുന്നു.

പ്രായേണ യാതൊരു മതവുമില്ലാത്തവർ വിവാഹം ചെയ്യുന്ന സ്ഥലമത്രേ വിവാഹരജിസ്റ്റർ ആഫീസ് (1956-ലെ വിവാഹസംബന്ധമായ പ്രത്യേക നിയമം കാണുക). അകത്തോലിക്കർ ഈദൃശ സ്ഥലങ്ങളിൽവച്ച് വ്വിവിഹം ചെയ്യാറുണ്ട്. എന്നാൽ, ഒരു കത്തോലിക്കൻ ഇങ്ങനെ രജിസ്റ്റർ വിവാഹം ചെയ്യുന്ന പക്ഷം അതു സാധുവാകയില്ല. അങ്ങനെ ചെയ്തിട്ട് മുറയ്ക്കു വിവാഹിതനെപ്പോലെ ജീവിക്കുന്നവൻ പാപം ചെയ്യുന്നു, പാപത്തിൽ ജീവിക്കുന്നു. അനുതപിച്ചു മാനസാന്തരപ്പെടാത്തപക്ഷം അയാൾക്ക് കൂദാശകൾ നൽകുകയില്ല; കത്തോലിക്കർക്കനുയോജ്യമായ ശവസംസ്കാരം നടത്തുകയുമില്ല. ഒരു അകത്തോലിക്കാപ്പള്ളിയിൽ വിവാഹം ചെയ്യാൻ തുനിയുന്നതായാലും കുററം ഇപ്രകാരംതന്നെ ശിക്ഷാർഹമാംവിധം ഗൗരവാവഹമാണ്; വിശിഷ്യ, ഇപ്പറഞ്ഞതുണ്ടായാൽ കത്തോലിക്കാ സഭയിൽനിന്ന് അയാൾ വിച്ഛേദിക്കപ്പെട്ടും, മഹറോൻ ശിക്ഷയിൽപ്പെടും. കാരണം, കൂദാശകളെല്ലാം ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കത്തോലിക്കാ സഭയിൽ നിന്നല്ലാതെ മറെറാരിടത്തുനിന്നും യാതൊരു കത്തോലിക്കനും കൂദാശകൾ സ്വീകരിക്കാവുന്നതല്ല. വിവാഹസംബന്ധമായ ഈദൃശ നിയമങ്ങൾ കത്തോലിക്കരെ മാത്രമെ ബാധിക്കുന്നുള്ളു. ആക

യാൽ, അകത്തോലിക്കർ ഒരു 'സമാധാന' ന്യായാധിപൻെറയോ, രജിസ്ട്രാരുടേയോ മുമ്പാകെയോ അകത്തോലിക്കാ പള്ളിയിലോ വിവാഹം ചെയ്താൽ അതു സാധുവായിരിക്കും.

**സിവിൽ കോടതികളിലെ വിവാഹമോചനം:** വിവാഹിതരായ ആളുകൾ തമ്മിൽ കലഹിച്ച് വിവാഹമോചനം നേടാൻ പരിശ്രമിക്കാറുണ്ട്. അവർ അതിനായി വിവാഹമോചനക്കോടതിയിൽ അപേക്ഷകൊടുക്കയും, അതിനെ അടിസ്ഥാനമാക്കി അവർ വിവാഹമോചിതരായിരിക്കുന്നുവെന്നും അവക്ക് വേറെ വിവാഹം ചെയ്യാവുന്നതാണെന്നും ന്യായാധിപൻ പ്രഖ്യാപിക്കയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതു ശരിയല്ല, ദൈവിക നിയമത്തിനു വിരുദ്ധമാകുന്നു. ഒരു ന്യായാധിപൻ ഇങ്ങനെ വിവാഹമോചനം നൽകിയാലും ദൈവത്തിൻേറയും തിരുസ്സഭയുടേയും മുമ്പാകെ അവർ വിവാഹമോചിതരാകുന്നില്ല.

**തിരുസ്സഭയുടെ വിവാഹകോടതികൾ:** വിവാഹത്തെ സംബന്ധിച്ച ന്യായവിചാരണ ചെയ്യുന്ന കോടതികൾ തിരുസ്സഭയ്ക്കുമുണ്ട്. എന്നാൽ, യഥാർത്ഥ വിവാഹബന്ധത്തെ അഴിച്ചുകളയാനുള്ള അധികാരം ഈ ന്യായാധിപന്മാർക്കുമില്ല. യഥാർത്ഥത്തിൽ വിവാഹിതരാണെന്നു വിചാരിച്ചു ദാമ്പത്യജീവിതം നയിച്ചുപോന്ന ദമ്പതിമാരുടെ വിവാഹം വാസ്തവമല്ലായിരുന്നുവെന്ന് പിന്നീട് ചിലപ്പോൾകണ്ടുപിടിച്ചെന്ന് വരാവുന്നതാണ്: അവർ തമ്മിൽ വിവാഹം നടന്നിട്ടില്ലായ്കയാൽ, ആ ''വിവാഹം'' ആരംഭംമുതൽ അസാധുവായിരുന്നുവെന്ന് പ്രഖ്യാപിക്കുന്നു. ഈദൃശ പ്രഖ്യാപനം വിവാഹമോചനമല്ല; പ്രത്യുത, അസാധുവായ വിവാഹമായിരുന്നുവെന്നുള്ള പ്രഖ്യാപനം മാത്രമാകുന്നു. ഇങ്ങനെ വിവാഹം അസാധുവായിരുന്നുവെന്ന് പ്രഖ്യാപിക്കപ്പെട്ടാൽ ആ സ്ത്രീപുരുഷന്മാർക്ക് വേറെ വിവാഹം ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്.

സാധുവാംവിധം വിവാഹിതരായവർ തന്നെയും വേർപിരിഞ്ഞു താമസിക്കുന്നതിന് ചിലപ്പോൾ ഗുരുതരമായ കാരണങ്ങളാൽ അനുവദിക്കാറുണ്ട്. പക്ഷേ, അവർക്കു പുനർവിവാഹം ചെയ്യാൻ അനുവാദമില്ല, അവർ സ്വതന്ത്രരല്ല. അകത്തോലിക്കരുടേതായിരുന്നാലും ശരി ഒരു സാധുവായ വിവാഹത്തെ ദൈവതിരുമുമ്പാകെ അസാധുവാക്കയോ മോചിക്കയോ ചെയ്യാവുന്നതല്ല.

*പരീക്ഷണവശം:* 1. ഒരു രാഷ്ട്രീയാധികാരിയുടെ മുമ്പാകെയല്ലാതെ വേറെയാരുടേയും മുമ്പാകെ വിവാഹം ചെയ്യാനുദ്ദേശിക്കുന്നില്ല എന്നു പറയുന്ന ഒരു കത്തോലിക്കനോട് നീ എന്തു പറയും? 2. തിരുസ്സഭ മിശ്രവിവാഹത്തെ മുടക്കുന്നതെന്തുകൊണ്ട്? 3. ഗുരുതരമായ കാരണങ്ങളാൽ തിരുസ്സഭ വല്ലപ്പോഴും മിശ്രവിവാഹം അനുവദിക്കുമ്പോൾ വധൂവരന്മാർ വാഗ്ദാനം ചെയ്യുന്നതെന്തെല്ലാം? 4. സിവിൽ വിവാഹമോചനമെന്നാൽ എന്ത്? 5. വിവാഹം അസാധുവായി പ്രഖ്യാപിക്കയെന്നാൽ എന്ത്? 6. ഈദൃശ പ്രഖ്യാപനം വിവാഹമോചനമല്ലെന്നു വിശദമാക്കുക.

---

## സന്യാസസഭകൾ

എല്ലാവരും തന്നെ അനുഗമിച്ച് പരിപൂർണ്ണതക്കായി പരിശ്രമിക്കണമെന്ന് മിശിഹാ ആഗ്രഹിക്കുന്നു. "സന്യാസവ്രതങ്ങൾ" എന്ന പരസ്യമായ വാഗ്ദാനങ്ങൾ ദൈവത്തോടു ചെയ്യുന്നതു് പരിപൂർണ്ണതയ്ക്കുള്ള പ്രത്യേകതരം പരിശ്രമമാകുന്നു. തിരുസ്സഭയിൽ പൗരോഹിത്യജീവിതം, വൈവാഹികജീവിതം എന്നിങ്ങനെ കൂദാശകളാൽ പവിത്രീകൃതമായ ജീവിതാവസ്ഥകളുണ്ട്; അതിനും പുറമെ സന്യാസജീവിതം എന്നൊരു ജീവിതാവസ്ഥയുമുണ്ട്.

## 46. സന്യാസവ്രതങ്ങൾ

ശല്യമൊന്നും കൂടാതെ പ്രാർത്ഥിക്കുന്നതിനും ദൈവികരഹസ്യങ്ങളെക്കുറിച്ച് ഗാഢമായി ധ്യാനിക്കുന്നതിനും പററിയ മലഞ്ചരിവിലുള്ള ഒരു ഗുഹയിൽ ഏകാന്തജീവിതം നയിക്കുവാൻ നർസിയായിലെ യുവാവായ വി. ബെനദിക്തോസ് പോയി. അതേ ജീവിതരീതി അനുകരിക്കുവാൻ താല്പര്യമുള്ള മററാളുകളെയും കൂട്ടി ഒന്നിച്ചു ജീവിക്കണമെന്നാണ് ദൈവം തന്നോടാവശ്യപ്പെടുന്നതെന്ന് അദ്ദേഹത്തിനു മനസ്സിലായി. മററാളുകൾ ഇങ്ങനെ വന്നു ചേർന്നപ്പോൾ, ഒന്നിച്ചു സന്യാസജീവിതം നയിക്കുന്നതിനാവശ്യമായ ചില നിയമങ്ങൾ അദ്ദേഹം എഴുതിയുണ്ടാക്കി. അവർ വസിച്ച ഭവനത്തിന് ആശ്രമമെന്നും, അതിലെ നിവാസികളെ സന്യാസികളെന്നും വിളിച്ചുപോന്നു. വി. ബെനദിക്തോസിൻെറ സന്യാസനിയമങ്ങൾ അനുസരിച്ചു സന്യാസികൾ ഒന്നിച്ചു പ്രാർത്ഥിക്കയും ഒന്നിച്ചു ജോലി ചെയ്കയും ചെയ്തുകൊണ്ട് ഒരു കുടുംബമെന്നപോലെ ജീവിച്ചിരുന്നു. ആ ആശ്രമത്തിൻെറ ആദ്യത്തെ ശ്രേഷ്ഠൻ വി. ബെനദിക്തോസ് തന്നെയായിരുന്നു.

വൈദികരും അവൈദികരുമായ അനേകം ക്രിസ്ത്യാനികൾ പുരാതനകാലംമുതൽ ഒന്നിച്ചു സന്യാസ സമൂഹങ്ങളായി ജീവിച്ചിരുന്നു. അവർ പ്രാർത്ഥനയിലും, ധ്യാനത്തിലും, ദൈവസ്തുതികൾ പാടുന്നതിലും വ്യാപൃതരായിരുന്നു. യുവജനങ്ങളുടെ വിദ്യാഭ്യാസം, രോഗശുശ്രൂഷ, വേദപ്രചാരണം എന്നിങ്ങനെ മററുള്ളവരുടെ ആത്മരക്ഷയെ സംബന്ധിച്ച പ്രവർത്തനങ്ങളിലും അനേകം സന്യാസികൾ ഏർപ്പെട്ടിരുന്നു. അവരുടെ സമൂഹങ്ങളെ "സന്യാസസഭകൾ" എന്നു വിളിക്കുന്നു. പ്രസ്തുത സഭകളിൽ പലതിൻെറയും സ്ഥാപകർ വിശുദ്ധരായിരുന്നു.

ഒരു സന്യാസസഭയിൽ ചേർന്ന് ദൈവത്തെ സേവിക്കുന്ന ആളാകട്ടെ, സ്വാഭാവികമായി നോക്കുമ്പോൾ, നിയമാനുസൃതവും നല്ലതുമായ പലതും സ്വാതന്ത്ര്യത്തെപ്പററി ഉപേക്ഷിക്കണം. അയാൾക്ക് സ്വന്തമായി സമ്പാദ്യമൊന്നുമില്ല; സമൂഹത്തിൽനിന്നോ ചിലപ്പോൾ ദയാലുക്കളായ ജനങ്ങളിൽനിന്നോ കിട്ടുന്നതുകൊണ്ട് ജീവസന്ധാരണം നിർവ്വഹിക്കുന്നു. വിരക്തനായി, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവനായി, ജീവിക്കുവാൻ വേണ്ടി വിവാഹം ചെയ്തു കുടുംബജീവിതം കഴിക്കുന്നതിനുള്ള അവകാശത്തെ അയാൾ ഉപേക്ഷിക്കുന്നു. ശ്രേഷ്ഠന്മാരുടെ ഹിതത്തിനും തൻെറ സഭയുടെ ചട്ടത്തിനും എല്ലാ കാര്യങ്ങളിലും സ്വയം കീഴ്പ്പെടുത്തുന്നു. ഇവയെല്ലാം അനുസരിച്ചു ജീവിക്കാനുള്ള കടമ "സന്യാസവ്രതങ്ങൾ" വഴി അയാൾ ഏറെറടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ ചില സന്യാസ സഭകളിലാകട്ടെ, മുറയ്ക്കു് ഈവക വ്രതങ്ങളാലല്ല, പ്രത്യുത ഇതിലും ആഘോഷരഹിതമായ വാഗ്ദാനങ്ങളാലത്രേ തദംഗങ്ങൾ പ്രസ്തുത കടമകൾ ഏറെറടുക്കുന്നത്.

സന്യാസസഭകൾ തിരുസ്സഭയ്ക്കു മാത്രമല്ല ലോകത്തിനു തന്നെയും മഹനീയ സേവനമാണു ചെയ്യുന്നത്. നമുക്കെല്ലാവർക്കുംവേണ്ടി, എന്നല്ല ദൈവത്തെ ബഹുമാനിക്കാതെ അവിടുത്തെ നിന്ദിക്കുന്നവർക്കുവേണ്ടിക്കൂടെ

യും പ്രാർത്ഥിക്കുന്നു, ബലിസമർപ്പിക്കുന്നു. ദൈവത്തേയും അയൽക്കാരനെയും മുഴുഹൃദയത്തോടെ സ്നേഹിക്കുന്നതിനും ദൈവം തിരുമനസ്സാകുന്ന പക്ഷം സകലതുമുപേക്ഷിപ്പാൻ സന്നദ്ധമായിരിക്കുന്നതിനും സന്യാസികൾ സ്വമാതൃകവഴി നമ്മെ പഠിപ്പിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ സേവനാർത്ഥം അവർ ചെയ്യുന്ന വേലകൾമൂലം എത്ര മഹാനുഗ്രഹങ്ങളാണ് ലോകത്തിനു കൈവരുന്നതെന്നോ!

സന്യാസസഭയിലെ ജീവിതം ദൈവത്തിലേയ്ക്കുള്ള മാറ്റത്തിൽ വളരെ സഹായകമാകുന്നു. ഒരു സന്യാസസഭാംഗമായിരുന്നുകൊണ്ട് ദൈവസേവനം ചെയ്യുന്നയാൾക്ക് സുനിശ്ചിതവും സുരക്ഷിതവുമായ നിയന്ത്രണം ലഭിക്കുന്നു; അനേകമനേകം വ്യഗ്രതകളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും കൂടുതൽ സ്വതന്ത്രനായിത്തീരുന്നു; വിഭജിക്കാത്ത മുഴുഹൃദയത്തോടെ മിശിഹായ്ക്കു സ്വയം സമർപ്പിക്കാൻ സാധിക്കുന്നു. അയാൾ സന്യാസസഭയിലേ മററു സഹോദരങ്ങളോടൊന്നിച്ച് ജീവിക്കുന്നു. എത്രയും പരിപൂർണ്ണമാംവിധം ദൈവത്തെ സേവിക്കുവാൻ ആ സഹോദരങ്ങൾ അയാളെ അവരുടെ പ്രാർത്ഥനകളും സന്മാതൃകകളും വഴിയായി സഹായിക്കുന്നു.

ഒരു സന്യാസസഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നയാളിനു് ദൈവവിളിയുണ്ടായിരിക്കണം. എല്ലാററിനെക്കാൾ ദൈവത്തെ സ്നേഹിക്കുന്നതിനും, മിശിഹായെ പരിപൂർണ്ണമനസ്സോടെ അനുഗമിക്കുന്നതിനും, പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നതിനും അയാൾ ദൃഢനിശ്ചയം ചെയ്യണം. കൂടാതെയും, സന്യാസസമൂഹത്തിൽ ജീവിക്കുന്നതിനുള്ള മനസ്സും കഴിവും, അയാൾക്കുണ്ടായിരിക്കണം; സന്യാസസഭയുടെ ചട്ടങ്ങൾ അനുസരിക്കുന്നതിനും, ശ്രേഷ്ഠന്മാർക്കു കീഴ്‌വഴങ്ങുന്നതിനും, സ്വന്തമായി വസ്തുക്കൾ സമ്പാദിക്കാതിരിക്കുന്നതിനും, വിനിയോഗിക്കാതിരിക്കുന്നതിനും ജീവിതകാലം മുഴുവനും അവിവാഹിതനായി ജീവിക്കുന്നതിനും അയാൾ സന്നദ്ധനായിരിക്കണം. താൻ പ്രവേശിക്കാനുദ്ദേശിക്കുന്ന സന്യാസസഭയുടെ പ്രത്യേകതരമായ ലക്ഷ്യത്തിനു് അതായതു്, പ്രത്യേകതരമായ പ്രേഷിതവൃത്തിയ്ക്കു്, താൻ പര്യാപ്തനാണോ എന്നും അയാൾ ആലോചിക്കേണ്ടതുണ്ട്. ഇങ്ങനെ ഏതെങ്കിലും ഒരു സന്യാസസഭയിലേയ്ക്കു വാസ്തവത്തിൽ വിളിക്കപ്പെട്ടിട്ടുള്ള ഒരാൾ അതിൽ പ്രവേശിച്ച് ക്രമമായി ജീവിക്കുന്നപക്ഷം അയാളുടെ ജീവിതം എത്രയും സൗഭാഗ്യകരമായിരിക്കും. പരിപൂർണ്ണത പ്രാപിക്കാനാഗ്രഹിക്കുന്ന ഒരു ക്രിസ്ത്യാനിക്കു് ഈദൃശജീവിതം അതിവിശിഷ്ടവും ഏററം സുരക്ഷിതവുമാകുന്നു.

*പരിചിന്തനം:* 1. സന്യാസ സഭാംഗങ്ങൾ എതെല്ലാം കടമകൾക്കാണ് സ്വയം വിധേയരാകുന്നതു്? 2. സ്വർഗ്ഗരാജ്യത്തെപ്രതി സന്യാസികൾ ഉപേക്ഷിക്കുന്നതെന്തെല്ലാം? 3. തിരുസ്സഭയ്ക്കും ലോകത്തിനും സന്യാസസഭകൾ പ്രാധാന്യമർഹിക്കുന്നതായി വന്നിരിക്കുന്നതെങ്ങനെ? 4. സന്യാസസഭയിലെ ജീവിതം സ്വർഗ്ഗപ്രാപ്തിക്ക് സഹായമാകുന്നതെങ്ങനെ? 5. സന്യാസസഭാ പ്രവേശനത്തിനുദ്ദേശിക്കുന്നവർ ഏതെല്ലാം കാര്യങ്ങൾക്കു സന്നദ്ധരായിരിക്കണം? 6. അവർ വിശേഷാൽ പര്യാപ്തരായിരിക്കേണ്ടതു് ഏതു വിഷയത്തിൽ?

**107. വ്രതത്താൽ ഏതെല്ലാം കടമകൾക്കു് സന്യാസികൾ സ്വയം നിബ്ദ്ധിതരാകുന്നു?**

വ്രതത്താൽ, 1) സ്വതന്ത്രമായി ഒന്നും സമ്പാദിക്കാതിരിക്കുന്നതിനും വിനിയോഗിക്കാതിരിക്കുന്നതിനും, 2) വിരക്തി പാലിക്കുന്നതിനും, 3) ശ്രേഷ്ഠന്മാരെ കീഴ്‌വഴങ്ങുന്നതിനും സന്യാസികൾ സ്വയം നിർബന്ധിതരാകുന്നു

*പ്രായോഗികവശം:* സന്യാസികൾ അവരുടെ പ്രാർത്ഥനാപരവും പരിഹാരപരവുമായ ജീവിതത്തിൽ രോഗികളുടേയും യുവജനങ്ങളുടേയും മിഷ്യനുകളുടേയും സേവനാർത്ഥം എത്രയെത്ര ത്യാഗബലികളാണു് സമർപ്പിക്കുന്നതു്! ഞാൻ അതിനെ വാസ്തവത്തിൽ മതിക്കുന്നുണ്ടോ? അവരുടെ ഉത്കൃഷ്ടയത്നങ്ങളെ അഭിനന്ദിക്കയും പിൻതാങ്ങുകയും ചെയ്യുന്നുണ്ടോ? ഒരു വൈദികനോ ഒരു സന്യാസിയോ ഒരു കന്യാസ്ത്രീയോ ആകാൻ ദൈവം എന്നെയും വിളിക്കുന്നുണ്ടായിരിക്കുമോ എന്നു് ഞാൻ വല്ലപ്പോഴും ആലോചിച്ചിട്ടുണ്ടോ!

സുവിശേഷാത്മകമായ പരിപൂർണ്ണതയുടെ ഉപദേശങ്ങൾ (Evangelical Counsels): തങ്ങളുടെ സ്വത്തുക്കളും ജോലികളും ഉപേക്ഷിച്ചു് തന്നെ അനുഗമിക്കുവാൻ ഈശോ ചിലരെ ഉപദേശിച്ചതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ടു്. സ്വർഗ്ഗരാജ്യത്തെപ്രതി വിവാഹജീവിതം വേണ്ടെന്നു വയ്ക്കുന്നവർ അനുഗ്രഹീതരാകുന്നുവെന്നു് അവിടുന്നു് അരുൾചെയ്‌കയുണ്ടായി. അതിനാലത്രേ നിർബ്ബന്ധമൊന്നും കൂടാതെ, സ്വർഗ്ഗരാജ്യത്തെപ്രതി സ്വമേധയാ അവലംബിക്കുന്ന ദാരിദ്ര്യം, കന്യാവ്രതം, കീഴ്‌വഴക്കം എന്നിവയെ സുവിശേഷാത്മകമായ അഥവാ സുവിശേഷപ്രോക്തമായ സദുപദേശങ്ങൾ എന്നു പറയുന്നതു്.

നീ എന്തു സമാധാനം പറയും? ചിലർ ചോദിക്കയാണു്: ''സന്യാസസഭകളിൽ ജീവിക്കുന്ന വൈദികരും, സഹോദരന്മാരും, കന്യാസ്ത്രീകളും വിവാഹിതരായി ലോകത്തിൽ ജീവിച്ചുകൊണ്ടു് വേല ചെയ്‌തിരുന്നെങ്കിൽ മനുഷ്യസമുദായത്തിനു് കൂടുതൽ സേവനം ചെയ്യാമായിരുന്നില്ലേ?'' അതിനുള്ള സമാധാനം: ''ഒന്നാമതായി, സന്യാസികൾ അവരുടെ പ്രാർത്ഥനയും ബലിയും പരിഹാരവും വഴിയായി നിരവധി ദൈവാനുഗ്രഹങ്ങൾ മനുഷ്യസമുദായത്തിനു പ്രാപിച്ചുകൊടുക്കുന്നു; സന്യാസ ഭവനങ്ങളിൽ താമസിച്ചു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഇത്രയധികം ആത്മാക്കൾമൂലമല്ലായിരുന്നെങ്കിൽ നമുക്കെന്തു സംഭവിക്കുമായിരുന്നെന്നു ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടൂ. രണ്ടാമതായി, മിഷ്യൻ പ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ, രോഗശുശ്രൂഷകർ, ഗ്രന്ഥകാരന്മാർ, ഗവേഷകന്മാർ, കലാകാരന്മാർ എന്നീ നിലകളിൽ സന്യാസികൾ ചെയ്യുന്ന ജോലികളെല്ലാം മനുഷ്യസമുദായത്തിനു് മഹനീയ സേവനങ്ങളത്രെ.''

*പരീക്ഷണവശം:* 1. നമ്മുടെ ഇടവകയിലും, അതിനുപുറമേയും നമ്മുടെ രൂപതയിലുള്ള ഏതെല്ലാം സന്യാസികളുടെയും സന്യാസിനികളുടെയും ആശ്രമങ്ങൾ നിനക്കറിയാം? 2. നിനക്കറിയാവുന്ന സന്യാസസഭകളുടെ പേർ പറയുക? 3. ഏതെല്ലാം സന്യാസസഭാസ്ഥാപകരുടെ പേർ പറയാൻ നിനക്കു് സാധിക്കും? 4. നീ പറയുന്ന വിവിധ സന്യാസസഭകൾ ഓരോന്നും വിശേഷാൽ ഉദ്യുക്തരായിരിക്കുന്ന പ്രേഷിത ജോലി എന്തു്? 5. സന്യാസികളുടെ ഗണത്തിൽ വിശ്വവിഖ്യാതരായ പ്രസംഗകന്മാർ, മിഷ്യനറിമാർ, വിദ്യാഭ്യാസപ്രവർത്തകർ, പണ്ഡിതന്മാർ, കണ്ടുപിടിത്തക്കാർ, കലാകാരന്മാർ, രോഗികളുടെയും ദരിദ്രരുടെയും ഉപകർത്താക്കൾ എന്നിവരുടെ പേർ പറയുക.

''തിരുസ്സഭയാകുന്ന മണവാട്ടിയുടെ മൂടുപടത്തിന്മേൽ പതിച്ചിരിക്കുന്ന രത്നങ്ങളാകുന്നു സന്യാസസഭകൾ'' (പന്ത്രണ്ടാം പീയൂസ്)

# കത്തോലിക്കാ
# വേദോപദേശം

സുപ്രസിദ്ധമായ ജർമ്മൻ വേദോപദേശത്തിൻെറ
ഭാഷാവിവർത്തനം



വിവർത്തകൻ

ഫാ. അബൂന്തിയോസ്, സി.എം.ഐ.